032:3M946:15
G0

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

O32:3M946:15 GO
PARAMESWARAM PILLAI
A.V.
Syamala.

MUL
094307

Madras University Library.

DOCTRINA-VIM-PROMOVET INSITAM

Call Number 032:3M946:15. G0.

Accession Number 94307

Available for loan from

This book should be returned on or before the date last marked below.

1 MAR 195[illegible]

26 JUN 1968

O. 61

# ശ്യാമള.

ഏ. പി. പരമേശ്വരൻപിള്ള ബി. ഏ.

(Author of Vidhi Vilasom)

"സ്നേഹമാമഖില സാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം."

B. V. BOOK DEPOT & PRINTING WO...
PRINTERS, PUBLISHERS
BOOK SELLERS
TRIVANDRUM

പ്രസാധകൻ,

ആർ. ടി. പിള്ള

ചാല—തിരുവനന്തപുരം.

V. V. Press Branch, Trivandrum-

൧൧൦൩.

വില അണ ൧൨.

22 MAR 19 8

94307
032:3M946:15
G0

# ശ്യാമള.

---

## I

സൎവൎത്തുരമണീയമായ മാധവീമാസത്തിലെ അതിമനോഹരമായ ഒരു സായാഹ്നത്തിൽ ചിത്രഭാനുവിൻെറ സുവൎണ്ണമരീചികൾ, പശ്ചിമസാഗരതീരപ്രദേശത്തിൽ വിരാജിച്ചുകൊണ്ടിരുന്ന മനോഹരപ്രകൃതിയെ തങ്കരേണുക്കൾ പൂശിക്കൊണ്ടിരുന്നു. പൂവാടകളും ഭൂരിസസ്യങ്ങളാകുന്ന പച്ചപ്പുടവകളും വാരിയണിഞ്ഞുകൊണ്ടു് പ്രകൃതിദേവി, പാലപ്പൂസൌരഭ്യം പെയ്തു നടക്കുന്ന മൈമണിത്തെന്നലിൻെറ പരിരംഭണത്തിൽ ആനന്ദപുളകിതയായി ആലോലനൃത്തം ചെയ്യുന്നതുപോലെ തോന്നി. വൃക്ഷങ്ങളിൽ പടൎന്നു കയറിയിരുന്ന ലതകൾ കാമുകാശ്ലേഷസൌഖ്യാനുഭൂതിയാൽ പുഷ്പിച്ചു തുടങ്ങിയിരുന്നു. പ്രാണപ്രിയൻെറ ക്രീഡാരാമമായ ആകാശദേശത്തിലേക്കു പറക്കുവാനുള്ള കൌതുഹലത്താൽ പക്ഷങ്ങൾ വിടൎത്തുകയാണോ എന്നുതോന്നുമാറു് ആമ്പൽപൂക്കൾ വികസ്വരാവസ്ഥയെ പ്രാപിച്ചു. കോകിലങ്ങളുടെ കാകളീകളകളം വസന്തലക്ഷ്മിക്കു സ്വാഗതമരുളി.

സ്വൎഗ്ഗവും ഭൂമിയും ഒരുപോലെ മനുഷ്യഹൃദയങ്ങളിൽ ലളിതവികാരം ഉൽപാദിപ്പിച്ചുകൊണ്ടിരുന്ന ആ മോഹനവേളയിൽ, പ്രഖ്യാതമായ കരപ്പുറത്തിൻെറ ദക്ഷിണപരിധിയിൽ, തോട്ടപ്പള്ളിയെന്ന നാമത്താൽ അറിയപ്പെടുന്ന ചെറുഗ്രാമത്തിൻെറ ഇടവഴിയിൽകൂടി ഉദ്ദേശം ഇരുപത്തഞ്ചു വയസ്സു പ്രായമുള്ള ഒരു സുന്ദരി മന്ദഗമനം ചെയ്തുകൊണ്ടിരുന്നു. വിശാലമായ ഒരു പുരയിടത്തിൻെറ സമീപമെത്തിയപ്പോൾ, അസ്ഫുടവും,

എന്നാൽ ശ്രുതിസുഭഗവുമായ ഒരു മധുരസ്വനം അവളുടെ കൎണ്ണപുടങ്ങളിൽ പതിച്ചു. അല്പനേരം അവൾ ശ്രദ്ധിച്ചുകൊണ്ടു് അവിടെ നിന്നു. പുരയിടത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്തിരുന്ന ഒരു ചെറിയ കെട്ടിടത്തിൽനിന്നും നിൎഗ്ഗളിക്കുന്ന വേണുനാദമാണു് അതെന്നു് അവൾ അതിവേഗം മനസ്സിലാക്കി. ആ സ്വൎഗ്ഗീയഗാനം ഏതൊരു മനുഷ്യജീവിയുടെ അധരപുടത്തിൽകൂടിയാണു് ബഹിൎഗ്ഗമിക്കുന്നതെന്നറിവാൻ അവൾ ആഗ്രഹിച്ചു.

ആ പുരയിടം വളരെ വലുതായിരുന്നു. വാസന്തീദേവിക്കു ശുഭ്രമായ പൂങ്കുലച്ചാമരം വീശിക്കൊണ്ടു് അവിടെ കാശച്ചെടികൾ നിബിഡമായി വളൎന്നു നിന്നിരുന്നു. ബാലാനിലൻ പൂങ്കവിളിൽ വന്നു തട്ടുന്നനേരത്തു് വ്രീളാധിക്യത്താൽ ആനതമുഖികളായി നയനങ്ങൾ നിമീലിതങ്ങളാക്കിക്കൊണ്ടു് പടൎന്നു കിടന്നിരുന്ന തൊട്ടാവാടികളുടെ ബാഹുല്യത്താൽ മനുഷ്യർ അവിടെ ഇപ്പോൾ വളരെ അപൂൎവ്വമായിട്ടേ പ്രവേശിക്കാറുണ്ടായിരുന്നുള്ളു. ആ പുരയിടത്തിന്റെ നടുവിൽ ഒരു ചെറിയ കെട്ടിടം നില്പുണ്ടു്. അതിൽ ആൾ പാൎപ്പില്ലാതായിട്ടു് മാസങ്ങൾ പലതു കഴിഞ്ഞു. കെട്ടിടത്തിനു ചുറ്റും കുസുമാഢ്യങ്ങളായ ചാമ്പേയങ്ങളും, ശാഖാപടലികളോടുകൂടിയ ചെമ്പരുത്തികളും ധാരാളം വളൎന്നു നിന്നിരുന്നു. കാടും പടലും കയറിക്കിടന്നിരുന്നെങ്കിലും പ്രകൃതിദേവത യഥേഷ്ടം വിഹരിക്കുന്ന ഒരു പൂങ്കാവനമാണു് അതെന്നു തോന്നും.

അവൾ പുരയിടത്തിൽ കയറി ഗുല്മങ്ങളുടെ ഇടയിൽകൂടി കെട്ടിടത്തിന്റെ കിഴക്കുവശം ചെന്നു നിന്നു് അല്പം തുറന്നുകിടന്ന കവാടത്തിന്റെ വിടവിൽകൂടി ഉള്ളിലേക്കു നോക്കി. അപ്പോൾ രസകരമായ ഒരു കാഴ്ച അവളുടെ നീലലോചനങ്ങൾക്കു് ഗോചരമായി.

ആ ചെറിയ പുരയുടെ പടിഞ്ഞാറുവശത്തെ വാതലിനു സമീപം മുറ്റത്തു് അസ്തമനാൎക്കനു് അഭിമുഖനായി ഒരു യുവാവു് ഓടക്കുഴൽ വായിച്ചുകൊണ്ടിരുന്നു. അയാളുടെ മുമ്പിൽ അഞ്ചാറു ചെറിയ പുസ്തകങ്ങൾ കിടപ്പുണ്ടു്.

അഗതയായ തരുണി മുറിയിൽ കയറി പടിഞ്ഞാറുവശത്തിറങ്ങി. അപ്പോൾ അവൾക്ക് അയാളെ സൂക്ഷ്മാവലോകനം ചെയ്യാൻ സാധിച്ചു. അയാൾക്കു പ്രായം ഇരുപതു വയസ്സിൽ ഒട്ടും കൂടുതലുണ്ടായിരുന്നില്ല. ശ്മശ്രുക്കളുടെ അഭാവത്താൽ അയാളുടെ മുഖം ഒരു കുമാരീവദനം പോലെ ലളിതകോമളമായിരുന്നു. ഇക്കാലത്ത് ഒരു പുരുഷൻ സുന്ദരനാണെന്നു പറയുന്നതു തന്നെ അയാളോട്ട് അവജ്ഞ തോന്നുന്നതിനൊരു കാരണമാണ്. പുരുഷന്മാരുടെ ഇടയിൽ, സ്ത്രീജാതിയിലെന്നപോലെ, സൌന്ദര്യം അധികമുള്ളവർക്കാണ് കുത്സിതകർമ്മങ്ങളിൽ ആസക്തി അധികം കാണാറുള്ളതെന്ന് പൊതുവെ ഒരു സംസാരമുണ്ട്. മോഹനഗാത്രന്മാരായ പുരുഷന്മാർ 'കണ്ണാടിക്കൂട്ടിലിട്ടകാളിയകാളാഹി'കളെന്നാണ് മഹാകവി പാടിയിട്ടുള്ളതും. വാസ്തവത്തിൽ ഇക്കാലത്തെ സ്ഥിതിഗതികൾ ഇങ്ങിനെയാണെങ്കിൽതന്നെ ആ വക ദോഷങ്ങളൊന്നും സംശുദ്ധാത്മാവായ ഈ യുവാവിനെ ഇതുവരെ ലേശംപോലും സ്പർശിച്ചിട്ടില്ലെന്നു തീർച്ച പറയാവുന്നതാണ്. പൌരാണികകാലത്താണ് കോമളകളേബരനായ ഈ കുമാരൻ ജാതനായിരുന്നതെങ്കിൽ, ഒരു പുരാണത്തിലേയോ, ഇതിഹാസത്തിലേയോ നായകനായി ഒരു വ്യാസമഹർഷിയുടേയോ വല്മീകജന്മാവിന്റേയോ വാക്യാമൃതത്താൽ അയാൾ ലോകരുടെ നിത്യാരാധനയ്ക്കു ഭാജനമാകുവാനെളുപ്പമുണ്ടായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ മുൻകാലത്തെപ്പോലെ പുരുഷസൌന്ദര്യത്തിന് പരമമായ പ്രാധാന്യം കല്പിക്കാത്ത ഒരു കാലത്താണ് അയാളുടെ ജനനം.

കുമാരൻ ഏകാഗ്രചിത്തനായി അവിടെത്തന്നെയിരുന്നു. ഭാനുകിരണങ്ങൾ അയാളുടെ ഭാസുരാസ്യത്തിൽ പ്രകാശിച്ചു. നിതാന്തപതജ്ഝരീമസൃണമായ ശിലാതലംപോലെ മിനുസമേറിയ തുനെററിയെ അലങ്കരിച്ചിരുന്ന ചൂർണ്ണകുന്തളാവലികൾ താത്തെന്നൽ തട്ടിച്ചലിച്ചുകൊണ്ടിരുന്നു.

യുവതിക്ക് അയാളുടെ ആകാരപരിശോധന ചെയ്യുവാൻ ധാരാളം സമയവും സൌകര്യവും ലഭിച്ചു. അയാൾ വിപരീത

ജാതീയനായിരുന്നതുകൊണ്ട് അതിനൊരു അനിയന്ത്രിതമായ ഔത്സുക്യവും തോന്നിയിരുന്നിരിക്കണം.

അവളുടെ പൂവണിക്കുന്തൽ നിശാമദ്ധ്യംപോലെ കറുത്തിരുണ്ടിരുന്നു. പട്ടുപോലുള്ള ആ ചുരുണ്ട കരിങ്കുഴൽത്തുമ്പുകെട്ടി, അതിൽ തിരുകിയിരുന്ന സുരഭിലമായ പനിനീർ ചെമ്പകപ്പൂ അവളുടെ പൂങ്കവിൾത്തടങ്ങളോടു കിടനിന്നില്ല. അവളുടെ നയനങ്ങൾ ആകർഷണീയങ്ങളും ശരീരകാന്തിഭാസുരവുമായിരുന്നു. ചേതോഹരഗാത്രനായ ആ യുവാവിനെ അനുസ്യൂതമായി വീക്ഷിച്ചുകൊണ്ടിരിക്കവേ, അവളുടെ ഹൃദയസ്പന്ദനം ശീഘ്രതരമാകയും, ഒരു ഉഷ്മളതരംഗം അവളുടെ കമനീയധമനികളെ ചലിപ്പിക്കുകയും ചെയ്തു. സൂക്ഷ്മാവലോകനപടുവായ ഒരാൾക്ക്, അപ്പോൾ, യുവതീസഹജമായ ഒരു ലളിതവികാരം അവളുടെ ഹൃദയതന്ത്രികളെ സ്പർശിച്ചുകൊണ്ടിരുന്നുവെന്ന് മനസ്സിലാക്കുവാൻ വിഷമമുണ്ടായിരുന്നില്ല. എന്നാൽ വളരെനേരം അയാളുടെ രൂപലാവണ്യം ആസ്വദിച്ചുകൊണ്ടു നില്ക്കുന്നതിനുള്ള ക്ഷമ അവൾക്കില്ലായിരുന്നു. സംഗീതാമൃതസാഗരത്തിൽ മഗ്നനായിക്കിടക്കുന്ന യുവാവ് ഇനിയും തന്റെ ആഗമനവൃത്താന്തം അറിഞ്ഞിട്ടില്ലെന്നു മനസ്സിലാക്കി അവൾ നിശ്ശബ്ദതയെ ഭഞ്ജിച്ചു.

“എന്താണ് മനസ്സലിയിക്കുന്ന ആ ഗീതം?”

യുവാവ് ഞെട്ടിപ്പുറകോട്ടു നോക്കി. സ്ത്രീ അപരിചിതയായിരുന്നില്ല. അയാൾ സങ്കോചം പ്രദർശിപ്പിക്കാതെ പറഞ്ഞു:—

“നിർവ്വാസദുഃഖിതയായ സീതാദേവിയുടെ ദയനീയവിലാപമാണിത്.”

“അറിയാതെ തന്നെ ഈ കോമളഗാനം എന്റെ ഹൃദയത്തെ അവജ്ജിച്ചു കളയുന്നു.”

“ഞാൻ ഇതു പരിശീലിച്ചുതുടങ്ങിയിട്ട് അധികനാളായിട്ടില്ല. പറയുമ്പോലെ അത്ര നന്നായിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു.”

കുമാരൻെറ വിനയമസൃണമായ മധുരവചനങ്ങൾ അവളുടെ ശ്രവണേന്ദ്രിയത്തെ കുളുർപ്പിച്ചു. അയാളുടെ അകൃത്രിമമായ സങ്കോചരാഹിത്യം അവളിൽ ഒരു അത്ഭുതാനന്ദം ഉളവാക്കി. ഒരു യുവാവു് ഒരു യുവതിയുടേയോ, ഒരു യുവതി ഒരു യുവാവിൻെറയോ സാന്നിദ്ധ്യത്തിൽ ലജ്ജിക്കുകയെന്നുള്ളതു് ലജ്ജാവഹമാണു്. രണ്ടുപേരും മനുഷ്യജാതി. അവയവങ്ങൾക്കു സാദൃശ്യമില്ലെങ്കിൽ വ്രീള പ്രകടിപ്പിക്കണമെന്നുണ്ടോ? അണുക്കളുടെ സംയോഗഫലമാണല്ലോ പദാർത്ഥങ്ങൾ. അവയുടെ ചേഷ്ടയും ചേർച്ചയും ഓരോ ജീവിയിലും വിഭിന്നമായിരിക്കുമ്പോൾ ആ ജീവികളുടെ രൂപവും പ്രകൃതിയും ഭിന്നമായിരിക്കുന്നു. ഇതു് സൃഷ്ടിയുടെ പരമതത്വങ്ങളിൽ ഒന്നുമാത്രമാണു്. ആ സൃഷ്ടിമാഹാത്മ്യത്തെ വാഴ്ത്തി ആനന്ദപുളകിതരാകേണ്ട നാം എന്തിനാണു് അസ്പൃഹണീയമായ ഈ ലജ്ജാഭാവം അംഗീകരിക്കുന്നതു്? കൂടാതെ, ഈ ലജ്ജ സ്ത്രീപുരുഷന്മാരുടെ ഐക്യത്തിനും തദ്വാരാ ഏതാണ്ടു് ലോകത്തിൻെറ പുരോഗതിക്കും ബാധകമായിരിക്കുന്നില്ലേ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു.

അവൾ പിന്നെയും ചോദിച്ചു:—"നിങ്ങൾ എന്താണിവിടെ തനിയേ ഇരിക്കുന്നതു്? നിങ്ങളെ കണ്ടിട്ടു വളരെനാളായല്ലോ."

യുവാവു് നിഷ്കപടതയോടെ പറഞ്ഞു:—"ഇതാ നോക്കു. ഞാൻ തനിയേയല്ല. ഈ ഓടക്കുഴലും പുസ്തകങ്ങളും എൻെറ കൂട്ടുകാരാണു്. ഇവയുടെ നടുക്കിരിക്കുമ്പോൾ സമയം പോകുന്നതേയറിയുന്നില്ല. പ്രകൃതിയുടെ മനോഹരത്വം കണ്ടാനന്ദിക്കുന്നതിനും പ്രകൃതിവൈശിഷ്ട്യത്തെപ്പററി ചിന്തിക്കുന്നതിനും ഏകാന്തതയിലാണു് കൂടുതൽ സൌകര്യം".

"എന്തെല്ലാമാണു് നിങ്ങളുടെ കൂട്ടുകാരായ പുസ്തകങ്ങൾ?"

"സംസ്കൃതമഹാകവികളുടെ ചില നാടകങ്ങളും കാവ്യങ്ങളുമാണിവ. ഇതാ എടുത്തുനോക്കുക." എന്നു പറഞ്ഞു് അയാൾ പുസ്തകങ്ങൾ അവളുടെ സമീപത്തേയ്ക്കു നീക്കിവെച്ചു.

'ശാകുന്തളം' 'മേഘദൂതം' 'ഉത്തരരാമചരിതം' 'കിരാതാർജ്ജുനീയം' ഇവയായിരുന്നു ആ വിശിഷ്ടഗ്രന്ഥങ്ങൾ.

"നിങ്ങൾ ഈ കൃതികളെല്ലാം വായിച്ചിട്ടുണ്ടോ?" എന്ന് അവൾ ചോദിച്ചു.

"ഉണ്ട്, ഒന്നു രണ്ടാവൃത്തി വായിച്ചു. വായിക്കുന്തോറും രസം വർദ്ധിക്കുന്നതേയുള്ളു. ഇപ്പോഴും വായിച്ചുകൊണ്ടിരിക്കുകയാണ്."

"ഞാൻ ഇതിൽ അഭിജ്ഞാനശാകുന്തളവും ഉത്തരരാമചരിതവും വായിച്ചിട്ടുണ്ട്. ഇവ രണ്ടിലുംവെച്ച് മെച്ചം ഏതാണെന്നാണ് നിങ്ങളുടെ അഭിപ്രായം?"

"കാളിദാസനും ഭവഭൂതിയും രണ്ടു പ്രത്യേകസരണികളിൽകൂടിയാണ് സഞ്ചരിക്കുന്നത്. എന്നാലും സഹൃദയന്റെ മനഃപ്രകൃതിയുടെ വൈചിത്ര്യമനുസരിച്ച് രുചിഭേദം വന്നുവെന്നുവരാം. ശാകുന്തളത്തെ നദിയുടെ കളരവത്തോട് ഉപമിക്കാമെങ്കിൽ ഉത്തരരാമചരിതത്തെ സമുദ്രഗർജ്ജനത്തോടു വേണം തുല്യപ്പെടുത്തുവാൻ. 'കാളിദാസന്റെ നാടകം' പൂത്തെഴും ഭൃംഗഗണങ്ങൾ നിറഞ്ഞ ഒരു മനോഹരാരാമമാണ്. ഭവഭൂതിയുടെ നാടകമാകട്ടെ, പക്ഷികളുടെ കൂജിതകളകളംകൊണ്ട് പരിരമ്യവും ഗിരിനിർഝരങ്ങളുടെ ഗർജ്ജനംകൊണ്ട് ഝംകൃതവും, ആകാശംമുട്ടെ വളർന്നുനില്ക്കുന്ന വൃക്ഷങ്ങളാൽ സ്നിഗ്ദ്ധശ്യാമവുമായ ഒരു വനാന്തരമാണ്."

യുവാവിന്റെ വാഗ്‌വിലാസത്താൽ വിസ്മയഭരിതയായി ആ തരുണി അയാളുടെ ചാരുവദനത്തിൽ അവളുടെ നീലലോചനയുഗളം പതിപ്പിച്ചുകൊണ്ടു ചോദിച്ചു: —

"സോമസുന്ദരൻനായർ, നിങ്ങൾ എന്നെ അറിയുകയില്ലെ? എന്റെ പേർ ശ്യാമളയെന്നാണ്. ഞാൻ നിങ്ങളെ കുഞ്ഞായിരിക്കുമ്പോൾ എത്രദിവസം എടുത്തുകൊണ്ടു നടന്നിരിക്കുന്നു. എന്റെ വകയാണീ പുരയിടം."

സോമ:—"ഞാൻ നിങ്ങളെ ഓൎക്കുന്നുണ്ടു്. വല്യവീട്ടിലെ യല്ലേ? നിങ്ങളോടു അനുവാദം ചോദിക്കാതെ ഇവിടെയിരിക്കു ന്നതിന്നെനിക്കു മാപ്പുതരണം. ഞാൻ വല്ലപ്പോഴും ഇവിടെ വന്നു ഇരിക്കുന്നതിൽ വല്ല വിരോധവുമുണ്ടോ?"

"ഒരു വിരോധവുമില്ല. നേരേമറിച്ചു് സന്തോഷമേയുള്ളൂ. ഞാൻ നിങ്ങളെ ഇതിനുമുമ്പു് ഇവിടെങ്ങും കണ്ടിട്ടില്ലല്ലോ. നി ങ്ങൾക്കു് ഇപ്പോൾ ജോലിയെന്താണു്."

സോമൻ—"ഞാൻ പഠിച്ചുകൊണ്ടിരിക്കുകയാണു്. ഇ പ്പോൾ ഒഴിവുകാലമല്ലേ? അതുകൊണ്ടു് വീട്ടിൽ പോന്നതാണു്."

അവൾ ജിജ്ഞാസയോടെ പിന്നെയും ചോദിച്ചു.

"വീട്ടിൽ ഇപ്പോൾ ആരുണ്ടു്?"

"എന്റെ അമ്മുമ്മ മാത്രമേയുള്ളൂ. വേറെ ആരുമില്ല."

"നിങ്ങളോടു കുറെക്കൂടെ ഈ രണ്ടുമഹാകവികളേയും പററി സംസാരിച്ചാൽ കൊള്ളാമെന്നാഗ്രഹമുണ്ടു്. എന്നാൽ നേരം സന്ധ്യയായി. ഞാൻ ഇപ്പോൾ പോകട്ടെ, ഇനിയൊരിക്കൽ വന്നുകൊള്ളാം."

സോമസുന്ദരൻ ശ്യാമളയെ സ്വല്പം അനുഗമിച്ചു. ഒടുവിൽ അവൾ പറഞ്ഞു:—

"നിങ്ങൾ നില്ക്കണം."

യുവാവു് തലകുലുക്കിയിട്ടു തിരിഞ്ഞു നടന്നു. ശ്യാമള തിരി ഞ്ഞു് ഒരിക്കൽകൂടി അയാളുടെ മനോജ്ഞരൂപത്തെ ദർശിച്ചു.

—:*:—

## II

ശ്യാമള പോയതിൻെറ ശേഷം സോമസുന്ദരൻ അധികം നേരം അവിടെയിരിക്കാതെ കടൽതീരത്തേയ്ക്കു് തിരിച്ചു. അവിടെ പൊടിപ്പഞ്ചസാരപോലുള്ള വെള്ളമണലിൽ പശ്ചിമാംബരവിലോകനലോലനേത്രനായി അയാൾ ഇരുന്നു.

പടിഞ്ഞാറ് ആകാശത്തിൽ മേഘങ്ങൾ വർണ്ണാഭിമാനം കൂടാതെ പരസ്പരം പരിരംഭണം ചെയ്തുകൊണ്ടിരുന്നു. വെള്ളപ്പാകൾ കെട്ടിയ മീൻവള്ളങ്ങൾ ചക്രവാളത്തെ ലക്ഷ്യമാക്കി ഗമിക്കുന്നുണ്ടായിരുന്നു. അല്പം കഴിഞ്ഞപ്പോൾ സുധാമയൂഖൻ കിരണങ്ങൾ പൊഴിച്ചുകൊണ്ടു വൃക്ഷങ്ങൾക്കു മുകളിൽ പ്രത്യക്ഷനായി. വളരെ തെക്കുമാറി രണ്ടു നക്ഷത്രങ്ങൾ ഖദ്യോതദീപങ്ങൾ പോലെ ചിന്നിമിന്നിക്കൊണ്ടിരിക്കുന്നു. ദിവംഗതരായ അയാളുടെ പ്രിയപ്പെട്ട മാതാപിതാക്കൾ ആകാശവീഥിയിൽ വന്നുനിന്നു ഉദ്വേഗചഞ്ചലനായ പുത്രനെ പരിവീക്ഷിക്കയായിരിക്കാം.

ശ്വേതപക്ഷത്തിലെ ആ ദ്വാദശീചന്ദ്രൻെറ പാലൊളിപ്പൂനിലാവിൽ വിശാലമായ മണല്പുറം വെള്ളച്ചായമിട്ടു പിടിപ്പിച്ച ഒരു കുട്ടിമം പോലെ ശോഭിച്ചു. ആ കുളിരമ്പിളിപ്രഭാതാരള്യത്തിൽ സമുദ്രതലം രാകിമിനുക്കിയ ഉരുക്കുപോലെ തിളങ്ങിക്കൊണ്ടിരുന്നു.

ആഹ്ലാദമയമായ ആ പരിതഃസ്ഥിതികളിൽ സോമൻ പ്രപഞ്ചവിലാസത്തെപ്പററി സ്വയം ചിന്തിക്കുകയായിരുന്നു. ആകാശത്തിൽ പ്രകാശിച്ചുകൊണ്ടിരുന്ന ജ്യോതിഷ്പ്രകാണ്ഡങ്ങളെ അയാൾ, അത്ഭുതകുതൂഹലനായി അവലോകനം ചെയ്തു. അതുപോലെയുള്ള എത്രയെത്ര തേജഃപുഞ്ജങ്ങളാണ് ഈ ബ്രഹ്മാണ്ഡകടാഹത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്നത്? ഏതൊരു ശക്തിയാണ് അവയെ യഥാസ്ഥാനങ്ങളിൽ തന്നെ പാലിച്ചുകൊണ്ടു പോകുന്നത്? അവയുടെ ഉൽപത്തിയെങ്ങിനെ? ചുട്ടുപഴുത്ത ഒരു കട്ടിസ്സാധനത്തിൽ നിന്നും പൊട്ടിത്തെറിച്ചതാണോ ഈ അനേകകോടി നക്ഷത്രങ്ങളും സൂര്യനും? ലക്ഷോപലക്ഷം നാഴി

കളരെ സ്ഥിതിചെയ്യുന്ന ആ ജ്യോതിർഗ്രഹങ്ങളിലോരോന്നും നമ്മുടെ ഭൂമിയേക്കാൾ അനേകകോടി മടങ്ങ് വലിപ്പമേറിയതാണെങ്കിൽ ഈ ബ്രഹ്മാണ്ഡത്തിൽ ഭൂമിയുടെ അവസ്ഥയെത്ര തുച്ഛമാണ്! പിന്നീട് ഭൂമിയെ അധിവസിക്കുന്ന മനുഷ്യൻെറ കാര്യം പറയാനുണ്ടോ? ബ്രഹ്മാണ്ഡത്തിൻെറ വിസ്താരത്തേയും മനുഷ്യൻെറ നിസ്സാരാവസ്ഥയേയും പററിച്ചിന്തിച്ച് അയാൾ വിസ്മയഭരിതനായി. തൻെറ മുന്നിൽ നീണ്ടുകിടക്കുന്ന സമുദ്രം പോലെ പ്രക്ഷുബ്ധമാണ് മനുഷ്യജീവിതം എന്ന് സോമസുന്ദരൻ വിചാരിച്ചു. അണ്ണവത്തിലെ ബുദ്ബുദങ്ങൾപോലെയത്രേ മനുഷ്യജീവികൾ. ബുദ്ബുദങ്ങൾ ആവിയായി ആകാശത്തിലേക്കു പോകുന്നു. വീണ്ടും ജലമായി കീഴ്പോട്ടു വരുന്നു. അതുപോലെ തന്നെ മനുഷ്യരും; മരിക്കുന്നു, വീണ്ടും ജനിക്കുന്നു, പിന്നെയും മരിക്കുന്നു.

അപ്പോൾ അതിദൂരെക്കൂടെ പൊയ്ക്കൊണ്ടിരുന്ന ഒരു ആവിക്കപ്പലിലെ വൈദ്യുതദീപങ്ങൾ അയാളുടെ നയനങ്ങൾക്കു ഗോചരമായി. 'വെൺനുരവെരക്കൽക്കാപ്പണിഞ്ഞ' അലകൈകൾ അയാളെ അങ്ങോട്ടേയ്ക്കു മാടി വിളിക്കുന്നതു പോലെ തോന്നി. കപ്പലിൻെറ ഗതിയെ അയാൾ അല്പനേരം വീക്ഷിച്ചു. ഈ ആഷഭൂമിയായ ഭാരതവഷത്തിലെ പാവനരക്തത്തെ ഊററിക്കുടിക്കുവാൻ ചീറിപ്പാഞ്ഞു വരുന്ന ഒരു ഉഗ്രജന്തുവിനൊപ്പമാണ് അതെന്ന് അയാൾ വിചാരിച്ചു. ഈ സാധുരാജ്യത്തിൻെറ ദയനീയാവസ്ഥയെപ്പററി അയാൾ പരിതപിച്ചു. നമ്മൾ എത്രമാത്രം അധഃപതിച്ചുപോയി! ഓരോ രാജ്യക്കാർ എന്തെല്ലാം പുത്തൻ പുത്തനായി കണ്ടുപിടിക്കുന്നു? ആകാശത്തിൽ കൂടി സഞ്ചരിക്കുന്നതിനും അനേക കാതം ദൂരെ നടന്നു കൊണ്ടിരിക്കുന്ന പ്രസംഗങ്ങളും ഗാനങ്ങളും ശ്രവിക്കുന്നതിനും ഇതാ നമ്മൾക്കിപ്പോൾ സാധിച്ചിരിക്കുന്നു. അഹോ! മനുഷ്യൻെറ ബുദ്ധിവിലാസം! അതിനും ബ്രഹ്മാണ്ഡത്തെപ്പോലെ ഒരതിരില്ലെന്നോ?

ചിന്താഗർത്തിൽ മുഴകി സോമൻ ഒട്ടുനേരം ആ വിജനപ്രദേശത്തിൽ ഏകാകിയായ് ഇരുന്നു. ഒടുവിൽ, നേരം വളരെ

ഇരുട്ടിയെന്നു കണ്ടു് വേഗം വീട്ടിലേക്കു നടന്നു. അവിടെ അയാളെ കാത്തു് മാതാമഹി പൂമുഖത്തിൽ ഇരിപ്പുണ്ടായിരുന്നു. പൌത്രനെക്കണ്ടയുടൻ "എന്താ കുഞ്ഞെ, ഇത്ര താമസിച്ചതു്?" എന്നു ചോദിച്ചുകൊണ്ടു് ചോറുവിളമ്പുവാൻ അവർ അടുക്കളയിലേക്കു പോയി.

സോമൻ ഉണ്ണാനിരുന്നു. എന്നാൽ അയാൾ വരാൻ വൈകിയതുകൊണ്ടു് ചോറു വളരെ തണുത്തിരുന്നു. പോരെങ്കിൽ അന്നു മോരുമില്ലായിരുന്നു. അയാൾ കലഹിച്ചു് ഉണ്ണാതെ എഴുനേററു. വൃദ്ധ അയാളെ അനുഗമിച്ചു് അയാളുടെ മുറിയിൽ ചെന്നു് "എൻെറ കുഞ്ഞല്ലെ; വാ, വന്നു് ഒരുപിടിയുണ്ണു്. ചോറുതണുത്തതിനു് ഞാനാണോ കാരണക്കാരി? ഇന്നു തൈരുകാരൻ വരാഞ്ഞതുകൊണ്ടല്ലേ മോരില്ലാത്തതു്? എൻെറ കുഞ്ഞു വാ. ഒരു പിടിയുണ്ടിട്ടുപോ. അത്താഴപ്പട്ടിണി കിടക്കരുതു്." എന്നുപറഞ്ഞുകൊണ്ടു് അയാളെ പിടിച്ചു വലിച്ചു് ചോറിൻെറ മുമ്പിൽ കൊണ്ടുവന്നിരുത്തി. മാതാമഹിയുടെ വാത്സല്യത്തിൻേറയും നിർബ്ബന്ധത്തിൻേറയും ഫലമായി അയാൾ പിന്നെയും ഉണ്ണാനിരുന്നു. ഉണ്ടുകൊണ്ടിരുന്നതിനിടയിൽ അയാൾ വൃദ്ധയോടു ചോദിച്ചു. "അമ്മുമ്മെ, ആ കാവുങ്കൽ പുരയിടമാരുടെയാണു്?"

"നാടുവിട്ടുപോയ വല്യവീട്ടിലെ വാസുപ്പണിക്കരുടെ വകയായിരുന്നു. അതിൽ കാണുന്ന ആ ചെറിയ പുര മുമ്പു് അയാൾ ചീട്ടുകളിക്കുന്നതിനും മററും ഉപയോഗിച്ചു വന്നിരുന്നതാണു്. വളരെക്കാലമായി കിളയും ദേഹണ്ഡവുമൊന്നുമില്ല. അതുകൊണ്ടു് കൈതയും കാടും കയറിക്കിടക്കയാണു്. അയാളുടെ ഭാര്യ ശ്യാമളയുടെ കൈവശത്തിലാണു്, ഇപ്പോൾ 'വല്യവീടു'വക വസ്തുക്കളെല്ലാം"

സോമൻ—"അയാൾ നാടുവിട്ടുപോയതെന്തിനാണു്?"

"വാസുപ്പണിക്കർ ഒരു ദുർന്നടത്തക്കാരനായിരുന്നു. അയാളും ഭാര്യയുമായിട്ടൊരിക്കലും സൈ്വരമില്ല. ഞാൻ ശ്യാമളയെക്കണ്ടിട്ടു വളരെ നാളായി. അവൾ ഇപ്പോൾ വെളിയിലെങ്ങും



/

പോകാറില്ലെന്നു് കിഴക്കേതിലെ പാക്കി (ഭാൎഗ്ഗവിയെ 'പാക്കി' യെന്നാണു് വൃദ്ധ വിളിക്കുന്നതു്) പറഞ്ഞു. പാക്കിയും ശ്യാമളയും കൂട്ടുകാരികളാണു്. പാക്കി കൂടെക്കൂടെ അവിടെപ്പോയി ക്കൂട്ടും." വൃദ്ധ ഒരു ശ്വാസത്തിൽ ഇത്രയും പറഞ്ഞു. സോമസുന്ദരൻ ഒന്നും മിണ്ടാതിരുന്നതിനാൽ അവർ സംഭാഷണം തുടൎന്നില്ല.

---

## III

'വല്യവീട്ടി'ൽ ആളുകൾ അധികമില്ലായിരുന്നു. ശ്യാമളയും രണ്ടു ഭൃത്യകളും ഒരു വാല്യക്കാരനും മാത്രമേ അവിടെത്താമസമുണ്ടായിരുന്നുള്ളു. വീടു വളരെ വലുതായിരുന്നു. വിശാലമായ ഒരു എട്ടുകെട്ടു്; എട്ടുകെട്ടിന്റെ തെക്കേ അററത്തു് മനോഹരമായ ഒരു മേട. പുരയിടവും വളരെ വിസ്തീൎണ്ണമേറിയതായിരുന്നു. പറമ്പും മുററവുമായി വേൎതിരിച്ചു് മതിൽ കെട്ടിയിട്ടുണ്ടു്. പുരയിടത്തിലെ പ്രധാനവൃക്ഷം നാളികേരമായിരുന്നു. തോട്ടത്തിന്റെ പാഷദർ എന്നപോലെ അതിരോടുചേൎന്നു് മൂന്നു നാലു ഉന്നതങ്ങളായ ആഞ്ഞിലിവൃക്ഷങ്ങൾ ആകാശം മുട്ടെ വളൎന്നു നിന്നിരുന്നു. അവയിൽ നിന്നും പൊഴിഞ്ഞു താഴെ വീണു നിരന്നുകിടന്ന പുഷ്പപാളി കണ്ടാൽ പറമ്പുതന്നെ പൂത്തോയെന്നു് ആരും സംശയിച്ചു പോകും.

മേടയിലാണു് ശ്യാമളയുടെ ഇരിപ്പും കിടപ്പും; വേലക്കാർ വല്യപുരയുടെ ഒരു കോണിലും. വാസുപ്പണിക്കർ നാടുവിട്ടു് പോയതിനു ശേഷം അന്നാദ്യമായാണു് ശ്യാമള ആ വീടുവിട്ടു വെളിയിലിറങ്ങുന്നതു്. പണിക്കൎക്കുണ്ടായിരുന്ന പല ദുൎഗ്ഗുണങ്ങളിൽ ഒന്നായിരുന്നു അസൂയ. വിദേശഗമനത്തിനു മുമ്പു് ഒരു ദിവസം അയാൾ ഭാൎയ്യയെക്കൊണ്ടു് ഒരു പ്രതിജ്ഞ ചെയ്യിപ്പിച്ചു. അയാൾ തിരിച്ചുവരുന്നതുവരെ അവൾ ആ വീടുവിട്ടു് പുറത്തു പോ

കയോ, യാതൊരാഘോഷങ്ങളിലും പങ്കുകൊള്ളുകയോ ചെയ്യുകയില്ലെന്നായിരുന്നു ആ ദാരുണമായ സത്യം.

പണിക്കർ ദേശാടനത്തിനു പോയിട്ട് വർഷം മൂന്നുകഴിഞ്ഞു. അതിനകം അയാൾ ഭാര്യയ്ക്കൊരെഴുത്തുപോലും അയച്ചിരുന്നില്ല. അയാൾ എന്തിനു നാടു വിട്ടുപോയെന്നോ, എവിടെയാണ് പോയതെന്നോ ഒന്നുംതന്നെ ശ്യാമളയ്ക്കറിയാൻ പാടില്ലായിരുന്നു. അയാൾ മെസോപ്പൊട്ടോമിയായിലുണ്ടെന്ന് ഇടയ്ക്ക് അറിഞ്ഞു. സിംഗപ്പൂരിൽ വെച്ച് ആരോ അയാളെ കണ്ടുവെന്നു പിന്നീടു കേട്ടു.

തന്റെ പ്രതിജ്ഞയെ ശ്യാമള ഇതുവരെ വളരെ സങ്കടത്തോടുകൂടിയെങ്കിലും അക്ഷരംപ്രതി അനുഷ്ഠിച്ചുപോന്നു. അവളുടെ പ്രായത്തിലുള്ള യുവതികൾ, ചുററും വിവിധവിനോദങ്ങളിലേർപ്പെട്ടു ജീവിക്കുമ്പോൾ അവളെങ്ങിനെ ഏകാകിനിയായി സുഖഭോഗങ്ങളൊന്നും കൂടാതെ ജീവിക്കും? മനുഷ്യജീവിതത്തിന്റെ പരമോദ്ദേശം സുഖാനുഭവമാണെന്നത്രേ വിജ്ഞാനികൾ പറയുന്നത്. സുഖലാഭത്തിനുവേണ്ടിയാണ് മനുഷ്യന്റെ സകലപ്രവൃത്തികളും. മേൽജന്മം ഉണ്ടാകുമെന്നോ, ഉണ്ടാകുമെങ്കിൽ തന്നെ അത് ഏതു തരത്തിലായിരിക്കുമെന്നോ ആരും ഏതുവരെ സൂക്ഷ്മമായി അറിവാൻ സാധിച്ചിട്ടില്ല. ആ സ്ഥിതിക്ക് ഈ കാമ്യജീവിതം ദുഃഖപൂരിതമാക്കുന്നത് ഒട്ടും അശാസ്യമല്ലതന്നെ. അന്യർക്കുപദ്രവം നേരിടാത്തവിധത്തിൽ എങ്ങിനെയെല്ലാം ഈ ജീവിതം ആനന്ദപൂർണ്ണമാക്കുവാൻ സാധിക്കുമോ ആ വഴിയെല്ലാം മനുഷ്യൻ അംഗീകരിക്കണം. അവന്റെ സുഖത്തിന് ബാധകങ്ങളായിരിക്കുന്ന സംഗതികളെ ത്യജിക്കുന്നതിൽ വൈമുഖ്യം പ്രദർശിപ്പിക്കുന്നത് ഒട്ടുംതന്നെ കാലോചിതമല്ല. ഈ വിധം ശ്യാമള പലദിനരാത്രങ്ങളിലും ആലോചിച്ചു; എങ്കിലും തന്റെ സത്യത്തെ ഭഞ്ജിക്കുന്നതിൽ അവൾക്കു വളരെ മടിയുണ്ടായിരുന്നു.

പിന്നെയും അവൾ ഇങ്ങനെ വിചാരിച്ചു. "നിർബ്ബന്ധിച്ച് മനഃപൂർവ്വം എന്നെ ഉപദ്രവിക്കുവാൻ ചെയ്യിച്ചതല്ലേ അത്? ഇത്ര ശാഠ്യത്തോടുകൂടി ഞാനെന്തിനതു പരിപാലിക്കുന്നു?

ഈ അനാവശ്യനിഷ്ഠയല്ലേ എൻെറ ഇപ്പോഴത്തെ ദുഃഖത്തിനു കാരണം? ഭർത്താവുള്ളപ്പോഴും സുഖമില്ല. ഇല്ലാത്തപ്പോഴും സുഖമില്ല. എന്തുതന്നെയായാലും ഞാൻ അതു ഭഞ്ജിക്കുവാൻ പോകുന്നു."

ഈ നിശ്ചയത്തോടുകൂടിയാണ് അന്നു സായാഹ്നത്തിൽ അവൾ വെളിയിലിറങ്ങി നടന്നത്. അതിൽ പിന്നീടൊരു ദിവസം അവൾക്കു യാദൃച്ഛികമായി ഒരു കത്തുകിട്ടി. കത്തിൻെറ രത്നച്ചുരുക്കമിതായിരുന്നു. "വാസുപ്പണിക്കർ തിരുവനന്തപുരത്തുണ്ട്. ആൾമാറിത്താമസിക്കുകയാണ്."

പണിക്കരുടെ ഉദ്ദേശമെന്തായിരിക്കുമെന്നറിയാതെ ശ്യാമള വിഷമിച്ചു. അയാൾ അവിടെയുണ്ടോ എന്ന് സൂക്ഷ്മമായി അറിവാൻ അവൾ അഗ്രഹിച്ചു. എന്നാൽ വിശ്വാസപൂർവം അവൾ ആ ദൌത്യം ആരെ ഭരമേല്പിക്കും?

ശ്യാമള വളരെ ആലോചിച്ചതിൻെറ ശേഷം ഒടുവിൽ, ഈ വിധം തീരുമാനിച്ചു. "സോമസുന്ദരൻനായരോടു പറക തന്നെ; അതേയുള്ളു ഒരു വഴി." അയാളുടെ പ്രശാന്തമുഗ്ദ്ധമായ ആനനവും അനവദ്യഭാസ്സോടുകൂടിയ നേത്രങ്ങളുമായിരിക്കണം ആ വിശ്വാസോൽപത്തിക്കു കാരണം.

---

## IV

നേരം ഉച്ചതിരിഞ്ഞിട്ടും ചൂടിൻെറ ശക്തി തീരെ ശമിച്ചിട്ടില്ലായിരുന്നു. കേതകീഗന്ധം വഹിച്ചുകൊണ്ടു പൂന്തെന്നൽ വീശി. 'മാന്തളിർത്തൊത്തിൻെറ തേൻതെളിമർമ്മരം' ശ്രവണേന്ദ്രിയങ്ങളിൽ പീയൂഷം പൊഴിച്ചു. ആകാശത്തിൽ വടക്കുപടിഞ്ഞാറുമാറി ഒരു മേഘഖണ്ഡം സുന്ദരീവദനത്തിലെ ചാന്തിൻ

പൊട്ടുപോലെ പരിശോഭിച്ചു. പുഷ്പിച്ചുനിന്നിരുന്ന തേന്മാവിലെ ചെന്തളിരും തിന്നു കിളികൾ അസ്ഫുടഗീതങ്ങൾ ആലാപിച്ചുകൊണ്ടിരുന്നു. പടിഞ്ഞാറ് കടൽത്തീരത്തിൽ ദാശന്മാരുടെ ഉത്സാഹഭരിതമായ കൂക്കുവിളികളും, ദാശനാരിമാരുടെ പരസ്പരാഹ്വാനങ്ങളും മീൻകച്ചവടക്കാരായ മഹമ്മദീയരുടെ മത്സ്യവിവാദങ്ങളുംകൊണ്ട് അന്തരീക്ഷം ശബ്ദായമാനമായിരുന്നു.

അപ്പോൾ ശ്യാമള കാവുങ്കലേക്കു തിരിച്ചു. സോമസുന്ദരൻ അവിടെക്കാണുമെന്ന് അവൾക്കറിയാമായിരുന്നു. ഇടവഴിയിൽ ആരെയും കണ്ടില്ല. അവൾ പഴയപോലെ കെട്ടിടത്തിന്റെ കിഴക്കുവശം ചെന്നുനിന്ന് കതകിന്റെ ഇടയിൽക്കൂടി ഉള്ളിലേക്കു നോക്കി. കുമാരൻ മുറിക്കകത്തിരുന്ന് എന്തോ ധൃതിയിൽ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. പാദന്യാസംകേട്ട് അയാൾ തിരിഞ്ഞുനോക്കി. ആൾ മനസ്സിലാക്കി, വാതലിന് സമീപംവന്ന് അയാൾ പറഞ്ഞു—"അകത്തേക്കു വരണം. ഇതാ ഈ സ്റ്റൂളിലിരിക്കാം. എന്താണിപ്പോൾ വന്നത്? വിശേഷമൊന്നുമില്ലല്ലൊ.

ഓഹോ, അന്നുപറഞ്ഞിരുന്നതു പോലെ കവിശ്രേഷ്ഠന്മാരായ കാളിദാസനേയും ഭവഭൂതിയേയും പററി സംസാരിക്കുന്നതിനാണ്; അല്ലെ?"

ശ്യാമള ദുസ്സഹമായ മൌനം പൂണ്ടു.

സോമസുന്ദരൻ തുടന്നു. ഈ രണ്ടു മഹാകവികളും ഭാരതമാതാവിന്റെ ശാശ്വത സമ്പത്താണ്. നമ്മുടെ രാജ്യം ആരുടെ കൈവശം വേണമെങ്കിലും ഇരുന്നുകൊള്ളട്ടെ. എന്നാൽ ഈ പ്രാചീനാര്യന്മാരുടെ മഹാകൃതികൾ എന്നും നമ്മുടെ സ്വത്തായിരിക്കും. അത് ഇംഗ്ലീഷുകാൎക്കോ പരന്ത്രീസുകാൎക്കോ കൈവശപ്പെടുത്തുവാൻ സാധിക്കുകയില്ല.

ശ്യാമള വിഷമിച്ചു. ഈ രണ്ടു ദിവ്യകവികളെപ്പററിയുള്ള സങ്കീൎത്തനങ്ങൾ കേൾക്കുന്നതിന് അവൾക്കു താല്പൎയ്യമുണ്ടായിരു

ന്നുവെങ്കിലും അതിനുള്ള സന്ദർഭമതല്ലായിരുന്നു. ഏററവും അത്യാവശ്യമായ ഒരു സംഗതിയെപ്പററി അയാളോട്ട് സംസാരിക്കുന്നതിനാണ് അവൾ വന്നിരിക്കുന്നത്. എന്നാൽ ലൌകിക വ്യവഹാരങ്ങളിൽ വിരളജ്ഞനായിരുന്ന കുമാരനാകട്ടെ അവളുടെ തുഷ്ണീകാവസ്ഥ, തൻെറ പ്രസംഗപീയൂഷപാനത്തിൽ അവൾക്കുള്ള ഔത്സുക്യത്തെ ദ്യോതിപ്പിക്കുകയാണെന്ന് വിചാരിച്ച് പിന്നെയും പറഞ്ഞുതുടങ്ങി. "ശാകുന്തളമോ ഉത്തരരാമചരിതമോ പോലെ അതിമനോഹരമായ മററു രണ്ടു കൃതികൾ ഈ രാജ്യത്തെന്നല്ല വേറൊരു ദേശത്തും കാണുകയില്ല തന്നെ. ഇതു രണ്ടും വായിച്ചു രസിക്കുവാൻ സഹൃദയാഗ്രേസരരായ എത്ര പാശ്ചാത്യരാണ് സംസ്കൃതഭാഷ അഭ്യസിച്ചിട്ടുള്ളത്! ഷേക്സ്പീയർ മഹാകവിയുടെ നാടകങ്ങൾ പോലും ശാകുന്തളത്തിൻെറ മുമ്പിൽ തലകുനിച്ചു പോകുന്നു".

താൻ അയാളെ അന്വേഷിച്ചിവിടെ വന്നതുതന്നെ അനാവശ്യമായിപ്പോയെന്ന് അവൾ വിചാരിച്ചു. അത്യന്തം അസഹിഷ്ണുതയോടെ യുവതി പറഞ്ഞു:—"ഒരു അത്യാവശ്യസംഗതി പ്രമാണിച്ചാണ് ഞാൻ വന്നത്."

അത്യാവശ്യസംഗതിയോ? അതു ഗൌനിക്കാനാണോ, അയാൾക്കിപ്പോൾ സമയം. അയാളുടെ ദിവ്യമനോഹരമായ ആ സാഹിത്യസാമ്രാജ്യത്തിൽ അത്യാവശ്യസംഗതികൾക്കു സ്ഥാനമെവിടെ? അത്യാവശ്യങ്ങൾ അയാളുടെ സമയം കാത്തുകൊണ്ടു നില്ക്കട്ടെ

അവളുടെ ശാന്തമൃദുലമായ കോമളഭാഷണം അയാളുടെ ശ്രവണേന്ദ്രിയങ്ങളെ ആകർഷിച്ചില്ല. ഉഡുസങ്കീർണ്ണമായ ആകാശത്തെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു നക്ഷത്രശാസ്ത്രജ്ഞൻ പരിതഃസ്ഥിതികളെ എപ്രകാരം വിസ്മരിക്കുന്നുവോ, അതുപോലെ വിശാലമായ സാഹിത്യാരാമത്തിലെ സുരഭിസുമങ്ങളിൽ ദത്തദൃഷ്ടിയായിരിക്കുന്ന ആ കുമാരൻ ലോകവ്യാപാരങ്ങളെപ്പററി അപ്പോൾ ലുപ്തപ്രജ്ഞനായിരുന്നു.

അയാൾ വിരാമംകൂടാതെ പറഞ്ഞു:—"ഭാരതീയമായ സകലതിനേയും നിർഘൃണബുദ്ധ്യാ കണ്ണുമടച്ചു് അപഹസിക്കുന്ന പല വെള്ളക്കാരും ശാകുന്തളത്തേയും ഉത്തരരാമചരിതത്തേയും മാനിച്ചിട്ടുണ്ടു്. ൧൯൦൦ വർഷങ്ങൾക്കുമുമ്പു് ഇംഗ്ലണ്ടു്, ജർമ്മനി മുതലായ ഐറോപ്യൻ രാജ്യങ്ങളിൽ പരിഷ്കാരസൂര്യൻ നിഴലിച്ചിട്ടു പോലുമില്ലാതിരുന്ന ആ വിദൂരഘട്ടത്തിൽ, ഇന്നൊരു് അപരിഷ്കൃതദേശമെന്നു് അവിവേകികളായ ചില ആംഗ്ലേയർ പുച്ഛിച്ചുപോരുന്ന ഈ ആർഷരാജ്യത്തിൽ, ഈ രണ്ടു മഹനീയകൃതികളും രചിക്കപ്പെട്ടു. അതുരണ്ടും വിതറുന്ന കാന്തിപൂരം ഇന്നും ഈ രാജ്യത്തെ പ്രകാശമാനമാക്കുന്നു."

ശ്യാമള താനറിയാതെ തന്നെ അയാളുടെ പ്രഭാഷണത്തിൽ ലയിച്ചു.

"ഈ രണ്ടു നാടകങ്ങളേയും പരസ്പരം താരതമ്യവിവേചനം ചെയ്യാൻ സാധിക്കുകയില്ലെന്നു തോന്നിപ്പോകുന്നു. കാരണം ഒന്നു് ഒരു നാടകവും മററതു് ഒരു കാവ്യവുമാണു്. ഉത്തരരാമചരിതം യഥാർത്ഥത്തിൽ ഒരു നാടകമല്ല. നാടകീയദൃഷ്ട്യാ നോക്കുകയാണെങ്കിൽ അതു ശാകുന്തളത്തിൻെറ പാദരേണുക്കളോടു് പോലും തുല്യമല്ലെന്നു തോന്നിപ്പോകും. എന്നാൽ കാവ്യദൃഷ്ട്യാ ഉത്തരരാമചരിതം അഭിജ്ഞാന ശാകുന്തളത്തേക്കാൾ വളരെ വളരെ മെച്ചമാണു്.

"ഈ രണ്ടുകൃതികളും സകല സ്ത്രീകളും വായിച്ചിരിക്കേണ്ടവയാണു്. പതിപ്രാണയും തൻെറ തിരസ്കരണത്തിൽ പോലും ഭർത്താവിൻെറ പാദകമലങ്ങളെ സദാ ധ്യാനിച്ചുകൊണ്ടിരിക്കുന്നവളുമായ സീതയെപ്പോലെ ഒരു നായികയെ ഈ ലോകത്തിൽ മററൊരു കവിക്കു സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടോ? അവൾ ഭർത്താവിൽനിന്നും ഒന്നും ആഗ്രഹിക്കുന്നില്ല. ഭർത്താവിനു് വേണ്ടി അവൾ തൻെറ ശരീരവും ജീവനും അർപ്പിച്ചിരിക്കുന്നു. ഭവഭൂതി ഒരു അപൂർവ്വമായ സ്വർഗ്ഗീയമൂർത്തിയെയാണു് നിർമ്മിച്ചിരിക്കുന്നതു്. കാളിദാസൻെറ നായിക ഐഹികലോകത്തിലെ

ഒരു അപൂർവ്വസൌന്ദര്യ ധാമമാണ്. അവളുടെ ഉള്ളിലും പുറത്തും സൌന്ദര്യം വഴിഞ്ഞൊഴുകിക്കൊണ്ടിരിക്കുന്നു. അവൾ മനോഹരമായ വസന്തത്തുവിനു തുല്യയാണ്, വാർ മഴവില്ലിനു സമാനയാണ്. എന്നാൽ സീതയാകട്ടെ കാർമേഘാവൃതമായ ആകാശത്തിൽ കാണുന്ന വിദ്യുല്ലതികയാണ്. സീതയായിരിക്കട്ടെ നമ്മുടെ സ്ത്രീകൾക്കു മാതൃക. സുഖദുഃഖങ്ങളിൽ സമഭാവനയോടുകൂടിയ നമ്മുടെ നാരികൾ സീതയെപ്പോലെ ഭർത്താവിനെ സ്നേഹിക്കട്ടെ. അങ്ങനെയൊരു കാലമുണ്ടാകുമോ?"

ശ്യാമള അയാളുടെ ദിവ്യലോകത്തിലേക്കു മെല്ലെ ഉയരുകയായിരുന്നു. എന്നാൽ ഭർത്തൃശബ്ദോച്ചാരണത്തിൽ അവൾ പെട്ടെന്നു് ഭൂവിലേക്കിറങ്ങി. അവൾ തൻെറ ആഗമനോദ്ദേശത്തെപ്പററി ചിന്തിച്ച് അക്ഷമ പ്രദർശിപ്പിച്ചുകൊണ്ടു പറഞ്ഞു. "എനിക്കിന്നു മനസ്സിനു നല്ല സുഖമില്ല."

"മനസ്സിനു സുഖമില്ലെങ്കിൽ സാഹിത്യാമൃതം സേവിക്കുക. അത്ഭുതകരമായവിധം നിങ്ങൾക്കു മനസ്സുഖം ലഭിക്കും; നിത്യാനന്ദം അനുഭവിക്കാം. അഭിരാമമായ ജീവിതാരാമത്തിൽ സ്വയമേവ മുളച്ച്, തഴച്ച് വളന്ന്, സ്വച്ഛന്ദം തളിർത്ത് പൂത്ത്, ക്രമേണ മധുരഫലഭരപരിനമ്രമായിത്തീരുന്ന ഒരു കല്പവൃക്ഷമാകുന്നു സാഹിത്യം. ആ സാഹിത്യപാരിജാതത്തിൻെറ സാന്ദ്രച്ഛായയിലിരുന്ന്, ശീതളമാരുതനേററുകൊണ്ട് ജീവിക്കുക. എന്താണ് ഇപ്പോൾ മനസ്സിന് അസ്വാസ്ഥ്യതയുണ്ടാക്കുന്ന ആ സംഗതി? കേൾക്കട്ടെ."

അവൾ അല്പനേരം മൌനം പൂണ്ടു. അനന്തരം ഒരു ദീർഘശ്വാസം വിട്ടു; ഒടുവിൽ ദയനീയമായ ഒരു വീക്ഷണത്തോടുകൂടി പ്പറഞ്ഞു: "നിങ്ങളുടെ സംഭാഷണവിഷയത്തിൻെറ മാഹാത്മ്യത്തെപ്പററി വിചാരിക്കുമ്പോൾ എൻെറ ആ അത്യാവശ്യസംഗതി വളരെ വളരെ നിസ്സാരമാണെന്ന് ഞാൻ ലജ്ജയോടുകൂടി സമ്മ-

തിക്കുന്നു. നിങ്ങളുടേതു് ദിവ്യവും കാമ്യവുമായ ഒരു വിഷയമാണു്. ഇതോ, പരിതാപകരമായ വിധം ലൌകികമത്രേ."

താൻ നിലകൊണ്ടിരുന്ന ദിവ്യസോപാനത്തിൻെറ അഗ്രഭാഗത്തുനിന്നും ക്രമേണ ഭൌമികനിമ്നതയിലേക്കു താണുകൊണ്ടു് അയാൾ ചോദിച്ചു. "ആട്ടെ, ആ സംഗതി വളരെ ഗൌരവമേറിയതാണോ?"

അവൾ മെല്ലെപ്പറഞ്ഞു. "എന്നെ സംബന്ധിച്ചിടത്തോളം അതു വളരെ പ്രധാനപ്പെട്ടതാണു്. ഞാൻ നിങ്ങളെ ചുമതലപ്പെടുത്തുവാൻ വന്ന ആ കാര്യം ഇപ്പോൾ കുറച്ചുകൂടി നീക്കിവെക്കാനുദ്ദേശിക്കുന്നു. എനിക്കൊന്നുകൂടി ആലോചിക്കണം. ഞാനിപ്പോൾ പോകട്ടെ."

അന്നത്തെപ്പോലെ ഇന്നും അയാൾ അവളെ അല്പം അനുഗമിച്ചു. അവൾ യാത്രപറയുന്നതിനു മുമ്പേ സോമൻ പറഞ്ഞു: "നിങ്ങളുടെ ഭർത്താവിൻെറ ഗ്രന്ഥപ്പുരയിൽ പല പഴയ ഗ്രന്ഥങ്ങളും സൂക്ഷിച്ചുവെച്ചിട്ടുണ്ടെന്നു് എനിക്കറിയാം. അതൊന്നു് പരിശോധിച്ചാൽ കൊള്ളാമായിരുന്നു."

അവൾ ഝടിതിയിൽ പറഞ്ഞു. "എൻെറ ഭർത്താവിൻെറ വകയോ? അതെ, അദ്ദേഹത്തിൻെറ കാര്യത്തെക്കുറിച്ചു സംസാരിക്കുന്നതിനാണു് ഞാൻ വന്നതു്" ചന്ദ്രികാധവളമായ ഒരു പുഞ്ചിരി തൂകികൊണ്ടു് അവൾ തുടൎന്നു. "നിങ്ങൾ ഇതുവരെ സഞ്ചരിച്ച ആ ദിവ്യവിമാനത്തിൽനിന്നു് മലിനവും ദുഃഖപൂരിതവുമായ ഭൂമിയിലേയ്ക്കു ഞാൻ നിങ്ങളെ താഴ്ത്തുകയാണു ചെയ്യുന്നതു്. എങ്കിലും പറയാതെ നിവൃത്തിയില്ല. ഒരാളെ എനിക്കു സഹായത്തിനാവശ്യമുണ്ടു്. വേറൊരു സ്ത്രീക്കും ഈ ലോകത്തിൽ എന്നെപ്പോലെ ഒരു സഹായിയെ ആവശ്യമുണ്ടായിട്ടില്ല. രഹസ്യമായ ഒരുകാര്യം അന്വേഷിക്കുന്നതിനാണു്. ഞാൻ ആവശ്യപ്പെടുന്ന ആ സംഗതി നിൎവഹിക്കാമെന്നു് നിങ്ങൾ വാഗ്ദാനം ചെയ്യുകയാണെങ്കിൽ, അതെന്താണെന്നു് പറയാം".

"യാതൊരു സംശയവും വേണ്ട. എന്നെക്കൊണ്ടു കഴിയുമെങ്കിൽ തീച്ചയായും സാധിച്ചുതരാം. ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു."

ശ്യാമള മന്ദസ്മേരമുഖിയായിപറഞ്ഞു. "ഞാൻ നിങ്ങളെ വിശ്വസിക്കുന്നു. എൻെറ ഭത്താവു് രണ്ടുമൂന്നുകൊല്ലം മുമ്പു് ദേശസഞ്ചാരത്തിയായി പോയിട്ടു് ഇതുവരെ മടങ്ങിയിട്ടില്ലായെന്നു് നിങ്ങൾ അറിഞ്ഞുകാണുമല്ലൊ. അദ്ദേഹം ഇപ്പോൾ തിരുവനന്തപുരത്തു ഗൂഢമായി താമസിക്കുന്നുവെന്നു് എനിക്കറിവുകിട്ടിയിരിക്കുന്നു. നിങ്ങൾ തിരുവനന്തപുരംവരെ പോയി, എഴുത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അദ്ദേഹം അവിടെയുണ്ടോ എന്നു് അറിഞ്ഞുവരണം. ഇന്നുരാത്രിയിലെ ബോട്ടിൽതന്നെ പോകണം. ഇതാ, യാത്രച്ചിലവിനുള്ള പണം."

സോമസുന്ദരൻ ആശ്ചര്യത്തോടുകൂടി ചോദിച്ചു. "തിരുവനന്തപുരത്തേക്കോ, ഇന്നു രാത്രിതന്നെയോ? അതു കുറേ വിഷമമാണു്. ഞാൻ അമ്മുമ്മയോടെന്തുപറയും? അവർ തനിയേയുള്ളു."

ശ്യാമള അസ്വസ്ഥതയോടെ പറഞ്ഞു: "അല്ലെങ്കിലും നിങ്ങൾ, പുരുഷന്മാർ, സ്വാത്ഥപരന്മാരാണു്. കണ്ണല്ലാത്തതൊക്കെ പൊന്നാക്കിയേക്കാമെന്നു് ഏതു ദേവനെ പിടിച്ചു വേണമെങ്കിലും സത്യംചെയ്യും. സമയമാകുമ്പോൾ മാറിക്കളയും. ഞാൻ നിങ്ങളെ വിശ്വസിച്ചല്ലോ."

"എന്നെ വിശ്വസിച്ചതുകൊണ്ടു കുഴപ്പമൊന്നുമില്ല. അമ്മുമ്മചോദിച്ചാൽ എനിക്കു കള്ളം പറയുവാൻ കഴിയുകയില്ല. നിങ്ങൾതന്നെ ചെന്നു അമ്മുമ്മയോടു എന്നെ ഒരു അത്യാവശ്യസംഗതി പ്രമാണിച്ചു് തിരുവനന്ത്പുരംവരെ അയയ്ക്കുന്നുണ്ടെന്നു പറയണം."

"ഓഹോ, അക്കാര്യം ഞാനേററു. ഇതുവഴിതന്നെ അങ്ങോട്ടുപൊയ്ക്കളയാം. അവിടെ വേറെ ആരുമില്ലല്ലൊ."

"അടുക്കളക്കാരി നാണിയമ്മുമ്മയല്ലാതെ അവിടെവേറെ ആരുമില്ല. ഞാൻ ഇവിടെത്തന്നെ ഇരിക്കാം. പോയിവരുക."

## V

സോമസുന്ദരൻ അന്നുരാത്രി ബോട്ടിൽ തിരുവനന്തപുരത്തിനു പോയി. രണ്ടുദിവസം കഴിഞ്ഞപ്പോൾ ശ്യാമളയ്ക്കു അയാളുടെ ഒരെഴുത്തു കിട്ടി. അശങ്കയോടുകൂടി അവൾ അതു പൊട്ടിച്ച് വായിച്ചു.

"പ്രിയപ്പെട്ട സഹോദരി! എന്നെ ചുമതലപ്പെടുത്തിയ കാൎയ്യം യാതൊരു വീഴ്ചയും കൂടാതെ ഞാൻ നിർവ്വഹിച്ചിരിക്കുന്നു. നാളെ വയ്യിട്ട് ജൂബിലിടൌൺഹാളിൽവെച്ച് ഇവിടത്തെ സാഹിത്യരസികന്മാരുടെ ഒരു സമാജം കൂടുന്നതാണെന്നറിയുന്നു. മറെറന്നാൾ സ്ത്രീകളുടെ കാളേജിൽവെച്ച് ഗൌരിയമ്മയുടെ ഒരു സദിരുണ്ട്. ഇതു രണ്ടും കഴിഞ്ഞേ ഞാൻ ഇവിടെനിന്നും തിരിക്കുകയുള്ളൂ.

എന്റ് സഹോദരൻ,

ആർ. സോമസുന്ദരൻ നായർ."

അയാളെ ഭരമേല്പിച്ചിരുന്ന കാൎയ്യത്തെപ്പററി എഴുത്തിൽ വേറൊന്നും തന്നെ പറഞ്ഞിരുന്നില്ല. അയാൾ പണിക്കരെ കണ്ടോ അഥവാ കണ്ടില്ലയോ എന്നൊന്നും തന്നെ എഴുത്തിൽനിന്നും വിശദമാകുന്നില്ല. സംഗീതസാഹിത്യങ്ങളെപ്പററിയുള്ള ചിന്തതന്നെ അയാൾക്ക് എവിടെയും, എപ്പോഴും ശരണം.

"ഇതിൽപ്പരം ദുസ്സഹമായി വേറെ വല്ലതുമുണ്ടോ?" എന്ന് അവൾ ആക്രോശിച്ചു. രണ്ടു ദിവസം കൂടി അവൾ അക്ഷമയോടെ കഴിച്ചുകൂട്ടി. രണ്ടാംദിവസം രാത്രിയിൽ കുറെ വെളുപ്പിനു തന്നെ അവൾ ഉണൎന്നു. കൊല്ലംബോട്ട് തോട്ടപ്പള്ളിൽകൂടി വെളുപ്പിന് ഏകദേശം നാലുമണിയോടുകൂടിയാണ് പോകുന്നത്. സോമൻ അന്നു വെളുപ്പാൻകാലത്ത് അവിടെയിറങ്ങും. അവളുടെ വീട്ടിന്റെ മുൻവശത്ത് കൂടിയാണ് അയാൾക്ക് സ്വഗൃഹത്തിലേക്കു പോകേണ്ടിയിരുന്നത്. പ്രഭാതമാകുന്നതുവരെ സോമനെ കണ്ടില്ല. അവൾ വരാന്തയിൽത്തന്നെ വിഷണ്ണയായി ലാത്തിക്കൊണ്ടിരുന്നു. നേരം നല്ല പ്രകാശമായപ്പോൾ

പടിവാതുക്കൽ ഒരു കാലടി ശബ്ദം കേട്ട് അവൾ തിരിഞ്ഞുനോക്കി. അതു സോമനല്ലാതെ മററാരുമല്ലായിരുന്നു.

അയാൾ നേരെ വരാന്തയിൽ കയറി ഒരു കസേരയിലിരുന്നുകൊണ്ടു പറഞ്ഞു: "ഭാഗ്യവശാൽ ഞാൻ പോയസമയം നന്നായിരുന്നു. ഹാ! ആ 'സാഹിത്യസമാജം' എത്ര കേമമായി! 'സാഹിത്യസമാജ'മെന്നു കേട്ടിട്ടുള്ളതല്ലാതെ അതെന്താണെന്നറിയാമോ? തിരുവനന്തപുരത്തുള്ള പണ്ഡിതന്മാരെല്ലാവരും കൂടി മുൻകൂട്ടി നിശ്ചയിച്ച് ഒരു ദിവസം ഒരു സ്ഥലത്ത് കൂട്ടം. അവിടെവെച്ച് സമാജാംഗങ്ങളിൽ ആരുടെയെങ്കിലും കെങ്കേമമായ ഒരു കാപ്പിസൽക്കാരം കഴിഞ്ഞ് സമാജനടപടികൾ ആരംഭിക്കും. ആരെങ്കിലും താൻ എഴുതിക്കൊണ്ടുവന്നിട്ടുള്ള ഒരു കവിതയോ, പ്രബന്ധമോ വായിക്കും. അവരിൽ ഒരു വീരൻ അത് ആപാദചൂഡം അബദ്ധമാണെന്നു പറഞ്ഞു കൈകൊട്ടിച്ചിരിക്കും. വേറൊരു വീരൻ അതു ബഹുകേമമായെന്നു വാദിക്കും. അവരുടെ പഠിച്ചനേരമ്പോക്കുകൾ കേൾക്കുന്നതു തന്നെ ഒരു നേരമ്പോക്കാണ്." ഇത്രയും അയാൾ ഒരു ശ്വാസത്തിൽ പറഞ്ഞുതീർത്തു. ശ്യാമളയ്ക്കു കോപവും താപവും വർദ്ധിച്ചു. അവൾ ചോദിച്ചു. "നിങ്ങൾ അദ്ദേഹത്തെക്കണ്ടോ?"

അയാൾ ഒരു ദീർഘനിശ്വാസത്തോടുകൂടി തൻെറ ചിന്തകളെ മലീമസമായ കുടുംബ വ്യാപാരങ്ങളിൽ നിപതിപ്പിച്ചുകൊണ്ടു പറഞ്ഞു: "അദ്ദേഹം തിരുവനന്തപുരത്തില്ല. പണിക്കരുടെ ചരായയിൽ വേറൊരാളെക്കണ്ടു് ആരോ, അൾ തെററിദ്ധരിച്ചതാണ്."

അവൾ സമാധാനത്തോടുകൂടി പറഞ്ഞു: "നിങ്ങൾക്ക് എന്തു പ്രതിഫലമാണ് തരുന്നത്? നിങ്ങളോട്ട് ഞാൻ എന്നന്നേയ്ക്കും കൃതജ്ഞതയുള്ളവനായിരിക്കും."

"ഞാനാണ് നിങ്ങളോട്ട് നന്ദിയുള്ളവനായിരിക്കേണ്ടത്. ഈ യാത്രയിൽ ഞാൻ ഒരു വലിയ കാൎയ്യം സാധിച്ചു. തെക്കോട്ടു പോയപ്പോൾ, എഴുതി പൂൎത്തിയാക്കാറായ എൻെറ ഒരു കവിത

കൂടി ഞാൻ എഴുതിതിരുന്നു. അത് അവിടെ ഒന്നുരണ്ടു പണ്ഡിതവരേണ്യന്മാരെ കാണിച്ചു. വായിച്ചുകേട്ട് വളരെ നന്നായിരിക്കുന്നുവെന്നും ഉടൻ തന്നെ പ്രസിദ്ധീകരിക്കണമെന്നും മലയാളഭാഷാസാഹിത്യത്തിൽ എനിക്കു കാലതാമസംകൂടാതെ ഒരു ഉന്നതസ്ഥാനം ലഭിക്കുമെന്നും അവർ എന്നോടുപറഞ്ഞു. അതു വേഗത്തിൽ എഴുതിത്തീർത്ത് അച്ചടിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ഞാൻ പോകട്ടെ; തിടുക്കമാണ്; ഞാൻ കാവുങ്കൽ കാണും. സൌകര്യമുണ്ടെങ്കിൽ അങ്ങോട്ടു വരുക. സൈ്വരമായി സംസാരിക്കാം.''

ശ്യാമളയുടെ നയനങ്ങൾ അവളറിയാതെ തന്നെ ആ യുവാവിനെ അനുഗമിച്ചു. അവൾക്ക് അയാളോടു തോന്നിയിരുന്ന സഹോദരനിർവിശേഷമായ സ്നേഹവും വിശ്വാസവും ക്രമേണ വർദ്ധിച്ചുവന്നു.

അന്നുച്ചതിരിഞ്ഞു് അവൾ കാവുങ്കലേക്കു തിരിച്ചു. അവിടേയ്ക്കു വല്യവീട്ടിൽ നിന്നും കഷ്ടിച്ചൊരു ഫർല്ലാങ്ങ് ദൂരമേ ഉണ്ടായിരുന്നുള്ളു. ഇടവഴിയുടെ ഇരുവശവും കൈത പടർന്നുപിടിച്ചു് ഒരു കോട്ടകെട്ടിയപോലെ കിടന്നിരുന്നു. അതിൻെറ പൂക്കളിൽ നിന്നും പുറപ്പെട്ടുകൊണ്ടിരുന്ന പരിമളം ഹൃദയതന്ത്രികളെ ചലിപ്പിച്ചു.

സോമൻ ഉച്ചവരെ കൊണ്ടുപിടിച്ചെഴുതുകയായിരുന്നു. വേഗം 'വലിയ'വനാകണമെന്നുള്ള ആശ അയാളിൽ നിമിഷംപ്രതി വർദ്ധിച്ചുവന്നു. ഉച്ചതിരിഞ്ഞപ്പോൾ വസ്ത്രങ്ങളുടെ മർമ്മരശബ്ദവും വളകളുടെ കണകണക്വണവും ആ ചെറിയ കെട്ടിടത്തിനു സമീപം കേട്ടു. ശ്യാമള സോമനെ അന്വേഷിച്ചു വരുകയായിരുന്നു. അവൾക്ക് അയാളെ കാണണമെന്നുള്ളതല്ലാതെ പ്രത്യേക ഉദ്ദേശമൊന്നുമില്ലായിരുന്നു. അവൾ കെട്ടിടത്തിനുള്ളിലും അതിനെ ചുററുംനോക്കി. സോമനെ അവിടെങ്ങും കണ്ടില്ല. സൂര്യൻ തീക്ഷ്ണതയോടെ പ്രകാശിച്ചുകൊണ്ടിരുന്നു. അർദ്ധരാത്രിയിലെന്നപോലെ ആ പ്രദേശം അപ്പോൾ നിശ്ശബ്ദമായിരുന്നു. ഒററതിരിഞ്ഞു പറന്നുകൊണ്ടിരുന്ന ഒരു വലിയ വണ്ടിൻെറ

ഝംകാരശബ്ദം മാത്രം ചിലപ്പോൾ കേൾക്കാറുണ്ട്. തന്റെ അദ്ധ്വാംശത്തെ കാണാഞ്ഞിട്ട് അതു ആർത്തനാദം പുറപ്പെടുവിച്ചുകൊണ്ടു പരിഭ്രാന്തനായി നടക്കുകയായിരിക്കാം. അവൾ ഒരിക്കൽ കൂടി അവിടം ചുററിനോക്കി. അപ്പോൾ, അയാൾ ചെടികളുടെയിടയിൽ സുഖനിദ്രപൂണ്ടു കിടിക്കുന്നതു് അവളുടെ ദൃഷ്ടികളിൽപെട്ടു.

അവൾ മെല്ലെ ഒന്നുരണ്ടു പ്രാവശ്യം ചുമച്ചു; എന്നിട്ടും അയാൾ ഉണൎന്നില്ല. അവൾ വീണ്ടും മുറിയിൽ കയറി, കൈയിലുണ്ടായിരുന്ന ഒരു ചെറിയ കെട്ട് ഒരു കോണിൽ നിക്ഷേപിച്ചു. അതു് അന്നുവരെ അച്ചടിച്ചിട്ടില്ലാത്ത രണ്ടുമൂന്നു താളിയോലഗ്രന്ഥങ്ങളായിരുന്നു. അവയുടെ പ്രസിദ്ധീകരണം സോമന്റെ പ്രശസ്തിക്കൊരു മാൎഗ്ഗമായിരിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി, ഒരു പുരാതന കുടുംബമായ 'വല്യവീട്ടി'ലെ ഗ്രന്ഥപ്പുര തുറന്നു് തിരിഞ്ഞെടുത്തുകൊണ്ടുവന്നിട്ടുള്ളതാകുന്നു. യുവാവിനെക്കണ്ടു് സംസാരിക്കാതെ പോകുന്നതിന് അവൾക്കു വളരെ വൈമനസ്യമുണ്ടായിരുന്നു. എന്നാൽ അയാളെ ഉണൎത്തുന്നതിനുള്ള ധൈൎയ്യം അവൾക്കുണ്ടായിരുന്നില്ല.

ശ്യാമള ഒരിക്കൽ കൂടി വെളിയിലിറങ്ങി ചെടികളുടെ ഇടയിൽ പോയിനോക്കി. അയാൾ ഇനിയും ഉണൎന്നിരുന്നില്ല. അവൾക്ക് അല്പം ഇച്ഛാഭംഗം ഉണ്ടായി.

അവൾ അയാളെ വീണ്ടും വീക്ഷിച്ചു. അവളുടെ നയനങ്ങൾ ഒരു നൂതന വികാരത്താൽ പരിരമ്യമായി പ്രകാശിച്ചുകൊണ്ടിരുന്നു. കുമാരന്റെ വദനത്തിൽ പതിപ്പിച്ചിരുന്ന അവളുടെ ദൃഷ്ടിവിശിഖകൾ അവിടെ നിന്നും തിരിച്ചെടുക്കാൻ പാടില്ലാത്തവണ്ണം ഉറച്ചിരിക്കുന്നതായി തോന്നി. അവിടെ, നളന്റെ രൂപലാവണ്യത്തോടുകൂടിയവനെങ്കിലും, ഭൗമികമായ യാതൊരു ക്ലേശങ്ങൾക്കും അധീനനാകാതെ നിദ്രയിൽ ലയിച്ചു കിടന്നിരുന്ന അയാളുടെ ആനനബിംബത്തിൽ ഒരു നൂതനകാന്തി

സ്ഫുരിച്ചുകൊണ്ടിരുന്നു. ആ കാന്തിയുടെ പ്രസ്ഫുരണത്തിൽ ചുററുമുള്ള സകല വസ്തുക്കളേയും അങ്ങോട്ടാകർഷിക്കുന്നതുപോലെതോന്നി. തെല്ലു വേർപെട്ടിരുന്ന അയാളുടെ അധരപുടം യാതൊരു പ്രണയോദന്തത്തേയുംപററി ഏതൽപര്യന്തം ഉൽഘോഷിച്ചിരുന്നില്ല. അവ മനുഷ്യന് സ്ഥായിയായ ആനന്ദം നല്കുന്ന സാഹിത്യമാധ്വീരസം നുകന്നുകൊണ്ട് അതിൻെറ ഔൽകൃഷ്ട്യത്തെപ്പററിയുള്ള ഗീതങ്ങൾ പൊഴിച്ചുകൊണ്ടിരുന്നു. ആ ചെന്തളിർച്ചുണ്ടുകൾ പൊന്നോടക്കുഴലിൽ ചേർത്ത് അയാൾ സ്വർഗ്ഗീയസുഖാനുഭൂതിയെ നല്കുന്ന ഗാനങ്ങൾ ആലാപിച്ച് സർവ്വചരാചരങ്ങളേയും സന്തോഷപീയൂഷത്തിൽ കുളുപ്പിച്ചുവന്നു. അയാളുടെ ഉൽപ്പലസന്നിഭങ്ങളായ ലോചനങ്ങൾ നാരിമാരുടെ നയനാഗാധതയെ തരണംചെയ്യുവാൻ ഒരിക്കലും ഒരുങ്ങിയില്ല. അവ സാഹിത്യകുസുമങ്ങളുടെ മനോഹരതയെ നിത്യവും ആസ്വാദിച്ചുകൊണ്ടിരുന്നു. അയാളുടെ തൃനെററിത്തടങ്ങൾക്കുള്ളിൽ സ്ത്രീയുടെ പ്രേമത്തെപ്പററിയുള്ള ചിന്ത ഇതുവരെ പ്രവേശിച്ചിരുന്നില്ല. പ്രത്യുത, അവിടെ അയാളുടെ മസ്തിഷ്കപിണ്ഡം നൂതനങ്ങളായ ആശയങ്ങളെപ്പററി സർവ്വദാ ചിന്തിച്ചുകൊണ്ടുതന്നെയിരുന്നു.

അങ്ങിനെ, അയാളുടെ ശാരീരികമായ സൌന്ദര്യത്തിൽ, മാനസികമായ അപ്രമേയപ്രഭാവത്തിൽ നിന്നും ഉദ്ഗളിച്ചുകൊണ്ടിരുന്ന ഒരു ഭാസുരവർച്ചസ്സു കൂടി മിളിതമായിരുന്നു. സഹൃദയത്വത്തിൻേറയും, സാഹിത്യപരിശ്രമങ്ങളുടേയും മഹനീയമായ സംയോഗത്തിൽ നിന്നും ഉൽഭൂതമായ ഒരു ദിവ്യതേജസ്സ് അയാളുടെ ലോലവിലോചനങ്ങളിൽ പ്രകാശിച്ചു. അയാളുടെ ആത്മാവിൻെറ സംശുദ്ധത അതിനെ ശതഗുണീഭവിപ്പിച്ചു കൊണ്ടിരുന്നു. ശ്യാമളയെ എന്നപോലെ പ്രാപഞ്ചികവാതം അയാളുടെ നിർമ്മലമാനസത്തെ ഒരിക്കലും ചലിപ്പിച്ചിരുന്നില്ല. ഈ ലോകത്തിൽ ഒരു പുതിയ സ്വർഗ്ഗം തന്നെ അയാൾ തനിക്കുവേണ്ടി നിർമ്മിച്ചിരുന്നു. അതിൽ അയാൾ അനുഭവിച്ചു കൊണ്ടിരുന്ന നിർവ്വികല്പാനന്ദത്തിന് വല്ല മായാരൂപിണികളും ബാധകമായി

ത്തീന്നാൽ, പിന്നീട് അയാളുടെ സ്വർഗ്ഗസാമ്രാജ്യത്തിന് നേരി ട്ടേക്കാവുന്ന അധഃപതനം ചിന്തിക്കാൻ പാടില്ലാത്തവണ്ണം ദയ നീയമായിരിക്കുകയില്ലേ?

സ്ത്രീ സഹജമായ ഈ മാതിരി പലേ ചിന്തകളും സിനി മാപടങ്ങൾ പോലെ അവളുടെ മനസ്സിൽ കൂടി പാഞ്ഞുപൊ യ്ക്കൊണ്ടിരുന്നു. ഒടുവിൽ അവൾ ദീർഘമായി ഒന്ന് ഉച്ഛ്വസിച്ചു. അതിൻെറ കാരണം അവൾക്കു തന്നെ അറിയാൻ പാടില്ലായി രുന്നു. അപ്പോൾ ഒരു മൃദുലകാന്തികന്ദളം അവളുടെ പാടലാധ രങ്ങളിലും അർദ്രനേത്രങ്ങളിലും സ്ഫുരിച്ചു. ഉത്തരക്ഷണത്തിൽ അവൾ ഒരു പത്തുവർഷം പിന്നിട്ട് അയാളേക്കാൾ പ്രായം കുറ ഞ്ഞ ഒരു പൊന്നോമനപ്പെൺകൊടിയെ പോലെ ഉല്ലസിച്ചു. അപ്പോൾ ഒരു നവപ്രവാളംപോലെ അവളുടെ ശരീരം ആകർഷ ണീയമായിരുന്നു.

അവൾ ചുററും നോക്കി; അനന്തരം അയാളെ സമീപി ച്ചിട്ട് അവളുടെ മുഖം മെല്ലെ താഴ്ത്തി. അവളുടെ അധര ങ്ങൾ അയാളുടെ വദനസരോജത്തെ ഒരു ഞൊടിക്കിടയിൽ സ്പർശിച്ചു കഴിഞ്ഞു. പെട്ടെന്ന് അവൾ തൻെറ അവിവേക ത്തെപ്പററി ലജ്ജാഭരിതയായി അവിടെ നിന്നും സ്വഭവനത്തി ലേക്കു ദ്രുതഗമനം ചെയ്തു.

---

## VI

സൂര്യൻ ദിനാന്തസ്നാനത്തിനായി സാഗരമേഖലയെ സമീപിച്ചപ്പോൾ, സോമസുന്ദരൻ മെല്ലെയുണന്നു. തലേദിവ സം രാത്രി അയാൾ ബോട്ടിൽ തീരെയുറങ്ങിയിട്ടില്ലായിരുന്നു. അതാണ് ഇന്നിത്രനേരം ഉറങ്ങുവാൻ കാരണം. അനന്തരം അ യാൾ മുറിയിൽ ചില ലേഖനസാമഗ്രികൾ എടുക്കുന്നതിനായി കയറി. അപ്പോൾ, ജന്നലിനു സമീപം വെച്ചിരുന്ന ഗ്രന്ഥ

ക്കെട്ട് അയാളുടെ ദൃഷ്ടികൾക്കു ഗോചരമായി. അയാൾ കെട്ടഴിച്ചുനോക്കി. അവയിൽ ഒന്ന് ഒരു പഴയമലയാളകൃതിയും, മറ്റൊന്നു ഭാസൻെറ അതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത ഒരു നാടകവുമായിരുന്നു. സോമൻ സന്തോഷപ്ലുതഹൃദയനായി ആ കെട്ടും കൊണ്ടു് വീട്ടിലേക്കു തിരിച്ചു.

അതു് പെട്ടിയിൽ സൂക്ഷിച്ചശേഷം അയാൾ വീണ്ടും വെളിയിലിറങ്ങി. താൻ ആവശ്യപ്പെടാതെയും അറിയാതെയും അതു് അവിടെക്കൊണ്ടുവെച്ചുംവെച്ച് പോയതെന്തുകൊണ്ടായിരിക്കണമെന്ന് അയാൾ ആലോചിച്ചു: എന്തായാലും ആ സംഗതിയെപ്പററി അവളോടു സംസാരിക്കാതിരിക്കുന്നതു് അനുചിതമാണെന്നു് അയാൾ കരുതി; സൂര്യാസ്തമയംവരെ സോമൻ ഇടവഴിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. എന്നാൽ ശ്യാമളയെ വെളിയിലെങ്ങും കണ്ടില്ല. അതിനാൽ വീട്ടിനുള്ളിൽ കയറി മേടയിൽ കടന്നു ചെന്നു. സോമനെ കണ്ടുകൊണ്ടു് ശ്യാമള വെളിയിലിറങ്ങി വന്നു.

"ഞാൻ കാണാനാണു വന്നതു്. ആ ഗ്രന്ഥങ്ങൾ ഏതുവഴി കാവുങ്കൽ പുരയിൽ വന്നു?"

അവൾ ഒരു ബാലികയെപ്പോലെ ചിരിച്ചു കൊണ്ടു പറഞ്ഞു: "ആകാശത്തിൽനിന്നും വല്ല പക്ഷിയും താഴെയിട്ടതായിരിക്കും."

അയാൾ ചോദിച്ചു: "നിങ്ങൾക്കെന്താണ് എന്നോടിത്ര പ്രീതിതോന്നുവാൻ കാരണം?"

"ഉപകാരത്തിന് പ്രത്യുപകാരം; അത്രമാത്രയുള്ളു."

"ഇവയുടെ പ്രസിദ്ധീകരണത്തിൽനിന്നും, മേലിൽ എൻെറ സാഹിത്യ സംരംഭങ്ങളിൽനിന്നും എനിക്കു ലഭിക്കാവുന്ന യശസ്സിനു് അസ്പദം നിങ്ങളാണെന്നുള്ള സംഗതി ഞാൻ ഒരിക്കലും വിസ്മരിക്കുകയില്ല."

അയാൾ അവിടെ അധികം താമസിക്കാതെ യാത്ര പറഞ്ഞു പോയി.

ഒരാഴ്ചകഴിഞ്ഞു് ഒരു ദിവസം അഞ്ചൽ ശിപായി ഒരു കെട്ടുകൊണ്ടുവന്നു് സോമസുന്ദരനെ ഏല്പിച്ചു. അതു് അയാളുടെ പേക്കു് ഒരു പുസ്തകശാലയിൽനിന്നു വന്നിരുന്ന ഒരു ബങ്കിയായിരുന്നു. ഏകദേശം നൂറുരൂപയോളം വിലവരും. രൂപാ അരോ നേരത്തെ കൊടുത്തിരുന്നതിനാൽ സോമനു് ഒരു രസീതു് ഒപ്പിട്ടു കൊടുക്കേണ്ട ഭാരമേ ഉണ്ടായിരുന്നുള്ളു.

അയാൾ കെട്ടഴിച്ചു നോക്കി. അതിൽ മലയാളഭാഷയിലെ നല്ലപുസ്തകങ്ങളെല്ലാമുണ്ടായിരുന്നു. കൂടാതെ ചില സംസ്കൃത കാവ്യങ്ങളും ആംഗ്ലേയകവികളുടെ കൃതികളും അതിൽ അടക്കം ചെയ്തിരുന്നു. എല്ലാം കമനീയമായവിധം ബയൻറുചെയ്താണു് വെച്ചിരുന്നതു്.

സോമസുന്ദരൻ അത്ഭുതപരതന്ത്രനായി. തൻെറ പേരിൽ ശ്യാമള മുൻകൂർ പണമയച്ചു് പുസ്തകങ്ങൾ അയപ്പിച്ചിട്ടുള്ളതാണെന്നു് അയാൾ തീച്ചയാക്കി.

ശ്യാമള ഇതിനകം സോമസുന്ദരൻെറ സ്ഥിതിഗതികൾ തിരക്കി അറിഞ്ഞിരുന്നു. അയാളുടെ അച്ഛനും അമ്മയും മരിച്ചിട്ടു കുറച്ചു നാളായി. ഇപ്പോൾ വളരെ വിഷമിച്ചാണു് പഠിക്കുന്നതു്. പഠിത്തത്തിൽ ബഹുസമത്ഥനാണു്. അയാളെ കഴിയുന്നതും പ്രോത്സാഹിപ്പിക്കണമെന്നു അവൾ തീരുമാനിച്ചു. അതിനു് അവളറിയാതെ തന്നെ അവളെ പ്രേരിപ്പിച്ച ഒരു വിശേഷസംഗതി കൂടിയുണ്ടായിരുന്നു. ഒട്ടും താമസിയാതെ അവൾ ഒരു പുസ്തകശാലയിലേക്കു്, അതിലെ പുസ്തകവിവരപ്പട്ടിക നോക്കി, ഏതാനും പുസ്തകങ്ങൾക്കെഴുതി. എഴുത്തോടു് ഒന്നിച്ചുതന്നെ അതിൻെറ വിലയും തപാൽകൂലിയും അയച്ചു കൊടുത്തിരുന്നു.

അന്നു വൈകിട്ടു് അവൾ കാവുങ്കലേക്കു പോയി. സോമൻ അവിടെയുണ്ടായിരുന്നില്ല. അവൾ ഒരു കടലാസ്സെടുത്തിങ്ങനെ എഴുതി:

"പ്രിയപ്പെട്ട സോമസുന്ദരൻനായർ, ഞാൻ നിങ്ങളെ അന്വേഷിച്ചിവിടെ വന്നിരുന്നു. എന്നാൽ നിർഭാഗ്യവശാൽ

നിങ്ങളെ കണ്ടില്ല. എൻെറ ദൌത്യം വഹിക്കുന്നതിനു് നിങ്ങൾക്കു തോന്നിയ സന്മനസ്സിനു തക്കപ്രതിഫലം തരുവാൻ ഞാൻ ശക്തയല്ല. പുസ്തകങ്ങൾ ഞാൻ തന്നെയാണു് നിങ്ങൾക്കു വേണ്ടി എഴുതിയയച്ചതു്. ഏതെങ്കിലും പ്രകാരത്തിൽ ഇനിയും എൻെറ സഹായം ആവശ്യമുള്ളപക്ഷം എന്നെ അറിയിക്കുക. സൌകര്യമുള്ളപക്ഷം ഇന്നു സന്ധ്യയ്ക്കു മുമ്പോ, നാളെക്കാലത്തോ വീട്ടിൽ വരുമല്ലോ.

എന്നു് നിങ്ങളുടെ സഹോദരി, ശ്യാമള"

അവൾ തിരിച്ചു പോകുംവഴി ഈ വിധം വിചാരിച്ചു: "ആ ചെറുപ്പക്കാരനോടു് എനിക്കു പ്രീതി വധിച്ചുതന്നെ വരുന്നു. അതുവളരെ ജാള്യമായിരിക്കുന്നു എന്നു് സമ്മതിക്കതന്നെ വേണം." വാസ്തവത്തിൽ അവൾ കുലസ്ത്രീകൾക്കു സഹജമായ മര്യാദയെ ഇതിനകം ലംഘിച്ചു കഴിഞ്ഞിരുന്നുവെന്നു് പറയാതെ തരമില്ല. ഇതു് അവൾക്കു തന്നെ അറിയാമായിരുന്നു. എന്നാൽ അവളുടെ അന്തർഗ്ഗതങ്ങൾ, അവളെ, ആപൽക്കരമായ ഒരു കുണ്ടൊഴുക്കിൽ കൊണ്ടു ചെന്നു ചാടിച്ചു. ഇനി ആര്തന്നെ അവളെ രക്ഷിക്കുവാൻ സാധിക്കും?

ശ്യാമളയുടെ എഴുത്തനുസരിച്ചു് സോമൻ അന്നു സന്ധ്യയായിട്ടും അവളെ കാണുവാൻ വന്നില്ല. അപ്പോൾ, അവൾ, അയാൾക്കെഴുത്തെഴുതിയതു് കുറേ കടന്നുപോയെന്നു് പശ്ചാത്തപിക്കുവാൻ തുടങ്ങി. അയാളോടു് സ്നേഹപൂർവം സംസാരിക്കുന്നതുകൊണ്ടുള്ള ഫലം ഇത്രമാത്രമേയുള്ളുവെന്നുണ്ടു്. എന്നാൽ അയാൾക്കു ഒരെഴുത്തെഴുതി വല്ല സ്ഥലത്തും കൊണ്ടുചെന്നു വെച്ചിട്ടുപോകുകയെന്നുള്ളതു് അല്പം സാഹസമത്രെ. ഈ വിചാരത്തോടുകൂടി അവൾ മുററത്തിറങ്ങി ലാത്തിക്കൊണ്ടിരുന്നു. കൂടെക്കൂടെ ഒരു ദീർഘനിശ്വാസത്തോടുകൂടി പടിവാതുക്കലേയ്ക്കു നോക്കും. അയാൾ എന്തുചെയ്യുകയായിരിക്കുമെന്നു വിചാരിച്ചു് അവൾ അത്ഭുതപ്പെട്ടു.

പിറേറദിവസം പ്രഭാതത്തിലും അവൾ സോമനെ പ്രതീക്ഷിച്ചു. എന്നാൽ അപ്പോഴും അയാൾ വന്നില്ല. ആശാഭം

ഗത്താൽ ജജ്ജരിതമായ ഹൃദയത്തോടെ അവൾ കാവുങ്കലേയ്ക്കു് പിന്നെയും പോയി. ഇപ്രാവശ്യവും അയാളെ അവിടെ കണ്ടില്ല. അയാളെ കണ്ടിട്ടു് പ്രത്യേകകാര്യമൊന്നുമുണ്ടായിരുന്നില്ലെങ്കിലും എന്തോ അവാച്യമായ ഒരു ശക്തി, കണ്ടു സംസാരിക്കുവാൻ അവളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. തൻെറ ദുഃഖമയമായ ജീവിതത്തിൽ അവൾക്കു ലഭിച്ചിരുന്ന ഒരു ആശ്വാസമായിരുന്നു അയാളുടെ ദർശനം. അയാളുടെ ഭാഷണം അവളുടെ കർണ്ണങ്ങൾക്കു പീയൂഷധാരയായിരുന്നു. അയാളെ കാണുന്നതിനുള്ള അഭിലാഷം അനാശാസ്യമായ ഒരു പന്ഥാവിലേക്കാണു് തന്നെ നയിക്കുന്നതെന്നു് അവൾക്കു അറിയാമായിരുന്നു. അതിൻെറ അവസാനത്തെപ്പററി അവൾ ചിന്തിച്ചില്ല. 'അതെന്തെങ്കിലുമായിക്കൊള്ളട്ടെ' എന്നു് അവൾ വിചാരിച്ചു. വളരെനാളായി മരുഭൂമിയിൽ ക്ഷുൽപിപാസപീഡിതയായി അലഞ്ഞുതിരിഞ്ഞു് അവൾ ഇപ്പോൾ ഒരു വിശ്രമസ്ഥലത്താണു് വന്നെത്തിയിട്ടുള്ളതു്. അതും വെടിഞ്ഞു് വീണ്ടും ഏകാകിനിയായി വിസ്തൃതമായ ആ മണലാരണ്യത്തെ തരണം ചെയ്യുന്നതിനുള്ള ധൈര്യം അവൾക്കുണ്ടായിരുന്നില്ല.

പ്രേമം സ്ത്രീഹൃദയത്തെ ഒരിക്കൽ സ്പർശിച്ചാൽ മതി, പിന്നീട്ടു് അത്രവേഗം അവിടെനിന്നും വിട്ടുമാറുകയില്ല. ഹൃദയകുസുമത്തിലെ ദലങ്ങളെ അല്പാല്പമായി ഭക്ഷിച്ചുകൊണ്ടു് അതു് ക്രമേണ വളരുന്നു. അതിൽ അത്യന്തം വേദന അനുഭവിക്കുവാൻ ഇടയായാൽ പോലും ഒരു സ്ത്രീയ്ക്കു് അതു ഉന്മൂലനാശം ചെയ്യുവാനുള്ള ധൈര്യമോ, മനസ്സോ ഇല്ലതന്നെ, പ്രേമത്തിൽനിന്നും അവൾ അനുഭവിക്കുന്ന വേദനതന്നെ അവൾക്കു് ഒരു സുഖമാണു്. വാസ്തവത്തിൽ ദുഃഖജാതമല്ലേ സുഖം?

എന്നാൽ ഒരു പുരുഷൻ അനുരാഗ ബദ്ധനാകട്ടെ; അവൻ ആദ്യം തൻെറ പ്രേമഭാജനത്തിൻെറ മുമ്പിൽ ലജ്ജാശൂന്യനായി മുട്ടുകുത്തുന്നു. പക്ഷെ, ഏഴുനേററു കഴിഞ്ഞാൽ ഒരു നിമിഷനേരം അവിടെ നില്ക്കുകയില്ല; അവൻെറ വഴിക്കുപോകുന്നു. അവൻ പറയുന്നു: എനിക്കു 'പ്രേമം' 'പ്രേമം' എന്നു പ്രലപിച്ചുകൊണ്ടു

വൻ

നടന്നാൽ പോരാ. ഈ ലോകം പാലിച്ചുകൊണ്ടു പോകേണ്ടവൻ ഞാനാണ്. പ്രണയിക്കുക, ജോലിയൊന്നുമില്ലാത്തവരുടെ ജോലിയത്രെ. സർവ്വദാ കൃത്യാന്തരബാഹുല്യത്തിൽ പെട്ടു് ക്ലേശിക്കുന്നവക്കു അതു് വെറും ഒരു വിനോദം മാത്രമാണ്.

ശ്യാമള സോമനെക്കാണാതെ വിഷണ്ണയായി ആലോചിച്ചു: "അയാൾ അയാളുടെ വീട്ടിൽ കണ്ടേക്കാം. എന്തുതന്നെ ആയാലും അയാളെക്കാണാതിരിക്കുവാൻ നിവൃത്തിയില്ല. എന്നാൽ എങ്ങിനെ അയാളെ അന്വേഷിച്ച് അയാളുടെ വീട്ടിൽ പോകും? അയാളുടെ അമ്മൂമ്മയോടെന്തു പറയും? അവർ എന്തു വിചാരിക്കും? ആളുകൾ പൂജ്യം പൂജ്യം വല്ലതുമൊക്കെ പറഞ്ഞു തുടങ്ങുകയില്ലെ? എന്നാൽ അയാളെ കാണാതിരിക്കുന്നതെങ്ങിനെ?' കണ്ടതിനുമേലേ എൻെറ മനസ്സു സ്വസ്ഥമാകൂ. ദൈവമേ! ഇതു് കൂനിൽ കുരുവെന്നപോലെ ആയിത്തീന്നല്ലോ. ആ യുവാവിൽ ഇത്ര വളരെ താല്പൎയ്യം തോന്നുന്നതിനുള്ള കാരണമെന്തായിരിക്കും? ജന്മാന്തരത്തിലുള്ള ബന്ധം വല്ലതുമായിരിക്കാം. അല്ലെങ്കിൽ വേറെ ജന്മമുണ്ടെന്നു് ആരറിഞ്ഞു? എന്തെങ്കിലുമാകട്ടെ. അയാളുടെ വീട്ടിൽചെന്നു് അന്വേഷിക്കുക തന്നെ."

അവൾ സോമൻെറ വീട്ടിലേക്കു നടന്നു. വഴിമദ്ധ്യേ ആരെങ്കിലും അവളെ കണ്ടിരുന്നെങ്കിൽതന്നെ! അവൾ ക്ഷേത്രത്തിൽ പോകുകയായിരുന്നുവെന്നു് വിചാരിച്ചിരുന്നിരിക്കാം. ക്ഷേത്രത്തിനു തൊട്ടു വടക്കുവശമായിരുന്നു സോമൻെറ വീട്ടു്.

അവൾ ഒളിഞ്ഞും തിരിഞ്ഞും നോക്കാതെ, നേരേ അയാളുടെ ഭവനത്തിൽ കയറിച്ചെന്നു. അതു് ഒരു ചെറിയ കെട്ടിടമായിരുന്നു. വരാന്ത വളരെ ഇടുങ്ങിയതായിരുന്നെങ്കിലും നല്ല വൃത്തിയുംവെടിപ്പും ഉള്ളതായിരുന്നു. മുളവാരികൊണ്ടായിരുന്നു മേല്പുര തീൎത്തിരുന്നതു്. സാധാരണ, വൃദ്ധയെ തിണ്ണയിൽ കാണാമായിരുന്നു. ഒരു മുറുക്കാൻതട്ടവും അടുക്കൽ കാണും.

ശ്യാമള വരാന്തയിൽ കയറി. ആ പുരയുടെ നടുക്കുണ്ടായിരുന്ന ചെറിയ മുറിയിലാണ് സോമൻെറ ശയനം. അതിൽ ഒരു

കയററുകട്ടിലും കട്ടിലിൻെറ മുൻവശത്ത് പൊക്കമുള്ള ഒരു വലിയ കാൽപെട്ടിയും ഉണ്ടായിരുന്നു. പേടകത്തിൻെറ പുറത്ത് ഒരു ഓടക്കുഴലും കുറേ പുസ്തകങ്ങളും കിടപ്പുണ്ട്. മുറിയുടെ വാതൽ തുറന്നു കിടന്നിരുന്നതിനാൽ അതിൻെറഅകത്ത് ആരുമില്ലെന്ന് അവൾക്കു മനസ്സിലായി. അപ്പോൾ അടുത്ത ഒരുമുറിയിൽനിന്നും സോമൻെറ ശബ്ദംകേട്ടു. യുവതിയുടെ സർവാംഗങ്ങളിലും ഒരു പുളകാങ്കുരമുണ്ടായി.

അവൾ ശബ്ദം പുറപ്പെട്ട മുറിയുടെ വാതുക്കൽ ചെന്നു നിന്നു; അതിനകത്തു കണ്ടകാഴ്ച ദയാർഹമായിരുന്നു. വൃദ്ധ ജ്വരബാധിതയായി ഒരു കട്ടിലിൽ കിടക്കുന്നു. അവരുടെ അംഗങ്ങൾ 'കിടുകിടാ'വിറച്ചുകൊണ്ടിരുന്നു. സോമൻ അവരുടെ സമീപമിരുന്ന് കാൽ തടവിക്കൊണ്ട് ഒരു മരുന്നു കുടിക്കുവാൻ അവരെ നിർബന്ധിക്കുകയാണ്. അവർ 'മരുന്നുവേണ്ടാ, കയ്ക്കുന്നു' എന്ന് ശഠിക്കുന്നു. വൃദ്ധക്കും ശിശുക്കൾക്കും നിർബന്ധമേറുമല്ലൊ.

ശ്യാമളയെക്കണ്ടയുടൻ യുവാവ് എഴുന്നേല്ക്കുവാൻ ഭാവിച്ചു. അവൾ പ്രതിഷേധ രൂപത്തിൽ അംഗവിക്ഷേപംചെയ്തുകൊണ്ട് അകത്തു പ്രവേശിച്ച് വൃദ്ധയുടെ നെററിയും കൈയും സ്പർശിച്ചു. "ചൂടു കൂടുതലുണ്ട്. ആരാണ് ചികിത്സിക്കുന്നത്?"

"അടുത്തുള്ള ഒരു കണിയാനാണ്" എന്ന് യുവാവ് മറുപടി പറഞ്ഞു.

"വല്ല നല്ല വൈദ്യന്മാരേയും വിളിച്ചു കാണിക്കണം. അല്ലെങ്കിൽ രോഗം കടുത്തേക്കാം." എന്നു യുവതി പതുക്കെ പറഞ്ഞു.

സോമൻ വിഷമിച്ചു. സാഹിത്യഹീരത്താൽ നിർമ്മിതമായ മണിമേടയിൽ നിന്നും ഇത്രവേഗം ഭൂമിയിലെ നരകമായ ദീനമുറിയിൽ അശരണനായി വിഷമിക്കേണ്ടി വരുമെന്ന് അയാൾ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ശീതളമായ സാഹിത്യാംഭസ്സിൽ ക്രീഡിച്ചുകൊണ്ടിരുന്നപ്പോൾ മുകളിൽ അത്യുഗ്രമായി ജ്വലിച്ചുകൊണ്ടിരുന്ന അക്കരശ്മികളുടെ തീക്ഷ്ണാഗ്നം അയാളെ സ്പർശി

ച്ചില്ല. പണമില്ലായ്മകൊണ്ടുള്ള കഷ്ടതകൾ അയാൾ അപ്പോൾ അറിഞ്ഞിരുന്നില്ല. പണത്തെപ്പററി അയാൾ വിചാരിച്ചിരുന്നുമി ല്ല. എന്നാൽ ഇപ്പോൾ അതില്ലാത്തതുകൊണ്ടുള്ള വിഷമം അ യാൾ അറിഞ്ഞുതുടങ്ങിയിരിക്കുന്നു.

സോമൻ മൌനം പൂണ്ടിരിക്കുന്നതു കണ്ടപ്പോൾ ശ്യാമളയ്ക്കു് കാര്യം മനസ്സിലായി. അവൾ അടുക്കളവാതുക്കൽ ചെന്നു് നാ ണിയമ്മുമ്മയെ വിളിച്ചു് പതുക്കെപ്പറഞ്ഞു: "എൻെറ പുറകേ വീടുവരെ ഒന്നു വരണം. ഒരു സാധനം തന്നയയ്ക്കാം."

എന്തെങ്കിലും മരുന്നു തന്നയയ്ക്കാനാണെന്നു് ആ വൃദ്ധ വിചാരിച്ചു.

ശ്യാമള വേഗം അവളുടെ വീട്ടിലേക്കുപോയി. അല്പം കഴി ഞ്ഞപ്പോൾ വൃദ്ധയും 'വല്യവീട്ടി'ലെത്തി. യുവതി അവരുടെ കൈയിൽ ഒരു ചെറിയ പൊതി കൊടുത്തിട്ടു പറഞ്ഞു: "ഇതു് സോമസുന്ദരൻ നായരുടെ കൈയിൽ കൊടുക്കണം. ഒരു ഡാക്ടു രെ വിളിച്ചു് രോഗിയെ ചികിത്സിപ്പിക്കുവാൻ ഞാൻ പറഞ്ഞ തായി പറയണം."

ശ്യാമള അന്നു വൈകുന്നേരവും സോമസുന്ദരൻെറ ഗൃഹ ത്തിൽ പോയിരുന്നു. തന്നെ ഈ ആപത്തിൽ സഹായിച്ച യുവ തിയോടു് സോമൻ അളവററ ബഹുമാനം പ്രദർശിപ്പിച്ചു കൊ ണ്ടു് പറഞ്ഞു: "ഞങ്ങളെ ഈ ആപത്തിൽ സഹായിച്ചതിനു് ഞാൻ ആജീവനാന്തം നന്ദിയുള്ളവനായിരിക്കും. അതിൽ പത്തു രൂപയേ ഇതുവരെ ചിലവായിട്ടുള്ളു. ബാക്കി ഇവിടെ സൂക്ഷി ച്ചുവെച്ചിട്ടുണ്ടു്. അമ്മുമ്മയ്ക്കു് വളരെ ആശ്വാസമുള്ളതുകൊണ്ടു് ഇനി വലിയ ചെലവൊന്നുമുണ്ടാകുമെന്നു തോന്നുന്നില്ല. അതു കൊണ്ടിതാ ഇതു് തിരിയെക്കൊണ്ടുപോകണം."

ശ്യാമള പുറകോട്ടു മാറിക്കൊണ്ടു് പ്രതിവചിച്ചു. "ഇതു് വീ ട്ടിൽക്കൊണ്ടുപോയിട്ടു് ഇപ്പോൾ അവിടെയൊന്നും നടത്താനില്ല. രോഗിക്കു ചെലവായതിൻെറ ബാക്കികൊണ്ടു് നിങ്ങളുടെ ശരീരം നന്നാക്കുന്നതിനു് എന്തെങ്കിലും ഔഷധം വാങ്ങി സേവിക്കണം.

നിങ്ങളുടെ ദേഹം നന്നാ ശോഷിച്ചിരിക്കുന്നു. അവൾ അനുകമ്പയോടും അനുഗ്രഹത്തോടുംകൂടി നീലക്കൺമുനകൾകൊണ്ടു് അയാളെ വീക്ഷിച്ചു.

അയാൾ പറഞ്ഞു:—"നിങ്ങളുടെ ഔദാര്യത്തിനു ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു. എന്നാൽ അതു കുറേക്കടന്നു പോയില്ലെ?"

"ഒന്നുമില്ല. നിങ്ങൾക്കുവേണ്ടി ചെയ്യുന്നതൊന്നും അധികമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. എനിക്കുവേണ്ടിത്തന്നെ ചെയ്യുന്നതുപോലെയാണു് ഞാൻ വിചാരിച്ചിരിക്കുന്നതു്."

ശ്യാമളയുടെ മഹാമനസ്കതയെ അയാൾ സ്വയം വാഴ്ത്തി. അനന്തരം അയാൾ പറഞ്ഞു:—"ദീനം നല്ലവാശിയുണ്ടെങ്കിൽ ഞാൻ ഇന്നു വൈകിട്ടു് അവിടെ വരാം. ദയവുചെയ്തു് ഒരു കാര്യം ചെയ്താൽ കൊള്ളാം. കാവുങ്കൽ കൊണ്ടുവച്ചിരിക്കുന്ന ഗ്രന്ഥങ്ങളിൽ ഏതെങ്കിലുമെടുത്തു് വേഗമൊന്നു പകർത്തണം. കൈയക്ഷരം നല്ലതാണല്ലോ. പ്രസിദ്ധപ്പെടുത്തുവാൻ അമാന്തിച്ചാൽ കുഴപ്പമുണ്ടു്. ആരെങ്കിലും നേരത്തെ പ്രസിദ്ധം ചെയ്യുന്നതായാൽ അതുകൊണ്ടുള്ള പ്രശസ്തിയും ലാഭവും നമ്മൾക്കു നഷ്ടമാകും." 'നമ്മൾക്കു' എന്നുള്ള ബഹുവചനം അവളെ വളരെ രസിപ്പിച്ചു. പിറേറദിവസം കാലത്തു് 'പാക്കി' വല്യവീട്ടിൽ ചെന്നപ്പോൾ ശ്യാമള ധിറുതിയിൽ ഗ്രന്ഥം പകർത്തിക്കൊണ്ടിരിക്കുന്നതു കണ്ടു.

---

## VII

മുൻപറഞ്ഞിരുന്നതു പോലെ കാലത്തെ സോമൻ വല്യവീട്ടിൽ വന്നു. അപ്പോഴേയ്ക്കും ശ്യാമള പത്തിരുപതു വശം പകർത്തിക്കഴിഞ്ഞിരുന്നു. യുവാവു് അത്യന്തം സന്തോഷിച്ചു. "എനിക്കുവേണ്ടി ഇതുബദ്ധപ്പെടുന്നല്ലോ."

"നിങ്ങൾക്കുവേണ്ടി എത്രതന്നെ ബദ്ധപ്പെട്ടാലാണ് എനിക്കു തൃപ്തിയാകുക" എന്നു സ്ത്രീസഹജമായ ശങ്ക വെടിഞ്ഞു ശ്യാമള പ്രതിവചിച്ചു. ഈ പരിഷ്കൃതയുവതി ഒരു പാശ്ചാത്യനാരിയെപ്പോലെ വിനയശൂന്യയായിരുന്നുവെന്നു പറയാതെ ഗത്യന്തരമില്ല.

ആ വാക്കുകളിൽ വ്യംഗ്യമായിരുന്ന സംഗതി നിർദ്ദോഷിയായ യുവാവിനു മനസ്സിലായില്ല. പ്രഭാതസൂര്യകിരണകന്ദളങ്ങളിൽ നീരാടിക്കൊണ്ടിരുന്ന അയാളുടെ കോമളഗാത്രം ഒരിക്കലും മറക്കാത്ത ഒരു ചിത്രത്തെ അവളുടെ സ്മരണയിൽ ലിഖിതം ചെയ്തു. അവളുടെ മാഴക്കണ്ണുകൾ ആവേശത്തോടുകൂടി അയാളുടെ അവജ്ജനീയമായ അംഗസൌഷ്ഠവത്തെ പാനം ചെയ്തുകൊണ്ടിരുന്നു. അതു് അവളുടെ അസ്വസ്ഥചിത്തത്തെ തരളീകരിക്കുന്നതുപോലെ തോന്നി.

സോമസുന്ദരൻനായർ തന്റെ സരളമായ പല്ലവി വീണ്ടും പാടി. "ഞാൻ നിങ്ങൾക്ക് അത്യന്തം—ആജീവനാന്തം—കടപ്പെട്ടിരിക്കുന്നു. നിങ്ങൾ എന്റെ അമ്മൂമ്മയെ രക്ഷിച്ചു. നിസ്സഹായനായ ഈയുള്ളവനിൽ നിങ്ങൾക്കു തോന്നിയ കരുണയ്ക്കു് പ്രതിഫലം ജഗദീശ്വരൻ നല്കട്ടെ."

പ്രഭാതാക്കന്റെ നേരിയ രശ്മിപോലെയുള്ള ഒരു നോട്ടത്തോടുകൂടി അവൾ പറഞ്ഞു:—"ഞാൻ നിങ്ങൾക്കാണ് കടപ്പെട്ടിരിക്കുന്നതു്. നിങ്ങളെ യദൃച്ഛയാ കണ്ടിരുന്നില്ലെങ്കിൽ എന്റെ ജീവിതം എത്രമാത്രം ദുസ്സഹമായിത്തീരുമായിരുന്നുവെന്ന് ആലോചിക്കാൻപോലും വയ്യാ. നിങ്ങൾക്കുവേണ്ടി എന്തു ചെയ്വാനും ഞാൻ എപ്പോഴും തയാറാണ്."

സരസ്വതീകരലസത്തായ വിപഞ്ചിയുടെ ചേതോഹാരിത്വത്തോടുകൂടിയ ആ വചസ്സുകൾ അയാളുടെ നയനങ്ങളെ ആർദ്രമാക്കി.

അവൾ തുടന്നു! "ഞാൻ കാവുങ്കലെ പുരയൊന്നു പുതുക്കി നിങ്ങളുടെ ഉപയോഗത്തിന് വിട്ടുതരുവാൻ നിശ്ചയിച്ചി.

രിക്കുന്നു. വീട്ടിൽ പാൎക്കുന്നതിനും കിടക്കുന്നതിനും വേണ്ട സൌകൎയ്യമില്ലല്ലോ."

ഒരു അപൂൎവ്വാനന്ദാനുഭൂതി അയാൾക്കുണ്ടായി.

അവൾ പിന്നെയും പറഞ്ഞു: "സോമസുന്ദരൻ ശ്യാമളയുടെ രാജകീയകവിയായി അവിടെ വാഴട്ടെ. ശ്യാ—ശ്യാ—മള നായരുടെ രാജ്ഞിയായി വേണ്ട പ്രോത്സാഹനം നല്കിക്കൊണ്ടിരിക്കും" ഈ വാക്കുകൾ അവളുടെ അറിവുകൂടാതെയാണു് ബഹിൎഗ്ഗമിച്ചതു്.

സോമ—"ഞാനിപ്പോൾ പോകട്ടെ. വീട്ടിൽ അമ്മൂമ്മ മാത്രമേയുള്ളു."

ശ്യാമള—"വൈകിട്ടു വരുമോ? അല്ലെങ്കിൽ വേണ്ട. ഇവിടെ വരണ്ട. കാവുങ്കൽ ഞാൻ വരാം. അവിടെ കണ്ടാൽ മതി."

സോമ—"അമ്മൂമ്മയ്ക്കു് നല്ല സുഖമുണ്ടെങ്കിൽ ഇന്നു വൈകിട്ടു കാവുങ്കൽ വരാം. കുറച്ചധികം എഴുതാനുണ്ടു്. അന്നു വന്ന പുസ്തകങ്ങൾ ഒന്നും ഇതുവരെ വായിച്ചില്ല. ഇന്നു വൈകിട്ടു് അവിടെ വന്നാൽ എന്റെ കവിത കുറേ വായിച്ചു കേൾപ്പിക്കാം."

സോമസുന്ദരൻ പോയതിന്റെ ശേഷം ഒരു ശാലഭഞ്ജികയെന്നപോലെ ശ്യാമള നിശ്ചേഷ്ടയായി കുറച്ചുനേരം അവിടെ ത്തന്നെ ഇരുന്നു. അവൾ ചിന്താഗൎത്തത്തിൽ മുഴുകി. "ഞാൻ കെട്ടിടം നന്നാക്കിക്കുന്നതും, അയാൾ അവിടെത്താമസിക്കുന്നതും കണ്ടാൽ ആളുകൾ എന്തു പറയും? ആളുകൾ എന്തു വേണമെങ്കിൽ പറയട്ടെ. അവരുടെ നാക്കു കെട്ടുവാൻ ആൎക്കു കഴിയും? കെട്ടിടം പുതുക്കി അയാൾ അവിടെത്താമസിക്കുമ്പോൾ അദ്ദേഹം പെട്ടെന്നു് വന്നെങ്കിലോ! അപ്പോൾ ഞാനെന്തു ചെയ്യും? കെട്ടിടം നന്നാക്കിയില്ലെങ്കിലെന്താ? അയ്യോ! ആ സാധുവിനു വീട്ടിൽ താമസിക്കുവാൻ സൌകൎയ്യമൊട്ടുമില്ല. എന്നാൽ അയാളുടെ വീടു തന്നെ തന്റെ കൈയിൽനിന്നും പണം ചെലവിട്ടു വലുതാക്കിയാൽ പോരെ? അതുകൊണ്ടെന്തുപയോഗമാണുള്ളതു്?

അയാളെ കൂടെക്കൂടെ അവിടെച്ചെന്നു കാണുവാൻസൌകൎയ്യമു ണ്ടോ?" ഈ വിധം അവൾ വളരെ ആലോചിച്ചു. ഒടുവിൽ ഇങ്ങനെ തീൎച്ചയാക്കി. "പുരയിടം സോമസുന്ദരൻനായക്ക് പാട്ട ത്തിനു കൊടുക്കുക. അയാൾ കെട്ടിടം നന്നാക്കുന്നുവെന്നോ പിന്നീ ട്ട് ആളുകൾ ധരിക്കുകയുള്ളു."

അവൾ പിന്നെയും ചിന്തിച്ചു. "ഈ മാതിരി ഒരു ധൎമ്മസ ങ്കടം എന്റെ വൎഗ്ഗത്തിലുള്ള ആൎക്കെങ്കിലും നേരിട്ടിട്ടുണ്ടോ? എ ന്നേക്കാൾ വളരെ പ്രായംകുറഞ്ഞ ഈ മനുഷ്യനിൽ എനിക്കു തോന്നുന്ന താൽപ്പൎയ്യം അതിശയനീയമായിരിക്കുന്നു. അല്ലെങ്കിൽ അതിനെപ്പററി എന്തിനിത്ര വളരെ ആലോചിക്കുന്നു. പ്രായമ ല്ലല്ലോ പ്രേമത്തിന്റെ അടിസ്ഥാനം. മഹാപുരുഷന്മാരായ മഹ മ്മദുനബി, ജാൺസൺ മുതലായവരുടെ ഭാൎയ്യമാർ അവരേക്കാൾ പ്രായം അധികമുള്ളവരായിരുന്നുവെന്ന് കേട്ടിട്ടുണ്ടല്ലോ. കൊ ള്ളാം, നല്ല നേരമ്പോക്ക്! ഭൎത്താവു് ജീവിച്ചിരിക്കേ ഞാനെ ന്തിന് ഇതൊക്കെ ആലോചിക്കുന്നു. നിബിയും മററുമൊക്കെ അ വരുടെ ഭാൎയ്യമാരേക്കാൾ പ്രായം കുറഞ്ഞവരായിരുന്നെങ്കിൽ എ നിക്കെന്താ? നല്ല കൃതി." ഈ മാതിരിയുള്ള ചിന്തകൾ അന വധി അവളുടെ ഹൃദയനാളത്തെ സദാ ചലിപ്പിച്ചുകൊണ്ടിരുന്നു. അന്നു സായാഹ്നത്തിൽ ശ്യാമള കാവുങ്കലേക്കു തിരിച്ചു. ഒരു വാസകസജ്ജികയെപ്പോലെ ശരീരാലങ്കാരങ്ങളിൽ അവൾ പ്ര ത്യേകം ദൃഷ്ടി പതിപ്പിച്ചിരുന്നു. അല്പദിവസംകൊണ്ടു് അവളുടെ ആകൃതിക്കും പ്രകൃതിക്കും അനല്പമായ ഒരു വിവൎത്തമുണ്ടായിരിന്ന കുന്നതായി ഒരു നോട്ടത്തിൽ മനസ്സിലാക്കാം. പ്രഭാതചന്ദ്രനെ പ്പോലെ വിവൎണ്ണമായിരുന്ന അവളുടെ വദനത്തിൽ ഇപ്പോൾ ഒരു റോസാപ്പൂവിന്റേതുപോലുള്ള ചുവപ്പുനിറം വ്യാപിച്ചു. കണ്ണു കളുടെ തേജസ്സ് വൎദ്ധിച്ചു; കാന്തിയും വിപുലമായി. ആ വിലോ ലലോചനങ്ങൾ, ചിലപ്പോൾ, ആനന്ദപുളകിതമായി ആലോല നൃത്തം ചെയ്യുന്നതുപോലെ തോന്നി. കുറേ നാളായി, വിലയേ റിയ വസ്ത്രങ്ങൾ ധരിക്കുന്നതു് ഒരു അപരാധമാണെന്നോ അഥ വാ, അനാവശ്യമാണെന്നോ അവൾ വിചാരിച്ചിരുന്നു. പട്ടുവ

സ്ത്രങ്ങളും രത്നാഭരണങ്ങളും ധരിച്ചു് കണ്ണാടിയാൽ നോക്കി തന്നെത്താൻ എത്ര നാളാണു് രസിക്കുക? അല്ലാതെ ആഭരണഭ്രമംകൊണ്ടു് നമ്മുടെ രാജ്യത്തിനു നേരിട്ടിട്ടുള്ള ദുരവസ്ഥയെപ്പററി ചിന്തിച്ചിട്ടില്ലതന്നേ. എന്നാൽ ഇപ്പോൾ ഭംഗിയുള്ള വസ്ത്രങ്ങളും ആഭരണങ്ങളും ധരിക്കുവാൻ അവൾ പ്രദർശിപ്പിച്ച ഔൽസുക്യത്തിൻെറ രഹസ്യം എന്തെന്നറിവാൻ അധികം ആക്കും കഴിഞ്ഞില്ല. എന്തെന്നാൽ, അവൾ തൻെറ സ്വകാര്യവൃത്താന്തങ്ങൾ ആരോടും പറയാറുണ്ടായിരുന്നില്ല. പിന്നെ, അതിൻെറ കാരണം അറിവാൻ ആക്കെങ്കിലും ആഗ്രഹമുണ്ടായിരുന്നെങ്കിൽ അവർ ഊഹാപോഹാദികളെത്തന്നെ ആശ്രയിക്കേണ്ടിയിരുന്നു. സുഗന്ധദ്രവ്യങ്ങൾ അവൾ ഇതിനു മുമ്പു് അപൂൎവ്വമായേ ഉപയോഗിക്കാറുണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോൾ കുന്തലിലും വസനത്തിലും പരിമളതൈലസേചനം ചെയ്യാതെ അവൾ വെളിയിലിറങ്ങാറില്ല.

സോമസുന്ദരൻ ഇതൊന്നും കാണുന്നുമില്ല; അറിയുന്നുമില്ല. ഈ വിവൎത്തനമൊന്നും അയാളിൽ ഇതുവരെ സംക്രമിച്ചിട്ടുമില്ല. വേഷഭൂഷാദികളിൽ അയാൾ അന്നുമിന്നും വിരസനാണു്. നെപ്പോളിയനെപ്പോലെ ഒരൊററ ആഗ്രഹമേ അയാൾക്കുണ്ടായിരുന്നുള്ളു. ഒരു മഹാസാമ്രാജ്യത്തിലെ കിരീടം കൈവശപ്പെടുത്തണം. ഇവിടെ ബ്രഹ്മാണ്ഡത്തേപ്പോലെ ദിവ്യസുന്ദരവും, ആനന്ദാമൃതനിഷ്യന്ദവും അത്യന്തവിഹീനവുമായ സാഹിത്യസാമ്രാജ്യമെന്നൊരു ഭേദമേയുള്ളു.

---

# VIII

അന്നത്തെ സായാഹ്നവും പ്രശാന്തരമണീയമായിരുന്നു. ആദിത്യദേവൻ, കിരണകന്ദളംകൊണ്ടുണ്ടാക്കിയ തൻെറ തൂലികയെ തങ്കദ്രാവകത്തിൽ മുക്കി ആകാശവും ഭൂമിയും ഒരുപോലെ 'ഗിൽററി'ട്ടിരുന്നു. പട്ടിളംപുല്ലുവിരിച്ച തകിടികൾ സുവൎണ്ണമേ

ഘനമായി പരിലസിച്ചു. പരിരമ്യമായൊഴുകിക്കൊണ്ടിരുന്ന തടിനികളിലെ സ്വച്ഛോദകം ഹാടകദ്രാവകമെന്നപോലെ തിളങ്ങി. ആലും, പ്ലാവും, മാവും, തെങ്ങും, എന്നുവേണ്ട സകല വൃക്ഷലതാദികളും സ്വർണ്ണച്ചെഞ്ചാറു പൂശി ഇളംതെന്നലിൽ ഇളകിക്കളിച്ചുകൊണ്ടിരുന്നു. ചുരുക്കത്തിൽ, ദ്യോവും പൃഥിവിയും സ്വർണ്ണാഭമായ് ശോഭിച്ചു.

ആ സമയം ശ്യാമള കാവുങ്കലെത്തി. സോമൻ അവിടെ അവളെ കാത്തുനില്ക്കുന്നുണ്ടായിരുന്നു. സ്പൃഹണീയമായ ഒരു ഭാവം അയാളുടെ വദനത്തെ പൂർവ്വോപരി ഭാസുരമാക്കി. ആഗതയ്ക്കു് സ്വാഗതമരുളിക്കൊണ്ടു് അയാൾ പറഞ്ഞു: "അമ്മൂമ്മയ്ക്കു് ഒരുമാതിരി സുഖമുണ്ടു്. അതാണ് ഞാനിപ്പോൾ ഇങ്ങോട്ടു പോന്നതു്. എന്താ പിന്നീടു് വീട്ടിൽ വരാഞ്ഞതു്?"

വൃദ്ധയെയല്ല ശ്യാമളയ്ക്കു് കാണേണ്ടിയിരുന്നതെന്നു് ആ സാധുമനുഷ്യൻ മനസ്സിലാക്കിയിരുന്നില്ല.

"സൌകര്യപ്പെട്ടില്ല, അത്രേയുള്ളൂ. നിങ്ങളെക്കണ്ടാൽ മതിയല്ലോ. എല്ലാ വിവരവും നിങ്ങൾ പറയും."

സോമൻ പെട്ടെന്നു്, ഐഹികലോകത്തിൽ നിന്നും ഒരു ചാട്ടത്തിനു് തന്റെ നൂതനസ്വർഗ്ഗം പ്രാപിച്ചുകൊണ്ടു പറഞ്ഞു:- "എന്റെ പുതിയ കൃതി ഇതുവരെ നോക്കിയില്ലല്ലോ. അതു് വായിച്ചു് കേൾപ്പിച്ചു് അഭിപ്രായമറിയണമെന്നു് അന്നുമുതൽ വിചാരിക്കുന്നതാണു്. ഞാൻ ഒരു പുതിയ പദ്ധതിയാണു് സ്വീകരിച്ചിരിക്കുന്നതു്. മനുഷ്യന്റെ അന്തരംഗപ്രകൃതിക്കു് ഞാൻ കൂടുതൽ പ്രാധാന്യം കല്പിച്ചിരിക്കുന്നു. ഓരോ വ്യക്തിയുടെയും അന്തർഗ്ഗതങ്ങളേയും ആശയങ്ങളേയും സൂക്ഷ്മമായി വിവരിക്കുക, അത്ര സുകരമല്ല. ബാഹ്യവർണ്ണന, താരതമ്യേന വളരെ പ്രയാസം കുറഞ്ഞതാണു്. മനുഷ്യന്റെ മനസ്സിൽ നടക്കുന്ന പോരാട്ടം ലോകത്തിലെ ഭയങ്കരയുദ്ധങ്ങളേക്കാളും ഭയങ്കരമത്രെ. അതൊക്കെ തന്മയത്വത്തോടുകൂടി കവിതയിൽ പ്രകാശിപ്പിക്കുകയെന്നുള്ളതു് അക്കുതന്നെ സാദ്ധ്യമാണു്? ഷേക്സ്പീയർ മഹാ

കവി അദ്ദേഹത്തിൻെറ ചില നാടകങ്ങളിൽ മനുഷ്യൻെറ അന്തരംഗത്തിൽ നടക്കുന്ന ഘോരയുദ്ധത്തെ പ്രകാശിപ്പിക്കുവാൻ യത്നിച്ചുകാണുന്നു. ബ്രൌണിങ്ങ് എന്ന ആംഗ്ലേയകവി വിജയകരമായ വിധം അന്തരായോധനത്തെ അദ്ദേഹത്തിൻെറ കൃതികളിൽ സ്പഷ്ടീകരിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിലെ കവികളിൽ ആരും തന്നെ ഇക്കാര്യത്തിൽ ഇതുവരെ വേണ്ടവണ്ണം ശ്രമിച്ചിട്ടില്ലെന്നു കാണുന്നു.

അപ്പോൾ ശ്യാമള ചോദിച്ചു: "കാളിദാസൻപോലും?"

സോമസുന്ദരൻ:—"കാളിദാസൻ ശാകുന്തളത്തിൽ അന്തർയുദ്ധം കൂടെ കാണിച്ചിട്ടുണ്ട്. എന്നാൽ അത് പ്രസ്പഷ്ടമല്ല. അത് പരമോച്ചസ്ഥാനത്തിലെത്തിയിരിക്കുന്നത് ദുർവ്വാസ്സാവിൻെറ ശാപത്താൽ ശകുന്തളാപരിണയത്തെപ്പററി വിസ്മരിക്കുന്ന ദുഷ്ഷന്തൻ ലാലസയുടേയും ധർമ്മജ്ഞാനത്തിൻെറയും മദ്ധ്യേകിടന്നു ഉഴറുന്ന ഘട്ടത്തിലാണ്."

ശ്യാമള:—"ഞാൻ ശകുന്തളയുടേയും നിങ്ങൾ ദുഷ്ഷന്തൻെറയും വേഷമെടുത്ത് ഒരു നാടകം അഭിനയിച്ചാലെന്താണ്?"

അനന്തരം ഒരു മന്ദസ്മിതത്തോടും മന്ദാക്ഷത്തോടുംകൂടി തലകുനിച്ചല്പനേരം നിന്നു. സോമൻ ബുദ്ധിമാനാണ്. എന്നാലും ഈമാതിരി വ്യംഗ്യാർത്ഥങ്ങൾ മനസ്സിലാക്കുന്നതിന് അയാൾ പരിശീലിച്ചിട്ടില്ലായിരുന്നു. അതിനുള്ള ആവശ്യവും അയാൾക്ക് ഇതുവരെ നേരിട്ടിട്ടില്ല. കാളേജുകളിലും മററും പ്രായംകൂടിയ വിദ്യാർത്ഥികൾ ശൃംഗാരകാര്യങ്ങളെ ധാരാളം സംസാരിക്കുക പതിവാണ്. പ്രൊഫസർ ശൃംഗാരസംബന്ധമായി സന്ദർഭവശാൽ പ്രസംഗമദ്ധ്യേ സംസാരിക്കുന്നതിനിടയായാൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന ആഹ്ലാദം അനല്പമത്രെ. എന്നാൽ സോമൻ ഈമാതിരി ഘട്ടങ്ങളിൽ തീരെവിരസനായിരിക്കും. അയാൾ തൻെറ സ്നേഹിതന്മാരുമായി ശൃംഗാരപരങ്ങളായ സംഗതികളെക്കുറിച്ച് ഒരിക്കലും സംസാരിച്ചിട്ടില്ല. അതിൽ അയാൾ സ്വതേ വിമുഖനാണ്. സഭ്യമല്ലാത്ത യാതൊന്നും അറിയുന്നതിനോ പറയുന്ന-

തിനോ അയാൾ ഇതുവരെ ശ്രമിച്ചിട്ടില്ല. ദമ്പതികൾ, അല്ലെങ്കിൽ, ദമ്പതികളാകാൻ പോകുന്നവർ അനുഭവിക്കുന്ന ഒരു രസം' എന്നുമാത്രമേ അയാൾ ശൃംഗാരത്തെപ്പററി മനസ്സിലാക്കിയിരുന്നൊള്ളു. അതിന് വിവിധാവസ്ഥകളുണ്ടെങ്കിലും അതെല്ലാം മനസ്സിൻെറ ചാഞ്ചല്യംകൊണ്ടുണ്ടാകുന്നതാണെന്നും, അതു് ക്ഷണപ്രഭപോലെ ക്ഷണഭംഗുരമാണെന്നുമാണ് അയാൾ വിചാരിച്ചുവന്നിരുന്നതു്.

അയാൾ ശ്യാമളയോടു ചോദിച്ചു. "എന്താ, ഈയിടെ ഇവിടെ വല്ലിടത്തും നാടകം കളിക്കുവാൻ പോകുന്നോ? എനിക്ക് അല്പം പാടാൻ അറിയാമെന്നല്ലാതെ, ഒരു നടനായി ഞാൻ ശോഭിക്കുമെന്നു തോന്നുന്നില്ല. ഞാൻ ദുഷ്ഷന്തൻെറയും നിങ്ങൾ ശകുന്തളയുടേയും ഭാഗം അഭിനയിക്കുകയാണെങ്കിൽ അതു് ഒട്ടുംതന്നെ നന്നായിരിക്കില്ലെന്ന് ഞാൻ ഇതാ പ്രവചിക്കുന്നു. വേഷത്തിന് ഒരു യോജിപ്പു വേണ്ടേ? നിങ്ങൾക്കെന്നെക്കാൾ വളരെ പ്രായക്കൂടുതൽ ഉണ്ടു്."

"അതെ, പ്രായക്കൂടുതലുണ്ടു്. അതുകൊണ്ടു് പാടില്ല" എന്ന് താൻ സംസാരിച്ചതു് യഥാർത്ഥത്തിൽ നാടകാഭിനയത്തെ പരാമർശിച്ചാണെന്നുള്ള മട്ടിൽ അവൾ സംസാരിച്ചു. അവളുടെ ചിന്താസ്രോതസ്സ് ഒരു വിഷമഘട്ടത്തിലെത്തി. സോമസുന്ദരൻ തൻെറ അന്തർഗതത്തെ മനസ്സിലാക്കിയിട്ടുണ്ടോയെന്നുപോലും അവൾ ശങ്കിച്ചു. ഗ്രഹിച്ചിട്ടുണ്ടെങ്കിൽ തന്നെപ്പററി അയാൾ എത്ര പുച്ഛമായി വിചാരിച്ചിരിക്കണം എന്നും അവൾ ആലോചിച്ചു. ശ്യാമളയ്ക്കു് അവിടെ നില്ക്കുവാൻ ധൈര്യം പോരാതായി.

അവൾ തുടർന്നു "നേരം വളരെ വൈകി. ഞാൻ ഇപ്പോൾ പോകട്ടെ. നിങ്ങളുടെ കവിത ഇങ്ങുതരണം. രാത്രിയിൽ വായിച്ചുകൊള്ളാം.

സോമൻ അല്പം വൈമനസ്യത്തോടുകൂടി പറഞ്ഞു: "ഞാൻ തന്നെ വായിച്ചു കേൾപ്പിക്കാമെന്നാണ് വിചാരിച്ചതു്. ചില

സ്ഥലങ്ങളിൽ രണ്ടും മൂന്നും അൎത്ഥമുണ്ട്. അതൊക്കെ വേറൊരാൾക്ക് എളുപ്പത്തിൽ മനസ്സിലാകുകയില്ല. അതുപോലെ ഓരോ ഭാഗത്തുമുള്ള ആശയവിശിഷ്ടതയെ മനസ്സിലാക്കുന്നതിന് ഞാൻ അടുക്കൽ ഉണ്ടായിരുന്നെങ്കിൽ എളുപ്പമായിരുന്നു.''

ശ്യാമള:—"ഇന്നുരാത്രി കൊണ്ട് ലോകം അവസാനിക്കുകയില്ലല്ലൊ. ഇനിയൊരിക്കൽ നമുക്കൊരുമിച്ചിരുന്നു വായിക്കാം.''

സോമസുന്ദരൻ കവിതയുടെ കൈയെഴുത്തുപ്രതി ശ്യാമളയ്ക്കു കൊടുത്തപ്പോൾ അയാളുടെ അംഗുലികൾ അവളുടെ ഹസ്തതലത്തെ സ്പൎശിച്ചു. അപ്പോൾ അവളുടെ സിരകങ്ങൾ കമ്പിച്ചു. ശരീരമാകെ ഒരു രോമാഞ്ചമുണ്ടായി.

അവൾ യാത്രാസമയത്ത് കടാക്ഷവിക്ഷേപം ചെയ്തുകൊണ്ട് പറഞ്ഞു: "നാളെ കെട്ടിടം നന്നാക്കാൻ ആളുവരും. നിങ്ങളുടെ മേൽനോട്ടത്തിൽ വേണം അത് നടത്തേണ്ടത്. ഇതാ, ഈ കടലാസു കൈയിൽ വെച്ചുകൊള്ളുക. ഇത് പുരയിടത്തിന്റെ പാട്ടച്ചീട്ടാണ്. നിങ്ങൾക്കിത് ഇന്നു മുതൽ പാട്ടത്തിനു തന്നിരിക്കുന്നുവെന്നും നിങ്ങളാണ് വീട്ട് പുതുക്കുന്നതെന്നും ആരെങ്കിലും ചോദിച്ചാൽ പറഞ്ഞേക്കണം.''

സോമന് അവളുടെ ഉദ്ദേശം വ്യക്തമായില്ല. എങ്കിലും അയാൾ മൌനമായി തലകുലുക്കി.

---

# IX

അന്നുരാത്രി ശ്യാമളയുടെ മുറിയിൽ ഒരു വിശേഷമുണ്ടായി. സോമസുന്ദരന്റെ കവിത അവൾ കുറച്ചുനേരം വായിച്ചുകൊണ്ടിരുന്നു. എന്നാൽ വായനയിൽ അവൾ തീരെ ഉത്സാഹരഹിതയായി കാണപ്പെട്ടു. അതിനു വിശേഷിച്ചൊരു കാരണമുണ്ടായിരുന്നു. സന്ധ്യയ്ക്കു കാവുങ്കൽനിന്ന് മടങ്ങി വരുന്ന വഴി, 'വല്യവീട്ടി'ലെ എട്ടുകെട്ടിന്റെ തളത്തിൽ ഇരുന്ന് അവിടുത്തെ

വേലക്കാരികളുടെ ഒരു ചെറിയ സംഭാഷണം കേൾക്കുന്നതിനിടയായി. നേരം ഇരുട്ടിത്തുടങ്ങിയിരുന്നതുകൊണ്ട് അവർ ശ്യാമളയെ കണ്ടില്ല. സംഭാഷണം അവരുടെ യജമാനത്തിയെ പരാമർശിച്ചായിരുന്നു. 'കൊച്ചമ്മ' ആ ചെറുപ്പക്കാരനിൽ പ്രദർശിപ്പിക്കുന്ന പ്രതിപത്തിയായിരുന്നു വിഷയം. അതിൽ എന്തോ രഹസ്യമുണ്ടെന്നു അവർ മന്ത്രിച്ചു. "കണ്ടാൽ കാമദേവനെപ്പോലിരിക്കുന്നു. കൊച്ചമ്മയുടെ പത്താവുമിവിടെയില്ല." എന്നൊരുത്തി പറഞ്ഞു. അപ്പോൾ മററവൾ പറഞ്ഞു: "ഞാൻ ഇന്നലെ അമ്പലത്തിൽ കുളിക്കാൻ പോയപ്പോൾ 'ചിറ'യിലെ പങ്കിയെന്നോടു ഇതിനേപ്പററി ചോദിച്ചു. ഞാൻ പറഞ്ഞു: "എനിക്കൊന്നുമറിഞ്ഞൂടേ രാമനാരായണ. ആ കൊച്ചൻ ചിലപ്പോഴൊക്കെ അവിടെ വന്ന് കൊച്ചമ്മയോട്ട് സംസാരിച്ചുംവച്ച് പോകാറുണ്ട്. കൊച്ചമ്മയും അയാളുടെ വീട്ടിലേക്കു പോകും. അല്ലാതെ എന്റെ കൂവേ ഞാനൊന്നും കണ്ടിട്ടും കേട്ടിട്ടുമില്ല."

ശ്യാമളയുടെ ശരീരം വിറച്ചു. അവൾ മുറിയിൽകയറി വാതലടച്ചിരുപ്പായി. അന്ന് അത്താഴംപോലും ഉണ്ടില്ല. കുറച്ചു നേരം തന്റെ മനോമുകുരത്തിൽ പ്രതിബിംബിച്ചിരുന്ന ആ യുവാവിന്റെ കവിത വായിച്ചു. അതു വളരെ നന്നായിരുന്നെങ്കിലും മനസ്സിനു തീരെ ഉന്മേഷമില്ലാതിരുന്നതിനാൽ വായനയിൽ ഉത്സാഹമുണ്ടായില്ല. നല്ല അടിയൊഴുക്കുള്ള ഒരു കയത്തിലാണ് അവൾ ഈ ഘട്ടത്തിൽ അകപ്പെട്ടിരിക്കുന്നത്. വിപരീതഗതിയോടുകൂടിയ രണ്ടു വികാരങ്ങൾ അവളുടെ മൃദുലഹൃദയത്തെ തരളീകരിച്ചു. ഒരു വശം, നാൾക്കുനാൾ വർദ്ധിച്ചുവരാവുന്ന ജനശ്രുതി. അനാശാസ്യമായ ജനശ്രുതിപോലെ, സ്ത്രീലോകത്തിന് ഈ ലോകത്തിൽ, അപായകരമായി മറെറാന്നുമില്ലതന്നെ. അതിന്റെ തീവ്രജ്വാലയേററ് എത്രയെത്ര സാധ്വികൾക്കാണ് ജീവനാശം സംഭവിച്ചിട്ടുള്ളത്! അതോടുകൂടി, അവളുടെ ജീവിതകുഠാരമായ ഭർത്താവിന്റെ ആഗമനശങ്കകൂടി സങ്കലിച്ചപ്പോൾ അവൾക്കുണ്ടായ അസ്വാസ്ഥ്യം അനല്പമായിരുന്നു. എന്നാൽ ഇതെത്രമാത്രം അസ്പൃഹണീയമായിരുന്നുവോ, അതുപോലെതന്നെ

കാമ്യമായിരുന്നു മറുവശം. കോമളനായ ഒരു യുവാവു്; അയാളുടെ സരസവും സരളവുമായ സംഭാഷണമധുരിമ; അഗാധവും വിശാലവുമായ ചിന്താഗതി; ഉൽക്കൎഷേച്ഛ; ഉത്ഥാനശാലിത്വം; സഹൃദയത്വം; സാഹിത്യത്തോടുള്ള നിസ്സീമമായ പക്ഷപാതിത്വം; നിരൂപണസാമൎത്ഥ്യം; കവിതാരചനയിലുള്ള അഭിരുചി. അടിയിൽ അന്ധകാരാവൃതമായ നാരകഗൎത്തം; മുകളിൽ പ്രകാശമാനമായ ഒരു ദിവ്യജ്യോതിസ്സോടുകൂടിയ സ്വൎഗ്ഗസാമ്രാജ്യം. ഒരു ശക്തി അവളെ അടിയിലോട്ടും, മററൊന്നു മുകളിലോട്ടും തുല്യബലത്തോടുകൂടി വലിച്ചു. പക്ഷേ, മുകളിൽ ലംബമാനമായിക്കിടന്നിരുന്ന ഒരു അയസ്കാന്തശലാക വിപരീതശക്തിയെ ഭഞ്ജിച്ചിട്ടു് അവളെ സ്വൎഗ്ഗസാമ്രാജ്യത്തിലേക്കുതന്നെ ആകൎഷിച്ചു. അങ്ങോട്ടേയ്ക്കുള്ള യാത്രയിൽ അവൾക്കു അളവററ ആനന്ദവുമുണ്ടായി.

തന്റെ വൈഷമ്യാവസ്ഥയെപ്പററി ചിന്തിച്ചുകൊണ്ടിരിക്കവേ, അവൾ തെല്ലൊന്നു മയങ്ങി. മയക്കത്തിൽ അവളുടെ കൈ യാദൃച്ഛികമായി. മേശപ്പുറത്തു കത്തിച്ചുവച്ചിരുന്ന സ്ഫടികദീപത്തിൽ മുട്ടി, വിളക്കു മറിഞ്ഞു് സോമസുന്ദരന്റെ ബുക്കിന്റെ പുറത്തു വീണു. ശ്യാമള ഞെട്ടിയുണൎന്നു് നോക്കിയപ്പോഴേക്കും അതിൽ പകുതിയും അഗ്നി ഭസ്മീകരിച്ചിരുന്നു. ഉത്തരക്ഷണത്തിൽ അവൾ തന്റെ ഹസ്താബ്ജംകൊണ്ടു് തീ തല്ലിക്കെടുത്തി.

ശ്യാമളയ്ക്കു അന്നു രാത്രി ഉറക്കം ഒട്ടും ഉണ്ടായില്ല. പിറേറ ദിവസം അവൾ സോമസുന്ദരനെ എങ്ങിനെ കാണും? ഈ ദാരുണമായ വൃത്താന്തം അറിയുമ്പോൾ അയാൾക്കുണ്ടാകുന്ന മനോവ്യഥ എത്രമാത്രമായിരിക്കുമെന്നു അവൾ ആലോചിച്ചു. "കഷ്ടം! ആ മനുഷ്യൻ വളരെ നാൾകൊണ്ടു് എഴുതിയുണ്ടാക്കിയ ഈ മഹനീയമായ കൃതി ഞാൻ ഒരു നിമിഷംകൊണ്ടു നശിപ്പിച്ചുല്ലോ? എനിക്കെന്താപത്തു വന്നാലും തരക്കേടില്ലായിരുന്നു. ഞാൻ എങ്ങിനെ ആശ്വസിപ്പിക്കേണ്ടു!"

പിറേറദിവസംമുതൽ കാവുങ്കലേ പുര നന്നാക്കുവാൻ വേലക്കാരെ ഏർപ്പാടു ചെയ്തിരുന്നു. അതിനാൽ അവിടെച്ചെന്നു് ഒരെഴുത്തെഴുതി വെച്ചിട്ടു് പോരുക, വെറും അവിവേകമായിരിക്കും” എന്നു വിചാരിച്ചു് ശ്യാമള വൃദ്ധയുടെ രോഗവാർത്ത അറിവാനെന്നുള്ള വ്യാജേന സോമസുന്ദരന്റെ ഗൃഹത്തിലേയ്ക്കു പോയി.

അയാൾ തിണ്ണയിൽ ഇരിക്കുകയായിരുന്നു. ശ്യാമളയെ കണ്ടു് വെളിയിൽ ഇറങ്ങിവന്നു. അവളുടെ മുഖത്തു് അനഭിലഷണീയമായ ഒരു ഭാവം സ്ഫുരിച്ചിരുന്നു. അതു കണ്ടു് അയാൾ ചോദിച്ചു. “എന്താ ഒരു വല്ലായ്മ? രാത്രി ഉറക്കമിളച്ചോ? ഓ! എന്റെ കവിത വായിച്ചുകൊണ്ടിരിക്കുകയായിരുന്നു, അല്ലേ? എന്താ, അഭിപ്രായം? ഉള്ളതു തുറന്നു പറയണം?”

അവൾ ഒന്നും മറച്ചുവെക്കാതെതന്നെ പറഞ്ഞു:—“കവിത മുഴുവൻ ഞാൻ വായിച്ചില്ല. വായിച്ചുകൊണ്ടിരിക്കവേ, ക്ഷീണം കൊണ്ടു് ഞാൻ അല്പം ഉറങ്ങിപ്പോയി. അപ്പോൾ എന്റെ കൈതട്ടി വിളക്കു മറിഞ്ഞു് ബുക്കിന്റെ പുറത്തു വീണു ബുക്കു് കുറേ കത്തിപ്പോയി. എന്താ ഇനി അതിനു പ്രതിവിധി?”

കുറച്ചുനേരം നിശ്ശബ്ദനായി അയാൾ അവിടെത്തന്നെ നിന്നു; ഒടുവിൽ പറഞ്ഞു: “സാരമില്ല. അതിൽ മിക്കവാറും എനിക്കോർമ്മയുണ്ടു്. സ്വല്പം ബുദ്ധിമുട്ടുണ്ടെന്നേയുള്ളു. വിചാരിച്ചതുവേഗം പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയില്ലെന്നു തോന്നുന്നു. അതിനെന്തിനിത്ര വല്ലായ്മപ്പെടുന്നു. വേറെ വിശേഷമൊന്നുമില്ലല്ലോ?”

“വേറെ ഇപ്പോൾ ധരിപ്പിക്കത്തക്കതായിട്ടു വിശേഷമൊന്നുമില്ല. എന്റെ സൂക്ഷ്മക്കേടുകൊണ്ടു വന്ന ഈ അബദ്ധം ഏതു വിധമെങ്കിലും വേഗത്തിൽ പരിഹരിക്കണം. ഇന്നുമുതൽ കാവുങ്കൽ വേലക്കാർ നില്ക്കുന്നുണ്ടു്. കൂടക്കൂടെ അവിടെപ്പോയി കാര്യങ്ങൾ അന്വേഷിച്ചുകൊള്ളണം.”

അല്പം കഴിഞ്ഞു് ശ്യാമള വീട്ടിലേക്കു മടങ്ങി.

---

# X

കാവുങ്കലെ കെട്ടിടത്തിൻെറ നവീകരണം ഏതാനും ദിവസംകൊണ്ടു സാധിച്ചു. അതിൽ പിന്നീട് സോമൻെറ ഇരിപ്പും, കിടപ്പും മിക്കവാറും അവിടെത്തന്നെയായി. ശ്യാമള കൂടെക്കൂടെ അവിടെ ചെല്ലും. സംഭാഷണവിഷയം സാഹിത്യംതന്നെ. കവിതാകുസുമങ്ങളിലെ ത്തമരന്ദം രണ്ടുപേരുമൊരുമിച്ചിരുന്നാസ്വാദിക്കും. സ്വല്പകാലത്തിനുള്ളിൽ ശ്യാമളയും സോമസുന്ദരനെപ്പോലെ സാഹിത്യകലയോട് കൂടുതൽ പക്ഷപാതം പ്രദർശിപ്പിച്ചുതുടങ്ങി. അവരുടെ ദിനചര്യയിൽ സാഹിത്യത്തിനെന്നപോലെ സംഗീതത്തിനും ഒരു പ്രധാന സ്ഥാനം അനുവദിച്ചിരുന്നു. സോമൻ ചിലപ്പോൾ അയാളുടെ ഓടക്കുഴൽ വായിച്ചു രസിക്കും. ശ്യാമള അവിടെവെച്ച് പാടുന്നതിന് വൈമുഖ്യം പ്രദർശിപ്പിച്ചു. എന്നാൽ അവളുടെ ഹൃദയാശ്വാസപ്രദാതാവായ ആ കോമളകണ്ഠൻെറ ഓമനച്ചുണ്ടുകൾക്കിടയിൽകൂടി നിർഗ്ഗളിക്കുന്ന മധുരഗീതശ്രവണത്തിൽ അവൾ അത്യന്തം ഉൽസുകയായിരുന്നു. അയാൾ തൻെറ ഗാനത്താൽ സ്വർഗ്ഗത്തെക്കൂടി ഭൂമിയിലേയ്ക്കാകർഷിക്കുന്നതുപോലെ അവൾക്കു തോന്നി. എന്തെന്നാൽ സോമൻ പാട്ടുപാടിത്തുടങ്ങുമ്പോൾ അവളുടെ ശരീരമാസകലം ഒരു ചൂട് വ്യാപിക്കും. ആ ചൂട് മാറുന്നതിന് ഒരൊററ ഔഷധമേ ഈ ലോകത്തിലുള്ളു. അതു് അവൾക്കു ലഭിക്കുമോ എന്ന് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

അയാളുടെ വേണുഗാനം, ആകാശത്തിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഗോളങ്ങളുടെ ഭ്രമണത്തിൽ ഉണ്ടാകുന്ന മൃദുലശബ്ദത്തേക്കാൾ ഹൃദയാവർജ്ജകമാണെന്നു അവൾ വിചാരിച്ചു. അയാൾ വൃന്ദാവനത്തിലെ മുരളീധരനാണെന്നും, ആ ഗോപബാലൻെറ പാദപാംസുക്കളെ മുടിയിലണിഞ്ഞു വന്ന രാധയാണ് താനെന്നും അവൾ സങ്കല്പിച്ചു. പക്ഷേ, അവളുടെ വിചാരങ്ങളും വികാരങ്ങളുമൊന്നും അയാളുടെ ഹൃദയസാമ്രാജ്യത്തിൽ ഇതുവരെ പ്രവേശിപ്പിച്ചിട്ടില്ല. എന്തെങ്കിലും പ്രവേശിക്കുവാൻ അയാൾ

അനുവദിച്ചാൽ, അതിന് ഇടയായാൽ, അയാളും അന്നുമുതൽ നമ്മളിലൊരുവനെപ്പോലെതന്നെ. അന്നുമുതൽ അയാളുടെ ആ സ്വൎഗ്ഗം—നമ്മൾക്കാക്കും പ്രവേശമില്ലാത്ത ആ ദിവ്യലോകം—നരകമായി പരിവൎത്തനം ചെയ്യുന്നു. അന്നുമുതൽ ഈ നരകം അയാളുടെ സ്വൎഗ്ഗമായിത്തീരുന്നു. മനുഷ്യന്റെ മനസ്സുതന്നെ സ്വൎഗ്ഗവും നരകവും. അതിൽ പൃഥിവിയും, ആകാശവും, വേദങ്ങളും, ഉപനിഷത്തുകളും, വെള്ളവും, വായുവും, മൃഗവും, പക്ഷിയും എന്നു വേണ്ട സകല ചരാചരങ്ങളും അടങ്ങിയിരിക്കുന്നു. അതിന്റെ ശരിയായ നിയന്ത്രണത്തിൽ സൎവ്വാഭീഷ്ടങ്ങളും സാധിക്കുന്നു.

അഗ്നിബാധയാൽ നഷ്ടീകൃതമായ കവിതാംശം സോമസുന്ദരൻ തന്റെ ആലോചനാമൃതത്താൽ പുനൎജ്ജീവിപ്പിച്ച് സാവധാനം കഥനം ചെയ്യും. ശ്യാമള അപ്പോൾ അതു മെല്ലെ എഴുതി എടുക്കും. ഇങ്ങനെ ഏതാനും ദിനംകൊണ്ട് അതു മുഴുവൻ വീണ്ടുമെഴുതി. എഴുതിത്തീൎന്നപ്പോൾ ശ്യാമള പറഞ്ഞു: "ഇനി നമുക്കു ഇതുകൊണ്ടുപോയി അച്ചടിപ്പിക്കണം. ആ കാൎയ്യം മറന്നുപോകരുത്. ആരുടെയെങ്കിലും ഒരു അവതാരികകൂടി എഴുതി വാങ്ങിച്ചേക്കണം."

"തിരുവനന്തപുരത്ത് അച്ചടിക്കണമോ, അതോ മററു വല്ല സ്ഥലത്തും ആയാൽ മതിയോ" എന്നായിരുന്നു സോമന്റെ പിന്നത്തെ ആലോചന. "തിരുവനന്തപുരത്ത് അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതാണ് നല്ലത്" എന്നു ശ്യാമള പറഞ്ഞു. സോമനും അനുകൂലിച്ചു. അച്ചടിച്ചെലവിനുള്ള പണം ശ്യാമള കൊടുത്തു. കവിത എത്ര നന്നായിരുന്നാലും അതു അയാളുടെ പ്രഥമകൃതി ആയതുകൊണ്ട് പ്രസിദ്ധകന്മാർ ആരുംതന്നെ കൈയിൽനിന്നും പണം ചെലവാക്കി അച്ചടിക്കുവാൻ തയാറാകുകയില്ല.

ഒരാഴ്ചകൊണ്ട് പുസ്തകം അച്ചടിച്ച് 'വിലയേറിയ അഭിപ്രായ'ത്തിനായി ചില പത്രങ്ങൾക്ക് അയച്ചുകൊടുത്തിട്ട് അയാൾ നാട്ടിലേക്കു മടങ്ങി. അപ്പോഴേക്കും ഇടവം പകുതിയായിരുന്നു. വീട്ടിൽ വന്നു ഒന്നു രണ്ടു ദിവസം കഴിഞ്ഞപ്പോൾ ആ കൊല്ലത്തെ

സർവ്വകലാശാലാപരീക്ഷാഫലം പുറത്തുവന്നു. സോമൻ അ വർഷം ഇൻറർമീഡിയററു പരീക്ഷയ്ക്കുകൂടിയിട്ടുണ്ടായിരുന്നു.

മദ്രാസിൽനിന്നുമുള്ള പ്രതിദിനപ്പത്രങ്ങൾ വരുത്തുന്നവ രാരും തോട്ടപ്പള്ളിലില്ലായിരുന്നു. അതിനാൽ സോമൻ അമ്പ ലപ്പുഴയോ ആലപ്പുഴയോ പോയി പരീക്ഷാഫലം അറിഞ്ഞു വരു വാൻ തീർച്ചയാക്കി. എന്നാൽ ആ ബുദ്ധിമുട്ടുകൂടാതെ അയാൾ വിവരമറിഞ്ഞു.

വടക്കോട്ടു പോകുവാനായി വീട്ടിൽനിന്നും ഇറങ്ങിയപ്പോൾ അഞ്ചൽ പ്യൂൺ ആ വഴി പോകുന്നതു കണ്ടു. സോമൻ "മലയാ ളമനോരമ കൈവശമുണ്ടോ?" എന്ന് അയാളോടു ചോദിച്ചു. ഭാഗ്യവശാൽ ആ സ്ഥലത്തെ ഒരു വാദ്ധ്യാർക്കു മനോരമ വരുന്നു ണ്ടായിരുന്നു. താൻ മനോരമയ്ക്കു തുടരെ ലേഖനങ്ങൾ അയച്ചു കൊടുക്കുന്നുണ്ടെന്നും അതിനു പ്രതിഫലമായി പത്രം തനിക്കു വെറുതേ അയച്ചുതരുന്നതാണെന്നും അയാൾ സഹാദ്ധ്യാപകന്മാ രോടും നാട്ടുകാരോടും ഘോഷിക്കാറുണ്ടായിരുന്നു. പോൽ സംഗതി എങ്ങനെയായാലും അയാൾ 'മലയാളമനോരമ'യുടെ ഒരു 'പത്രബന്ധു'വായിരുന്നു. പ്യൂൺ' പുറമേ ഒട്ടിച്ചിരുന്ന കടലാസ് (റാപ്പർ) ഇളക്കി, പത്രമെടുത്ത് സോമസുന്ദരനു കൊടുത്തു. അയാൾ അതു നിവർത്തു കണ്ണോടിച്ചു. സർവ്വകലാശാലാപരീക്ഷാ ഫലം അതിൽ പ്രസിദ്ധംചെയ്തിരുന്നു. സോമൻ അത് ആദ്യന്തം ഒരു അഞ്ചെട്ടു പ്രാവശ്യം നോക്കി. ഒടുവിൽ ഒരക്ഷരം ഉരിയാടാതെ അതു് തിരികെ ഏല്പിച്ചു. ശിപായി അയാളുടെ വഴിക്കു പോയി.

യുവാവു് വീട്ടിലേക്കു മടങ്ങാതെ ഉദ്ദേശശൂന്യനായി മുന്നോട്ടു നടന്നു. അയാളുടെ വദനം വിവർണ്ണമായി; അധരപുടം ത്രസിച്ചു. നയനങ്ങൾ ബാഷ്പാകുലമായി; രക്തനാഡികൾ ജൃംഭിച്ചു. വിജ യികളുടെ കൂട്ടത്തിൽ അയാളുടെ പേരു കണ്ടില്ല. താൻ വളരെ ക്ഷേമമായി പരീക്ഷയ്ക്കെഴുതിയിരുന്നുവെന്ന് അയാൾക്ക് നല്ല ബോദ്ധ്യമുണ്ടായിരുന്നു. എന്നിട്ടും തോററുപോയി! ഇതത്രേ ദാരു ണമായ ആ സങ്കടത്തിനുള്ള കാരണം.

സന്തപ്തചിന്തയാൽ വെന്തു നീറുന്ന ഹൃദയത്തോടെ അയാൾ അനതശിരസ്കനായി കടപ്പുറത്തേയ്ക്കു തിരിച്ചു. നാട്ടിൻപുറങ്ങളിലെ ആളുകൾ അപൂർവ്വമായേ കാററുകൊണ്ടു സുഖിക്കുവാൻ കടപ്പുറത്ത് പോകാറുള്ളു. പട്ടണത്തിലെപ്പോലെ സായാഹ്നത്തിൽ കാററുകൊള്ളുവാൻ പോകുന്ന നവദമ്പതിമാരേയോ സുഖലോലുപകളും സുന്ദരികളുമായ മഹിളാമണികളേയോ, അവരെക്കാണുമ്പോൾ സ്വവക്ത്രങ്ങളിൽ ഊറുന്ന ഉമിനീരുമിറക്കിക്കൊണ്ടു ഭൂമിക്കുനടക്കുന്ന വിദ്യാർത്ഥികളേയോ ഗ്രാമസീമകളിലെ കടൽത്തീരങ്ങളിൽ കാണാറില്ല. മുക്കുവരുടെ ജോലി തീന്നാൽ പിന്നെ അവിടം അതിൻെറ മുമ്പിൽ നീണ്ടുകിടക്കുന്ന മഹാസമുദ്രംപോലെ ശാന്തഗംഭീരമാണ്. ആ ഏകാന്തതയിൽ വ്യസനാക്രാന്തനായി, യുവാവു് വളരെ നേരം ഇരുന്നു. താൻ രണ്ടു കൊല്ലം ബുദ്ധിമുട്ടി പഠിച്ചതിൻെറ ഫലം ഇതാണല്ലോ ദൈവമേ! എന്നു അയാൾ വിലപിച്ചു. "പഠിത്തത്തിൽ വളരെ പിന്നോക്കമായിരുന്ന പല കുട്ടികളും ജയിച്ചിരിക്കുന്നു. ഞാൻ വളരെ നല്ലവണ്ണമെഴുതിയിട്ടും തോററുപോയി!" അയാൾ തൻെറ ദുർവ്വിധിയെ പിന്നെയും പിന്നെയും ശപിച്ചു.

അപ്പോൾ, പ്രകൃതിയുടെ വൈചിത്ര്യമോ, അംഭോധിയുടെ ഗംഭീരതയോ ഒന്നുംതന്നെ അയാളുടെ അശ്രുപൂർണ്ണങ്ങളായ കണ്ണുകൾക്ക് വിഷയമായില്ല. ഭൂമിയും ആകാശവും ഒരുപോലെ ചുററുന്നതായി അയാൾക്കു തോന്നി.

മിന്നിക്കൊണ്ടിരുന്ന നക്ഷത്രങ്ങൾ അയാളുടെ ആപത്തിൽ സഹതാപം പ്രദർശിപ്പിക്കാതെ മോദിച്ചു. പൂന്തിങ്കൾ തൂവിക്കൊണ്ടിരുന്ന തൂമന്ദഹാസം അയാളുടെ സന്താപത്തിൽ അതിനുള്ള സന്തോഷത്തെ സൂചിപ്പിച്ചു. പടിഞ്ഞാറു് ചക്രവാളത്തിൽ ഇരുണ്ടു പുകഞ്ഞുകൊണ്ടിരുന്ന കാദംബിനീകദംബം, അയാളുടെ ഹൃദയത്തിൽ കത്തിക്കാളിക്കൊണ്ടിരുന്ന സന്തപ്താഗ്നിയിൽനിന്നും വമിച്ച ധൂമപടലങ്ങൾ ഏകീകരിച്ചതായിരിക്കാം.

കുറേക്കഴിഞ്ഞപ്പോൾ ഒരു ചണ്ഡവാതം സമുദ്രതലത്തിൽനിന്നും ഊക്കോടെ വീശി. അതിൻെറ ഹാ ഹാ'രവം, അയാളുടെ ദുർവ്വിധിയെപ്പററി അറിഞ്ഞപ്പോൾ പ്രകൃതിയിൽ ഉളവായ അല്ലാദത്തിൻെറ ഒരു ഘോരപ്രകടനമായിരിക്കുമോ! അഥവാ ദീനവത്സലയായ പ്രകൃതിയുടെ വിലാപത്തിൻെറ ഒരു പ്രതിധ്വനിയായിരിക്കും. ബലഹീനമായ ഒരു ചെറിയ ചെടി വാതപ്രവാഹത്തിൽ ചുവട്ടുപറിഞ്ഞു വീഴുന്നു. എന്നാൽ ശക്തനായ ഒരു മഹീരുഹം ചലിക്കുന്നതുപോലുമില്ല. തരംഗങ്ങൾക്കിടയിൽപെട്ടന്ന ചെറുപോതം ഉത്തരനിമിഷത്തിൽ ജലാന്തർഭാഗത്തിലേക്ക താഴുന്നു. എന്നാൽ ഭീമമായ അപിക്കപ്പലാകട്ടെ ഉന്നതങ്ങളായ തിരമാലകളെ കൂസ്സാതെ മുന്നോട്ടു കുതിച്ചു പായുന്നു. അതുപോലെ മനശ്ശക്തിയില്ലാത്ത മനുഷ്യൻ ജീവിതവാതത്താൽ ജജ്ജരിതനായി ഭൂഗർഭത്തിൽ മറയുന്നു. മനോബലമുള്ളവനാകട്ടേ, ഘോരസാഗരത്തിലെ കോളിളക്കത്തിൽപ്പെട്ടാൽത്തന്നെയും ധൈയ്യമായി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു.

കാററു നിമിഷംപ്രതി വദ്ധിച്ചുവന്നു. അതിനെത്തുടന്നു ഒരു വലിയ വഷപാതമുണ്ടായി. ശരംപോലെ ശരീരത്തിൽവീണുകൊണ്ടിരുന്ന വഷമേററുകൊണ്ടു രമേശൻ വീട്ടിലേക്ക തിരിച്ചു. വീട്ടിൽച്ചെന്നു തിണ്ണയിൽ വീണതുമാത്രം അയാൾക്കറിയാം. പിന്നെ കണ്ണു തുറന്നു പരിതഃസ്ഥിതികൾ മനസ്സിലാക്കിയതു് പിറേറദിവസം പ്രഭാതത്തിലായിരുന്നു. വൃദ്ധയുടെ സങ്കടത്തെപ്പററി എന്തുപറയട്ടെ!

സുവണ്ണകിരണചരണങ്ങൾകൊണ്ടു് ഉഷാദേവി പ്രാലേയശൈലത്തെ മന്ദം മന്ദം അവരോഹണംചെയ്തു. ആ കൈവല്യരൂപിണിയെ സ്തുതിക്കുവാനായി, പൈങ്കിളികൾ നീഡങ്ങൾ വീട്ടു് വെളിയിലിറങ്ങി കളകളാരവം ആലാപിച്ചു തുടങ്ങി. ഒരു കുമാരിയുടെ വിവണ്ണങ്ങളായ കവിൾത്തടങ്ങളിൽ അവൾ ഋതുമതിയാകുമ്പോൾ എത്രവേഗം രക്തച്ഛവികലരുന്നുവോ, അതുപോലെ, പാണ്ഡിമകലന്ന പൂവ്വാംബരം ഒരു ഞൊടിക്കിടയിൽ അരുണവണ്ണാഞ്ചിതമായി. സസ്യശ്യാമളമായ കേദാരങ്ങൾ

പ്രാതഃകാലസൂര്യന്റെ ലോലവിമോഹനമായ ചെങ്കനൽപ്രഭ തട്ടി പ്രശോഭിച്ചു. ആ രക്താംശുപ്രവാഹത്തിൽ, സോമസുന്ദരൻ ശയിച്ചിരുന്ന മുറി പൂത്തുനിന്ന ഒരു ചെറിയ കൊന്നപ്പൂന്തോട്ടംപോലെ പരിലസിക്കുന്നതായിത്തോന്നി.

അതിന്റെ ഒരു അരികിൽ യുവാവ് ഒരു പുതപ്പുകൊണ്ടു് തലമുതൽ പാദംവരെ മൂടിക്കിടന്നിരുന്നു. വൃദ്ധ സമീപത്തുണ്ടു്. കുളിരുകൊണ്ടു് സോമന്റെ ശരീരം കിടുകിടാ' വിറച്ചുകൊണ്ടിരുന്നു. കിഴവിക്കുട്ടെക്കൂടെ പൌത്രന്റെ നെററിത്തടത്തിൽ കൈവച്ചുനോക്കുന്നുണ്ടു്. മലർ പൊരിയത്തക്ക ചൂടു് അയാളുടെ ശരീരത്തിൽ വ്യാപിച്ചിരുന്നു. കൈനാഡികൾ സുശീഘ്രം തുടിച്ചുകൊണ്ടിരുന്നു. ദാഹവും വദ്ധിച്ചു. അകപ്പാടെ ഒരു തീവ്രജ്വരം ഉണ്ടാകുവാനുള്ള ലാഞ്ഛനകൾ അയാളിൽ പ്രകാശിച്ചുതുടങ്ങി.

അന്നു വൈകുന്നേരം അഞ്ചൽശിപായി ഒരു പത്രം സോമസുന്ദരൻ കിടന്നിരുന്ന മുറിയുടെ വാതുക്കൽ കൊണ്ടുവന്നു അകത്തേക്കു നീട്ടി. അനങ്ങുവാൻ വയ്യായിരുന്നെങ്കിലും തന്റെ കവിതയെപ്പററിയുള്ള അഭിപ്രായം അടങ്ങിയപത്രമാണെന്നുഗ്രഹിച്ചു് സോമസുന്ദരൻ ഉത്തരനിമിഷത്തിൽ ചാടിയെഴുന്നേററു് അതു് കൈയിൽ വാങ്ങി. അതിനെപ്പററിയുള്ള അഭിപ്രായം പ്രസിദ്ധീകരിക്കുന്നപത്രം അയാൾക്കു അയച്ചുകൊടുക്കേണമെന്നു് സോമൻ പത്രാധിപന്മാക്കു് അത്യമേതന്നെ എഴുതിയിരുന്നു.

അതു് ഈ നാട്ടിലെ പ്രസിദ്ധപ്പെട്ട ഒരു പത്രമായിരുന്നു. സോമൻ അതു നിവത്തി് 'പുസ്തകാഭിപ്രായ'പംക്തികളിൽ നോക്കി. അയാളുടെ കവിതയെപ്പററി അതിൽ ദീർഘമായി വിമർശിച്ചിരുന്നു. സോമൻ ആശങ്കാഭരിതനായി അതു മുഴുവൻ വായിച്ചു. സിരകൾ പൂവാധികം തുടിക്കുവാൻ തുടങ്ങി. മുഖത്തിൽ രക്തസ്ഫുരണംപോലുമില്ലായിരുന്നു. പത്രത്തിന്റെ 'വിലയേറിയ' ആ അഭിപ്രായം അയാളുടെ കൃതിയെ അത്യന്തം അധിക്ഷേപിച്ചുകൊണ്ടുള്ളതായിരുന്നു. കുമാരൻ എന്തെന്നില്ലാത്ത ഒരു വ്യഥ അനുഭവിച്ചു. വിപരീതഗതിയോടുകൂടിയ രണ്ടു

പ്രവാഹങ്ങളുടെ സംഘട്ടനത്തിൽപ്പെട്ട് അയാളുടെ അംഗപ്രത്യംഗങ്ങൾ സമ്മർദ്ദിതങ്ങളായി. നിരുദ്ദേശത്തോടുകൂടിയെങ്കിലും സാധുക്കളെ വലയ്ക്കുന്നതിൽ ബഹുജനം എപ്പൊഴും ജാഗരൂകരാണ്.

സോമസുന്ദരന് ജ്വരം ക്രമേണ വർദ്ധിച്ചുവന്നു. ശ്യാമള ഈ വിവരം അടുത്തദിവസമാണ് അറിഞ്ഞത്. അവൾ വല്ലാതെ ദുഃഖിച്ചു. അയാളെപ്പററിയുള്ള ദാരുണമായ വിചാരം അവളുടെ ഹൃദയത്തെ അഗ്നി ഉമിത്തീ എന്നപോലെ നീററി. ഈ വിവരം അറിഞ്ഞമാത്രയിൽ അയാളുടെ വീട്ടിലേക്കോടുവാൻ അവൾ ആഗ്രഹിച്ചു. പക്ഷേ, അപ്പോൾ അതിനൊരു തടസ്സമുണ്ടായി. അവളുടെ ജ്യേഷ്ഠസഹോദരൻ അയാളുടെ ജോലിസ്ഥലത്തുനിന്നും അന്നുരാവിലെ അവിടെ എത്തി. അവർ തമ്മിൽ ഗൌരവതരമായ പല കാര്യങ്ങളെപ്പററിയും സംസാരിക്കുന്നതിനുണ്ടായിരുന്നു. അതിനാൽ അവൾക്ക് അന്ന് സോമനെ ദർശിക്കുവാൻ പോകുന്നതിനുസാധിച്ചില്ല.

പിറേറദിവസം വെളുപ്പിനു അവൾ സോമൻെറ വീട്ടിൽ ചെന്നു. മുറിയുടെ വാതിൽ തുറന്നു കിടന്നിരുന്നു. യുവാവു് കട്ടിലിൽ അർദ്ധപ്രജ്ഞനായി കിടക്കുന്നുണ്ട്. നാണിയമ്മൂമ്മ സമീപമിരുന്നു തലയിൽ തളംവെക്കുന്നു.

ശ്യാമള കട്ടിലിനു സമീപം അയാളുടെ മ്ലാനമുഖത്തെ വീക്ഷിച്ചുകൊണ്ടു നിന്നു. അയാളുടെ വദനം കാർമേഘാവൃതമായ ആകാശംപോലെ അമംഗളത്തെ സൂചിപ്പിച്ചു. അതു ഹിമനിബിഡമായ പ്രഭാതംപോലെ ധൂസരമായിരുന്നു. ഘനധൂമത്താൽ നിഷ്പ്രഭമായിത്തുടങ്ങിയ അഗ്നിസമാനമായിരുന്നു. അതെന്ത് പറയാം. സോമൻ ബോധശൂന്യനായി, ഇടക്കിടയ്ക്കു 'ഞാൻ ജയിച്ചു. അമ്മൂമ്മേ, ഞാൻ പരീക്ഷയിൽ ജയിച്ചു. അതിൽ കണ്ടതു കള്ളമാണ്' എന്നു പ്രലപിച്ചുകൊണ്ടിരുന്നു.

ശ്യാമള ചോദിച്ചു: "എന്താണിതു പെട്ടെന്നു സുഖക്കേടുണ്ടാകുവാൻ കാരണം?"

“എൻെറ മക്കളേ, മിനിഞ്ഞാന്ന് പാതിരായ്ക്ക് ആ വല്യ മഴ പെയ്തുകൊണ്ടിരുന്നല്ലോ. അപ്പം കിടുകിടാന്ന് വിറച്ചുകൊണ്ട് എൻെറ കുഞ്ഞുവന്ന് തിണ്ണയിൽ വീണു. നോക്കിയപ്പോൾ ബോതമില്ല. വിളിച്ചിട്ടരിയാടുന്നുമില്ല. പിന്നെ വെള്ളമൊക്കെ തളിച്ചു കുറച്ചു കഴിഞ്ഞപ്പം കണ്ണുതുറന്നു. അപ്പോ മുതൽ പനി തുടങ്ങി. ബോധം വീണപ്പം ‘അമ്മൂമ്മേ വിളിച്ചു പരീക്ഷയ്ക്കുതോററു പോയെ’ന്നു പറഞ്ഞു. എൻെറ കുഞ്ഞെന്തിനാ പരീക്ഷയ്ക്കു തോററു പോയതിനു ചാകാനുതുടങ്ങുന്നത്. പരീക്ഷ ജയിച്ചിട്ടാണോ മനുഷ്യരൊക്കെ കഴിക്കുന്നത്, ആ ദ്രോഹികൾ അവനെ തോല്പിച്ചു. എൻെറ അപ്പനാരോടും ഒരു ദ്രോഹവും ചെയ്തിട്ടില്ല. എൻെറ അനന്ദേശപരത്തു ഭഗവാനെ എൻെറ കുഞ്ഞിനൊന്നും വരുത്തരുതേ!!”

ശ്യാമള എത്ര ശ്രമിച്ചിട്ടും അശ്രുക്കൾ അമത്തുവാൻ കഴിഞ്ഞില്ല; ആ സമയം സോമൻെറ മാതാമഹി കിഴവിയെ രോഗിക്കു മരുന്നെടുത്തു കൊണ്ടുചെന്നു കൊടുക്കുവാൻ തളത്തിലേക്കു വിളിച്ചു. ശ്യാമള ഉത്തരനിമിഷത്തിൽ സോമൻെറ കഴുത്തിൽ കെട്ടിപ്പിടിച്ച് അയാളുടെ പ്രക്ഷാമഗണ്ഡങ്ങളെ ഏതാനും പ്രാവശ്യം ചുംബിച്ചു.

321
94307
O32:3M746115
G0

---

## XII

സോമൻെറ സുഖക്കേട് വളരെ വദ്ധിച്ച് സന്ദിഗ്ദ്ധമായ ഒരു ഘട്ടത്തിലെത്തി. ആ ഗ്രാമത്തിലെ ആശാരിയും മൂശാരിയും തട്ടാനും തണ്ടാനും കല്ലനും കൊല്ലനും നമ്പൂതിരിയും നമ്പ്യാതിരിയും, ചുരുക്കത്തിൽ, നാനാജാതിമതസ്ഥരായ ആബാലവൃദ്ധം ജനങ്ങളും സോമസുന്ദരൻ മരിച്ചുപോകുമെന്നുതന്നെ

തീൎച്ചയാക്കി. ആ നാട്ടിൽ വൈദ്യശാലയിട്ടു താമസിച്ചിരുന്ന 'കൗമ്പൗണ്ടർമൂത്ത ഡാക്ടർ' ഇടയ്ക്കിടയ്ക്കു സുഷിരംവീണ റബ്ബർകുഴൽ കൊണ്ടു രോഗിയുടെ ഹൃദയസ്പന്ദനം പരിശോധിച്ചുകൊണ്ടിരുന്നു. മേൽ ചികിത്സ നിഷ്പ്രയോജനമെന്നു കണ്ടിട്ടും ധനതൃഷ്ണയാൽ പച്ചവെള്ളം നാഡികളിൽ കുത്തിവെക്കുന്നതിനും അയാൾ മടിച്ചില്ല. ശ്യാമളയെ അവിടെ മിക്കപ്പോഴും കാണാം. അതു് അവൾ ദീനവത്സലയും ധൎമ്മിഷ്ഠയും ആയതുകൊണ്ടായിരിക്കാം. ഡാക്ടർ രോഗിയെ സന്ദർശിക്കുവാൻ വരുമ്പോൾ അവൾ ആശങ്കയോടു കൂടി അയാളുടെ മുഖത്തുനോക്കുമായിരുന്നു. എന്നാൽ സമുദ്രം പോലെ ഗംഭീരവും ശൈലംപോലെ അചലവുമായിരുന്ന അയാളുടെ മുഖപേശികളിൽനിന്നും ഐഹികമോ അഥവാ പാരത്രികമോ ആയ യാതൊന്നും തന്നെ ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. എങ്ങനെയിരിക്കുന്നുവെന്നു് ആരെങ്കിലും ചോദിച്ചാൽ 'കുറവുമില്ല കൂടുതലുമില്ല; ഭയപ്പെടേണ്ട' എന്നു് ഒരു ഘനഭാവത്തോടുകൂടി പറയും.

കുമാരൻ കൂടെക്കൂടെ നഷ്ടപ്രജ്ഞനായി ഏതോ ഒക്കെ പുലമ്പിക്കൊണ്ടിരുന്നു. ചിലപ്പോൾ രോഗിയുടെ വദനത്തിൽ ഒരു സ്മിതാംശു പ്രകാശിക്കും. അപ്പോൾ ശ്യാമളയുടെ ഹൃദയാഗാധതയിൽ ഒരു ശീതളവായു് പുണ്ടാകുമായിരുന്നു. ചിലപ്പോൾ രോഗി നിൎവ്വികാരനായി മൌനം പൂണ്ടുകിടക്കും. അപ്പോൾ അയാളുടെ വദനം സന്ധ്യപോലെ കോമളവും ഭാസുരവുമായി തോന്നി. ചിലപ്പോൾ അയാൾ അപാരമായ ശരീരരുജ അനുഭവിക്കുന്നതു പോലെ പ്രത്യക്ഷപ്പെട്ടു. അപ്പോൾ നിശാമദ്ധ്യത്തിലെന്നപോലെ ഒരു കാളിമ അവിടെ വ്യാപിച്ചു. ചിലപ്പോൾ ശ്വാസോച്ഛ്വാസം ശീഘ്രഗതിയിലായിരിക്കും. മററു ചിലപ്പോൾ തീരെ മന്ദമായിരിക്കും.

ഇങ്ങനെ അങ്ങോട്ടും ഇങ്ങോട്ടും ഇല്ലെന്നുള്ള മട്ടിൽ രോഗം നീണ്ടുനിന്നു. വാരം രണ്ടുകഴിഞ്ഞു. ഒരു ദിവസം ഒരു യുവാവു് സോമന്റെ ഭവനത്തിൽ വന്നു. ഗൃഹത്തിലെ ബഹളം കണ്ടു് ആ മനുഷ്യൻ അന്ധാളിച്ചു പോയി. അയാൾ സോമനെക്കാ

ണുവാൻ വന്നിരിക്കുകയാണ്. വെക്കേഷൻ കാലത്ത് ദേശാടനത്തിനിറങ്ങിയ കൂട്ടത്തിൽ അവിടെ എത്തിയതായിരുന്നു. തന്റെ സഹപാഠിയായ യുവാവിന്റെ രോഗവാത്ത കേട്ടപ്പോൾ ആഗതൻ അത്യന്തം വ്യാകുലചിത്തനായി. കാരണം അറിഞ്ഞപ്പോൾ അയാൾക്കുണ്ടായ അത്ഭുതത്തെപ്പററി എന്തുപറയട്ടെ! സോമൻ പരീക്ഷയിൽ തോററെന്നോ! ശിവ! ശിവ! ഒന്നാം ക്ലാസിലല്ലെ അയാൾ പാസ്സായതു്! ഞാൻ 'ഹിന്ദു'നോക്കിയവനല്ലെ? ആരു പറഞ്ഞു ഈ പച്ചക്കള്ളം?

വൃദ്ധയും യുവതിയും പരസ്പരം നോക്കി. അവരുടെ നയനങ്ങൾ ആനന്ദബാഷ്പാർദ്രമായി.

കുറേക്കഴിഞ്ഞു് സോമന് അല്പം ബോധമുണ്ടായപ്പോൾ വൃദ്ധ ചെവിയിൽ പതുക്കെപ്പറഞ്ഞു:—"സോമാ, നിന്റെ കൂട്ടുകാരൻ വന്നിരിക്കുന്നു." കരുണാകരൻനായർ (ഇതായിരുന്നു സഹപാഠിയുടെ പേർ) മുറിയിൽത്തന്നെ ഉണ്ടായിരുന്നു. സോമൻ അയാളെ മിഴിച്ചു നോക്കി. അയാൾക്ക് ആഗതനെ മനസ്സിലായി. പക്ഷെ ഒന്നും സംസാരിക്കുവാൻ ശക്തി ഉണ്ടായിരുന്നില്ല. കരുണാകരൻനായർ മെല്ലെ സംസാരിച്ചു. 'സോമസുന്ദരൻ,' ഇത് എന്തൊരു തെററിദ്ധാരണയാണ്. അവനവൻ വരുത്തിവെയ്ക്കുന്ന അനത്ഥം! മനോരമയിൽ അവർ അശ്രദ്ധയാൽ വരുത്തിക്കൂട്ടിയ അബദ്ധത്തിന് നിങ്ങൾ മരിക്കണമോ? നിങ്ങൾ ഒന്നാം ക്ലാസ്സിൽ പാസ്സായി. ഒരുപക്ഷെ, കാളേജിൽ നിന്നുമുള്ള സ്കാളർഷിപ്പ് നിങ്ങൾക്കുതന്നെ കിട്ടുമെന്നു തോന്നുന്നു."

രോഗി സംശയഗ്രസ്തനായി സ്നേഹിതനെ നോക്കി. കരുണാകരൻനായർ തുടന്നു. "സംശയിക്കേണ്ട. പരീക്ഷാഫലം പ്രസിദ്ധംചെയ്തിട്ടുള്ള 'ഹിന്ദു'വിന്റെ ഒരു പ്രതി വാങ്ങിക്കൊണ്ടു വരുവാൻ ആലപ്പുഴയ്ക്കു് ആളയച്ചിട്ടുണ്ടു്. ആ മനുഷ്യൻ ഇപ്പോൾ വരും. സോമന്റെ വദനത്തിൽ ഒരു സ്മിതരേഖ പ്രത്യക്ഷമായി. അയാൾ എന്തോ ആലോചിച്ചുകൊണ്ടു് കിടന്നു. ഒടുവിൽ അമ്മൂമ്മയെ വിളിച്ചു് എന്തോ പറയുവാൻ ശ്രമിച്ചു.

അയിടയ്ക്കു് സോമന്നു് ഏതാനും പത്രങ്ങൾ വന്നിരുന്നു. ആരും അതു് അത്ര ഗൌനിച്ചില്ല. സോമനും അവയെപ്പററി ഓർമ്മിച്ചില്ല. എന്നാൽ പരീക്ഷയുടെ കാൎയ്യത്തെപ്പററിയുള്ള സംഭാഷണമദ്ധ്യേ സോമൻ അതോൎത്തു. അയാൾ അടുത്ത മുറിയിലേക്കു് ചൂണ്ടിക്കാണിച്ചുകൊണ്ടു് 'പത്രം' എന്നു് വളരെ വിഷമിച്ചു് ഉച്ചരിച്ചു. കരുണാകരൻനായർ "സമാധാനത്തോടു കൂടി കിടക്കേണം" എന്നു പറഞ്ഞുകൊണ്ടു് മുറിയിൽ കയറി പത്രമെടുത്തുകൊണ്ടു വന്നു. അതു നിവക്കുവാൻ സോമൻ ആംഗ്യം കാണിച്ചു.

വൃദ്ധ:—"കുഞ്ഞേ, അവൻ ഈയിടെ ഒരു പുസ്തകം എഴുതി അക്കാണേടാ ഒക്കെ അയച്ചിരുന്നു. അതേപ്പററിവല്ലതും എഴുതിയിട്ടുണ്ടോ എന്നു് നോക്കിപ്പറയണം." അനന്തരം അവർ കരുണാകരൻനായരോടു പതുക്കെ പറഞ്ഞു:—"നല്ലതുവല്ലതുമെഴുതിയിട്ടുണ്ടെങ്കിലേ കാണിക്കേണ്ടു."

കരുണാകരൻനായർ അവയെല്ലാം നോക്കി. സോമന്റെ കൃതിയെപ്പററി വളരെ പ്രശംസിച്ചു് എല്ലാപത്രങ്ങളിലും പറഞ്ഞിരുന്നു. പദങ്ങളുടെ കോമളിമ, കവിതയുടെ ഒഴുക്കു്, നൂതനാശയങ്ങൾ ഈ മാതിരി ഒരു കവിതയ്ക്കു് വേണ്ട എല്ലാഗുണങ്ങളും സംപൂൎണ്ണമായി അതിൽ പ്രകാശിച്ചിട്ടുണ്ടെന്നു് ആ പത്രങ്ങളെല്ലാം ഘോഷിച്ചു. നായർ അവയെ തന്റെ സ്നേഹിതനെ വായിച്ചു കേൾപ്പിച്ചു.

അന്നു രാത്രി സോമന്റെ സുഖക്കേടു് വളരെ വൎദ്ധിച്ചു. വൃദ്ധ ഭീതയായി വിലപിച്ചുകൊണ്ടിരുന്നു. ഡാക്ടരുടെ മുഖത്തു് ഒരു സന്തോഷലക്ഷണം സ്ഫുരിച്ചു. രോഗവൎദ്ധന വൈദ്യന്റെ കോശവൎദ്ധനയ്ക്കു് കാരണമാണല്ലോ. എന്നാൽ, ആ സംഗതിയല്ലായിരുന്നു "ഡാക്ടരെ" അപ്പോൾ സന്തോഷിപ്പിച്ചതു്. രോഗത്തിന്റെ ഈ വൎദ്ധമാനഗതി ഒരു നല്ല ലക്ഷണമാണെന്നു് അയാൾക്കു് മനസ്സിലായി.

പിറേറദിവസംമുതൽ സുഖക്കേടിനു് ഒരു ഇറക്കം കണ്ടുതുടങ്ങി. രോഗത്തിനു് ശാന്തിയുണ്ടെന്നു് കണ്ടതുമുതൽ ശ്യാമള അവിടെ അധികം പോകാറില്ല.

സ്തുത്യർഹമായ വിജയവാർത്തയും വർത്തമാനപ്പത്രങ്ങളുടെ പ്രശംസാപത്രവും സോമസുന്ദരനെ മൃത്യുവക്ത്രത്തിൽനിന്നു രക്ഷിച്ചു. തൻെറ പ്രഥമകൃതിയെപ്പററിയുള്ള കക്കശമായ നിരൂപണം വായിച്ചപ്പോഴുണ്ടായ കഠിനവ്യഥയുടെ സമ്മർദ്ദനത്താൽ ഹൃദയതന്ത്രികൾ വിഘടിതമായി ക്ഷയരോഗം ബാധിച്ച് ഇംഗ്ലണ്ടിലെ ഒരു കോമളകവിയായ കീററ്സ് നാമാവശേഷനായി. ഈശ്വരകാരുണ്യത്താൽ സോമസുന്ദരൻനായക്ക് അതുപോലുള്ള ഒരു ആപത്തു നേരിട്ടില്ല. അയാളുടെ ജീവത്രാണം ചെയ്യുവാൻ പരമകാരുണികനായ ജഗദീശ്വരൻ അയച്ച ഒരു ദൂതനാണ് കരുണാകരൻനായർ എന്നുവേണം വിചാരിക്കുവാൻ. അഹോ! ഈശ്വരവിലാസം! അതിൻെറ അതിരുകണ്ടവർ ആരുണ്ട്?

സോമൻെറ ദീനം ക്രമേണ ശാന്തമായിത്തുടങ്ങി. ഒരുദിവസം വൃദ്ധ പൌത്രൻെറ തല മടിയിലെടുത്തുവെച്ചുകൊണ്ടു പറഞ്ഞു. "സോമാ, ആ വല്യവീട്ടിലെ ശ്യാമളയെപ്പോലെ ഇത്ര നല്ല ഒരുത്തിയെ ഞാൻ ഈ നാട്ടിലെങ്ങും കണ്ടിട്ടില്ല. എനിക്കു സുഖക്കേടാണെന്നറിഞ്ഞപ്പോൾ പാവം ഇവിടെ ഓടിവന്നു. നിനക്കു ദീനമാണെന്നറിഞ്ഞതുമുതൽ അവർ ഇവിടെനിന്നും മാറിയിട്ടില്ല. പാവങ്ങളോടവൾക്കുള്ള ദയ! അവരാണ് നിന്നെ ചികിത്സിച്ചതിന് കമ്പോണ്ടർക്ക് പണം കൊടുത്തത്."

സോമസുന്ദരൻെറ സുന്ദരനയനങ്ങൾ ബാഷ്പപൂർണ്ണമായി. അയാൾ പറഞ്ഞു:— "ദൈവംതന്നെ അവൾക്ക് പ്രതിഫലം നല്കട്ടെ!"

അയാളുടെ രോഗശാന്തി ശ്യാമളയുടെ ഹൃദയത്തിൽ സുധാവർഷം പൊഴിച്ചു. എന്നാൽ സന്തോഷകരമായ ആ സംഗതി അവളെ പൂർവോപരി ചിന്താഭരിതയാക്കിത്തീർത്തു. അവളുടെ വ്യാകുലത വർദ്ധിച്ചു. അയാൾ കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തിരുന്നെങ്കിൽ അവൾക്ക് അയാളെ തൻെറ ഹൃദയക്ഷേത്രത്തിലെ ആരാധ്യദേവനായി ഗണിച്ച് അർച്ചിച്ചുകൊണ്ടും അയാളുടെ മാഹാത്മ്യത്തെപ്പററിച്ചിന്തിച്ചുകൊണ്ടും ജീവിക്കാമായിരു

ന്നു. എന്നാൽ അയാളുടെ രോഗശമനത്തിൽ, ലജ്ജാവഹമായ ഒരു സന്തോഷമാണ് അവൾക്കുണ്ടായത്. അത് അവളുടെ അന്തഃകരണശാന്തിയെ ഭഞ്ജിച്ചു.

അന്നു സായംകാലത്തിൽ അയാൾ ശയനമുറിയിൽ ജന്നലിന്റെ സമീപമിരുന്നുകൊണ്ട് വളരെ നാളായി വിസ്മൃതയായിരുന്ന പ്രകൃതിയുടെ അഭംഗുരവിലാസത്തെ നോക്കി രസിക്കുകയായിരുന്നു. അപ്പോൾ ഒരു സ്ത്രീ എതിരേയുള്ള പുരയിടത്തിൽകൂടി ആ ഗൃഹത്തെ ലക്ഷ്യമാക്കി വരുന്നതുകണ്ടു. ആ രൂപം അയാൾക്കു പരിചിതമായിരുന്നു. ശ്യാമള തന്നേ കാണ്മാൻ വരുകയായിരിക്കുമെന്ന് അയാൾ വിചാരിച്ചു. അവളോടുകൂടിയുള്ള സംഭാഷണം അയാൾക്ക് ആനന്ദപ്രദമായിരുന്നതിനാൽ അവളുടെ ആഗമനത്തിൽ അയാൾ സന്തോഷഭരിതനായി.

എന്നാൽ, അയാളുടെ ഭവനത്തോടു സമീപിച്ചപ്പോൾ അവൾ തന്റെ പുരോഗമനത്തിൽനിന്നും വിരമിച്ചിട്ട് ദൃഷ്ടികളെ ഭൂതലത്തിൽ പതിപ്പിച്ചുകൊണ്ട് നിശ്ചലയായ ഒരു മിനിട്ടുനേരം നിലകൊണ്ടു. അനന്തരം പുറകോട്ടുതിരിഞ്ഞു വന്നവഴിയേ മന്ദമന്ദം ഗമിച്ചു. ഏതോ ഒരു വിഷാദത്തിന്റെ ചിഹ്നങ്ങൾ അവളുടെ കോമളാസ്യബിംബത്തെ മ്ലാനമാക്കിയിരുന്നു. ഒടുവിൽ അവൾ വേഗം നടന്ന് അയാളുടെ ദൃഷ്ടിപഥത്തിൽനിന്നും അപ്രത്യക്ഷമായി.

---

# XIII

എന്തുകൊണ്ട് ശ്യാമള തിരിച്ചു പൊയ്ക്കളഞ്ഞു? പെട്ടെന്നുണ്ടായ ഒരു വിചാരം അവളെ തരളചിത്തയാക്കി. സോമന്റെ നേരെയുള്ള അവളുടെ ഭാവപ്രകടനങ്ങൾ അവൾക്കുതന്നെ സവിശേഷം ജ്ഞേയമായിരുന്നു. അത് ദുസ്സഹമായി അവൾക്കു

തോന്നി. ഒരു സഹൃദയനെന്നും യുവകവിയെന്നുമുള്ള നിലയിൽ അയാളെക്കുറിച്ച് അവൾക്കുണ്ടായ പ്രീതി ന്യായീകരിക്കപ്പെട്ടുവുന്നതാണ്. സോമൻ രോഗിയായിക്കിടന്നപ്പോൾ അവൾ പ്രദർശിപ്പിച്ച ദീനദയാലുത്വവും ധർമ്മതല്പരതയും ശ്ലാഘ്യമാണ്. എന്നാൽ ഇതിലെല്ലാം ഉപരിയായി അവളുടെ ഹൃദയത്തിൽ വ്യാപിച്ച വികാരമാണ് അവളുടെ സ്വാസ്ഥ്യത്തെ ചൂർണ്ണീകരിച്ചത്.

അധികതത്വം നമുക്ക് അപരിഹാര്യമായ ഒരു കാര്യമാണെന്നാണ് പറഞ്ഞുകാണുന്നത്. അവളുടെ ഹൃദയവ്യാപിയായ ആ വികാരം ഒട്ടുംതന്നെ അശാസ്യമല്ലായിരുന്നു. എന്നുതന്നെയല്ല, അത് അനാവശ്യവുമായിരുന്നു. ചുരുക്കത്തിൽ സോമസുന്ദരനെ ഇനിക്കാണുന്നത് സ്ത്രീസഹജമായ മര്യാദയ്ക്ക് ഒട്ടുംതന്നെ അനുയോജ്യമല്ലയെന്ന് അവൾ അപ്പോൾ അവിടെവെച്ച് തീർച്ചയാക്കി. അങ്ങിനെ വലിയ വൈഷമ്യത്തോടുകൂടി അവൾ അയാളുടെ സമീപദേശത്തുനിന്നും വിരമിച്ചു.

ആ നിമിഷം മുതൽ അവളുടെ സ്വഭാവത്തെ നിർമ്മലീകരിക്കുവാൻ അവൾ നിശ്ചയിച്ചു. സോമന്റെ സഹവാസത്തെ തീരെ കാംക്ഷിക്കാതെ അവൾ അയാളെ സഹായിക്കും. ഏകാന്തവും പരിത്യക്തവുമായ അവളുടെ ഹൃദയത്തിൽ അയാളെക്കുറിച്ചുള്ള പ്രേമം അനിർവ്വചനീയമായവിധം സംസ്ഥാപിതമായി വരുകയായിരുന്നു. എന്നാൽ ഭാവിയിൽ അവൾക്കും അയാൾക്കും നടുവിൽ ഒരു തിരസ്കരണി അവശ്യമാണ്. അയാളെ അവൾ കാണുവാൻ പാടില്ല. തുറന്നു പറയുകയാണെങ്കിൽ, അത് ഗൌരവതരമായ ഒരു പ്രശ്നമായി പരിണമിച്ചിരിക്കുന്നു. അയാൾ അവളുടെ നയനങ്ങൾക്ക് ഗോചരീഭൂതനാകുന്നില്ലെങ്കിൽ അവൾ സ്വീകാര്യത്തിൽനിന്നും തിരസ്കരണത്തെ വിഭജിക്കുന്ന ശർക്കരാകണ്ടകമയമായ ഗിരിശിഖരങ്ങൾക്കപ്പുറമുള്ള ഭയങ്കരഗർത്തത്തിൽ നിപതിയ്ക്കയില്ലേ?

അവൾ സ്വഭവനത്തെ സമീപിച്ചപ്പോൾ നേരം ഏകദേശം സന്ധ്യയായിരുന്നു. സമീപമുള്ള ശിവക്ഷേത്രത്തിൽ നിന്നു

മുള്ള ഘണ്ടാനാദവും ശംഖധ്വനിയും അവളുടെ ശ്രവണപുടങ്ങൾക്കു ഗോചരമായി. ഈശ്വരദർശനം അവളുടെ ചിത്തത്തിന് ശാന്തിയരുളുമെന്നുള്ള വിചാരത്തോടെ അവൾ ക്ഷേത്രത്തെ ലക്ഷ്യമാക്കി നടന്നു. ക്ഷേത്രസന്നിധി അതിനു ചുററുമുള്ള ഗൃഹങ്ങളെല്ലാംപോലെ തന്നെ നിർജ്ജീവമായിത്തോന്നി. ശ്രീകോവിലിൽ രണ്ടുമൂന്നു ദീപശിഖകൾ പ്രഭാതനക്ഷത്രങ്ങളെപ്പോലെ പ്രകാശിച്ചുകൊണ്ടിരുന്നു. വിളക്കിലെ നാളികേരതൈലപാനോത്സുകനായി വർത്തിച്ചിരുന്ന ഒരു മാർജ്ജാരചോരൻെറ കണ്ണുകൾ മങ്ങിയ ദീപപ്രഭയിൽ വൈരക്കല്ലുകൾപോലെ തിളങ്ങി. ആകാശത്തിൽ ഛിന്നഭിന്നമായിക്കിടന്നിരുന്ന കാർമേഘശകലങ്ങൾ ക്രമേണ ഏകീകരിച്ചുകൊണ്ടിരുന്നു.

ശിവസന്നിധിയിൽ മുകുളിതഹസ്തത്തോടുകൂടി നിന്നുകൊണ്ടു് തന്നെ ആ പ്രചണ്ഡവാതത്തിൽനിന്നും രക്ഷിക്കണമേ! എന്ന് അവൾ പ്രാർത്ഥിച്ചു. അപ്പോൾ ഒരു ഉച്ചണ്ഡമാരുതൻ വൃക്ഷശിഖരങ്ങളെ അടിച്ചു പാറിക്കൊണ്ടുപോയി. ഒരു ഹരിണിയെപ്പോലെ കാതരയായി അവൾ സ്വഗൃഹത്തിലേക്കു പലായനംചെയ്തു.

അവിടെച്ചെന്ന് അവൾ മുറിയിൽ കയറി വാതൽ ബന്ധിച്ചിട്ടു് മേശയ്ക്കരികിൽ ചെന്നിരുന്ന് മനസ്സിലെ അശാന്തിയെ നശിപ്പിക്കുന്നതിനുവേണ്ടി ഒരു പുസ്തകം എടുത്തു് വായിക്കുവാൻ ആരംഭിച്ചു. എന്നാൽ അവൾക്കെങ്ങനെ വായിക്കുവാൻ സാധിക്കും? അപ്പോഴും സോമൻെറ രൂപം അവളുടെ അന്തർനയനങ്ങൾക്കു മുമ്പിൽ ചാഞ്ചാടിക്കൊണ്ടിരുന്നു. അപ്പോൾ ഒരു നൂതനചിന്ത അവളുടെ സന്തപ്തചിത്തത്തിൽ അല്പം ജലസേകം ചെയ്തു. അവൾ ഈവിധം വിചാരിച്ചു. "സോമസുന്ദരൻനായരെ സന്തോഷിപ്പിക്കത്തക്ക ഏതെങ്കിലും സുന്ദരിയായ പെൺകുട്ടിയെക്കണ്ടുപിടിക്കണം. എന്നെക്കൊണ്ടു കഴിവുള്ളിടത്തോളം ധനം അവൾ നല്കി ആ മനുഷ്യനെക്കൊണ്ടു് അവളെ വിവാഹം ചെയ്യിക്കാം. ആ രണ്ടു ദമ്പതികളും—സോമസുന്ദരൻനായരും ആ ആദർശകന്യകയും—തമ്മിലുണ്ടാകുന്ന പ്രേമ

ദൻ

ത്തിൻെറ വളച്ചയെ വീക്ഷിച്ചുകൊണ്ടു് ഞാൻ ആനന്ദിച്ചു കൊള്ളാം.”

ഈ നിസ്വാർത്ഥപരമായ ആലോചനയിൽനിന്നും ശ്യാമളയുടെ ശിഥിലഹൃദയത്തിൽ അങ്കുരിച്ച സങ്കടംതന്നെ അവളുടെ അന്തഃകരണത്തിനു് തെല്ലൊരു ആനന്ദപ്രദമായിരുന്നു. തനിക്കും ആ യുവാവിനും യാതൊരുവിധമായ ആപത്തിനു് കാരണമാകാത്തതും, എന്നുതന്നെയല്ല് അയാളുടെ ഭാവിശ്രേയസ്സിനെ ലക്ഷീകരിച്ചുള്ളതുമായ ഒരു നൂതനപദ്ധതി തൻെറ ആലോചനയ്ക്കു് ഇതുവരെ വിഷയമാകാതിരുന്നതിനെപ്പററി അവൾ അത്ഭുതപ്പെട്ടു. ഗുണവതിയായ ഒരു കുമാരിയെ അയാളുടെ രാജ്ഞിയായി വാഴിക്കുന്നതായാൽ താൻ അയാളെ സ്നേഹിക്കുന്നതുപോലെ അയാൾതന്നോട്ടു് പ്രേമം പ്രകടിപ്പിക്കുന്നതിനിടയാകയില്ലതന്നെ. അങ്ങനെ സംഭവ്യമായ ഒരു മഹാ വിപത്തിനെ നിഷ്പ്രയാസം പരിഹരിക്കാം.

ആ ദുഃഖാവഹമായ ചിന്ത മൂർദ്ധന്യാവസ്ഥയിലെത്തിയപ്പോൾ കണ്ണുനീർത്തുള്ളികൾ പൂങ്കവിൾത്തടങ്ങളിൽ കൂടി കീഴ്പോട്ടൊലിച്ചു് അവൾ തല ചാച്ചു വെച്ചിരുന്ന പുസ്തകത്തെ ആർദ്രമാക്കി; അവളുടെ നെഞ്ചു് പടപടാ അടിച്ചു കൊണ്ടിരുന്നു. വസ്ഥാസ്ഥികളാൽ നിർമ്മിതമായ ആ ചെറിയ ഗൃഹത്തിനുള്ളിൽ ആരായിരിക്കാം തട്ടിമുട്ടിക്കൊണ്ടിരിക്കുന്നതു്? ഒരു ആശാരി അവിടെ അധിവസിക്കുന്നുണ്ടു്. അയാൾ അതു് അഴിച്ചു പണിയുവാൻ ഉത്സാഹിക്കുകയാണത്രെ.

അപ്പോൾ വാതലിൽ ആരോ മുട്ടി. അവളുടെ ചിന്തയുടെ നിശ്ശൃംഖലപ്രവാഹം പെട്ടെന്നു് നിലച്ചു. അവൾ എഴുന്നേററു് വാതൽ തുറന്നപ്പോൾ വല്യവീട്ടിലെ കാര്യസ്ഥൻ വലിയപരിഭ്രമം പൂണ്ടു് അവിടെ നില്ക്കുന്നതു കണ്ടു. അവൾ ചോദിച്ചു: “എന്താ വിശേഷം?”

കാര്യസ്ഥൻ ഗദ്ഗദസ്വരത്തിൽ പറഞ്ഞു. പ—പണിക്കർ—പണിക്കരദ്ദേഹം മരി—മരിച്ചുപോയി!!

“മരിച്ചുപോയി!”

"അതെ മരിച്ചുപോയി. അജീൎണ്ണം പിടിപെട്ടു് ഒരു വൎഷം മുമ്പേ മരിച്ചുപോയെന്നു് അറിവുകിട്ടിയിരിക്കുന്നു. ആലപ്പുഴക്കാരൻ ഒരു ഡാക്ടർ പെനാങ്ങിൽ ഉണ്ടായിരുന്നു. അയാൾ ഇപ്പോൾ തിരിച്ചു വന്നിട്ടുണ്ടു്. അദ്ദേഹം പറഞ്ഞാണു് ഇപ്പോൾ ഈ സംഗതി അറിഞ്ഞതു്."

ഏതാനും നിമിഷനേരത്തേക്കു് അവളുടെ ഹൃദയത്തിൽ വ്യാപിച്ച ഉദ്വേഗം അവൎണ്ണനീയമായിരുന്നു. അവൾ കവാടത്തിൽകൂടി വെളിയിലേക്കു നോക്കി. പത്രങ്ങളിലും തൃണങ്ങളിലും വീണുനിന്നിരുന്ന മഴത്തുള്ളികൾ ചന്ദ്രികാ പ്രസരത്താൽ മുക്താഫലം പോലെ തിളങ്ങിക്കൊണ്ടിരിക്കുന്നതു് അവളുടെ ബാഷ്പാകുലമായ നയനങ്ങൾക്കു ഗോചരമായി.

അവൾ ഒടുവിൽ പറഞ്ഞു:—"ഇപ്പോൾ പോകുക."

---

## XIV

കായസ്ഥൻ സോമസുന്ദരൻെറ ഒരു അയൽവാസിയായിരുന്നു. അയാൾ പിറേറദിവസം യുവാവിൻെറ കുശലാന്വേഷണത്തിനു് പോകുന്നതിനിടയായി. ആ സന്ദൎഭത്തിൽ അയാൾ സോമനോടു് വാസുപ്പണിക്കരുടെ മരണവൃത്താന്തം ധരിപ്പിച്ചു.

ശ്രോതാവിനു് ആ വൎത്തമാനം വളരെ വേദനയുണ്ടാക്കി. അയാളുടെ സ്നേഹിത ശ്യാമളയ്ക്കു് ഈ സംഗതി എത്രമാത്രം സങ്കടം ഉണ്ടാക്കിയിരിക്കുമെന്നു് സോമൻ ആലോചിച്ചു. അയാൾ പറഞ്ഞു: "അദ്ദേഹത്തിൻെറ ഭാൎയ്യാ സാധു സ്ത്രീ." ഈ വ്യസനവാൎത്ത അവരെ അടിപ്പെടുത്തിയിരിക്കാം. കഷ്ടം!

"കൊച്ചമ്മ അത്രഭീരുവല്ല—അത്രമാത്രമൊന്നും ഈ വാത്ത അവരെ വ്യസനിപ്പിച്ചിരിക്കുവാൻ ഇടയില്ല."

"ഓ, ഉള്ളതു തന്നെ. ആ മനുഷ്യൻ അവരോടു വളരെ നീചമായിട്ടാണ് പെരുമാറിയിട്ടുള്ളത്." എന്ന് അയാൾ പഴയ സംഗതികളെ ഓർത്തുകൊണ്ടു പറഞ്ഞു: "അവർ ഇവിടെ നിന്നു പോകുമോ?"

"ഞാൻ ഈ വത്തമാനം കൊച്ചമ്മയെ ധരിപ്പിച്ചതല്ലാതെ ഞങ്ങൾ തമ്മിൽ കൂടുതലൊന്നും സംസാരിച്ചില്ല. വല്യവീട്ടിലെകാര്യങ്ങൾ അകപ്പാടെ വല്യകുഴപ്പത്തിലാണ്. ഞാനെന്താണ് വേണ്ടത്? വല്യമാററമൊക്കെ ഉണ്ടാകാനിടയുണ്ട്."

കാര്യസ്ഥൻെറ ദീർഘദർശനം സഫലമായി എന്ന് പിന്നീടുള്ളകാര്യങ്ങൾ വിശദമാക്കും.

ആ വഷം മുഴുവൻ, സോമൻ, രോഗം ഒരു മാതിരി ശാന്തമായെങ്കിലും, വീട്ടിന് വെളിയിലിറങ്ങിയില്ല. വല്യവീട്ടിലെ വത്തമാനങ്ങൾ അയാൾ അറിഞ്ഞുകൊണ്ടിരുന്നു. വാസുപ്പണിക്കരുടെ ഭരണദോഷങ്ങൾ വലിയ വിനാശങ്ങൾക്കു കാരണമായി. അയാളുടെ കുംഭോദരവും വദനഗാംഭീര്യവും കണ്ടാൽ ആരുതന്നെ, അയാൾ ചോദിച്ചാൽ കടം കൊടുക്കുകയില്ല? ധാരാളം കടം വാങ്ങിയിരുന്നതുകൊണ്ട് ഇപ്പോൾ വസ്തുക്കളോരോന്നായി അന്യാധീനപ്പെടുവാൻ തുടങ്ങി. പത്തു രണ്ടായിരപ്പറനെല്ല് ആണ്ടുതോറും പാട്ടം കിട്ടിക്കൊണ്ടിരുന്ന നിലം നാമാവശേഷമാകാനുള്ള ഘട്ടം ആസന്നമായി. വല്യവീട്ടിലെ പുരയിടവും കാവുങ്കലുള്ളപ്പുടെ വേറെ രണ്ടുമൂന്നു പുരയിടങ്ങളും പത്തമ്പതുപറ 'കുറുക്കൻ കൂവുന്ന' നിലവും മാത്രം ശേഷിച്ചു. ഇതിലൊന്നും ശ്യാമള കുലുങ്ങിയില്ല. കടമെല്ലാം ഒതുക്കിയിട്ട് ബാക്കികൊണ്ട് ഒതുങ്ങിയമട്ടിൽ ജീവിക്കുവാൻ അവൾ തീച്ചയാക്കി. വേലക്കാരികളിൽ ഒരുത്തിയെ പിരിച്ചയച്ചു. മേൽ, കാര്യസ്ഥനെക്കൊണ്ടും വലിയ ആവശ്യമില്ലായിരുന്നതിനാൽ അയാളേയും ജോലിയിൽനിന്നും വിടുത്തി.

ശ്യാമള, താൻ ഒരു നിർദ്ധനയായിത്തീർന്നിരിക്കുന്നുവെന്നുള്ള സംഗതി വിസ്മരിച്ചില്ല. അതിൽ അവൾക്കു അശേഷം സങ്കടവും തോന്നിയില്ല. ചെത്തുകാരൻ പപ്പു സോമസുന്ദരൻെറ വീട്ടിൽ തെങ്ങുചെത്താൻ വന്നപ്പോൾ ഒരു ദിവസം വൃദ്ധയോടിങ്ങനെ പറയുന്നതു സോമസുന്ദരൻ കേട്ടു. "വല്യതമ്പുരാട്ടിക്ക് ഒരു വല്ലായ്മയുമില്ല. പണക്കാരെ പാവങ്ങളാക്കുന്നതും പാവങ്ങളെ പണക്കാരാക്കുന്നതും ഭഗവാനാണെന്നു തമ്പുരാട്ടി പറഞ്ഞു. ഇത്രവല്യ ധർമ്മസങ്കടം നേരിട്ടിട്ടും തമ്പുരാട്ടിക്കൊരു കുലുക്കവുമില്ല. ഞാൻ കേറുന്ന തെങ്ങു എന്തോ കുലുങ്ങുന്നുണ്ട്. കള്ളുപോലെ കാലം പോകുംതോറും തമ്പുരാട്ടിക്കു വീര്യംകൂടി വരുകയാണ്."

സോമൻ കാവുങ്കൽ പുരയിടവും പുതിയ ബംഗ്ലാവും വിസ്മരിച്ചു കളഞ്ഞില്ല. ഒരു പക്ഷിക്ക് കൂട്ടിൽതന്നെ കഴിച്ചുകൂട്ടുക എത്രമാത്രം പരമസങ്കടമായിത്തോന്നുമോ അതുപോലെയായിരുന്നു സോമനു വീട്ടിൽ താമസിക്കുന്നതും: ചിറകുമുളച്ചു കഴിഞ്ഞാൽ പക്ഷിക്കഞ്ഞു് വെളിയിലോട്ടു പറക്കുവാനൊരുങ്ങുന്നു. അതുപോലെ സോമനും തൻെറ ആരോഗ്യത്തിൻെറ പുനർലാഭത്തോടുകൂടി അയാളുടെ സരസ്വതീമന്ദിരത്തിലേക്കു പറന്നെത്തുവാൻ വാഞ്ഛ പ്രദർശിപ്പിച്ചു തുടങ്ങി.

മുകളിലുദ്ധരിച്ച സംഭാഷണത്തിനു ശേഷം ഏകദേശം ഒരു മാസം കഴിഞ്ഞപ്പോൾ സോമസുന്ദരൻ പണ്ടത്തെപ്പോലെ വെളിയിലിറങ്ങി നടക്കുവാൻ തുടങ്ങി. ആദ്യത്തെ ദിവസം അയാൾ കാവുങ്കൽ പോയി മുറിയെല്ലാം പരിശോധിച്ചു. എല്ലാം പണ്ടത്തെപ്പോലെ തന്നെ; നാസാരന്ധ്രങ്ങൾക്ക് അപ്രീതിജനകമായ ഒരു ഗന്ധം മുറിയിൽ വ്യാപിച്ചിട്ടുണ്ടെന്നല്ലാതെ വേറെ വിശേഷമൊന്നുമില്ല. വർഷകാലമായിരുന്നതിനാൽ കുററിച്ചെടികളും തൃണവർഗ്ഗങ്ങളും പറമ്പിൽ ധാരാളം മുളച്ചുനില്പുണ്ട്. ചെടികളിൽ കുസുമങ്ങൾ തീരെ ഇല്ല. പ്രകൃതി വൈധവ്യദുഃഖം അനുഭവിക്കുന്നുവോ എന്നു തോന്നും.

അവിടെനിന്നും അയാൾ കടപ്പുറത്തേക്കു തിരിച്ചു. ഒരു പട്ടിയെപ്പോലും അവിടെക്കാണാനില്ല. ചൊരിമണൽ നനഞ്ഞു

കിടന്നിരുന്നു. ഭയങ്കരങ്ങളായ തിരമാലകൾ തീരത്തിൽ ഉഗ്രതയോടെ അടിക്കുന്നുണ്ടു്. സരിൽപതി നന്നാക്ഷോഭിച്ചു വശായിട്ടു് തീരം കുത്തിക്കവരുന്നു. അതുകൊണ്ടു് ഭയങ്കരം!

സോമൻ തിരിച്ചു വീട്ടിൽ ചെന്നപ്പോൾ അയാളുടെ മാതാമഹിയും അടുക്കളക്കാരിയും ആശങ്കയോടെ അയാളെ കാത്തിരിക്കുന്നതു കണ്ടു. വൃദ്ധ, സന്ധ്യാസമയത്തെ മങ്ങിയ വെളിച്ചത്തിൽ പൌത്രനെ അന്വേഷിച്ചു് വെളിയിലിറങ്ങുവാൻ ഭാവിക്കുകയായിരുന്നു.

അവരുടെ മുഖം, കഴിഞ്ഞ വളരെ വാരങ്ങളായി നിദ്രയും ഭക്ഷണവും വേണ്ടിടത്തോളമില്ലാതിരുന്നതിനാൽ, കല്ലിട്ടു നന്നാക്കാത്ത പഴയ ഒരു റോഡുപോലെ, ചില ഭാഗം പൊങ്ങിയും ചില സ്ഥലം തീരെ കുഴിഞ്ഞുമിരുന്നു. സോമൻ വെളിയിൽ പോയിരുന്നപ്പോൾ ശ്യാമള അയാളെ അന്വേഷിച്ചു അവിടെ വന്നിട്ടുപോയെന്നു വൃദ്ധ പറഞ്ഞു.

പിറേറദിവസം ഉച്ചയ്ക്കുമുമ്പേ സോമൻ കാവുങ്കലേക്കു പോയി. നേരത്തേകൂട്ടി നാണിയമ്മുമ്മയെ വല്യവീട്ടിലേക്കു പറഞ്ഞയച്ചിരുന്നു. അയാൾ അവിടെച്ചെല്ലുന്നതിനുമുമ്പേ ശ്യാമള വന്നു കഴിഞ്ഞിരുന്നു.

അവൾ മുറിയിൽ ഒരു സ്ററൂളിൻെറ പുറത്തിരിക്കുകയായിരുന്നു. ജന്നലും വാതലുമെല്ലാം തുറന്നിട്ടിരുന്നു. വളരെ ദിവസം കൂടീട്ടു് സൂര്യൻ അന്നാണു് നല്ലപോലെ പ്രകാശിച്ചതു്. വാതലിൽ കൂടിയും വാതായനങ്ങളിൽകൂടിയും ഉള്ളിൽ പ്രവേശിച്ച വെളിച്ചം അവളുടെ വദനത്തെ ഭാസുരമാക്കി. അവൾ അലങ്കാരശൂന്യമായ ശുഭ്രവസ്ത്രങ്ങളാണു് ധരിച്ചിരുന്നതു്. അവയും സൂര്യപ്രകാശത്തിൽ സവിശേഷം വിരാജിച്ചു.

"അ! നിങ്ങൾവന്നു ചേന്നോ?" എന്നു് വ്രീളാസമ്മിശ്രമായ ഒരു സന്തോഷത്തോടുകൂടി അവൾ ചോദിച്ചു. "ഞാൻ നിങ്ങളെ കാണണമെന്നാഗ്രഹിച്ചില്ല."

സംസാരിക്കുന്നതിനു മുമ്പെ അയാൾ അവളെ മുമ്പുണ്ടാകാത്തതുപോലെ ഒന്നു സൂക്ഷിച്ചുനോക്കി. അപ്പോൾ അയാളുടെ നയനങ്ങളിൽ ഒരു അസാധാരണമായ രസസ്ഫൂർത്തീകരണം ഉണ്ടായി. അയാൾ അന്ന് ആദ്യമായാണ് അവളെ ഈ വിധം കാണുന്നത്. വസ്ത്രാലങ്കാരങ്ങൾക്കു തന്നെയല്ല ശരീരത്തിനുതന്നെയും ഒരു ചെറിയ പരിവർത്തനം സംഭവിച്ചിരുന്നു. അവളുടെ മുഖം ചിന്താകുലമായി കാണപ്പെട്ടു; എങ്കിലും അവിടെ ഒരു മധുരമായ ലാളിത്യം പ്രകാശിച്ചിരുന്നു. അതുപോലൊരു ഭാവം അയാൾ മറെറാരു സ്ത്രീയിലും ഇതിനു മുമ്പ് കണ്ടിട്ടില്ല.

“വിശേഷമെന്തെല്ലാം? സുഖക്കേടു നല്ലപോലെ ഭേദമായല്ലോ, അല്ലേ?” എന്ന് അവൾ പിന്നെയും ചോദിച്ചു.

“ഉവ്വ്, നല്ല സുഖമായെന്നു തോന്നുന്നു. ജീവിച്ചിരിക്കുന്നതിന് ഒരു സംഗതി എന്നെ പ്രേരിപ്പിച്ചു. അതു നിമിത്തം ഞാൻ ജീവിച്ചു.”

“എന്താണ് ആ സംഗതി?” എന്നു ചോദിച്ചപ്പോൾ അവളുടെ കപോലങ്ങൾ തുടുതുടുത്തു.

“എൻെറ ആഗ്രഹം തന്നെ. അതു നിറവേറാൻ സാധിക്കുമെന്നൊരു ബലമായ വിശ്വാസമെനിക്കുണ്ടായി.”

“സാഹിത്യസാമ്രാജ്യത്തിൽ ഒരു സ്ഥാനം സമ്പാദിക്കണമെന്നുള്ളതല്ലേ? ദൈവം അനുഗ്രഹിക്കട്ടെ. എന്നെ സംബന്ധിച്ച വിശേഷങ്ങളൊക്കെ അറിഞ്ഞില്ലേ? ഞാനിപ്പോൾ ഒരു പാവപ്പെട്ട വിധവയാണ്. ഇപ്പോൾ എൻെറ അവസ്ഥയെപ്പററി എന്തു വിചാരിക്കുന്നു?”

“ഇപ്പോഴത്തെ നിർധനാവസ്ഥ നിങ്ങളെ യാതൊരുവിധത്തിലും വ്യാകുലപ്പെടുത്തുന്നില്ലെന്നു ഞാൻ കേട്ടു. അതിനാൽ നിങ്ങളുടെ ഇപ്പഴത്തെ സ്ഥിതിയെപ്പററി ഞാൻ ഒന്നുംതന്നെ ചിന്തിച്ചില്ല”

“എൻെറ സ്വന്തവീട് കുറേ വടക്കാണ്. അങ്ങോട്ടു പോയേക്കാമെന്ന് ഉദ്ദേശിക്കുകയാണ്”

സോമൻ ഇതു ഉദ്ദേശിച്ചിരുന്നില്ല. അയാൾ അവളുടെ വിയോഗത്തിൽ മനഃപൂർവം വ്യസനിച്ചു. എന്നാൽ ഒരു സ്നേഹിത

ഉണ്ടാകാവുന്നതിൽ കൂടുതൽ ആശാഭംഗം അയാൾ പ്രകടിപ്പിച്ചില്ല.

അവൾ തുടന്നു "ഞാൻ അങ്ങനെ തീച്ചയാക്കിയിട്ടില്ല. വാസ്തവം പറയുകയാണെങ്കിൽ എനിക്കീസ്ഥലം വിട്ടു പോകുന്നതിന് വളരെ മടിയുണ്ട്. ഈ നാട്ടിലെ ആളുകളോടും ഈ നാടിനോടും എന്തെന്നില്ലാത്ത ഒരു പ്രീതി എനിക്കു തോന്നിയിരിക്കുന്നു."

"എന്നെപ്പോലെ തന്നെ നിങ്ങൾക്കും സാഹിത്യത്തോട് ഒരു പ്രതിപത്തിയുണ്ടെന്ന് എനിക്കറിയാം. ഈ സാഹിത്യാരാമത്തേയും വെടിഞ്ഞു് പോകുവാനുള്ള മനസ്സ് ഉണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല."

"മനുഷ്യസഹജമായ ചില വികാരങ്ങളും സുകുമാര കലകളോട്ട് അല്പം പ്രതിപത്തിയും ഉള്ളവളാണ് ഞാനെന്നു നിങ്ങൾ വിചാരിച്ചിരിക്കണം."

"അതെ, സാഹിത്യത്തോടും അതിൽ രസമുള്ളവരോടും."

"ഞാൻ സ്വയം ഇതു് ഏററുപറഞ്ഞതു കാരണം നിങ്ങൾക്കെന്നെപ്പററിയുള്ള അഭിപ്രായത്തിനു ഒരു മാററു കുറഞ്ഞിട്ടില്ലേയെന്നു ഞാൻ സംശയിക്കുന്നു."

സോമ—"ആ സംശയം വേണ്ട. എന്തുതന്നെ പറഞ്ഞാലും, എന്തുതന്നെ ചെയ്താലും എനിക്കു നിങ്ങളെപ്പററിത്തോന്നിയിട്ടുള്ള അഭിപ്രായത്തിന് ഒരിക്കലും ലോപം ഉണ്ടാകുകയില്ല. നിങ്ങളുടെ പേരിൽ എനിക്കു തോന്നുന്ന ബഹുമാനം സൂര്യചന്ദ്രന്മാരെപ്പോലെ അനശ്വരമാണ്. നിങ്ങൾ അത്രമാത്രം ഉപകാരമാണ് എനിക്കു ചെയ്തിട്ടുള്ളതു്."

"മററുള്ള ആളുകളെപ്പോലെ ഞാനും ദീനദയാലുവാണെന്നേയുള്ളൂ. നിങ്ങളെ അല്പം സഹായിച്ചിട്ടുണ്ടെങ്കിൽ അതു് എനിക്ക് അന്നു ധാരാളം പണം ഉണ്ടായിരുന്നതുകൊണ്ടാണ്. എന്നാലിന്നോ? പാവങ്ങളിൽ പാവം. എൻെറ പ്രഭുത്വമാണ് നിങ്ങൾക്കെന്നോട്ട് ബഹുമാനം തോന്നാൻ കാരണമെന്ന് സമ്മതിക്കുക. എന്നാൽ ഇപ്പോൾ ആ ധനമഹിമയെല്ലാം നാമാവശേഷമായിരിക്കുന്നു. എൻെറ വസ്തുക്കളുടെ പാട്ടക്കാരേക്കാൾ നിധ്

നയാണ് ഇപ്പോൾ ഞാൻ. മേലിൽ മുമ്പേറു പണം കൊടുത്തു് നിങ്ങൾക്കു പുസ്തകം വരുത്തിത്തരാൻ എനിക്കു പ്രാപ്തിയില്ല. എല്ലാത്തിനും പുറമേ ഞാൻ കണികാണാൻ കൊള്ളാത്ത ഒരു വിധവയും."

"ഇങ്ങനെ പറയുന്നതു് മര്യാദയല്ല. ഇതാ ഞാൻ സത്യം ചെയ്യുന്നു. രണ്ടു വിചാരങ്ങൾ, രണ്ടു് ആശകൾ, രണ്ടു് അച്ഛനകൾ—ഇത്രമാത്രമേ ഈ ലോകത്തിലെനിക്കുള്ളു. അതിൽ ഒന്നു നിങ്ങളാണു്." എന്നു് അല്പം പാരുഷ്യത്തോടുകൂടി അയാൾ നിരുഢകണ്ഠനായി പറഞ്ഞു. അപ്പോഴേയ്ക്കും അയാളുടെ നയനങ്ങൾ ബാഷ്പപൂർണ്ണമായി. സാധുമനുഷ്യൻ! അവൾ പറഞ്ഞതെല്ലാം കാര്യമായിഗ്ഗണിച്ചു. "മറേറതെന്താണു്?" എന്നു് ശ്യാമള ചോദിച്ചു.

"സാഹിത്യം"

"സാഹിത്യത്തിനല്ലേ കൂടുതൽ പ്രാധാന്യം കല്പിച്ചിരിക്കുന്നതു്?"

"അങ്ങനെ ഞാൻ രണ്ടിനേയും ഇതുവരെതരംതിരിച്ചിട്ടില്ല. സഹോദരി, നിങ്ങൾഎന്തിനു് ഈ അവസ്ഥാന്തരത്തെപ്പററി ഖേദിക്കുന്നു. നിങ്ങൾക്കു സംഭവിച്ചിട്ടുള്ള വൈധവ്യം ദുഃഖകരമായ ഒരു സംഗതിയാണെങ്കിൽത്തന്നെയും അതിനിടയിൽ ചില ശോഭതരേഖകൾ കാണുന്നുണ്ടു്. എന്തെന്നാൽ നിങ്ങളുടെ വിവാഹജീവിതം സുഖപ്രദമായിരുന്നില്ലല്ലൊ. അതുകൊണ്ടു് ഈ സംഗതിയിൽ പരമസങ്കടത്തിനവകാശമൊന്നുമില്ല. പണിക്കർ മരിച്ചില്ലായിരുന്നെങ്കിൽതന്നെയും ഈ കടമൊക്കെത്തീക്കാതെ തരമില്ല. ഇപ്പോൾ നിങ്ങൾ ഒരു പക്ഷിയെപ്പോലെ സ്വതന്ത്രയാണു്. സാഹിത്യപ്പൂങ്കാവിൽ യഥേഷ്ടം വിഹരിക്കാം." ഒരു ദീർഘനിശ്വാസത്തോടുകൂടി അയാൾ തുടന്നു. "നിങ്ങൾ ഇനിയും ധൂർത്തനും അരസികനുമായ ഒരു പണിക്കരുടേയോ, മേനവൻേറയോ വിവാഹശസ്ത്രത്തിനു ലക്ഷ്യമാകും. അപ്പോൾ ഈ സാഹിത്യലോകത്തിനു് നിങ്ങൾ നഷ്ടമായേക്കാം."

"ഇനി ഞാനാരെയെങ്കിലും വിവാഹം കഴിക്കുന്നുവെങ്കിൽ അതു് അരസികനായ ഒരു പണിക്കരേയോ മേനവനേയോ ആയി

രിക്കുകയില്ല. ദൈവത്തെ വിചാരിച്ച് ഈവിധം പറയരുതെ! നിങ്ങൾ മൌനമായി എന്തെങ്കിലും വിചാരിച്ചുകൊള്ളണം."

അപ്പോൾ ഏതാനും ചെറുപ്പക്കാർ അടുത്ത പുരയിടത്തിൽ കൂടി അങ്ങോട്ടു വരുന്നതു കണ്ടു. അയാൾ പറഞ്ഞു: "ഇതാ, അവർ എൻെറ പാട്ടു കേൾക്കണമെന്ന് പറഞ്ഞു വരുകയാണ്."

"അവരെ ഇപ്പോൾ ഇവിടെ കയറിവരുവാൻ അനുവദിച്ചുകൂടാ." എന്ന് അവൾ നിശ്ചിതസ്വരത്തിൽ പറഞ്ഞു.

"എന്നാൽ ഒരു കാര്യം ചെയ്യാം. ഈ വാതലും ജന്നലും അടച്ചേക്കാം. അപ്പോൾ ഞാൻ ഇവിടെയില്ലെന്ന് വിചാരിച്ച് അവർ മടങ്ങിപ്പോകും."

"എന്തൊരു ഭീരുത്വം! ആ മനോനിയന്ത്രണശക്തി എവിടെ? ഒരു സ്ത്രീക്ക് അത്യാവശ്യം വേണ്ട ആ ധൈര്യശക്തി എവിടെ? ഇവിടെ തനിയേ വരുക; സ്വാതന്ത്ര്യമായി സംസാരിക്കുക—ഇതാരെങ്കിലുമറിഞ്ഞെങ്കിൽ! പക്ഷെ എൻെറ പ്രകൃതി എപ്പോഴും ഇതുതന്നെയായിരുന്നു—ഇതുതന്നെയായിരുന്നു" എന്നു അവൾ മന്ത്രിച്ചുകൊണ്ട് മുറിയുടെ ഒരു മൂലയിൽ സ്റ്റൂളെടുത്തിട്ടു നിസ്തബ്ധയായി ഇരുന്നു.

---

## XIV

'വിളയിലെ' രാമൻകുട്ടിയും, 'തോപ്പിലെ' കൃഷ്ണൻനായരും 'പാട്ട'ത്തിലെ പരമേശ്വരമേനവനും ആയിരുന്നു ആഗതർ. അയാളുടെ പാട്ടു കേൾക്കുന്നതിനും കവിതവായിച്ചു രസിക്കുന്നതിനുമാണ് അവർ അവിടെ എത്തിയത്. മുറി പൂട്ടിയിരിക്കുന്നതു കണ്ടു് രാമൻകുട്ടി പറഞ്ഞു: "സോമൻനായർ ഇപ്പോൾ വരും. ഇന്നു വരാനല്ലെ നമ്മളോടു പറഞ്ഞത്. അങ്ങേരു വന്നിട്ടു പോകാം."

"ഇന്നു" അത്താഴമുണ്ടില്ലെങ്കിലും വേണ്ട; ആളുകൾ ഇത്രവളരെ പുകഴ്ത്തുന്ന ആ കവിത ഒന്നു വായിച്ചുകേൾക്കണം. തന്നെ

ത്താൻ വായിച്ച് അതിൻെറ അൎത്ഥമൊക്കെ മനസ്സിലാക്കി രസി ക്കുക, ശിവ! ശിവ! എന്നെക്കൊണ്ടു പ്രയാസം." എന്നു കൃഷ്ണൻ നായർ അനുകൂലിച്ചു. അപ്പോൾ പരമേശ്വരമേനോൻ പല്ലിളി ച്ചുകൊണ്ടുപറഞ്ഞു: "എടാ ഊവ്വേ, ഞാനൊരു കാൎയ്യം കേട്ടല്ലൊ. സോമസുന്ദരൻനായരും വല്യവീട്ടിലെ പണിക്കരുടെ ഭാൎയ്യയും വലിയ ഇഷ്ടമാണുപോലും. അവർ സോമനെ ചികിത്സിക്കുന്ന തിനും മററും ധാരാളം പണം ചെലവാക്കിപോലും."

രാമൻകുട്ടിയാണ് മറുപടി പറഞ്ഞതു്. "ഇഷ്ടാ, അതിനെ ന്താ, പണിക്കരദ്ദേഹം മരിച്ചുപോയില്ലേ? അവർ ചെറുപ്പം; ക ണ്ടാൽ ഭേദമാണുതാനും. ആരെങ്കിലും താമസിയാതെ അവരെ തട്ടിയെടുക്കും."

"എന്തുകൊണ്ടു സോമസുന്ദരൻനായൎക്കു പാടില്ല? അവർ തമ്മിൽ ഇഷ്ടമാണുതാനും. അങ്ങേരു ഒരു നല്ല മനുഷ്യൻ. പണ ത്തിനു കുറേ കുറവുണ്ടെന്നേയുള്ളൂ. മററവൎക്കപ്പോൾ പറയ ത്തക്കതുപോലൊന്നുമില്ല. സോമൻെറ വീട്ടുകാരും പണ്ടു വളരെ വലിയ പദവിയിലിരുന്നവരാണ്. രണ്ടുപേരും ഇല്ലത്തു നായ ന്മാർ പിന്നെന്താ തടസ്സം."

"അങ്ങേൎക്കു അതു സമ്മതമായിരിക്കുമോ?" എന്നു രാമൻ കുട്ടി ചോദിച്ചു.

"അവരെക്കാണാതെ അങ്ങേരും അങ്ങേരെക്കാണാതെ ഒരു ദിവസംപോലും അവരും ഉറങ്ങുകയില്ലെന്നാണു പറയുന്നതു്. സമ്മതിക്കുമോ പോലും." എന്നു കൃഷ്ണൻനായർ പ്രതിവചിച്ചു.

ആ ഗ്രാമീണ യുവജനങ്ങളുടെ സംഭാഷണം കേട്ടുകൊണ്ടു നിന്നപ്പോൾ സോമൻെറ ശരീരമാകെ ആകമ്പിതമായി. കണ്ണുക ളുടെ രമ്യത വൎദ്ധിച്ചു. അവയെ മൂടിയിരുന്ന പാട പൊഴിഞ്ഞു താഴെ വീണു. എത്ര പെട്ടെന്നാണ് യഥാൎത്ഥസംഗതി അയാളുടെ നേത്രങ്ങൾക്കു ഗോചരമായതു്. അയാൾക്കു വ്യക്തമാകാതിരുന്ന പല കാൎയ്യങ്ങളും പകൽപോലെ ഇപ്പോൾ തെളിഞ്ഞുകണ്ടു. അവളുടെ വാക്കുകളുടേയും ഭാവങ്ങളുടേയും അന്തരാൎത്ഥം അയാൾ

ക്കിപ്പോൾ മനസ്സിലായി. അവൾ അയാളിൽ ഇത്രമാത്രം പ്രതി പത്തി പ്രദർശിപ്പിക്കുന്നതിനുള്ള ഹേതുവും ഇപ്പോൾ സുവ്യക്തമായിരിക്കുന്നു. ഒരു വൈദ്യുതശക്തി അയാളുടെ അംഗങ്ങളിൽ കൂടി പ്രവഹിക്കുന്നതുപോലെ തോന്നി.

അയാൾ ശ്യാമളയുടെ നേരേ തിരിഞ്ഞുനോക്കി. അവൾ ഒരു മൂലയിൽ നിശ്ശബ്ദയായി ഇരിക്കുകയായിരുന്നു. സോമൻ അടുക്കൽ വന്നപ്പോൾ അവൾ ചോദിച്ചു. "എന്താണ് അവർ പോയോ?"

അയാൾ ഒരു നൂതനഭാവത്തോടും വീക്ഷണത്തോടും കൂടി "ഇല്ല, പോയില്ല" എന്നു പ്രതിവചിച്ചു.

"ഞാനെന്തു ചെയ്യണം, പറയുക. പോകാൻ ധിറുതിയായി. ഇന്നിവിടെ വരേണ്ടിയില്ലായിരുന്നു. എങ്ങിനെയെങ്കിലും വേഗം പോകണം."

"അവർ പറഞ്ഞത് കേട്ടോ?" എന്നു അയാൾ ചോദിച്ചു.

"ഇല്ലാ എന്താ പറയണം. എന്താ നിങ്ങൾക്കൊരുവല്ലായ്മ? പറയൂ, വേഗം പറയണം" അയാൾ സന്ദേഹത്തോടുകൂടി അല്പ നേരം മൌനംപൂണ്ടുകൊണ്ടു നിന്നു.

ശ്യാമള —"ഒരു സ്ത്രീയോടു പറയാൻ പാടില്ലാത്ത കാര്യമാണോ?"

സോമ—"വിദൂരമായ ആ സ്വർഗ്ഗസാമ്രാജ്യത്തെ ഞാൻ അവലോകനം ചെയ്തുകൊണ്ടിരിക്കുമ്പോൾ എൻെറ മുമ്പിൽ പ്രത്യക്ഷമായ ആ സ്വർഗ്ഗവധൂടിയെ ഞാൻ കണ്ടില്ല. എന്തൊരു അശ്രദ്ധ!"

നൂതനവികാരങ്ങളാൽ തരളിതനായി അയാൾ ചുവരിലേക്കു ചാഞ്ഞുകൊണ്ട് അവളുടെ കരപല്ലവം ഗ്രഹിക്കുന്നതിന്നായി സാഹസത്തോടെ മുന്നോട്ടുനീട്ടി. അവൾ കൈപുറകോട്ടു വലിച്ചുകൊണ്ടു പറഞ്ഞു: "എനിക്കു വീട്ടിൽപോകണം. ധിറുതിയായി. അധികനേരം അവിടെക്കാണാതിരുന്നാൽ വാല്യക്കാരി അന്വേഷിച്ചിറങ്ങും. എൻെറ തെററുകൊണ്ടാണ് ഇത് പററിയത്. ഞാൻ ഇവിടെ വരേണ്ടിയില്ലായിരുന്നു."

"അതട്ടെ പോകുന്നതിനു വഴിയുണ്ടാക്കാം" എന്നു പറഞ്ഞു അയാൾ വീണ്ടും വാതുക്കലേക്കു പോയി. അഗതർ വെളിയിൽ

കല്പടയിൽത്തന്നെ ഇരിക്കുന്നുണ്ടായിരുന്നു. അയാൾ പെട്ടെന്നു വാതൽത്തുറന്ന് അവരെ നോക്കിക്കൊണ്ടു പറഞ്ഞു:—“ഹാ! നിങ്ങൾ മൂന്നുപേരും ഇവിടെ എത്തിയിരിക്കുന്നുവോ! എനിക്കിന്ന് ശരീരത്തിനു നല്ല സുഖമില്ല. ഇനി ഒരിക്കൽ വരണം; ഞാൻ ഒന്നു മയങ്ങുകയായിരുന്നു.” അവർ പിന്നൊരിക്കൽ വരാമെന്നു പറഞ്ഞു പിരിഞ്ഞു.

അവർ പോയെന്ന് അറിഞ്ഞപ്പോൾ ശ്യാമള വലിയ ആശ്വാസത്തോടുകൂടിപ്പറഞ്ഞു. “ഇനി ഞാനിവിടെ വരുകില്ല.”

“ഇവിടെ വന്നില്ലെങ്കിൽ ഞാൻ അങ്ങോട്ടു വരും”

“അങ്ങോട്ടുവന്നാൽ കേററുകയില്ല”എന്ന് പറഞ്ഞുകൊണ്ട് അവൾ ഒരു മന്ദസ്മിതം പൊഴിച്ചു.

സോമൻ, അവളെ കാവുങ്കൽ പുരയിടത്തിൽ നിന്നും ഇറങ്ങുന്നതുവരെ അനുഗമിച്ചു. മട്ടെല്ലാം മാറി, വളരെ വൈമനസ്യത്തോടും ആലസ്യത്തോടും കൂടിയാണ് അയാൾ യാത്ര പറഞ്ഞത്. അയാൾ അവളെ വീക്ഷിച്ചുകൊണ്ട് അവിടെത്തന്നെ നിന്നു. അവൾ ദൂരെച്ചെന്നതിൻെറ ശേഷമേ തിരിഞ്ഞു നോക്കിയുള്ളു. അപ്പോൾ അയാൾ തന്നെ നോക്കിക്കൊണ്ടു നില്ക്കുന്നതുകണ്ടു. സോമൻെറ മനസ്സു തരളമായി. ഭൂമിയിലെ സ്വർഗ്ഗത്തെപ്പററി അയാൾ ചിന്തിക്കുവാൻ തുടങ്ങി. അനന്തരം മുറി പൂട്ടിക്കൊണ്ട് അയാൾ വീട്ടിലേക്കു തിരിച്ചു.

---

# XV

ശ്യാമളയുടെ പ്രേമത്തിന് ബാധകമായി നിന്നിരുന്ന സംഗതികളെ, അവളുടെ വൈധവ്യവും കോശശോഷണവും പൊടുന്നനവേ സമ്മാർജ്ജനംചെയ്തിരിക്കുന്നു. ഇതിന് മുമ്പ് ഒരു യുവതിയുടെ മര്യാദയെ ലംഘിച്ചു അവൾ അയാളോട്ട് പെരുമാറിയിരുന്നെങ്കിൽ അതിന് ഒരു സമാധാനമുണ്ടായിരുന്നു. തൻെറ ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ എന്തൊക്കെയായാലും വേറൊരാളെ വിവാ

ഹംചെയ്യുന്നതിന് സാധിക്കുകയില്ലല്ലൊ. പോരെങ്കിൽ താൻ സ്നേഹിക്കുന്ന പുരുഷൻ ആ മാതിരിവികാരങ്ങൾക്ക് അപ്പോൾ അതീതനാണെന്നുള്ള വിചാരവും അവളുടെ മനസ്സിൽ ഉദിച്ചിരുന്നു.

എന്നാൽ ഇപ്പോൾ ആ യുവാവു് അവളുടെ വിചാരഗതികളെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. താനും ഒരു മനുഷ്യജീവിയാണെന്നും ആമാതിരിവികാരങ്ങൾ തൻെറ പരിധിക്കു പുറമേയല്ലെന്നും അയാൾ ഇപ്പോൾ വ്യക്തമാക്കിത്തുടങ്ങിയിട്ടുണ്ടു്. അവളിപ്പോൾ വിധവയുമാണു്. അവരുടെ അനുരാഗം വൎദ്ധിക്കുന്നതിനിടയായാൽ ഒരുപക്ഷെ വിവാഹത്തിൽ സംഗതി പരിണമിച്ചേക്കാൻ ഇടയുണ്ടു്. ധനസ്ഥിതിയിൽ രണ്ടുപേരുംഇപ്പോൾ തുല്യമാണു്.

തൻെറ സാഹിത്യസഖി ഒരു വെറും മിത്രമല്ലെന്നു് അറിഞ്ഞപ്പോൾ അവളുടെ ആദ്യം തുടങ്ങിയുള്ള ഓരോ ചേഷ്ടകളും അനുരാഗപ്രകടനമായിരുന്നുവെന്നു് അയാൾ വ്യാഖ്യാനിക്കുവാൻ ആരംഭിച്ചു. അയാൾക്കു അവളോടുണ്ടായിരുന്ന ബഹുമാനവും ഈ കളരിയിൽ അയാൾക്കുള്ള പരിചയശൂന്യതയും ഈ നൂതന വികാരത്തെ പോഷിപ്പിച്ചു.

ശ്യാമളയ്ക്കു് സോമസുന്ദരനേക്കാൾ ഏഴോ എട്ടോ വയസ്സു കൂടുതൽ ഉണ്ടായിരുന്നു. അവളുടെ രൂപലാവണ്യവും പ്രായവും ഒരു ഹൃദയത്തിലെ രാഗാങ്കുരത്തെ പോഷിപ്പിക്കുന്നതിനു് പൎയ്യാപ്തമായിരുന്നു. അവളുടെ സ്ഥാനത്തിൽ ഒരു ബാലികയാണു് അയാളെ സ്നേഹിച്ചിരുന്നെങ്കിൽ ഉദ്വേഗജനകമായ ഈ മാതിരി വികാരതീവ്രതയ്ക്കിടയാകുമായിരുന്നില്ല.

ഹൃദയം കുളുക്കെ സാഹിത്യം ആസ്വദിച്ചുകൊണ്ടു് ഐഹികലോകത്തെപ്പററി ചിന്താശൂന്യനായി വൎത്തിച്ചിരുന്ന യുവാവിനു് ഒരു നിശകൊണ്ടു ഉണ്ടായിട്ടുള്ള മാററം അതിശയനീയമായിരിക്കുന്നു. സാഹിത്യദേവിയിലുണ്ടായിരുന്ന അഭിനിവേശത്തിൻെറ ഒരു ഭൂരിഭാഗം ഇതാ വിധവയായ ഒരു സുന്ദരിയിലേക്കു പകന്നിരുന്നു. ഋഷിപുംഗവന്മാരെ കൂടി പാവ കളിപ്പിച്ചിരി

ക്കുന്ന സ്ത്രീക്ക് ലോകത്തിൽ എന്തുതന്നെ സാധിക്കുകയില്ല! യഥാ ർത്ഥാവസ്ഥ ഇങ്ങനെയൊക്കെയാണെങ്കിലും അവർപറയുന്നു. 'പു രുഷൻ . ഞങ്ങളെ അടിമയാക്കിച്ചവുട്ടിത്താഴ്ത്തിക്കൊണ്ടിരിക്കുന്നു. ഞങ്ങൾക്കൊരു സ്വാതന്ത്ര്യവും അവൻ അനുവദിക്കുന്നില്ല' പുരു ഷന്മാരെ അടിമകളാക്കി പാവകളിപ്പിക്കുന്നതിനു ശക്തിയുള്ള സ്ത്രീകളുടെ പ്രേമത്തിൻെറ മാഹാത്മ്യത അവർതന്നെ അറിയുന്നി ല്ലെങ്കിൽ അതു് പ്രപഞ്ചവിലാസമാണെന്ന് ധരിച്ചുകൊണ്ടാൽ മതി. തൻെറ ബലത്തേയും രൂപത്തേയും പററി ആന ഒന്നുംത ന്നെ അറിയുന്നില്ലല്ലൊ. ഈ രണ്ടു കൂട്ടരും അവരവരുടെ ശക്തി യെപ്പററി ഗ്രഹിക്കുന്നതിനിടയായാൽ പിന്നത്തെ സ്ഥിതിയെ ന്തായിരിക്കുമെന്നുള്ള കാര്യം ആലോചിക്കുവാൻ കൂടി പ്രയാസം!

പിറേറദിവസം രാവിലെ എഴുനേററപ്പോഴും കഴിഞ്ഞ രാ ത്രിയിലെ വിചാരം അയാളുടെ മനസ്സിൽ മുന്നിട്ടു നിന്നിരുന്നു. അയാളുടെ സിരകളിൽ ഒരു കൃമിസഞ്ചയത്തിൻെറ ദ്രുതസഞ്ചാര മുണ്ടായതു പോലെ തോന്നി. ശ്യാമളയുടെ വീട്ടിലേക്കോടി അവ ളെ കണ്ടു് വികാരത്തള്ളലോടുകൂടി "ഞാൻ ഭവതിയെ നിഷ്കളങ്ക മായി സ്നേഹിക്കുന്നു" എന്നു് പറഞ്ഞു് അവരിരുവരുടേയും പ്രതി ജ്ഞകൾക്കിടയിൽ എന്തെങ്കിലും നുഴഞ്ഞു കയറി അവരുടെ ഐ ക്യത്തിനു ഭംഗമുണ്ടാകുന്നതിനു മുമ്പേ തൻെറ പ്രേമത്തെ അവളു ടെ ഹൃദയാഗാധയിൽ സംസ്ഥാപിക്കണമെന്നു് അയാൾ നിശ്ച യിച്ചു. എന്നാൽ, ഇതുവരെ അയാൾ അവളോടു് സൌഭ്രാത്രസ്നേ ഹത്തോടുകൂടി മാത്രമേ പെരുമാറിയിരുന്നുള്ളു. അങ്ങനെയിരി ക്കെ എങ്ങനെയാണു് ഒരു കാമുകൻെറ വേഷത്തിൽ അവളുടെ വീട്ടിലേക്കോടിച്ചെന്നു് അവളെ കാണണമെന്നു പറയുന്നതു്? അതിൽ അയാൾക്കായാലും ഒരു സംഭ്രമവും സങ്കോചവും ഉണ്ടാകുക യില്ലെ?

അയാളെ ഇനിയും പെട്ടെന്നു് കാണുന്നതു് അശാസ്യമ ല്ലെന്നു് തനിക്കു ലഭിച്ചിരുന്ന ലോകപരിചയത്തിൽ നിന്നും അ വൾ മനസ്സിലാക്കിയിരുന്നു. അതിനാൽ ശ്യാമള, അയാളെക്കാ ണുന്നതിനു താൽക്കാലികമായ ഒരു വൈമനസ്യം പ്രദർശിപ്പിച്ചു.

അവളെക്കാണുന്നതിനു് അയാൾക്കു് ഇന്നു് ആദ്യമായാണു് ഇത്രവലിയ ഒരു ആഗ്രഹം മനസ്സിലുദിച്ചതു്. അയാൾക്കു് അക്ഷമ വൎദ്ധിച്ചുവന്നപ്പോൾ ആ സമാഗമത്തിനു് വിളംബം ഉണ്ടാക്കത്തക്കവണ്ണമുള്ള ഒരു സങ്കോചം അവളെ ബാധിച്ചു. ഒരു ചെറിയ ഗ്രാമത്തിൽ അടുത്തടുത്തു് താമസിക്കുന്നവരും അന്യോന്യം സാന്നിദ്ധ്യത്തെ കാംക്ഷിക്കുന്നവരും അനുരാഗബദ്ധരുമായ രണ്ടു ചെറുപ്പക്കാരെ ലജ്ജയോ, മൎയ്യാദയോ, അഭിമാനശങ്കയോ, ഭയമോ എപ്പോഴെങ്കിലും അല്പകാലത്തേക്കെങ്കിലും അകററി നിറുത്തിയിട്ടുള്ളതായി ആരെങ്കിലും കേട്ടിട്ടുണ്ടോ?

അയാൾ സാഹിത്യത്തെ തീരെ വിസ്മരിച്ചില്ല. അതിൽ പിന്നീടു് സാഹിത്യത്തിൻെറ ഒരു പ്രത്യേക വിഭാഗമേ അയാളുടെ ശ്രദ്ധയ്ക്കു് വിഷയമായുള്ളു. അന്നുമുതലാണു് ശൃംഗാരകവിതകൾ വായിക്കുന്നതിൽ അയാൾ ആദ്യമായി ഒരു അഭിരുചി പ്രദൎശിപ്പിച്ചതു്.

അയാൾ ഒരു ദിവസം മേഘസന്ദേശം വായിച്ചു രസിച്ചുകൊണ്ടു് കാവുങ്കലിരിക്കയായിരുന്നു. അപ്പോൾ ആ യുവാവു് അനുഭവിച്ചുകൊണ്ടിരുന്ന സുഖം അനിൎവാച്യമെന്നേ പറയേണ്ടു. വിരഹികൾക്കു വിരഹവൎണ്ണനയേപ്പോലെ ഹൃദ്യമായി സാഹിത്യത്തിൽ മററൊന്നുമില്ലതന്നെ.

വായിച്ചുകൊണ്ടിരിക്കവേ, അയാൾ ശ്യാമളയെപ്പററിച്ചിന്തിച്ചു. "ഹാ! കണ്ടിട്ടെത്ര ദിവസമായി" എന്നു് ഒരു ദീൎഘനിശ്വാസത്തോടുകൂടി അയാൾതന്നെത്താൻ പറഞ്ഞു. ആ നിമിഷത്തിൽ ശ്യാമള അയാളുടെ ദൃഷ്ടികൾക്കു് ഗോചരീഭവിച്ചു. അവൾ പുരയിടത്തിൻെറ ഒരററത്തു ഒരു വേലക്കാരനു ചില നിൎദ്ദേശങ്ങൾ നല്കിക്കൊണ്ടു നിന്നിരുന്നു.

സോമസുന്ദരൻെറ മനസ്സു അവളുടെ സമീപത്തേക്കു പാഞ്ഞെത്തിക്കഴിഞ്ഞു. "വേലക്കാരൻ നില്ക്കുമ്പോൾ എങ്ങിനെയാണു് അവളുടെ സമീപംചെന്നു സംസാരിക്കുന്നതു്? അയാൾ ആരോടെങ്കിലും പറഞ്ഞെങ്കിലോ? എന്നു് യുവാവു് ആദ്യം വിചാരിച്ചു. ഏതായാലും, എന്തുതന്നെ സംഭവിച്ചാലും യുവതിയു

ടെ സമീപം ചെല്ലുകതന്നെ എന്ന് അയാൾ തീർച്ചയാക്കി. അവ ളെ പ്രതീക്ഷിച്ചു മുറിയിൽത്തന്നെ ഇരിക്കുമായിരുന്നു; എന്നാൽ ശ്യാമള അങ്ങോട്ടു വരുമോ എന്ന് അയാൾ സംശയിച്ചു.

സോമൻ അയാളുടെ അടുത്തെത്തുന്നതിനു മുമ്പേ വേലക്കാ രൻ എന്തോ അവശ്യം പ്രമാണിച്ച് വെളിയിലിറങ്ങി വല്യവീ ട്ടിലേക്കു പോയി. സോമൻ സന്തോഷിച്ചു.

അയാൾ വരുന്നതുകണ്ടു ശ്യാമള നമ്രശിരസ്കയായി നിന്നു. അതത്രെ പ്രണയത്തിൻെറ വിനയം!

അയാൾ അടുത്തുവന്നപ്പോൾ അവൾ മെല്ലെ തലപൊക്കി, അയാളുടെ നേരേ ഒരു നിമിഷനേരം നോക്കി. ഉത്തരക്ഷണ ത്തിൽ അവരുടെ രണ്ടുപേരുടേയും കവിൾത്തടങ്ങൾ തുടുതുടുത്തു. തൻെറ പ്രണയസർവ്വസ്വമായ പുരുഷൻെറ സാന്നിദ്ധ്യത്തിൽ അനുരാഗകളായ യുവതികൾ ലജ്ജാഭരിതരാകുന്നു. ഈ വ്രീള തന്നെയാണ് ശ്യാമളയുടെ ഗണ്ഡങ്ങളിൽ പെട്ടെന്നുണ്ടായ വർണ്ണ വ്യത്യാസത്തിനു കാരണം. അനുരാഗവിഷയത്തിലുള്ള സോമസു ന്ദരൻെറ വിരളമായ പരിചയമായിരുന്നു അയാളുടെ സംഭ്രമത്തി ന് അസ്പദമായിരുന്ന സംഗതി. ഒരു കാര്യം പെട്ടെന്നു അവ ളുടെ ദൃഷ്ടികൾക്കു വിഷയമായി. അവർ തമ്മിൽ കാണാതി രുന്ന ആ അല്പകാലത്തിനുള്ളിൽ അയാൾ യൌവനത്തിൻെറ മൂർദ്ധന്യതയെ പ്രാപിച്ചതായി അയാൾക്കു തോന്നി നൂതനവും ജാജ്വല്യമാനവുമായ ഒരു അപൂർവ്വകാന്തി അയാളുടെ നയനങ്ങ ളിൽ പ്രകാശിച്ചു. അവരുടെ വീക്ഷണങ്ങളുടെ സംഘട്ടനത്തിൽ ഉണ്ടായ ഉദ്വേഗത്തെ ഗോപനം ചെയ്യുന്നതിന് അവൾക്കു സാ ധിച്ചില്ല. അതിൽ നിന്നുണ്ടായ തേജസ്സിൽ അവളുടെ കണ്ണുകൾ മഞ്ഞിപ്പോയി.

"എന്താണു കുറച്ചുദിവസമായി കാണാറില്ലല്ലോ?" എന്നു ഇടറിയ ഒരു സ്വരത്തിൽ അയാൾ ചോദിച്ചു.

"ഇവിടെ വരുന്നതു് വിഹിതമല്ലെന്നു എനിക്കു തോന്നി. കാരണം ഞാൻ പറയാതെതന്നെ അറിയാമല്ലോ."

"ഉവ്വ്, എനിക്കറിയാം. അതുകൊണ്ടുതന്നെയായിരുന്നു ഞാൻ അങ്ങോട്ടു വരാതിരുന്നത്."

"അങ്ങോട്ടു വന്നിരുന്നെങ്കിൽതന്നെ ഞാൻ ആരെയും കാണുകയില്ലായിരുന്നു"

"അങ്ങനെയാണെങ്കിൽ ഞാനിപ്പോൾ കണ്ടയുടൻ ഓടിവന്നതു് തെററായിപ്പോയല്ലൊ."

"അല്ലെന്നാരുപറഞ്ഞു? ഇവിടെ തെങ്ങിൽ ഉണങ്ങിക്കിടക്കുന്ന തേങ്ങാ ഇടീച്ചുകൊണ്ടുപോകാൻവരുകയായിരുന്നു. അല്ലാതെ ആരെയെങ്കിലും കാണാൻ വരുകയായിരുന്നുവെന്നു് തെററിദ്ധരിക്കേണ്ടാ."

"ഞാൻ ഒന്നും തെററിദ്ധരിച്ചിട്ടില്ല. നമ്മൾ അന്നുവഴിയ്ക്കു പിരിഞ്ഞതുമുതൽ ഈ നിമിഷം വരെ ഞാൻ ഒരാളെപററി രാവും പകലും ചിന്തിച്ചുകൊണ്ടിരിക്കയായിരുന്നു. അതുപോലെ ഇതിനുമുമ്പു് ഒരു വിചാരമേ എനിക്കു് ഉണ്ടായിട്ടില്ല. ഇതെല്ലാം ആരറിയുന്നു!"

"എനിക്കറിയാം. അതുകൊണ്ടുതന്നെയാണു് ഞാൻ ഇങ്ങോട്ടു വരാതിരുന്നതു്."

"എങ്ങനെയറിഞ്ഞു?

"മുഖഭാവത്തിൽ നിന്നു്"

"അതെ, ആ സ്നേഹരൂപിണിയെ കാണുന്നതിനും പരിചയപ്പെടുന്നതിനും സാധിച്ച എന്റെ ഭാഗ്യത്തെപ്പററി ഒന്നാലോചിച്ചുനോക്കുക. ആ ദേവിസംസാരിക്കുമ്പോൾ അവരുടെ മൃദുലസ്വനം എന്റെ ഹൃദയത്തെ കുളുർപ്പിക്കും. മൌനമായിരിക്കുമ്പോൾ അവരുടെ മുഖേന്ദുബിംബത്തിൽ നിന്നും ചിതറുന്ന പാലൊളി എന്റെമനശ്ശരീരങ്ങളെ ശീതളമാക്കും."

വികാരത്തിൽനിന്നും ഉത്ഭവിച്ച ഒരു ദാരുണമായ വേദന അവളുടെ സർവാംഗങ്ങളിലും വ്യാപിച്ചു. താൻ അയാൾക്കു സ്വയം കീഴ്പ്പെടുന്നുവെന്നു അവൾക്കുതന്നെ മനസ്സിലായി. എന്നാൽ തന്റെ വികാരങ്ങളുടെ അനർഗ്ഗളപ്രവാഹത്തെ പ്രതിരോധിക്കുവാൻ അവൾ ശക്തയായില്ല.

അയാൾ, വികാരത്താൽ സമ്മർദ്ദിതമായ വക്ഷസ്ഥലം തടവിക്കൊണ്ടു ദയനീയമായ ഒരു സ്വരത്തിൽ പ്രാർത്ഥിച്ചു. "ശ്യാമളേ, തങ്കം, ഇങ്ങനെ വിളിക്കുന്നതുകൊണ്ടു പരിഭവിക്കുകയില്ലല്ലോ. എന്നെ സ്നേഹിക്കുന്നുവെന്നു പൂർണ്ണമായി എന്നെ ബോദ്ധ്യപ്പെടുത്തുക. വെറും അനുമാനങ്ങളെ ആശ്രയിച്ചു കൊണ്ടെങ്ങിനെ കഴിച്ചുകൂട്ടും. അന്നു കണ്ടതിൽപിന്നീടു എനിക്കൊരു ജോലിയും ഇതുവരെ ചെയ്യുന്നതിനു സാധിച്ചിട്ടില്ല. ഏതെങ്കിലും തരത്തിൽ നമ്മുടെ മനസ്സൊന്നാണ് എന്നു തെളിയിക്കുക. ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം."

അവളുടെ കപോലങ്ങൾ പിന്നെയും അരുണവർണ്ണാഞ്ചിതമായി. പ്രവാളതുല്യമായ അയാളുടെ അധരപുടത്തെ ശോണിമകലർന്ന ആ കവിൾത്തടങ്ങൾ ജവത്തിൽ ആകർഷിച്ചു. ആ മൃദുലഭാഗങ്ങളുടെ സംസ്പർശത്തിൽ രണ്ടുപേരും ഒരു ദിവ്യാനന്ദലഹരി ആസ്വദിച്ചു. അയാൾ തൃപ്തനായി. അല്പം കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു: "ഇനി പോകരുതെ, ഈയിടെ അനാവശ്യചിന്തകൾ കൊണ്ടു് കഴിച്ചുകൂട്ടുകയാണ്. അതു മൂലമാണ് അതെന്ന് എനിക്കറിയാം. ഞാൻതന്നെ കുററക്കാരി. ഇതിനുമുമ്പു് ഒരു നിമിഷം വെറുതെ കളയുകയില്ലായിരുന്നു. ഈ സരസ്വതീമന്ദിരത്തിൽ ആരെങ്കിലും കയറി വരികയായിരുന്നെങ്കിൽതന്നെ അതു നീരസജനകമായിരിക്കുമായിരുന്നു. ഇപ്പോൾ ഒന്നും ശ്രദ്ധിക്കുന്നതേയില്ല." അവളുടെ സ്വരത്തിൽനിന്നും അയാളെ ഗുണദോഷിക്കുന്നതിനുള്ള ഒരു സ്വാതന്ത്ര്യം അവൾക്കു് ഉണ്ടെന്നു വ്യക്തമാകുമായിരുന്നു.

"അക്കാര്യത്തെപ്പററിയൊന്നും ഇപ്പോൾ ചിന്തിക്കേണ്ട. എന്നേയും എൻെറ സർവ്വസ്വത്തേയും ഭവതിക്കായി ഇതാ ഞാൻ പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അങ്ങനെ എന്തിനുപറയുന്നു. അതൊരു സാധാരണ പ്രകടനം മാത്രമേയാകുന്നുള്ളു. 'ഞാൻ ഭവതിയുടെയാണ്. ഭവതി എൻെറ ആരാധനാമൂർത്തിയാണ്. പ്രേമസർവ്വസ്വമാണ്.' ഈ മാതിരി 'പഞ്ചാരവാക്കുകൾ' നാരീ

വൎഗ്ഗത്തെ വഞ്ചിക്കുവാനായി ഇക്കാലങ്ങളിൽ പുരുഷന്മാർ ധാരാളം ഉപയോഗിക്കാറുണ്ട്. അതിനാൽ ഒരാൾ, അത്മാൎത്ഥമായി താൻസ്നേഹിക്കുന്നസ്ത്രീയോട്ട് ആ വിധം പറയുമ്പോഴും അവൾക്ക് സന്ദേഹം വിട്ടുമാറുന്നില്ല.” അയാൾ ഒരു പുഞ്ചിരിയോട്ടുകൂടി തുടൎന്നു. “ഇനിമുതൽ ഞാൻ നിരന്തരം വായിക്കുന്ന കാവ്യം ഈ മന്ദസ്മേരസുന്ദരമായ വദനമായിരിക്കും. പ്രകാശമാനങ്ങളായ ഈ നേത്രങ്ങളായിരിക്കും എനിക്കു മാൎഗ്ഗദൎശികളായ നക്ഷത്രങ്ങൾ. ഈ മുഖേന്ദുവിൽ നിന്നും പൊഴിയുന്ന തുമന്ദഹാസം എന്റെ അത്മാവിനെ അമൃതസിന്ധുവിൽ നീരാടിക്കും.”

അവളുടെ കണ്ണു രണ്ടിലും കണ്ണുനീർ നിറഞ്ഞു. ആ അശ്രുബിന്ദുക്കൾ അവളുടെ ശബ്ദത്തെ നിരോധിച്ചു. അവൾ ഒരുതരത്തിൽ ഇങ്ങനെ പറഞ്ഞു: “അതേ, ഇങ്ങനെ പറയുമെന്ന് എനിക്കറിയാമായിരുന്നു. ഞാൻ അങ്ങയുടെ പരിശുദ്ധ ജീവിതത്തെ കലുഷമാക്കുകയാണ്. ഇതുകൊണ്ട് ആൎക്കും യാതൊരു പയോഗവും ഉണ്ടാകാനില്ല. നിശ്ചയമായും ഇതു തുടൎന്നുകൊണ്ടു പോകാൻ പാടില്ല. ഞാൻ സമയം വെറുതേ കൊല്ലുന്നു. ആ ദിവ്യവും അനന്ദപൂൎണ്ണവുമായ സാഹിത്യസാമ്രാജ്യത്തിൽ നിന്നും— അതേ, അഭിലഷണീയമായ ആ സാഹിത്യപഠനത്തിൽനിന്നും— അങ്ങയെ അഗാധവും ആനന്ദശൂന്യവുമായ ഈ പ്രണയമഹാസാഗരത്തിലേക്ക് ഞാൻ എന്തിന് ആകൎഷിച്ചു? കഷ്ടം! മേൽ അങ്ങേയ്ക്കു വേണ്ട ലോകപരിചയം ലഭിക്കുമ്പോൾ ഇക്കാരണത്താൽ എന്നെ അവഹേളിക്കുകയില്ലെന്നു വാഗ്ദാനം ചെയ്യുക. ഞാൻ പറയുന്നതുപോലെ ഇപ്പോൾ എന്തും ചെയ്യുമെന്നെനിക്കറിയാം, യുവാക്കന്മാരെല്ലാം ഇങ്ങനെ തന്നെയാണ്. ആദ്യം അവരുടെ ‘പ്രേമധാമ’ങ്ങൾക്കു വേണ്ടി എന്തുതന്നെ ചെയ്യുവാൻ തയാറാകുകയില്ല! എന്റെ ആ നിശ്ചയം ഞാൻ പാലിക്കേണ്ടതായിരുന്നു.”

“എന്താണാ നിശ്ചയം?”

“ഞാൻ ഈ സംശുദ്ധാത്മാവിന് ഒരിക്കലും മാൎഗ്ഗഭ്രംശം ഉണ്ടാകുവാൻ അനുവദിക്കുകയില്ലെന്നു തന്നെ. അതു നിറവേ

റുവാൻ എന്തുസങ്കടം വേണമെങ്കിലും സഹിക്കാൻ തയാറാകുക."

"എന്നാൽ, എൻെറ പഠനത്തിന് യാതൊരു കുറവും വരുത്താതെ എനിക്കു ഭവതിയെ സ്നേഹിക്കുവാൻ സാധിക്കുകയില്ലെന്നാണോ പറയുന്നതു?"

"സാധിക്കുമെങ്കിൽ ഉത്തമം. അല്ലെങ്കിൽ കഷ്ടവുമാണ്."

"ഭവതി എന്നെ ഒരു വെറും കുട്ടിയേപ്പോലെ വിചാരിച്ച് സംസാരിക്കുന്നു. എനിക്കു എത്ര വയസ്സായിക്കാണുമെന്നാണു് വിചാരം. ഈ മാസത്തിൽ ഇരുപതു തികഞ്ഞു."

"അതെ, വളരെ ചെറുപ്പമാണെന്നു തോന്നും. അത്രയും നല്ലതു്. അട്ടെ, എനിക്കെന്തു പ്രായമുണ്ടെന്നു തോന്നുന്നു.?

"ഞാൻ ആ സംഗതിയെ കുറിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല." എന്ന് പറഞ്ഞുകൊണ്ടു് വയസ്സു നിർണ്ണയിക്കുന്നതിനായി അയാൾ അവളുടെ മുഖത്തു നോക്കി. എന്നാൽ അയാൾക്കു് അവിടെ നിന്നും അവളുടെ പ്രായത്തെപ്പററി ഒററിവും ലഭിച്ചില്ല.

"ഞാൻതന്നെ പറയാം. എനിക്കു വയസ്സിരുപത്തേഴു കഴിഞ്ഞു. എന്തു വ്യത്യാസം! ഇരുപതും ഇരുപത്തേഴും! ഇപ്പോളെന്തു തോന്നുന്നു?"

"സാരമില്ല. പ്രായത്തേപററി ഗണിച്ചിട്ടേ അവശ്യമില്ലെന്നാണു് ഞാൻ പറയുന്നതു്. വയസ്സിൻെറ കൂടുതൽകുറവല്ലല്ലൊ, പ്രേമത്തിൻെറ അടിസ്ഥാനം."

"എന്താ ഈ പറയുന്നതു്? സാരമില്ലന്നോ കൊള്ളാം."

"അതിലെന്താ ഇത്ര അതിശയം?"

"എന്താണെന്നോ? ആരെങ്കിലും ഈ വത്തമാനം അറിഞ്ഞാൽ എന്തുപറയും?"

വിഷാദകലുഷമായ ഒരു വീക്ഷണത്തോടുകൂടി അവൾ തുടന്നു. "അല്ലെങ്കിൽ ആളുകളെക്കൊണ്ടിതൊക്കെ പറയിക്കുന്നതിന്

എന്തിനിടയാക്കുന്നു. എല്ലാം പാടെ വിസ്മരിക്കുന്നതാണ് നല്ലത്. ഇതെല്ലാം ഒരു വെറും സ്വപ്നംപോലെ വിചാരിച്ചു കൊണ്ടാൽ മതി."

"ഒരു സ്വപ്നംപോലെയോ?" എന്ന് സോമൻ അത്ഭുതത്തോടുകൂടി ചോദിച്ചു.

"അതെ, ഇത് ഒരുവെറും സ്വപ്നമല്ലേ? എല്ലാം കാലക്രമത്തിൽ മറക്കും. അല്ലെങ്കിൽ മറക്കണം. അല്ലാതെ ഗത്യന്തരമല്ല."

"ഇത്ര പ്രധാനമായ ഒരു കാര്യത്തെക്കുറിച്ച് ഈ മാതിരി നിസ്സാരമായി സംസാരിക്കുവാൻ എങ്ങനെ മനസ്സുണ്ടാകുന്നു.? അല്ലെങ്കിൽ സ്ത്രീകളുടെ മനസ്സ് ആക്കറിയാം? ഒരാളെ മനസ്സിൽ വിചാരിക്കും; അതേസമയം തന്നെവേറൊരാളെ അപാംഗവീക്ഷണം ചെയ്യും; മൂന്നാമതൊരുത്തനോട്ട് മധുരമായി സംസാരിക്കും. ഇങ്ങനെയുള്ളവരല്ലെ നൂററിന് തൊണ്ണൂററിയഞ്ചു സ്ത്രീകളും?"

"ഇത്രവേഗം ഇതൊക്കെ പഠിച്ചു കഴിഞ്ഞോ? ഇതെല്ലാം വഞ്ചനീയന്മാരായ പുരുഷന്മാർ പരത്തുന്ന വ്യാജപ്രസ്താവനകളാണ്. സ്ത്രീകളുടെ പ്രേമത്തിന്റെ ആഴംകണ്ടവർ ആരുമില്ല. അതിന്റെ അടിത്തട്ടിൽ കിടക്കുന്ന അനർഘരത്നങ്ങളെ കാണുവാൻ പുരുഷന്മാക്ക് കണ്ണില്ല. ദിവ്യമായ പ്രേമമുള്ളവക്കേ അതു കാണുവാൻസാധിക്കുകയുള്ളൂ. വെറും മൃഗീയാസക്തിയെ 'പ്രേമം, പ്രേമം' എന്ന് പുരുഷന്മാർ പറഞ്ഞു നടക്കുന്നു. നാണമില്ലാത്ത കൂട്ടർ."

"ഇതൊന്നും നമ്മളെ രണ്ടുപേരെയും സംബന്ധിക്കുകയില്ലല്ലൊ. ഞാൻ ഒന്നു ചോദിച്ചു കൊള്ളട്ടെ. ഭവതിക്ക് എന്റെ നേരെയുള്ള സ്നേഹം തുടന്നു കൊണ്ടുപോകുവാൻ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ഞാൻ വല്ലനാട്ടിലും പൊയ്ക്കൊള്ളയാം. പിന്നെ ആക്കും ഒരു ഉപദ്രവമുണ്ടാകുകയില്ലല്ലൊ. ഞാൻ ഇവിടെ താമസിക്കുന്നതായാൽ അത് ദോഷകാരണമായേക്കാം. ഭത്താവു മരിച്ചു; ഭവതി ഇപ്പോൾ സ്വതന്ത്രയുമാണ്. ഈ ഒഴിയാബാധയില്ലെങ്കിൽ ഇഷ്ടംപോലെ വല്ല പണക്കാരനേയും വിവാഹം ചെയ്യാം. എന്തെങ്കിലും കുഴപ്പമുണ്ടാകുന്നതിന് മുമ്പ് ഞാൻ ഇവിടം വിട്ടു പൊയ്ക്കൊള്ളയാം. അതാണുത്തമം."

"ഇങ്ങനെ വിലപിക്കരുത്. എനിക്കു സ്നേഹമില്ലാഞ്ഞിട്ടോ, വേറെ വല്ലവരേയും വിവാഹം ചെയ്യണമെന്നുള്ള ഉദ്ദേശമുണ്ടായിട്ടോ പറയുന്നതല്ല. എന്നെ തെററിദ്ധരിക്കരുത്."

സോമൻെറ ഹൃദയത്തിൽ തള്ളിവന്ന വികാരം അപ്പൊഴേക്കും അതിൻെറ ഉച്ചസ്ഥാനത്തെത്തി. അയാൾ പറഞ്ഞു: "നമ്മുടെ മനസ്സുരണ്ടും ഒന്നാണെങ്കിൽ, അതിനു മേൽ വ്യത്യാസം വരുകയില്ലെന്നു ഉറപ്പുണ്ടെങ്കിൽ, ഈ പ്രണയബന്ധത്തെ ലോകസമക്ഷം വെളിപ്പെടുത്തുന്നതിനു അമാന്തിച്ചുകൂടാ."

"എന്തൊരു ധൃതഗതിയാണ്? അദ്ദേഹം മരിച്ചിട്ട് അധികനാളായിട്ടില്ല, എന്നുതന്നെയുമല്ല—". അവൾ അർദ്ധോക്തിയിൽ വിരമിച്ചു. വേലക്കാരൻ അട്ടത്തപറമ്പിൽ കൂടി അങ്ങോട്ടേക്കു വരുന്നത് അവൾ കണ്ടു.

ശ്യാമള തുടൎന്നു: "ഇതാ, അവൻ വരുന്നു. വല്ലവരേയും കാണുമ്പോൾ ഓടിയൊളിക്കുക വളരെ അസഹ്യമായിരിക്കുന്നു. ഇതിനൊരു പ്രതിവിധി നമ്മൾ തമ്മിൽ കാണാതിരിക്കുകയെന്നുള്ളതാണ്?"

"അതാണ് അഗ്രഹമെങ്കിൽ അങ്ങനെയാവട്ടെ" എന്ന് ദീൎഘമായി ഉച്ഛ്വസിച്ചുകൊണ്ട് അയാൾ മറുപടിപറഞ്ഞു.

അനന്തരം തിടുക്കത്തിൽ അവർ യാത്രപറഞ്ഞു. അപ്പോൾ അവരുടെ വദനങ്ങളിൽ ഒരു മന്ദസ്മിതരുചി കലൎന്നു. വാസ്തവത്തിൽ അത് കണ്ണുനീരിൻെറ വേറൊരു രൂപം മാത്രമായിരുന്നു.

---

# XVI

മാസം രണ്ടു മൂന്നു കഴിഞ്ഞു. അപ്പൊഴേക്കും തുലാമാസത്തിലെ കോളിളക്കം ആരംഭിച്ചിരുന്നു. രാത്രി വൎദ്ധിച്ചു; പകൽ കുറഞ്ഞു. മാരിയുടേയും അന്ധകാരത്തിൻേറയും സരളസമ്മേളനത്തിൽ രാത്രി ഭയാനകമായിത്തീൎന്നു. ഇന്ദ്രവാഹനനിചയങ്ങളുടെ സംഘ

ട്ടനധ്വനി ആകാശത്തിൽ മാറെറാലിക്കൊണ്ടപ്പോൾ ജനനിമാർ സ്വശിശുക്കളെ മാറോടണച്ചുകൊണ്ടു ശയനഗൃഹങ്ങളെ അഭയം പ്രാപിച്ചു. കൂടക്കൂടെ മിന്നിക്കൊണ്ടിരുന്ന വിദ്യുല്ലതികകൾ മനുഷ്യന്റെ ഭോഗങ്ങൾ ക്ഷണപ്രഭാചഞ്ചലമാണെന്നു സൂചിപ്പിച്ചു. മാതാവിന്റെ സമീപത്തിൽനിന്നു തുള്ളിച്ചാടി ഓടുന്ന ഒരു കുട്ടിയെപ്പോലെ, ഇടവഴികളിൽ കൂടി മഴവെള്ളം അതിശീഘ്രം ഒഴുകിക്കൊണ്ടിരുന്നു.

• •

അക്കാലം പലദിനങ്ങളും സോമൻ തന്റെ മുറിയിൽ ഏകാകിയായി കഴിച്ചുകൂട്ടി. വാഗ്ദാനം ചെയ്തിരുന്നതുപോലെ അയാൾ ശ്യാമളയെ കാണുവാൻ പോകയോ, ശ്യാമള രഹസ്സിൽ ഇങ്ങോട്ടു വരുകയോ ഈ കഴിഞ്ഞ രണ്ടു മൂന്നു മാസമായി ഉണ്ടായിട്ടില്ല. വല്ലപ്പോഴും ക്ഷേത്രപരിസരങ്ങളിലോ മററുവല്ല സ്ഥലത്തോ വെച്ചു കണ്ടാൽ അവൾ അയാൾക്കല്ലാതെ വേറാക്കും കാണാൻ കഴിയാത്ത ഒരു പുഞ്ചിരിയോടും മന്ദാക്ഷത്തോടും കൂടി ഒരു മരാളത്തെപ്പോലെ ദ്രുതഗമനം ചെയ്യും. സോമനാകട്ടെ, ഇക്കാലമത്രയും നിരുത്സാഹനായാണ് കഴിച്ചുകൂട്ടിയതു്. തന്റെ പ്രേമധാമത്തെപ്പററിയുള്ള നിരന്തരചിന്തകൊണ്ടു് അയാൾ പ്രിയതരമായ മററു സവ്വും വിസ്മരിച്ചുകഴിഞ്ഞിരിക്കുന്നു. പാരായണത്തിൽ ഉന്മേഷമില്ല; കവിതയെഴുതുവാനുള്ള ആസക്തിയില്ല; ഒന്നിനും ഒരുജ്ജിതമില്ല. എപ്പോഴും ഒരേ ഒരു ചിന്ത. അയാളുടെ അന്തർനയനങ്ങൾക്കു മുമ്പിൽ ശ്യാമള ഹൃദയാവജ്ജകമായ ഒരു പാൽപ്പുഞ്ചിരി തൂകിക്കൊണ്ടു നിന്നിരുന്നു. പിന്നെങ്ങിനെയാണ് അയാൾക്കു തന്റെ ചിത്തം മറെറാരു സ്ഥാനത്തുറപ്പിക്കുവാൻ സാധിക്കുന്നതു്? ആകാശത്തിൽ, അത്യുന്നതസ്ഥാനത്തു പറന്നുകൊണ്ടിരിക്കുന്ന ഒരു പരുന്തിന്റെ ദൃഷ്ടിയിൽ അല്പം ആഹാരസാധനം പെട്ടുമ്പോൾ ആ പക്ഷീന്ദ്രൻ എപ്രകാരം അതിനെ ലക്ഷ്യമാക്കി വൃത്തത്തിൽ ചുററി ഭൂമിയിലേക്കു താഴുന്നുവോ, അതുപോലെയായിരുന്നു സോമസുന്ദരന്റെ അവസ്ഥയും. ഔന്നത്യംകൊണ്ടും മാഹാത്മ്യംകൊണ്ടും മനുഷ്യദൃഷ്ടിക്കതീതമായ ഒരു ക്ഷേത്രത്തെയായിരുന്നു ഏതൽപര്യന്തം അയാൾ അധിവസിച്ചിരുന്നതു്. എന്നാൽ

എപ്പോൾ അയാളുടെ മാംസചക്ഷുസ്സുകൾക്ക്, താഴെ ലോഭനീയമായ ഒരു വസ്തു വിഷയമായോ അപ്പോൾമുതൽ അയാളുടെ ചിത്തം അതിനു ചുററും ഭ്രമണം ചെയ്തുകൊണ്ടു ഭൂഭാഗത്തിലേക്കു താണു. ഈ ഏകചിന്തകൊണ്ടു തൻെറ ബുദ്ധിശക്തിക്കും വലിയ ലോപം തട്ടിക്കൊണ്ടിരിക്കുന്നതായി അയാൾക്കു തോന്നി. ഈ അവസ്ഥ വളരെ അസഹനീയമായിത്തീരുകയാൽ ഒരു ദിവസം അയാൾ അവൾക്കിങ്ങനെ ഒരെഴുത്തെഴുതി:—

"എൻെറ പ്രേമസർവ്വസ്വമേ;

ഞാൻ അവർണ്ണനീയമായ സങ്കടം അനുഭവിക്കുന്നു. ഒന്നിനും ഒരു ഉത്സാഹമില്ല. ഭവതിയോടു എനിക്കു തോന്നിയിട്ടുള്ള അനുരാഗം നിമിഷംപ്രതി എന്നപോലെ വളൎന്നു എൻെറ ഹൃദയത്തിൽ ഒതുങ്ങാതെയായിത്തീൎന്നിരിക്കുന്നു. എന്നാൽ ഇതിന്നൊരു പരിഹാരം എൻെറ മനസ്സിൽ ഇപ്പോൾ ഉദിച്ചിരിക്കുന്നു.

"നാളെ ഇവിടംവരെ ഒന്നു വന്നാൽ ഉത്തമം. ഞാൻ വഴിക്കു ഇവിടെ—കാവുങ്കൽ—ഉണ്ടായിരിക്കും. അധികം താമസിപ്പിക്കുകയില്ല. കാൽനാഴിക സംസാരിക്കാൻ സൌകൎയ്യം കിട്ടിയാൽ മതി."

കത്തു് അഞ്ചൽമാൎഗ്ഗം അയച്ചു. പിറേറ ദിവസം അഞ്ചൽശിപായി വല്യവീട്ടിലേക്കു പോകുന്നതു് അയാൾ കണ്ടു.

അന്നത്തെ സായംകാലം അത്യന്തം അസുഖപ്രദമായിരുന്നു ഒരു തണുത്ത കാററു് തരുപത്രങ്ങളെ അടിച്ചു പാറിക്കൊണ്ടു വീശി. അതിൻെറ സംസ്പൎശത്താൽ രോമങ്ങൾ തരിച്ചു. കാററു നിമിഷംപ്രതി വൎദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. സന്ധ്യാസമയത്തെ മയക്കത്തിൽ സോമൻ ശ്യാമളയെ പ്രതീക്ഷിച്ചുകൊണ്ടു് ചെടികൾക്കിടയിൽ മറഞ്ഞുനിന്നു.

അയാളുടെ പ്രതീക്ഷ അസ്ഥാനത്തിൽ കലാശിച്ചില്ല. അല്പം കഴിഞ്ഞപ്പോൾ ഒരു തരുണി അ സ്ഥലത്തേക്കു വരുന്നതു കണ്ടു. അവൾ ശ്യാമള തന്നെയായിരുന്നു. അ രു വിരഹികളായ രണ്ടു കാമിനീകാമുകന്മാരുടെ രഹസ്യസന്ദൎശനമായിരുന്നുവെന്നാരോടും പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്യാമള യുവാവിനെ തീരെ സമീപിക്കുവാൻ ധൈര്യപ്പെടാതെ അല്പം ഒഴിഞ്ഞുനിന്നു. മന്മഥപീഡിതനായ ഒരു ചെറുപ്പക്കാരൻ, തന്റെപ്രേയസിയുടെ സാന്നിദ്ധ്യത്തിൽ എന്തുതന്നെ ഗോഷ്ഠികൾ കാണിക്കുകയില്ല. ഈ സംഗതി പ്രായക്കൂട്ടതലുള്ള ആ യുവതി ഗ്രഹിച്ചിരുന്നു.

അയാൾ മുഖവുരയൊന്നും കൂടാതെ പാരവശ്യത്തോടുകൂടി അവളെ നോക്കിക്കൊണ്ടു പറഞ്ഞു: "എനിക്കിതു സഹിക്കുവാൻ വയ്യാ. എത്രനാളായി ഒന്നുകണ്ടിട്ടും, ഒരക്ഷരം സംസാരിച്ചിട്ടും! ഈ വിയോഗാവസ്ഥയിൽ പരം ദുസ്സഹമായി മററൊന്നുമില്ല. ഒന്നിനും ഒരുത്സാഹം തോന്നുന്നില്ല."

"മററെല്ലാത്തിലും ഭേദമാണെന്നു വിചാരിച്ച് ഞാൻ ഇതു സഹിച്ചുപോരുകയാണ്: അങ്ങയുടെ ഈ അലസത തീരെ അഭിലഷണീയമല്ല. ഇതിനു പ്രതിവിധിയായി ഒരു കാര്യം നിർദ്ദേശിക്കാമെന്നെഴുതിയതു കൊണ്ടാണ് ഞാൻ ഇത്ര പെട്ടെന്നിങ്ങോട്ടു വന്നത്." എന്ന് അവൾ സാവധാനം പറഞ്ഞു.

"എനിക്ക് ഒരു ജോലിചെയ്യുന്നതിനും തീരെ ആസക്തിയില്ല. ഞാനെന്താണ് ചെയ്യേണ്ടതു്? എന്നാൽ അതിൽ വേദനയൊട്ടുമില്ല. എന്തുകൊണ്ടെന്നാൽ ആ സമയമൊക്കെ ഭവതിയെപ്പററി ചിന്തിച്ചുകൊണ്ടിരിക്കയാണല്ലൊ. ആ ചിന്ത മററെല്ലാത്തിനേക്കാളും ആനന്ദപ്രദമായിരിക്കുന്നു. എന്നാൽ ഒരു കാര്യത്തിൽ എനിക്കു വളരെ വ്യസനമുണ്ട്. സമയം വെറുതേ കളയുക, അതു പോകട്ടെ, ഭവതിയുടെ സഹവാസസുഖമെങ്കിലും ലഭിക്കുന്നുണ്ടോ? കാണുവാനെങ്കിലും സാധിക്കുന്നുണ്ടോ? അതുമില്ല.

അവൾ ചോദിച്ചു "എന്നാൽ എന്താണതിനു ഒരു പരിഹാരം? എത്രതന്നെ ആലോചിച്ചിട്ടും എന്റെ ബുദ്ധിയിൽ ഒന്നും പെടുന്നില്ല."

സോമ്—"കാററ് അസഹ്യം. നമുക്കു മുറിയിൽ കയറി ഇരുന്നു സംസാരിക്കാം."

മുറിയിൽ പ്രവേശിച്ചിട്ട് അയാൾ ഒരു മെഴുകുതിരി കത്തിച്ച് ജന്നൽപടിയിൽ വെച്ചു.

"എനിക്ക് അഞ്ചുമിനിട്ടിൽ കൂടുതൽ ഇവിടെ താമസിക്കുവാൻ നിവൃത്തിയില്ല. അത്യാവശ്യസംഗതിയാണെന്നു വിചാരിച്ചാണ് ഞാൻ ഇപ്പോൾ വന്നത്. ആരെങ്കിലും നമ്മളെ ഒരുമിച്ചിവിടെ കണ്ടുവെങ്കിൽ പിന്നെ സഹിക്കാനിടയായേക്കാവുന്ന അപമാനത്തെപ്പററി ചിന്തിക്കുവാൻകൂടി വയ്യാ. എൻെറ പൊന്നല്ലേ, വേഗം പറയൂ. നാടുവിട്ടുപോകാനാണോ? അല്ലാതെ വേറെന്താണ്? അയ്യോ! അതു വളരെ ഭയങ്കരം! മൃത്യുപോലെ ഭയങ്കരം" എന്നു അവൾ അക്ഷമയായി പറഞ്ഞു.

സോമ—"ഇതാ കേട്ടുകൊള്ളുക. പക്ഷെ അതിനു മുമ്പൊരു സംഗതി പറയേണ്ടിയിരിക്കുന്നു. എൻെറ ഈ അലസതയ്ക്കും അസുഖത്തിനുമൊക്കെ കാരണം നമ്മുടെ ഈ വിരഹവും അതിനെത്തുടർന്നുള്ള ശങ്കയുമാകുന്നു. എൻെറ മുമ്പിൽ, കൈയെത്താവുന്ന ദൂരത്തിൽ, നില്ക്കുന്ന ഈ കനകക്കട്ടയെ വേറെ ആരെങ്കിലും അപഹരിച്ചുകൊണ്ടുപോകുമോ എന്നുള്ള ഭയം എന്നെ സർവ്വദാ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. അങ്ങിനെ സംഭവിച്ചാൽ ഞാൻ പിന്നെന്തിനു ജീവിച്ചിരിക്കുന്നു?"

ശ്യാമള—"എനിക്കും ചിലപ്പോൾ അങ്ങനെ തോന്നാറുണ്ട്. യാദൃച്ഛികമായി എന്തെങ്കിലും അപത്തു നേരിട്ടേക്കുമോ എന്നൊരു ഭീതി എന്നേയും ബാധിച്ചിരിക്കുന്നു."

സോമ—"ഇതൊക്കെ കയില്ല. ഈ വിധം കഴിഞ്ഞുകൂട്ടുവാൻ പ്രയാസം. ഈ ഭയവും പാരവശ്യവും സഹിച്ചു് സഹിച്ചു് ജീവിതം അവസാനിപ്പിക്കേണ്ട ആവശ്യം യാതൊന്നുമില്ല. അതിനുള്ള പ്രതിവിധി ഇതൊന്നുമാത്രമാണ്. നമ്മൾ തമ്മിലുള്ള വിവാഹം നടത്തുവാൻ അമാന്തിച്ചുകൂടാ."

ശ്യാമള ഒന്നു ഞെട്ടി. ചണ്ഡമാരുതൻെറ ഘോരാരവം അവളുടെ കർണ്ണപുടങ്ങളിൽ പതിച്ചു. അവൾ നിസ്സഹായയായി ഭിത്തിയിലേക്കു ചാഞ്ഞു.

സോമൻ തുടൎന്നു: "പരസ്യമായി വേണമെന്നില്ല. എന്നാലും ആ കൎമ്മം നിൎവ്വഹിക്കണം. എൻെറ ഇപ്പോഴത്തെ

സ്ഥിതിക്ക് എന്നെ വിവാഹം ചെയ്യുവാൻ ഭവതി സന്നദ്ധയാക യില്ലെന്ന് എനിക്കറിയാം. വിവാഹത്താൽ നമ്മുടെ ബന്ധം ദൃഢീകരിക്കുന്നതായാൽ ഭവതി എനിക്കും ഞാൻ ഭവതിക്കും നഷ്ടമാകയില്ല. പിന്നെ, സമാധാനത്തോടുകൂടി എനിക്കു, എൻെറ ജോലി നോക്കുകയും ചെയ്യാം."

ഇത്തരത്തിലുള്ള ഒരു ആലോചന അയാളുടെ മനസ്സിൽ കടന്നുകൂടിയിരിക്കുമെന്ന് അവൾ സ്വപ്നേപി വിചാരിച്ചിരുന്നില്ല. അയാളുടെ ആ കൌമാരപ്രകൃതി നിശ്ശേഷം വിട്ടുമാറിയിരിക്കുന്നു. വിവാഹാദി ഗൌരവതരമായ കാൎയ്യങ്ങളെക്കുറിച്ചു സംസാരിക്കത്തക്ക ധൈൎയ്യവും സാമൎത്ഥ്യവും അയാൾക്ക് ഇപ്പോൾ എവിടെ നിന്നുമുണ്ടായി എന്ന് അവൾ അതിശയിച്ചു. അപ്പോൾ അവളുടെ ഹൃദയത്തിൽ ഉണ്ടായ ക്ഷോഭം അവൎണ്ണനീയമായിരുന്നു. അത്, വെളിയിൽ ചീറിപ്പാഞ്ഞുകൊണ്ടിരുന്ന ഘോരവാതത്തേക്കാൾ ഘോരമായിരുന്നു. പെട്ടെന്നു തിരിച്ചുപോകണമെന്നുള്ള വിചാരംകൂടി അവൾ വിസ്മരിച്ചുപോയിരിക്കുന്നു.

ഹസ്തതലത്താൽ നയനങ്ങൾ മൂടിക്കൊണ്ട് അവൾ പറഞ്ഞു: "അതു കുറേ കടന്ന കൈയാണ് പാടില്ല. ഞാനൊരിക്കലും സമ്മതിക്കുകയില്ല."

"പിന്നെന്താണൊരുവഴി?" എന്ന് അയാൾ നിരാശയോടുകൂടി ചോദിച്ചു.

"ഒരു നിലയുണ്ടാകുന്നതുവരെ, കീൎത്തിമാനായിത്തീരുന്നതുവരെ, കാത്തിരിക്കുക"

"ശ്രമിക്കാതെ ഉയരാൻ എങ്ങനെ സാധിക്കും.? ഈ നിലയിൽ അതിനു യാതൊരു സൌകൎയ്യവുമില്ല താനും"

"ഒരു പേരുസമ്പാദിച്ചു കേമനാകുമ്പോൾ വിവാഹം ചെയ്യാൻ പിന്നെ യാതൊരു വൈമനസ്യവും പ്രദൎശിപ്പിക്കുകയില്ലെന്ന് ഞാൻ വാക്കുതന്നാൽ പോരേ?"

സോമൻ ഒരു നെടുവീൎപ്പോടുകൂടി പറഞ്ഞു. "കൊള്ളാം; അത് വളരെ എളുപ്പമാണോ? ഇന്നോ നാളെയോ സാധി

ക്കുന്ന കാൎയ്യമാണെങ്കിൽ വേണ്ടുകില്ലായിരുന്നു. ഭവതി വെറും വാഗ്ദാനം ചെയ്യുന്നതുകൊണ്ട് എൻെറ മനസ്സിന് പൂൎണ്ണസമാധാനം ലഭിക്കുമെന്നു തോന്നുന്നില്ല. ഏതെങ്കിലും കുഴപ്പം നേരിട്ടെങ്കിലോ എന്നൊരു ശങ്ക പിന്നെയും എന്നെ അലട്ടിക്കൊണ്ടിരിക്കും. ആ ദാരുണമായ വിചാരം എൻെറ ഉന്നമനത്തിനു ബാധകമായിത്തീരുമെന്നുള്ള കാൎയ്യത്തിനു സന്ദേഹമില്ല. ക്ഷമകൊണ്ടു എല്ലാ സംഗതിയും സാധിക്കാമെന്ന് മഹാന്മാർ പറയുന്നു. എന്നാൽ അനുരാഗവും ക്ഷമയും ബദ്ധവൈരികളാണ്. ക്ഷമിച്ചിരുന്നാൽ കാൎയ്യം പററുകയില്ല. ആണുങ്ങളാരെങ്കിലും തട്ടിക്കൊണ്ടുപോകും. പിന്നെ ഇളിഭ്യനായി നടക്കേണം"

"തക്കിച്ചു ജയിക്കുവാൻ പ്രയാസം" എന്ന് അവൾ നിസ്സഹായയായി പറഞ്ഞു.

സോമ—"ഇനി വേറെന്താണ് ഒരു വഴി? നാടുവിട്ടു വല്ല സ്ഥലത്തും പോയിത്താമസിക്കുകതന്നെ. എന്നാൽ പിന്നെ കുറച്ചു സമാധാനം ഉണ്ടായേക്കും."

അല്പം ആലോചിച്ചശേഷം, കാററുകൊണ്ടു അണയാറായ ദീപശിഖയെ നോക്കിക്കൊണ്ടു അവൾ പറഞ്ഞു: "വല്ല സ്ഥലത്തും പോയിത്താമസിക്കാമെന്നോ? കൊള്ളാം. നല്ല പ്ലാൻ. പിന്നെ എന്നെ മറന്നുകളയാമെന്ന് അല്ലെ? ഔഷധം രോഗത്തേക്കാൾ ഭയങ്കരം!"

"എന്നാൽ വിവാഹം നടക്കട്ടെ. അല്ലാതെ ഈ ഘട്ടത്തിൽ വേറൊരു വഴിയും ഞാൻ കാണുന്നില്ല. എന്നോട് അല്പ സ്നേഹമുണ്ടെങ്കിൽ അതിന് സമ്മതിക്കുക. എനിക്കല്പമെങ്കിലും ആശ്വാസമുണ്ടാകണമെങ്കിൽ—"

അയാളുടെ ദയനീയസ്വരം പ്രകൃതിയെ പ്രക്ഷോഭിപ്പിച്ചുകൊണ്ടിരുന്ന പ്രചണ്ഡമാരുതൻെറ ആക്രന്ദനത്തിൽ ലയിച്ചു. ദീപം പെട്ടെന്ന് അണഞ്ഞു. തീപ്പെട്ടി എടുക്കുവാൻ രണ്ടുപേരും ജന്നൽ പടിയിലേക്ക് കൈനീട്ടി. അപ്പോൾ അവരുടെ

കൈകൾകൂട്ടി മുട്ടുകയും ആ സംഘട്ടനത്തിൽ സംജാതമായ വൈദ്യുതദ്യുതിയുടെ പ്രകാശത്തിൽ അവർ പരസ്പരം കാണുകയും ചെയ്തു.

സോമൻ തുടന്നു—"ഈ ഏകാന്തതയിൽ, ഈ അന്ധകാരത്തിൽ, കിടന്നു ഉഴറണമെന്നാണോ ഭവതിയുടെ ആശ. എങ്കിൽ അങ്ങനെ നടക്കട്ടെ. എൻെറ ജീവിതം ഈ വിധം അവസാനിക്കട്ടെ."

ഉദ്വേഗത്തോടുകൂടി അയാളുടെ പ്രാണേശ്വരി അപേക്ഷിച്ചു. "അങ്ങനെ നിരാശപ്പെടരുത്. എന്നെപ്പററി എന്തെല്ലാം വേണമെങ്കിലും വിചാരിച്ചുകൊള്ളുക. ഞാൻ ബുദ്ധിയില്ലാത്തവളാണെന്നോ, ദയയില്ലാത്തവളാണെന്നോ, കഠിനഹൃദയയാണെന്നോ എന്തെങ്കിലും ധരിച്ചുകൊള്ളണം. എന്നാൽ എൻെറ സ്നേഹത്തെപ്പററി ശങ്കിക്കരുതെ!"

"ഒരിക്കലും സംശയിച്ചിട്ടില്ല. എന്നാൽ എന്നോട്ട് ഇത്ര വലിയ താൽപ്പര്യം തോന്നുന്നുവെങ്കിൽ നമുക്ക് രണ്ടുപേക്കും ഗുണകരമായ, ആ സംഗതിയിൽ ഭവതി എന്തുകൊണ്ട് യോജിക്കുന്നില്ല"

"ഞാൻ അതു സമ്മതിച്ചാൽ ഇപ്പഴത്തെപ്പോലെ, അന്യോന്യം കാണാതെ കഴിച്ചുകൂട്ടാമെന്ന് വാഗ്ദാനം ചെയ്യാമോ?"

"അതു സമ്മതിക്കുകയാണെങ്കിൽ മറെറന്തിനും ഞാൻ തയാർ. പിന്നെ ശങ്കയ്ക്ക് അവകാശമില്ലല്ലൊ"

ശ്യാമള—"വളരെ രഹസ്യമായിരിക്കണം. എന്നാൽ ഏതു വിധമാണ് വിവാഹകമ്മം നിവ്വഹിക്കുന്നത്? വേറൊരു മനുഷ്യനറിയാൻ പാടില്ല"

"അതിന് വഴിയുണ്ട്. പരിചയമില്ലാത്ത വല്ല സ്ഥലത്തും പോയി വിവാഹഉടമ്പടി രജിസ്റ്ററാക്കണം."

ശീതളമായ കാററ് അവരുടെ വികാരങ്ങളെ വിജൃംഭിപ്പിച്ചു. അവൾ ഭീതിയോടുകൂടിപ്പറഞ്ഞു. "ഞാൻ പോണു. എത്ര നേരമായി. വീട്ടിൽ അന്വേഷിക്കും. നാളെ വയ്യിട്ടുവരാം."

അയാളുടെ എഴുത്തു കിട്ടിയപ്പോൾ പല സംഗതികളും അവൾ അനുമാനിച്ചു. എന്നാൽ വിവാഹകാൎയ്യത്തെപ്പററി ധൈൎയ്യപൂൎവ്വം പ്രസ്താവിക്കുവാൻ അയാൾ സന്നദ്ധനാകുമെന്ന് അവൾ തീരെ വിചാരിച്ചിരുന്നില്ല. ഇപ്പോൾ അയാളുടെ സ്വഭാവത്തിനുതന്നെ ഒരു വലിയ വ്യത്യാസം ഉണ്ടായിരിക്കുന്നു. ആ സാധുമനുഷ്യൻ—കളവും പുളവുമൊന്നുമറിയാൻ പാടില്ലായിരുന്ന ആ കുമാരൻ—അനുരാഗ നിൎമ്മിതമായ കുടുക്കിൽ അകപ്പെട്ടുവലയുന്നു. പ്രണയമേ! നിൻെറ ശക്തി അവാച്യമായിരിക്കുന്നു. സമാധാനപൂൎവ്വം ജീവിച്ചിരുന്ന എത്രയെത്ര മനുഷ്യരെയാണ് നീ നിൻെറ ജാലത്തിനുള്ളിലാക്കി കണ്ടകാപ്രതമായ വനാന്തരത്തിൽകൂടി വലിച്ചിഴച്ചുകൊണ്ടു പോകുന്നത്. രമണീയമായ ഒരു ഉദ്യാനത്തിലേക്കാണ് നിൻെറ ഗമനമെന്ന് നീ ഉച്ചൈസ്തരം ഘോഷിക്കുന്നു. എന്നാൽ ആ ആരാമമെവിടെ? എത്രപേൎക്ക് അവിടെ എത്തുവാൻ സാധിച്ചിട്ടുണ്ട്. ആരെങ്കിലും ചെന്നുചേരുന്നുണ്ടെങ്കിൽ തന്നെ അവിടെ എത്തുമ്പോഴേക്ക് ഹൃദയതന്തുക്കൾ വിഘടിക്കുകയില്ലെ! നിൻെറ ചാപല്യങ്ങൾ കഷ്ടം! കഷ്ടം!

പിറേറദിവസം വയ്യിട്ടും ശ്യാമള കാവുങ്കലെത്തി. അവളും സോമനും കുറേനേരം ആലോചിച്ചു. ഒടുവിൽ, അടുത്തവാരത്തിൽ വിവാഹഉടമ്പടി തിരുവനന്തപുരത്തുവെച്ചുതന്നെ രജിസ്റ്റാക്കുവാൻ തീൎച്ചയാക്കി. താൻ നേരത്തേക്കൂട്ടി അങ്ങോട്ടുപോയി. അതിനും ശ്യാമള ചെല്ലുമ്പോൾ അവളുടെ താമസത്തിനും വേണ്ട ഏൎപ്പാടു ചെയ്തിട്ട് മടങ്ങി കൊല്ലത്തുവന്ന് അവളെ പ്രതീക്ഷിച്ചു നില്ക്കാമെന്ന് സോമൻ സമ്മതിച്ചു. അവർ തമ്മിൽ അന്ന് യാത്ര പറയുവാൻ ഭാവിച്ചപ്പോൾ ശ്യാമള കണ്ണുനീരൊലിപ്പിച്ചുകൊണ്ടു പറഞ്ഞു: "ഒരു കാൎയ്യം ഞാൻ അപേക്ഷിച്ചുകൊള്ളട്ടെ."

അയാൾ സസന്തോഷം സമ്മതിച്ചു.

ശ്യാമള "എനിക്കു വലിയ സംഭ്രമം തോന്നുന്നു. എൻെറ സ്ഥിതിയെപ്പററി അല്പമൊന്ന് ആലോചിച്ചുനോക്കുക. ഈ സംഗതി ആരേയും എൻെറ സമ്മതം കൂടാതെ അറിയിക്കുകയില്ലെന്ന് ഉറപ്പു പറയണം. എന്നുതന്നെയല്ല, എന്നോടു മുൻകൂട്ടി ആലോ

ചിക്കാതെ വല്യവീട്ടിൽ വരരുത്. സ്ത്രീകളുടെ ഭീരുത്വം പരിഹാസാർഹമായിരിക്കുന്നു, അല്ലേ? എന്തുചെയ്യാം"

സോമ—"പ്രിയേ, ഭവതി എന്നോട് ഈ സംഗതി ആരെയെങ്കിലും ധരിപ്പിക്കണമെന്ന് നിർബ്ബന്ധിച്ചാൽ തന്നെ ഞാൻ അത് സമ്മതിക്കുകയില്ല. ഇതാ, ഞാൻ പ്രതിജ്ഞ ചെയ്യുന്നു: 'ഭവതിയു'ടെ ഇഷ്ടത്തിന്നു വിപരീതമായി യാതൊന്നുംതന്നെ ചെയ്യുകയില്ലെന്ന്. എന്താ പോരേ? ഭവതിയെ എനിക്കു ലഭിക്കുമെന്ന് ഉറപ്പുവന്നാൽ പിന്നെ എത്രകാലം വേണമെങ്കിലും ഞാൻ ഇവിടെ ഏകാന്തവാസം അനുഷ്ഠിച്ചുകൊള്ളാം. ഒരുത്തരും ഞാൻ വിവാഹിതനാണെന്ന് ധരിക്കുവാൻ ഇടകൊടുക്കുമെന്ന് സംശയിക്കേണ്ടാ. തങ്കം, പണിക്കരുടെ വിധവയായി, പ്രാപഞ്ചികവിഷയങ്ങളിൽ വിരക്തയെന്ന മട്ടിൽ വീട്ടിനു വെളിയിലിറങ്ങാതെ കഴിച്ചുകൂട്ടുക."

നിഷ്കളങ്കഹൃദയരായ മനുഷ്യരെ, പ്രണയം എന്തെല്ലാം കള്ളവും കൌശലവുമാണ് പഠിപ്പിക്കുന്നത്!

---

## XVII

സോമസുന്ദരൻനായർ തിരുവനന്തപുരത്തേക്കു തിരിക്കുവാൻ നിശ്ചയിച്ചിരുന്ന ദിവസം രാവിലെ പതിവുപോലെ സൂര്യൻ തന്റെ ദിനകൃത്യങ്ങൾ ആരംഭിച്ചു. ഉഷസ്സ് ഒരു തങ്കവിളക്കുമെടുത്തുകൊണ്ട് മുന്നിൽ നടന്നു. അതിന്റെ പിന്നാലെ ഗിരികടകങ്ങൾ തരണം ചെയ്ത് അദ്ദേഹം പൂർവ്വാംബരസീമയിൽനിന്നും മെല്ലെ മെല്ലെ മേല്പോട്ടുയർന്നു. അനന്തരം ജനാലുകളുടെ അഴികൾക്കിടയിൽകൂടിയും മേല്പുരകളുടെ വിടവിൽകൂടിയും തന്റെ സുദീർഘങ്ങളായ കരങ്ങൾ കടത്തി സുഷുപ്തിയിൽ ലയിച്ചുകിടന്ന മനുഷ്യരെ ഉണർത്തി. മനുഷ്യനൊഴിച്ച് മറ്റെല്ലാം

ആ മോഹനമായ പ്രാതഃകാലത്തിൽ സോല്ലാസംവത്തിക്കുന്നു. ഉപവൻകിളികൾ തരുപത്രങ്ങളിലിരുന്നു് ഊഞ്ഞാലാടിക്കൊണ്ടു് പാട്ടുപാടിരസിച്ചു. വൃക്ഷങ്ങൾ ശിഖരങ്ങളാട്ടിക്കൊണ്ടു് വാസരനാഥന്നു് സ്വാഗതമരുളി. താർത്തെന്നൽ പൂങ്കുലകൊണ്ടു് ചാമരം വീശി. പുഷ്പങ്ങൾ തുമരന്ദം തൂവി. ആകാശം സ്വർണ്ണക്കുട പിടിച്ചു. എന്നാൽ മനുഷ്യജീവിമാത്രം ആ കർമ്മസാക്ഷിയുടെ ആഗമനത്തെ വിഗണിച്ചു, ആലസ്യം പൂണ്ടു കിടക്കുന്നു.

അന്നു സോമസുന്ദരൻ പതിവിനുമുമ്പേ എഴുന്നേററു. അനന്തരം ക്ഷേത്രത്തിൽപോയി കുളികഴിഞ്ഞു് ദേവിയോടു പ്രാത്ഥിച്ചു: "ദേവി, മഹാമായേ: എല്ലാം ശുഭമായിക്കലാശിക്കാൻ അനുഗ്രഹിക്കണേ!"

അന്നുരാത്രിയിലെ ബോട്ടിലാണു് അയാൾ പോകുവാൻ നിശ്ചയിച്ചിരുന്നതു്. പകൽ മുഴുവൻ തള്ളിനീക്കണം. ഒന്നു രണ്ടു പുസ്തകങ്ങളെടുത്തു് അല്പം വായിച്ചു. പിന്നീടു് സ്വല്പനേരം ഓടക്കുഴലെടുത്തു് രണ്ടു മൂന്നു പ്രണയഗീതങ്ങൾ പാടി. ആ ഗീതങ്ങളൊന്നും തന്നെ, അയാളുടെ ഹൃദയതന്തുക്കളിൽ അദൃശ്യമായ ഒരു അംഗുലി അലാപിച്ചുകൊണ്ടിരുന്ന സ്വർഗ്ഗീയമൃദുലവും നിർവികല്പാനന്ദപ്രദവുമായ ഗാനത്തോടൊരിക്കലും കിടപിടിച്ചില്ല. സ്ത്രീ പുരുഷന്മാർ തമ്മിലുണ്ടാകുന്ന പ്രേമത്തെപ്പററി പല വലിയ കവികളും ധാരാളമെഴുതിയിട്ടുണ്ടു്. എന്നാൽ അതിനേയൊക്കെക്കാൾ സ്വാരസ്യത്തോടുകൂടി ആ വിഷയത്തെ പുരസ്കരിച്ചു് കവിത എഴുതുവാൻ തനിക്കു കഴിയുമെന്നു് അയാൾ ഇപ്പോൾ സ്വയം അഭിമാനിച്ചു.

അന്നു് ഉച്ചതിരിഞ്ഞപ്പോൾ പോസ്റ്റ്പ്യൂൺ രണ്ടെഴുത്തു് കൊണ്ടുവന്നു് അയാളുടെ കൈയിൽ കൊടുത്തു. അയാൾക്കു് പോസ്റ്റിൽ എഴുത്തുവരുക സാധാരണമല്ലായിരുന്നു. അതിനാൽ അയാൾ കവർ തിരിച്ചും മറിച്ചും നോക്കി. ഒന്നിന്റെ പുറത്തു് 'സൺ ഇൻഷൂറൻസ് കമ്പിനി' എന്നു ഇംഗ്ലീഷിൽ മുദ്ര അടിച്ചിട്ടുണ്ടായിരുന്നു. അയാൾ അത്ഭുതത്തോടുകൂടി കവർ പൊട്ടിച്ചു് ഉള്ളിലുണ്ടായിരുന്ന ഒരു ചെറിയ കടലാസ് നിവത്തു വായിച്ചു.

അതു് 'സൺ ഇൻഷൂറൻസ്' കമ്പിനിക്കാർതന്നെ അയാൾക്കു് അയച്ചതായിരുന്നു. എഴുത്തിൻെറ ചുരുക്കം ഇതാണു്:—

"സോമസുന്ദരൻനായരുടെ അമ്മാവൻ മരിച്ചുപോയിരുന്നു. അയാൾ കമ്പിനിയിൽ ചേൎന്നിട്ടുണ്ടായിരുന്നു. കമ്പിനിക്കാർ, അയാൾ അടച്ചിരുന്ന ഇരുപത്തയ്യായിരം രൂപാ അയാൾ നിശ്ച യിക്കുന്ന അവകാശിക്കു അയാളുടെ മരണശേഷം കൊടുക്കുവാൻ നിർബ്ബന്ധിതരാണു്. വേലുപ്പിള്ളയുടെ (അമ്മാവൻെറ പേർ) മരണപത്രം അനുസരിച്ചു്, ൨൫ വവസ്സിനുമുമ്പേ വിവാഹം ചെ യ്യാത്തപക്ഷം ആ തുക മുഴുവൻ സോമനു ചെല്ലേണ്ടതാകുന്നു".

ഈ വിവരം അവർ സോമസുന്ദരൻനായരെ ധരിപ്പിക്കു വാനാണു് എഴുത്തയച്ചതു്.

ഈ മാതുലൻ ഒരു നൂതനസൃഷ്ടിയായി സോമനു തോന്നി. അയാൾ നാടുവിട്ടുപോയിട്ടു് വളരെക്കാലം കഴിഞ്ഞു. സോമൻ അന്നു് ഒരു വെറും കുഞ്ഞായിരുന്നു. അതിൽ പിന്നീടു് ആ മനു ഷ്യനെപ്പററി യാതൊന്നും കേട്ടിട്ടുമില്ല.

ആശ്ചര്യപരതന്ത്രനായി അയാൾ മറേറക്കവർ പൊട്ടിച്ചു. അതു് അമ്മാവൻ മരിക്കുന്നതിനു മുമ്പേ, അയാൾക്കെഴുതിവെച്ച തായിരുന്നു. ജീവിതകാലത്തിൽ ഒരിക്കൽ പോലും തൻെറ അന ന്തരവനെ കാണുവാൻ ആഗ്രഹിച്ചിട്ടില്ലാത്ത ആ അമ്മാവൻെറ കത്തു് അയാൾ ഉൽക്കണ്ഠയോടുകൂടി വായിച്ചു:—

"പ്രിയപ്പെട്ട സോമസുന്ദരാ,

ഈ എഴുത്തു കാണുമ്പോൾ നീ അത്ഭുതപ്പെട്ടേക്കാം. നിന്നെ ഒരിക്കലെങ്കിലും കണ്ടിട്ടില്ലാത്ത ഒരാളുടെ എഴുത്താണിതു്. ഇതു നിൻെറ കൈയിൽ കിട്ടുമ്പോഴേയ്ക്കും ഞാൻ ഈ ലോകത്തോടു് അ വസാനയാത്ര പറഞ്ഞു പൊയ്ക്കഴിയും. നിന്നെക്കാണാൻ സാധി ക്കാഞ്ഞതു് എൻെറ കുററം കൊണ്ടായിരിക്കാം. എന്നാൽ അവക വിചാരം കൊണ്ടൊന്നും ഇപ്പോൾ ഒരു പ്രയോജനവുമില്ലല്ലൊ. അന്നു് അമ്മാവൻ എന്നെ അട്ടിപ്പായിച്ച ആ ദുൎഭാവഹമായ— അല്ലെങ്കിൽ എന്തിനതൊക്കെ ഓൎമ്മിക്കുന്നു? ഭൂതകാലസംഭവങ്ങ

ളെ സ്മരിച്ച് പാരുഷ്യജനകമായ ഒരു കത്തെഴുതണമെന്നുള്ളതല്ല എൻെറ ഉദ്ദേശം. മൃത്യുപദം പ്രാപിക്കാറായ ഞാൻ ആ വക സംഗതികളെപ്പററി എന്തിനു ചിന്തിക്കുന്നു?

“നിന്നെപ്പററി ഏതാനും മാസങ്ങൾക്കുമുമ്പു ഞാൻ യദൃച്ഛയാ കേൾക്കുന്നതിന്നിടയായി. നിനക്കു പഠിക്കുവാൻ വളരെ സാമൎത്ഥ്യമുണ്ടെന്നും സാഹിത്യത്തിൽ വലിയ അഭിരുചിയുണ്ടെന്നും ഞാൻ അറിഞ്ഞു. നിൻെറ കവിതയെപ്പററിയുള്ള അഭിപ്രായങ്ങൾ ഞാൻ നാട്ടിൽനിന്നും വരുന്ന പത്രങ്ങളിൽ വായിക്കുകയും ചെയ്തു. ഇതെല്ലാം എനിക്കു വളരെ സന്തോഷപ്രദമായിരുന്നു. നീ എന്നെങ്കിലും പ്രശസ്തനായിത്തീരാതിരിക്കുകയില്ല എന്നൊരു വിചാരം എൻെറ മനസ്സിൽ ഉദിച്ചു. എന്നാൽ വെറും കേൾവിയെ മാത്രം വിശ്വസിക്കുന്നതിനു ഞാൻ സന്നദ്ധനായില്ല. നിന്നെപ്പററി പിന്നെ വേണ്ട അന്വേഷണം നടത്തി. അപ്പോൾ താഴെപ്പറയുന്ന സംഗതികൾ ഗ്രഹിക്കുവാൻ ഇടയായി.

“നീ ബുദ്ധിമാനാണ്; പഠിത്തത്തിൽ വളരെ സമൎത്ഥനാണ്. നിനക്കു സാഹിത്യത്തിൽ അസാമാന്യമായ വാസനയുണ്ട്. സാധാരണ ചെറുപ്പക്കാൎക്കുള്ള ദോഷങ്ങളൊന്നും നിന്നെ ബാധിച്ചിട്ടില്ല. ഇത്രയും നിനക്കു അനുകൂലമായ സംഗതികളാണ്.

“എന്നാൽ നിനക്കു ബുദ്ധിമുട്ടു കൂടാതെ പഠിക്കുവാൻ പണമില്ല. നിൻെറ ശ്രേയസ്സിന് ഒരു സ്ത്രീബാധകമായിത്തീൎന്നിരിക്കുന്നു.

“ഇതിൽ ആദ്യത്തെ സംഗതിയിൽ നീയല്ല കുററക്കാരൻ. നിനക്ക് പണമുണ്ടാക്കുവാനുള്ള പ്രായമായില്ല. നിൎദ്ധനരായ മാതാപിതാക്കൾക്ക് കുട്ടികളുണ്ടായാൽ ഇതു തന്നെയാണ് ഗതി.

“നിൻെറ ഇപ്പഴത്തെ സ്ഥിതിയെ പരിഗണിച്ചും നിനക്ക് കീൎത്തിയും ശ്രേയസ്സുമുണ്ടാകണമെന്ന് അനുഗ്രഹിച്ചും ഞാൻ താഴെപ്പറയുന്ന വ്യവസ്ഥകൾ ചെയ്തിരിക്കുന്നു.

“ഞാൻ നിശ്ചയിക്കുന്ന ആളിന് എൻെറ മരണാനന്തരം ‘സൺഇൻഷുറൻസു’കമ്പിനിക്കാർ കൊടുക്കുവാൻ ബാദ്ധ്യതപ്പെ

ട്ടിട്ടുള്ള ൨൫000 ബ്രി. രൂപയും എന്റെ മരണപത്രിക അനുസരിച്ചു്, ഇരുപത്തിയഞ്ചുവയസ്സു തികയുന്ന ദിവസം നിനക്കു കിട്ടുന്നതാണു്. ആ തുകയുടെ പലിശ യഥാകാലംവാങ്ങി നീ നിന്റെ അവശ്യങ്ങൾ നിറവേററിക്കൊള്ളണം. എന്നാൽ ഒരു കാൎയ്യം ഞാൻ അതിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടു്. ഇരുപത്തഞ്ചു വയസ്സുതികയുന്നതിനു മുമ്പേ നീ വിവാഹം ചെയ്യുന്നതായാൽ മുതലിലാകട്ടെ, പലിശയിലാകട്ടെ ഒരു ചില്ലിക്കാശുപോലും വാങ്ങിക്കുവാൻ നിനക്കു് അവകാശമില്ലാത്തതാകുന്നു.

"ഈ ദാനത്തിന്റെ പ്രധാന ഉദ്ദേശം നീ ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്യണമെന്നുള്ളതാണു്. പാശ്ചാത്യസൎവ്വകലാശാലകളിൽ പോയി പഠിച്ചു നീ ഉന്നതബിരുദങ്ങൾ നേടി പ്രശസ്തനാകേണമെന്നാണു് എന്റെ അഭിലാഷം.

"ഇനി എനിക്കു നിന്നെ അല്പം ഗുണദോഷിക്കാനുണ്ടു്. എന്നാൽ വാസ്തവത്തിൽ ഞാൻ അതിനു പ്രാപ്തനല്ലെന്നു എനിക്കറിയാം. നീ അവിവേകമായി ഒന്നും പ്രവൎത്തിക്കരുതെന്നാണു് ഞാൻ പറയുന്നതു്. പെട്ടെന്നുണ്ടാകുന്ന വികാരത്താൽ പ്രേരിതരായി യുവാക്കന്മാർ എന്തുചെയ്യുന്നതിനും മടികാണിക്കാറില്ല. നിന്റെ വിദ്യാഭ്യാസം പൂൎത്തിയാക്കി ഒരു നല്ല സ്ഥാനത്തു് എത്തേണമെന്നു് നിനക്കു് ആഗ്രഹമുണ്ടെങ്കിൽ—നിന്റെ പരിശ്രമങ്ങൾക്കു് ഒരു നല്ല ഫലമുണ്ടാകേണമെന്നു് നിനക്കു് മോഹമുണ്ടെങ്കിൽ—നീ കാമിനീവൎഗ്ഗത്തെ സമീപിക്കാതിരിക്കുക. അവർ നിന്റെ ആരോഗ്യത്തേയും ബുദ്ധിയേയും ഒരുപോലെ നശിപ്പിക്കും. നിന്റെ അനുരാഗപാത്രമായ ആ യുവതിയെ ഈ എഴുത്തു വായിക്കുന്ന ആ നിമിഷംമുതൽ നീ മനസ്സിൽനിന്നും ബഹിഷ്കരിക്കണം എന്നു ഞാൻ പ്രത്യേകിച്ചു നിന്നോടു ഗുണദോഷിക്കുന്നു, ഒരു വിദ്യാൎത്ഥി ബ്രഹ്മചാരിയായിരിക്കണം എന്നു് നമ്മുടെ ഋഷികൾ നിൎബ്ബന്ധിക്കുന്നു. ശാസ്ത്രജ്ഞന്മാരും അങ്ങനെതന്നെ പറയുന്നു.

"അവളുടെ,—നീ സ്നേഹിക്കുന്ന ആ സ്ത്രീയുടെ—സ്വഭാവത്തെ അപലപിക്കുവാൻ ഞാൻ ഒരുങ്ങുന്നില്ല, അവൾ ഒരു കുലീ

നയായിരിക്കാം; ഗുണവതിയും ധീമതിയും ആയിരിക്കാം. അല്ലെന്നാരുപറയുന്നു?

"എന്നാൽ നിനക്ക് അവളുടെ പേരിലുള്ള സ്നേഹത്തെ തുടൎന്നുകൊണ്ടു പോകുന്നതിന് അനുവദിക്കാൻ പാടില്ലാത്തവണ്ണം ചില ദോഷങ്ങൾ അവൾക്കുണ്ടു്:—

"ഒന്നാമതു പ്രായത്തിൽ നിങ്ങൾ രണ്ടുപേരും യോജിക്കുകയില്ല. അവൾക്കു നിന്നേക്കാൾ വയസ്സു വളരെ കൂടുതലുണ്ടു്.

"അതെ, വയസ്സു കൂടുതലുണ്ടു്" എന്നു സോമൻ നീരസഭാവത്തിൽ ആവൎത്തിച്ചു.

"രണ്ടാമതു് അവൾ വിധവയാണ്. നമ്മൾക്കു വിധവാവിവാഹം വിരോധിച്ചിട്ടില്ലെങ്കിലും ൨൦ വയസ്സു പ്രായമുള്ള ഒരാൾ മുപ്പതു വയസ്സുള്ള ഒരു വിധവയെ കല്യാണം കഴിക്കുന്നതു് ഒട്ടും അശാസ്യമല്ലതന്നെ.

"മൂന്നാമതു് അവൾ നിൎദ്ധനയാണ്. ഇതിലെല്ലാം ഉപരിയായി എനിക്ക് അവളെക്കുറിച്ചു് നല്ല അഭിപ്രായവുമില്ല. തങ്ങളേക്കാൾ പ്രായംകുറഞ്ഞ ചെറുപ്പക്കാരുടെ അടുത്തുകൂടി അവരെ വട്ടം കറക്കുന്ന യാതൊരു സ്ത്രീയേക്കുറിച്ചും എനിക്കു നല്ല അഭിപ്രായമില്ല. നിന്നെ സ്നേഹിക്കുന്നതിനു സന്നദ്ധയായ അവൾക്ക് വിവേകവും വിശേഷജ്ഞാനവും തീരെയില്ലെന്നുള്ള കാൎയ്യം നിസ്സന്ദേഹമാണ്. നീ വളരെ ചെറുപ്പം; നിൎദ്ധനൻ; നിനക്കു വലിയ സ്ഥാനമാനമൊന്നുമില്ല. ഈ സ്ഥിതിക്കു നിന്നെ വശീകരിക്കുവാൻ മടിക്കാത്ത ആ സ്ത്രീക്കു അന്തസ്സും അഭിമാനവും തീരെയില്ലെന്നു ഞാൻ പറയുന്നു. 'തന്റെ സമ്പൎക്കം നിനക്കു ദോഷകരമായി പരിണമിക്കും' എന്നു് അറിവാനുള്ള പ്രായം അവൾക്കുണ്ടു്. നിങ്ങളുടെ വിവാഹം പരിഹാസയോഗ്യമായിരിക്കുമെന്നുള്ളതിന് യാതൊരു വിവാദവുമില്ല.

"മാനവും മൎയ്യാദയും സത്യവുമുള്ള ഒരു സ്ത്രീ നിന്നേപ്പോലുള്ള ഒരു യുവാവിന്റെ പുരോഗതിക്ക് ഒരു വിഘ്നമായി നില്ക്കുകയില്ല. എന്നാൽ അവൾക്കും ഈ വിചാരം, കാണാതിരിക്കുകയില്ലെന്നു് ഞാൻ അനുമാനിക്കുന്നു.

"നിന്നെ സഹായിക്കണമെന്ന് നിഷ്കപടമായ ആഗ്രഹം അവൾക്കുണ്ടെങ്കിൽ അവൾ നിൻെറ മാൎഗ്ഗത്തിൽ നിന്നും മാറി നില്ക്കട്ടെ. എന്നാൽ താൻനിമിത്തം നിനക്ക് ഗുണത്തിനല്ലാതെ ദോഷത്തിനൊന്നും വകയില്ലെന്ന് അവൾ വിചാരിക്കുന്നുണ്ടായിരിക്കാം. എന്തൊക്കെയായാലും അവൾ ഈ ചെയ്യുന്നത് ആക്ഷേപാൎഹമാണ്. അവൾ, ഒരു കുട്ടിയുടെ ജീവിതം നിരുപയോഗമായി നശിപ്പിക്കുവാൻ തുടങ്ങുകയാണ്. പാട്ടുപാടി രസിപ്പിക്കുവാനല്ലാതെ ഗൌരവതരമായ യാതൊരു സംഗതിയിലും സ്ത്രീ പുരുഷനു സഹായമായിത്തീരുമെന്ന് വിചാരിക്കേണ്ടാ. സ്ത്രീകൾക്കുള്ളതുപോലെ സ്വാൎത്ഥതൽപ്പരത ലോകത്തിൽ മററൊരു ജീവിക്കുമില്ല. അവരുടെ കാൎയ്യംനേടാൻ ആരെ വലയ്ക്കുന്നതിനും അവർ ലേശംപോലും ശങ്കിക്കുന്നില്ല. ഇതെല്ലാം വേണ്ടുവോളം ലോകപരിചയം ലഭിച്ചിട്ടുള്ള ഒരാളുടെ അഭിപ്രായമാണെന്ന് ധരിക്കുക.

"ഇത് വെറും അസംബന്ധം" എന്ന് സോമൻ ആത്മഗതം ചെയ്തു.

"ഇത് നിന്നോട്ട് അവൾ ചെയ്യുന്ന ഒരു വലിയ അപരാധമാണ്. ഒരു പുരുഷനിൽ ലീനമായിരിക്കുന്ന വികാരങ്ങളെ അവൻെറ ബുദ്ധിപക്വമാകുന്നതിനു മുമ്പേ തട്ടിയുണൎത്തി അവൻെറ ഭാവിശ്രേയസ്സിനെതടയുക, എന്നുള്ളത് അത്യന്തം ജുഗുപ്സാവഹമായിരിക്കുന്നു. ഏതൊരു നാരി ഈവിധം പ്രവൎത്തിക്കുന്നുവോ അവൾ ഈ ലോകത്തിലല്ലെങ്കിൽ, ദൈവസന്നിധിയിൽ ശിക്ഷാൎഹയായിരിക്കും, സംശയമില്ല. നല്ല സാമൎത്ഥ്യവും ബുദ്ധിശക്തിയുമുള്ള എത്രയെത്ര യുവാക്കന്മാരുടെ ജീവിതത്തെയാണ് ജഗദീശ്വരാ, ഈ ജാതിക്കാർ നശിപ്പിച്ചിട്ടുള്ളത്! എനിക്കു നിവൃത്തിയുണ്ടായിരുന്നെങ്കിൽ പതിനെട്ടു വയസ്സിനും ഇരുപത്തിനാലുവയസ്സിനും മദ്ധ്യേയുള്ള ചെറുപ്പക്കാരേ വനിതാവൎഗ്ഗത്തിൻെറ സമീപത്തുപോലും പോകുവാൻ അനുവദിക്കുകയില്ലായിരുന്നു.

"കണ്ടാൽ അല്പം അഴകുള്ള ഒരു പെണ്ണിൻെറ മണമേററാൽ മതി, പുരുഷൻെറ മട്ടുമാറി. അവളുടെ ചഞ്ചലാപാംഗങ്ങൾ

കൊണ്ടുള്ള വീക്ഷണം അവൻെറ ദൃഷ്ടികളെ ശ്രേഷ്ഠങ്ങളായ രംഗങ്ങളിൽനിന്നും വിരമിപ്പിക്കുന്നു. അവൻെറ ശ്രോത്രേന്ദ്രിയങ്ങൾ അവളുടെ സംഭാഷണശ്രവണത്തിൽ താൽപ്പര്യം പ്രദർശിപ്പിക്കുന്നു; നാസികാരന്ധ്രങ്ങൾ അവളുടെ ശ്വാസത്തെ ഘ്രാണിക്കുവാൻ അഗ്രഹിക്കുന്നു; അംഗുലികൾ അവളുടെ അംഗസ്പർശസുഖം അനുഭവിക്കുവാൻ കൊതിക്കുന്നു. പുരുഷൻ, എന്ന് സ്ത്രീയുടെ വലയിൽ അകപ്പെട്ടുനുവോ അന്നുമുതൽ പ്രവൃത്തിവിമുഖനാകുന്നു; അന്നുമുതൽ അവൻ അധഃപതിക്കുന്നു.

"പ്രിയപ്പെട്ട കുട്ടീ, ഈ വിധം യുവാക്കന്മാരുടെ ഹൃദയനാളത്തിൽ, തേന്മാവിൽ ഇത്തിൾ പോലെ, പററിക്കൂടി ജീവനെ അല്പാല്പമായി ഭക്ഷിച്ചു നശിപ്പിക്കുന്ന സ്ത്രീയുടെ ബന്ധത്തിൽ ബുദ്ധിയും മനസ്സും പകാമാകുന്നതിനു മുമ്പേ ഏപ്പെട്ട നിൻെറ ജീവിതം തുലയ്ക്കരുതെന്ന് ഞാൻ നിന്നോട്ട് ഉപദേശിക്കുന്നു.

"ഇതിൽകൂടുതലൊന്നും നിന്നോടു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇനി നിൻെറ ഇഷ്ടംപോലെ ചെയ്യുക. അവനവൻെറ ഭാഗ്യം അവനവനെത്തന്നെ ആശ്രയിച്ചിരിക്കുന്നുവെന്ന് സദാ ഓർമ്മിച്ചുകൊള്ളണം.

എന്ന്,

നിൻെറ അഭ്യുദയകാംക്ഷിയായ അമ്മാവൻ

കെ. വേലുപ്പിള്ള,

സിംഗപ്പൂർ."

ഈ മാതുലൻ ഒരു അവിവാഹിതൻ ആയിരുന്നു. സ്ത്രീവർഗ്ഗത്തിൽ തീരെ വിശ്വാസമില്ലാത്ത ആ മനുഷ്യൻെറ ഈദൃശമായ അഭിപ്രായം സ്വീകരിക്കുവാൻ അധികമാളുകൾ കാണുകയില്ലെന്നു പറയേണ്ടതില്ലല്ലോ.

അയാളുടെ അഭിപ്രായത്തേയോ ആദർശത്തേയോ പററി ചിന്തിക്കുവാൻ സോമൻ ഒരുങ്ങിയില്ല. അത് യുവാവിൻെറ

ചിത്തത്തെ ലേശംപോലും ചലിപ്പിച്ചില്ല. എന്നാൽ ആ മരണപത്രത്തിലെ വ്യവസ്ഥകൾ സോമനെ വല്ലാതെ അന്ധാളിപ്പിച്ചു.

ഈ കഠിനമായ വ്യവസ്ഥകൾകൊണ്ടു് വല്ല ഗുണവും അയാൾക്കു ലഭിക്കുമോ എന്നുള്ള സംഗതി സംശയാസ്പദമാണു്. കുറച്ചുമുൻകൂട്ടിയാണു് ഈ കാര്യം അയാൾ അറിയാൻ ഇടയായിരുന്നതെങ്കിൽ സോമൻ അമ്മാവന്റെ ആത്മാവിനുവേണ്ടി മനഃപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടു് ആ ദാനം സ്വീകരിക്കുമായിരുന്നു. ഒരു രണ്ടുമാസംമുമ്പെ ഈ കത്തു് അയാൾക്കു കിട്ടിയിരുന്നെങ്കിൽ തന്റെ സാഹിത്യസാമ്രാജ്യത്തിലേക്കുതന്നെ അയാൾ വീണ്ടും ഉയരുമായിരുന്നു. അന്നു് അയാൾ അവിടെനിന്നും അവരോഹണംചെയ്തുതുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളു. അയാളുടെ ഹൃദയക്ഷേത്രത്തിൽ വിഹരിച്ചുകൊണ്ടിരുന്ന ആ മോഹനഗാത്രിയെ വിസ്മരിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ എല്ലാം മംഗളമായി കലാശിക്കുമായിരുന്നു. കീർത്തിയും ലക്ഷ്മിയും അയാളുടെ പടിവാതുക്കൽ അയാളെ പ്രതീക്ഷിച്ചുകൊണ്ടു നില്ക്കുന്നു. എന്നാൽഅയാളാകട്ടെ, ഇപ്പോൾ ആ വഴിക്കു തിരിഞ്ഞു നോക്കുന്നതുപോലുമില്ല. ഇതുപോലൊരു സംഗതി അയാൾ സ്വപ്നത്തിൽകൂടി വിചാരിച്ചിരുന്നില്ല. എങ്കിൽ മറെറാന്നിനും ഇടകൊടുക്കുകയില്ലായിരുന്നു. അയാളുടെ നയനങ്ങൾക്കുമുമ്പിൽ തൂങ്ങിക്കിടന്നിരുന്ന ആ ചിത്രം — മനോഹരമായ ഒരു ഭാവിയെ സുവർണ്ണലിപികളാൽ അങ്കിതപ്പെടുത്തിയിട്ടുള്ള ആ ചിത്രം — അസ്തമനവേളയിൽ ചക്രവാളരേഖയ്ക്കുമുകളിൽ കാണുന്ന പാടലവർണ്ണംപോലെ ആകർഷണീയമായിരുന്നു. ശോഭനവും കാമ്യവുമായ ഒരു ഭാവി, കാർമേഘഖണ്ഡങ്ങളുടെ നടുക്കു് മിന്നിക്കൊണ്ടിരുന്ന ഒരു നക്ഷത്രംപോലെ, സ്വല്പനേരം തെളിഞ്ഞു കണ്ടു. എന്നാൽ ഒരു ഞൊടിക്കിടയിൽഅതു തിരോധാനം ചെയ്തുകഴിഞ്ഞു. ലോകം, പിന്നെയും, പഴയപോലെ പ്രത്യക്ഷമായി.

അന്നുരാത്രിതന്നെ സോമൻ തിരുവനന്തപുരത്തേക്കുതിരിച്ചു. എന്നാൽ മുമ്പിലത്തെപ്പോലെ ഒരു ഉന്മേഷം അയാളുടെ വദനത്തിൽ പ്രസരിക്കുന്നില്ല.

പട്ടണപ്രാന്തത്തിൽ പ്രവേശിച്ചതോടുകൂടി ആ മ്ലാനത ഒട്ടുമാറി. എന്നുതന്നെയല്ല, അയാളുടെ ഹൃദയസിംഹാസനത്തിൽ, പ്രേമഭാജനമായ ആ രാജരാജേശ്വരി സാനന്ദം വിശ്രമിക്കുവാനും തുടങ്ങി.

———

# XVIII

മുമ്പു് നിശ്ചയിച്ചിരുന്നതുപോലെ, സോമൻപോയി രണ്ടുദിവസം കഴിഞ്ഞപ്പോൾ ശ്യാമളയുംതിരുവനന്തപുരത്തേക്കു തിരിച്ചു. കൂടെ ഒരു വാല്യക്കാരനും ഉണ്ടായിരുന്നു. എങ്ങോട്ടാണു് പോകുന്നതെന്നു് അവൾ ആരോടും പറഞ്ഞിട്ടില്ലായിരുന്നു. വാല്യക്കാരൻ ഇല്ലായിരുന്നെങ്കിൽത്തന്നെ അവൾക്കു തനിയേ സഞ്ചരിക്കുവാൻ ഭയം കാണുമായിരുന്നില്ല. തിരുവനന്തപുരത്തു പഠിച്ചുകൊണ്ടിരുന്നപ്പോൾ അവൾ തന്നെത്താനല്ലേ യാത്ര ചെയ്തുകൊണ്ടിരുന്നതു്?

രാത്രിബോട്ടിലാണു തിരിച്ചതു്. നേരം പ്രഭാതമാകുന്നതിനുമുമ്പേ കൊല്ലത്തിറങ്ങി. സോമൻ ബോട്ടുജട്ടിയിൽ നിൽപുണ്ടായിരുന്നു. അവർ മൂന്നുപേരുംകൂടി ബസ്സിൽ കയറി തിരുവനന്തപുരത്തേക്കു തിരിച്ചു.

ബസ്സിൽവച്ചു് അവർതമ്മിൽ അധികമൊന്നും സംസാരിച്ചില്ല. പത്തു മണിക്കുമുമ്പേ തിരുവനന്തപുരത്തെത്തി. സോമസുന്ദരൻ കുന്നുകുഴിയിൽ ഏർപ്പാടുചെയ്തിട്ടിരുന്ന കെട്ടിടത്തിലേക്കു അവർ നേരേപോയി.

അന്നു വൈകിട്ടു് ഭൃത്യൻ കാഴ്ചബംഗ്ലാവു് കാണുവാൻ ഇറങ്ങി. ആ സന്ദർഭംനോക്കി സോമൻ രജിസ്ട്രാരെക്കൂട്ടിക്കൊണ്ടുവന്നു. ഉടമ്പടിയൊക്കെ നേരത്തേ എഴുതിവെച്ചിരുന്നു.

“നിങ്ങൾ സോമസുന്ദരൻനായരെ വിവാഹം ചെയ്യുവാൻ പൂർണ്ണമായി സമ്മതിക്കുന്നല്ലോ, അല്ലേ?” എന്നു് ആ ഉദ്യോഗസ്ഥൻ ചോദിച്ചപ്പോൾ ശ്യാമളയുടെ വദനത്തിൽ ഒരു വൈവ

ണ്ണ്യം വ്യാപിച്ചു. അവൾ ഒരു ഇടറിയ സ്വരത്തിൽ പറഞ്ഞു:— "ഊവ്വ്, പൂർണ്ണമായി സമ്മതിക്കുന്നു." രണ്ടുപേരും ഒപ്പിട്ടു. ഉടമ്പടിയും രജിസ്റ്ററാക്കി.

പിറേറദിവസം വയ്യിട്ട് ഒരു കുതിരവണ്ടിയിൽ കയറി അവർ റയിൽവേ സ്റ്റേഷനിലേക്കു പോയി. ടിക്കററു വാങ്ങിക്കൊണ്ടു ഒരു ഒഴിഞ്ഞ മുറിയിൽ കയറി സ്ഥലം പിടിച്ചു. ശ്യാമള ജന്നലിൽകൂടി വെളിയിലേക്കുനോക്കിക്കൊണ്ടിരുന്നു. സ്റ്റേഷനിലെ കാഴ്ച അവൾക്കു ആനന്ദപ്രദമായിരുന്നു; എങ്കിലും പരിചയമുള്ള ആരെങ്കിലും തന്നേകണ്ടേക്കുമോ എന്നു ഭയപ്പെട്ടു. അവരേ രണ്ടുപേരേയും ഒരുമിച്ച്, നാട്ടുകാരോ കൂററുകാരോ ആരെങ്കിലും കാണുന്നെങ്കിൽ, പിന്നത്തെ കഥ എന്തായിരിക്കുമെന്നാലോചിച്ച് അവൾ നടുങ്ങി.

അങ്ങനെ, അവൾ വെളിയിലേക്കു നോക്കിക്കൊണ്ടിരുന്നപ്പോൾ വണ്ടിയുടെ ചൂളം കേട്ടു. അതേസമയം വളരെ വേഗത്തിൽ ഒരു ജട്കാവണ്ടി അവിടെവന്നുനിന്നു. അതിൽ നിന്നിറങ്ങിയ ആളിനെ അവൾ ഒന്നു സൂക്ഷിച്ചുനോക്കി. അടുത്തനിമിഷത്തിൽ അത്യന്തം സംഭ്രമത്തോടുകൂടി തല ഉള്ളിലേക്കു വലിച്ചു.

അവളുടെ സംഭ്രമംകണ്ട് സോമൻ ചോദിച്ചു: "എന്താവല്ലായ്മ! എന്തു സംഭവിച്ചു?"

ടിക്കററുവാങ്ങിക്കൊണ്ടു വണ്ടിയിലേക്കു കയറുവാൻ, വന്ന ഒരാളിനെ ശ്യാമള ചൂണ്ടിക്കാണിച്ചുകൊണ്ട് പതുക്കെപ്പറഞ്ഞു: "ഇതാ, ചേട്ടൻ വണ്ടിയിൽ കയറാൻ വരുന്നു! വീട്ടിലേക്കുപോകയാണ് എന്നെ കണ്ടെങ്കിൽ—"

സോമനും അല്പം പരിഭ്രമിക്കാതിരുന്നില്ല. "അദ്ദേഹം നമ്മളെ കാണുകയില്ല. നോക്കൂ. അങ്ങേ അററത്തുള്ള ഒരു മുറിയിലാണ് കയറിയത്" എന്നു പറഞ്ഞ് അയാൾ ശ്യാമളയെ സാന്ത്വനപ്പെടുത്തുവാൻ ശ്രമിച്ചു.

അതു കേട്ടപ്പോൾ ശ്യാമളയ്ക്ക് അല്പം ആശ്വാസമുണ്ടായി. "ഈ മുറിയിൽ കയറാതിരുന്നതു നമ്മുടെ ഭാഗ്യംകൊണ്ടാണ്.

അദ്ദേഹത്തിനുമുമ്പേ വീട്ടിൽ ചെന്നില്ലെങ്കിൽ കാൎയ്യമെല്ലാം അപകടത്തിലാകും.” അവൾ പിന്നെയും ഒരു വല്ലായ്മയോടുകൂടി തുടന്നു. “കൊല്ലത്തിറങ്ങുമ്പോൾ എങ്ങനെ അദ്ദേഹത്തെ കാണാതെ കഴിച്ചുകൂട്ടും? അപ്പോൾതന്നെ അദ്ദേഹവും ബോട്ടുകയറുവാൻ വന്നെങ്കിലോ? ദൈവമേ എനിക്കൊന്നും വയ്യേ!”

സോമൻ മൌനം പൂണ്ടു. രക്ഷയ്ക്കുള്ള യാതൊരു മാൎഗ്ഗവും അയാളുടെ ആലോചനാപരിധിയിലെത്തിയില്ല.

ശ്യാമളയും വളരെ നേരം ചിന്താമഗ്നയായി ഇരുന്നു. ഒടുവിൽ “ചേട്ടൻ നമ്മെക്കണ്ടെങ്കിലെന്താണു പറയേണ്ടതു്?” എന്ന് വിഷാദത്തോടുകൂടി യുവാവിനോടു ചോദിച്ചു. അയാൾ കാതരയായ പ്രിയതമയെ സമാശ്വസിപ്പിക്കാൻ ഇങ്ങനെ പറഞ്ഞു. “പേടിക്കേണ്ട; അദ്ദേഹം നമ്മളെ കാണുകയില്ല.”

സ്റ്റേഷനോരോന്നോരോന്നായി കടന്നു വണ്ടി സന്ധ്യയായപ്പോൾ, കൊല്ലത്തെത്തി. ശ്യാമള പെട്ടെന്ന് ഇറങ്ങുവാൻ മടിച്ചു. വെളിയിലിറങ്ങുമ്പോൾ തന്നെ സഹോദരൻ കണ്ടേക്കുമോ എന്നു അവൾ ഭയപ്പെട്ടു.

ആ വണ്ടി തിരിച്ചു് അപ്പോൾതന്നെ തിരുവനന്തപുരത്തിന് പോകാനുള്ളതായിരുന്നു. അതിനാൽ ആൾ തിരക്കിക്കയറിത്തുടങ്ങി. അപ്പോൾ, അവൾക്കു ഉടൻ ഇറങ്ങാതെ ഗത്യന്തരമില്ലെന്നു വന്നു. പക്ഷെ, ഭാഗ്യവശാൽ അപ്പോഴേക്കും നാണുക്കുട്ടൻനായർ (അവളുടെ ജ്യേഷ്ഠൻ) ദൂരെ റോഡിൽകൂടിപോകുന്നതു് അവൾ കണ്ടു. എന്നിട്ടും അവളുടെ പരിഭ്രമം നിലച്ചില്ല. ‘ബോട്ടിൽ കയറുമ്പോൾ കണ്ടെങ്കിലോ’ എന്നായി പിന്നീടുവിചാരം. അന്നു പോകാതിരിക്കാമോ? അതിനും നിവൃത്തിയില്ല. എങ്ങിനെയായാലും ജ്യേഷ്ഠനുമുമ്പേ വീട്ടിൽ ചെല്ലണം, എന്ന് അവൾ നിശ്ചയിച്ചു.

അവർ നേരെ ബോട്ടു ജട്ടിയിലേക്കു പോയി. ആലപ്പുഴയ്ക്കുള്ള ബോട്ടു എട്ടുമണിക്കേ വിടുമായിരുന്നുള്ളു. അതുകൊണ്ടു ആ യുവതി നന്നാ വിഷമിച്ചു.

ബോട്ടവിടുവാനുള്ള സമയമായി. അതുവരെ ആ മനുഷ്യൻ അവിടെ എത്തിയിരുന്നില്ല. അവൾക്കു ജീവൻ വീണു.

ശ്യാമളയ്ക്കും ഭൃത്യനും ടിക്കററുവാങ്ങി, അവരെ രണ്ടുപേരെയും ബോട്ടിൽ കയററിയിട്ട് സോമൻ പട്ടണത്തിലേക്കു തിരിച്ചു പോയി. അവരുടെ കൂടെ നാട്ടിലേക്കുപോകുന്നത് അവിഹിതമാണെന്നും അപ്പോൾ ആളുകൾ വാസ്തവം മനസ്സിലാക്കാൻ ഇടയുണ്ടെന്നും അയാൾ വിചാരിച്ചു.

ശ്യാമളയ്ക്കുറക്കംവന്നില്ല. അവൾജന്നലിൽക്കൂടിവെളിയിലേക്കുനോക്കി. കായലിലെ ലവണജലം 'പളപള'തിളങ്ങിക്കൊണ്ടിരുന്നു. ഒട്ടദൂരെ ചെറുവള്ളങ്ങളിൽ തുഴഞ്ഞു പൊയ്ക്കൊണ്ടിരുന്ന മീൻപിടുത്തക്കാരുടെ ഉത്സാഹഭരിതമായ പാട്ട് അവൾ കേട്ടു. വള്ളമോ, വൃക്ഷമോ, വീടോ, കരയോ ഒന്നുംതന്നെ അപ്പഴത്തെ തമസ്സിൽ തിരിച്ചറിയാൻ പാടില്ലായിരുന്നു. മിന്നാമിനുങ്ങുകൾ പോലെ ചില ദീപങ്ങൾ മാത്രം വിദൂരത്തിൽ കാണാം.

അവൾ ഇരുന്ന മുറിയിൽ വേറൊരു സ്ത്രീകൂടി കയറിയിട്ടുണ്ടായിരുന്നു. ആ അപരിചിത എന്തുചെയ്യുകയായിരിക്കുമെന്ന് അറിവാൻ അവൾ തിരിഞ്ഞുനോക്കി. അവർ അപ്പൊഴേക്കും ഉറങ്ങിക്കഴിഞ്ഞിരുന്നു. ശ്യാമള വിചാരിച്ചു:— 'ഈ ലോകത്തിൽ എന്നെപ്പോലെ മനഃക്ലേശം അനുഭവിക്കുന്നവർ വേറെയാരെങ്കിലുമുണ്ടോ? നോക്കുക; ഈ സ്ത്രീ എത്രസുഖമായി ഉറങ്ങുന്നു. ഈശ്വരാ! സന്തോഷകരമായ ചിന്തയോടുകൂടി എനിക്ക് ഇനി എന്ന് ഇതുപോലെഉറങ്ങാൻ കഴിയും. ആ ബാല്യകാലത്തോടുകൂടി എന്റെ സർവ്വസുഖങ്ങളും എന്നെന്നേയ്ക്കുമായി അവസാനിച്ചതുപോലെ തോന്നുന്നു. ധനതൃഷ്ണയാൽ മാതാപിതാക്കന്മാർ എന്നെ ഒരു ധനികന് വിവാഹം ചെയ്തുകൊടുത്തു. പണത്തിന് ബുദ്ധിമുട്ട് നേരിട്ടില്ലെങ്കിലും അന്നുമുതൽ ഞാൻ ക്ലേശം അനുഭവിക്കുവാൻ തുടങ്ങി. യഥാർത്ഥമായ ദാമ്പത്യസുഖം എനിക്കൊരു നിമിഷമെങ്കിലുമനുഭവിക്കുവാൻ ഇടയായിട്ടുണ്ടോ? പണം മോഹിച്ച് വിവാഹം ചെയ്തിട്ട് ഇപ്പോൾ ഫലമെന്തായി? അനുഭവിക്കാനുള്ളതൊക്കെ അനുഭവിച്ചു തീരണ്ടേ. വിവാഹബന്ധത്തിൽ

ഏറ്റെപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ ഇതിൽ ഭേദമാണെന്നു തോന്നുന്നു. സ്വാതന്ത്ര്യത്തോടുകൂടി ജീവിക്കാം. ആരുടേയും ഇഷ്ടം നോക്കണ്ടാ. ഇങ്ങനെ എല്ലാവരും വിചാരിക്കുകയാണെങ്കിൽ ലോകത്തിന്റെ സ്ഥിതി എന്തായിരിക്കും? മനുഷ്യവംശംതന്നെ നശിച്ചുപോകയില്ലേ? അതിന് എനിക്കെന്താ? അല്ലെങ്കിൽ ഇന്നലെ ഒരു പുതിയ ദാമ്പത്യബന്ധം അംഗീകരിച്ചിട്ട് ഇന്ന് ഈ വിധമൊക്കെ ഞാൻ എന്തിനു വിചാരിക്കുന്നു?'

ഈ വിധം അവൾ പലതും ചിന്തിച്ചുകൊണ്ടിരിക്കെ, ബോട്ടിന്റെ ഗതി പെട്ടെന്നു നിലച്ചു. യന്ത്രത്തിനേതോ തകരാറു പറ്റി. അതു അവളെ കുറേക്കൂടി സങ്കടപ്പെടുത്തി. 'സഹോദരൻ പിന്നാലെ വരുന്ന വല്ല ബോട്ടിലും കയറിയിട്ടുണ്ടെങ്കിൽ അപകടമാകും. യന്ത്രം നന്നാക്കാൻതാമസിച്ചാൽ ബോട്ട് തോട്ടപ്പള്ളിയിൽ ചെല്ലുമ്പോഴേക്ക നേരവും വെളുക്കും. ആകപ്പാടെ കുഴപ്പം'

ഏതായാലും ബോട്ടുകാർ വേഗം യന്ത്രത്തിന്റെ അററകുററമെല്ലാം തീർത്ത് ബോട്ടു വിട്ടു. അപ്പോഴേക്കും രണ്ടാമത്തെ ബോട്ട് മുമ്പിൽ കടന്നുപോയി. പതിവിൽ താമസിക്കാതെ അവൾ കയറിയിരുന്ന ബോട്ടു തോട്ടപ്പള്ളിയിൽ ചെന്നു. ഭാഗ്യാതിരേകത്താൽ നാണുക്കുട്ടൻനായർ അവിടെ വന്നുചേർന്നിരുന്നില്ല. അവളുടെ മനസ്സ് ഒരു മാതിരി ശാന്തമായി. 'നിരപരാധികളായ സാധുക്കളിൽ കരുണയില്ലാത്തവനല്ല ദൈവം' എന്ന് അവൾ തന്നെത്താൻ പറഞ്ഞു.

പിറേറ ദിവസം വൈകിട്ടു ശ്യാമളയുടെ ജ്യേഷ്ഠൻ വല്യവീട്ടിൽ വന്നുചേർന്നു. അയാളും സോമസുന്ദരനും ഒരു ബോട്ടിലായിരുന്നു യാത്ര ചെയ്തത്.

---

# XIX

സോമന്റെ മനസ്സ് അല്പം സ്വസ്ഥമായി. വെള്ളം കിട്ടാതെ വാടിവരണ്ടു് നില്ക്കുന്ന സസ്യങ്ങൾ മഴ പെയ്യുമ്പോൾ തഴച്ചുവളരുന്നതുപോലെ തന്റെ പ്രേയസി പ്രേമവർഷം അയാളുടെ ഹിതാനുസരണം ചൊരിഞ്ഞപ്പോൾ ചൂടിന് ശാന്തിയുണ്ടാകയും അയാൾ പണ്ടത്തെപ്പോലെപാരായണത്തിൽ താൽപ്പര്യം പ്രദർശിപ്പിക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ കവിതാകുസുമങ്ങളിലെ മാധ്വീരസം ആ അനവദ്യരൂപിണിയുടെ അധരമാധുര്യത്തോളം ആസ്വാദ്യകരമായി അയാൾക്ക് തോന്നിയിരുന്നുവോ എന്നു സംശയമാണ്.

സംഗീതസാഹിത്യമഹാസാഗരങ്ങളിൽ അയാൾ പൂർവ്വവൽ സഞ്ചരിച്ചുതുടങ്ങി. മുമ്പിലത്തേക്കാൾ കൂടുതൽ പരിശ്രമിക്കുവാൻ ഒരു സംഗതി അയാളെ ഇപ്പോൾ പ്രേരിപ്പിച്ചു. വേഗം ഒരു നിലയിലെത്തിയെങ്കിലേ ശ്യാമളയെ പരസ്യമായി വിവാഹം ചെയ്വാൻ സാധിക്കുകയുള്ളു. എങ്കിൽ മാത്രമേ അപസർപ്പണംകൂടാതെ അവളെ ഉപസർപ്പണം ചെയ്യുന്നതിനും അയാൾക്കു ധൈര്യമുണ്ടാകൂ.

തിരുവനന്തപുരത്തുനിന്നും വന്നതിനുശേഷം ആ ദമ്പതിമാർ ഏതാനും ദിവസത്തേക്ക് പരസ്പരം കാണുകയുണ്ടായിട്ടില്ല. ജ്യേഷ്ഠൻ വീട്ടിലുണ്ടായിരുന്നതുകൊണ്ടാണ് ശ്യാമള വെളിയിലെങ്ങും ഇറങ്ങാതിരുന്നതു്.

ഒരു ദിവസം ഉച്ചതിരിഞ്ഞു് ഇടവഴിയിൽവെച്ചു് അവൾ സോമനെ കാണുന്നതിന്നിടയായി. വേറെ വഴിയിൽ ആരും ഇല്ലായിരുന്നതുകൊണ്ടു് അവക്ക് അല്പനേരം സംസാരിക്കുവാൻ സൌകര്യം ലഭിച്ചു.

"ചേട്ടൻ ഇന്നലെ രാത്രി ഏതോ കാര്യം സംബന്ധിച്ചു് കൊല്ലത്തിനു പോയിരിക്കുകയാണ്. ഞാൻ മാത്രമേ മേടയിൽ കാണുകയുള്ളു. സൌകര്യമുണ്ടെങ്കിൽ വരുമല്ലോ?"

ശിവ! ശിവ! സൌകര്യമുണ്ടോ എന്നോ? സോമൻ ഇതാ ഇപ്പോഴേ തയാറായിക്കഴിഞ്ഞു.

"വഴ്ചിട്ടു വന്നാൽ എനിക്കെന്തുതരും?" എന്നു ഒരു വിശേഷഭാവത്തോടുകൂടി അയാൾ ചോദിച്ചു.

"എന്നെത്തന്നെ തന്നതു പോരാഞ്ഞിട്ടാണോ?"

ഇടവഴിയിൽനിന്നു് അധികം സംസാരിക്കുന്നതു് നന്നല്ലെന്നു് മനസ്സിലാക്കി അവൾ വേഗം യാത്രപറഞ്ഞു പോയി. ആ സമയം ആ കോമളാംഗി അയാൾക്കപ്പിച്ച മധുരമായ മന്ദഹാസത്തിനു് രൂപം കൊടുക്കുവാൻ സാധിച്ചിരുന്നെങ്കിൽ സോമൻ അതു് ലോകത്തിലെ വിശേഷവസ്തുക്കളേക്കാൾ വിശേഷമായി ഗണിക്കുമായിരുന്നു.

ദക്ഷിണായനകാലമായിരുന്നതുകൊണ്ടു് രാത്രി നേരത്തെ ആരംഭിച്ചു. അതുകൊണ്ടു് സോമസുന്ദരനു് അശേഷം വിഷാദമുണ്ടായില്ല. പ്രത്യുത, സന്തോഷം, എന്നും ദക്ഷിണായനകാലമായിരിക്കണേ, എന്നു് അയാൾ പ്രാൎത്ഥിച്ചു. നേരം ഒട്ടു ഇരുട്ടിയപ്പോൾ അയാൾ കാവുങ്കലേക്കു തിരിച്ചു. ശ്യാമള തളത്തിൽ അയാളെ പ്രതീക്ഷിച്ചിരിക്കുന്നുണ്ടായിരുന്നു. വിവാഹശേഷം വധൂഗൃഹത്തിൽവെച്ചുള്ള ആ പ്രഥമസന്ദൎശനം യുവാവിൻെറ ഹൃദയത്തെ വികസിപ്പിച്ചു. അയാളുടെ വിവേചനശക്തിയാണു് കൂടുതൽ വികസിച്ചിരുന്നതെങ്കിൽ ഈ വിധം ചാപല്യങ്ങൾ കാണിക്കുവാൻ ഒരുങ്ങുകയില്ലായിരുന്നുവെന്നു് ചിലർ വാദിച്ചേക്കാം. എന്നാൽ അയാളും മനുഷ്യനല്ലേ; പഞ്ചഭൂതാത്മകമല്ലേ അയാളുടെ ശരീരവും. പോരെങ്കിൽ രക്തത്തിളപ്പോടുകൂടിയ യൌവനവും.

ശ്യാമള അയാളെ മുറിയിലേക്കു കൂട്ടിക്കൊണ്ടു പോയി ഒരു ആസനത്തിൽ ഉപവേശിപ്പിച്ചു. എന്താണു് പറയേണ്ടതെന്നോ, പ്രവൎത്തിക്കേണ്ടതെന്നോ, അറിയാതെ സോമൻ ഇതികൎത്തവ്യതാമൂഢനായി ഇരുന്നു. ഒടുവിൽ ശ്യാമള തന്നെ മൌനമുദ്ര ഭഞ്ജിച്ചു.

“കൊണ്ടുപിടിച്ച വായനയാണെന്നു തോന്നുന്നു. സുഖക്കേടു നിമിത്തം ഒരു കൊല്ലം വെറുതേ കളയേണ്ടിവന്നല്ലോ.”

സോമ:—“അതൊരു നഷ്ടമാണെന്നു ഞാൻ വിചാരിക്കുന്നില്ല. എല്ലാം നമുക്കു നന്മയ്ക്കായി ദൈവം ചെയ്യുന്നതാണെന്നോ വിചാരിക്കേണ്ടു. അന്നു ആ രോഗം പിടിപെട്ടില്ലായിരുന്നെങ്കിൽ ഈ ഭാഗ്യത്തിനൊന്നും സംഗതിയാകുമായിരുന്നില്ല.”

“ഏതു ഭാഗ്യം” എന്നു ഒരു പുഞ്ചിരിയോടുകൂടി ശ്യാമള ചോദിച്ചു.

“ഞാൻ ഈ അനുഭവിക്കുന്ന ഭാഗ്യം തന്നെ”.

“ഈ ഭാഗ്യത്തേയും സൌഖ്യത്തേയും വിചാരിച്ചുകൊണ്ടിരുന്നു വായനയ്ക്കൊന്നിനും വിഘ്നം വരുത്തരുതു്. ഈയിടെ ഞാനും പുസ്തകവായനകൊണ്ടു മാത്രമാണു സമയം ചെലവഴിക്കുന്നതു്. ഇതാ ആ സോഫയിൽ കിടക്കുന്ന പുസ്തകം—‘കരുണ’— ഞാൻ ഇന്നു വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇതുപോലൊരു പുസ്തകം ഞാൻ വേറെ വായിച്ചിട്ടില്ല.”

ഇതിപ്പഴാണോ ആദ്യമായി വായിക്കുന്നതു്?” എന്നു ആശ്ചര്യത്തോടുകൂടി പ്രശ്നം ചെയ്തുകൊണ്ടു സോമൻ തുടർന്നു.

“അതേ, ഇത്ര കോമളമായ ഒരു കവിത മലയാളത്തിൽ അതിൻ മുമ്പും പിമ്പും ഉണ്ടായിട്ടില്ല. ഈ ആശയപൌഷ്കല്യവും ഭാവനാശക്തിയും വാസനാബലം കൊണ്ടുമാത്രം ലഭിക്കുന്നതാണു്. ആശാന്റെ മറ്റു കൃതികൾ വായിക്കുമ്പോൾ ആശയപുഷ്ടിക്കൊത്തവണ്ണം പദസ്വാധീനമില്ലെന്നു തോന്നിപ്പോകുന്നു. എന്നാൽ ആ കുറവൊന്നും ഇതിൽ നിഴലിച്ചിട്ടുപോലുമില്ല. കുട്ടികളെപ്പെണ്ണുങ്ങൾക്കു പോലും വായിച്ചു മനസ്സിലാക്കത്തക്കവണ്ണം അത്ര സരളമായ വിധമാണു് എഴുതിയിരിക്കുന്നതു്.”

‘കരുണ’യെന്നും കവിതയെന്നും കേട്ടപ്പോൾ സോമന്റെ മറ്റു വിചാരങ്ങളെല്ലാം പമ്പ കടന്നു. തന്നേക്കാൾ ഇപ്പൊഴും കവിതയ്ക്കു തന്നെയോ അയാൾ പ്രാധാന്യം നല്കിയിരിക്കുന്നതു്

എന്ന് അവൾ സംശയിച്ചു താൽക്കാലികമായ ഒരു ഈർഷ്യ അവൃയോട്ട് അവൾക്കു ഉണ്ടാകാതെയുമിരുന്നില്ല.

ശ്യാമളയുടെ പ്രാണപ്രിയൻ വിരാമംകൂടാതെ പറഞ്ഞു: "കുമാരനാശാൻെറ കൃതികൾ ഈഴവസമുദായത്തിനു മാത്രമല്ല, കേരളീയർക്കൊട്ടുക്ക് അഭിമാനജനകമാണ്. ഗെഥെ എന്ന ജർമ്മൻ കവി 'ശാകുന്തള'ത്തെപ്പററി പറഞ്ഞിട്ടുള്ള അഭിപ്രായമാണ് എനിക്കു ഈ അവസരത്തിൽ 'കരുണ'യെപ്പററി തോന്നുന്നതു്"

"എന്താണ് ആ അഭിപ്രായം?" എന്ന് ശ്യാമള ചോദിച്ചു.

"വർഷാരംഭത്തിലെ സുഗന്ധകുസുമങ്ങളും വർഷാവസാനത്തിലെ മധുരഫലങ്ങളും, ആത്മാവിനു് ആനന്ദവും നിർവൃതിയും നല്കുന്ന സകലവസ്തുക്കളും എന്നുവേണ്ടാ, സ്വർഗ്ഗവും ഭൂമിയും എല്ലാം ഒരേ വാക്കിൽ അടങ്ങണമെങ്കിൽ ശാകുന്തളം എന്നുപറഞ്ഞാൽ മതി. കരുണയെ സംബന്ധിച്ചും ഈ അഭിപ്രായം പരിപൂർണ്ണമായി യോജിക്കുന്നതുതന്നെ."

"ഈ മാതിരി അഭിപ്രായങ്ങൾ കേൾക്കുമ്പോൾ വിമർശകന്മാരില്ലെങ്കിൽ കവികൾക്ക് ഇത്ര വലിയ സ്ഥാനം ലഭിക്കുമായിരുന്നില്ല എന്നു തോന്നിപ്പോകുന്നു" എന്ന് ശ്യാമള പറഞ്ഞു.

"അതു വാസ്തവമാണ്. കവികൾ വിമർശകന്മാർക്ക് വളരെ കടപ്പെട്ടിരിക്കുന്നു. കാററ് വൃക്ഷങ്ങളുടേയും ചെടികളുടേയും പൂമ്പൊടിയും വിത്തുകളും വഹിച്ചുകൊണ്ടുപോയി അവയുടെ പ്രചാരണത്തിനും ഉൽപാദനത്തിനും എങ്ങനെ സഹായിക്കുന്നുവോ അതു പോലെയാണ് കവികളെ വിമർശകന്മാർ സഹായിക്കുന്നതു്. അവർ സൽകവികളുടെ പേരിനെ സമ്പാദിക്കിലും പരത്തുന്നു. ന്യായാധിപൻ ദണ്ഡനീതിയനുസരിച്ച് ദുഷ്ടന്മാരെ എങ്ങനെ ശിക്ഷിക്കുന്നുവോ, അതുപോലെ വിമർശകന്മാർ തങ്ങളുടെ തൂലികാദണ്ഡംകൊണ്ടു് ദുഷ്കവികളെ അമർത്തുന്നു."

ശ്യാമള ചോദിച്ചു. "സൽകവികളുടെ ലക്ഷണമെന്താണ്?"

"സൽക്കവിതയെഴുതുന്നവർ സൽക്കവികൾ. രമണീയങ്ങളും, മഹനീയങ്ങളുമായ ഭാവനകളുടേയും ആശയങ്ങളുടേയും

അനുരൂപഭാഷയിലുള്ള അവിഷ്കരണമാകുന്നു സല്ക്കവിത. ആ ഭാഷയാകട്ടെ ഹൃദയത്തെ ലയിപ്പിക്കുന്നതായിരിക്കണം. ഒരു സംഗീതമാധുര്യ്യം അതിൽ കലൎന്നിരിക്കണം. ഭാവനാശക്തിയെയും വികാരത്തേയും ഉദ്ദീപിപ്പിക്കത്തക്ക കോമളിമ അതിനുണ്ടായിരിക്കണം. ഈ നിൎവ്വചനത്തിന് ഈഷൽ വ്യത്യാസമില്ലാത്ത ഒരു ഖണ്ഡകാവ്യമാകുന്നു കരുണ".

ഈ സന്ദൎഭത്തിൽ ഈ മാതിരി ഒരു സംഭാഷണം അവൾ ആശിച്ചിരുന്നില്ല. എങ്കിലും അയാളുടെ ചിന്താഗതിയെ തടയാതെ ഏതുവിഷയത്തെപ്പററി സംസാരിക്കുന്നതും തനിക്കും സന്തോഷപ്രദമാണെന്നുള്ള മട്ടിൽ അവൾ ചോദിച്ചു:—

"ഇപ്പഴത്തെ കവികൾ മഹാകാവ്യങ്ങൾ ഉണ്ടാക്കുവാനൊരുങ്ങാതെ ഖണ്ഡകാവ്യനിൎമ്മിതിയിൽത്തന്നെ ബദ്ധശ്രദ്ധരായിരിക്കുന്നതിനുള്ള കാരണമെന്താണ്?"

"മഹാകാവ്യങ്ങൾ രചിക്കുക, കുറച്ച് വിഷമമാണ്. ചില നിബന്ധനകൾ അനുസരിക്കണം. ധാരാളം സമയം വേണം ഒരു ഖണ്ഡകാവ്യം ഏതാനും മണിക്കൂർ കൊണ്ടോ ദിവസം കൊണ്ടോ എഴുതിത്തീൎക്കാൻ കഴിയും. എന്നുതന്നെയല്ല മഹാകാവ്യങ്ങൾ എത്ര ബുദ്ധിമുട്ടി എഴുതിയാലും ആപാദചൂഡം നന്നാകാൻ പ്രയാസമാണ്."

വളരെ നാളായിട്ട് സോമസുന്ദരൻ ഇന്നാണ് തൻെറ പൂൎവ്വ ലോകത്തിലേക്ക് വീണ്ടും ഉയൎന്നത്. എന്നാൽ അത് ശ്യാമളയെപ്പററിയുള്ള ചിന്തയുടെ അഭാവം കൊണ്ടല്ല. ഇപ്പോൾ ആ ചിന്ത അയാളുടെ ചിത്തത്തിൻെറ ശാന്തിയെ ഭഞ്ജിക്കുന്നില്ല, അതുകൊണ്ടാണ്, അവൾ എന്നെന്നേക്കും അയാളുടേതായിക്കഴിഞ്ഞു. ആരും ഇനി അവളെ അപഹരിച്ചുകൊണ്ടു പോകുമെന്നു ഭയപ്പെടേണ്ടതില്ല. അതിനാൽ ഇപ്പോൾ അയാളുടെ ഹൃദയം ആനന്ദാമൃതപ്ലുതമായി. വികസിതവും സുരഭിലവുമായ ഒരു കുസുമമാഘ്രാണിക്കുമ്പോൾ നമുക്കെത്രമാത്രം സന്തോഷമാണുണ്ടാകുന്നത്. പ്രേമസ്വരൂപിണിയായ ഒരു പാവനചരിത അവളുടെ ഹൃദയകുസു

മത്തെ യഥേഷ്ടം ഉപയോഗിച്ചുകൊള്ളുവാൻ ഒരു പുരുഷന്റെ പാദങ്ങളിൽ അർപ്പിക്കുമ്പോൾ അവന്റെ ആത്മാവിനുണ്ടാകുന്ന ആഹ്ലാദം ആക്കുതന്നെ വർണ്ണിക്കുവാൻ കഴിയും!

ഈ നൂതന പ്രേമോദയത്തിൽ അയാളെ ഒരു ശൃംഗാരകാന്തിവലയം ചെയ്തു. ആ ശൃംഗാരലക്ഷ്മിയുടെ പ്രാദുർഭാവത്തിൽ അയാളുടെ വാക്കിലും നോട്ടത്തിലും ഒരു രസികത മിളിതമായി.

ഇനിയും ഈ വിഷയത്തെക്കുറിച്ചുള്ള സംഭാഷണം ദീർഘിപ്പിക്കുവാൻ പാടില്ല എന്നു നിശ്ചയിച്ചുകൊണ്ടു് അവർ പറഞ്ഞു: "നേരം പത്തുമണി കഴിഞ്ഞല്ലോ" അപ്പോഴാണു് സോമൻ പരിതഃസ്ഥിതികളെപ്പററി ഓർമ്മിച്ചതു്.

ആ രാത്രി അയാൾ 'വല്യവീട്ടിൽ'ത്തന്നെ ശയിച്ചു.

—)*(—

## XX

അതിൽപ്പിന്നീടു് ഏതാനും ദിവസത്തേയ്ക്കു് സോമനു് അയാളുടെ ശ്യാമളയെ കാണുവാൻ സാധിച്ചില്ല. അവളുടെ സോദരൻ വീട്ടിലുണ്ടായിരുന്നതായിരുന്നു ഇതിനു കാരണം. അവളെ കാണാതെ വ്യാകുലചിത്തനായിരിക്കവേ, അവൾ ഒരു ദിവസം സന്ധ്യമയക്കത്തിനു് കാവുങ്കൽ കയറിവന്നു. സോമൻ മുറിയടച്ചിട്ടു് വീട്ടിലേക്കു പോകുവാൻ ഭാവിക്കുകയായിരുന്നു.

"ചേട്ടൻ വീട്ടിലുണ്ടു്. അതാണു് ഈയിടെ ഇങ്ങോട്ടു വരാത്തതു്. അദ്ദേഹം അവിടെനിന്നും വെളിയിലെങ്ങും ഇറങ്ങുന്നതേ ഇല്ല."

"അങ്ങേക്കു് എന്തെങ്കിലും സംശയത്തിനു് ഇടയായിട്ടുണ്ടോ?"

ശ്യാമള:—"ഉണ്ടെന്നു തോന്നുന്നില്ല; എങ്കിലും എന്നെ വല്ലാതെ സങ്കടപ്പെടുത്തുന്നു."

"എന്തു്? എന്താണു്?" എന്നു് കാര്യം ഏതോ ഗൌരവതരമാണെന്നു വിചാരിച്ചു് വളരെ ആശങ്കയോടുകൂടി സോമൻ ചോദിച്ചു.

ശ്യാമള:—"കേൾക്കാതിരിക്കുകയാണ് നല്ലത്."

സോമൻ നിർബ്ബന്ധിച്ചു.

ഒടുവിൽ അവൾ പറഞ്ഞു:—"ഞാൻ എന്തിനു മറച്ചുവെയ്ക്കുന്നു. നമ്മൾ അന്യോന്യം യാതൊന്നും രഹസ്യമായി ഒളിക്കാൻ പാടില്ലല്ലോ. ഒരു വിവാഹത്തിന് അനുകൂലിക്കണമെന്നു പറഞ്ഞു് അദ്ദേഹം എന്നെ കൂടക്കൂടെ അലട്ടുന്നു."

"പണത്തിനുവേണ്ടിയല്ലേ ഇപ്പോൾ വിവാഹം ചെയ്യണമെന്ന് നിർബ്ബന്ധിക്കുന്നതു്?"

"അതേ, എന്നാൽ ഞാൻ അദ്ദേഹം പറയുന്നതു് ഒന്നുമേ ശ്രദ്ധിക്കുന്നില്ല."

സോമ:—"ഇതു വളരെ സങ്കടകരമായിരിക്കുന്നു. ഏതുപ്രകാരമെങ്കിലും കുറേ പണം ഉണ്ടാക്കിയെങ്കിൽ—ബി. ഏ. പാസ്സായിക്കിട്ടിയെങ്കിൽ ഞാൻ ആരെക്കണ്ടെങ്കിലും ഒരു ഉദ്യോഗം കയ്ക്കലാക്കുമായിരുന്നു."

"ശ്യാമള:—എല്ലാം ഭംഗിയായി കലാശിക്കുന്നതിന്ന് ദൈവം അനുഗ്രഹിക്കട്ടേ."

ഇങ്ങനെ അവർ ഏതാനും മിനിട്ടുനേരം സംസാരിച്ചു. ഒടുവിൽ ശ്യാമള വല്യവീട്ടിലേക്കു മടങ്ങി.

തുലാമാസം കഴിഞ്ഞതോടുകൂടി മഞ്ഞിൻെറ ആക്രമണം ആരംഭിച്ചു. രാത്രിയിൽ മഴപോലെ മഞ്ഞു പെയ്തുകൊണ്ടിരുന്നു. ശീതബാധയാൽ നേരം പുലർന്നാലും ആളുകൾ വീട്ടിനു വെളിയിലിറങ്ങുന്നില്ല. കാലത്തും വയ്യിട്ടും ഒരു ധൂമ്രവർണ്ണം ആകാശത്തിൽ വ്യാപിച്ചു. പകൽ ഒരു വരണ്ട കാററു് വീശിക്കൊണ്ടിരുന്നു. ചെടികൾ തളിർത്തുതുടങ്ങി. നിത്യവും പ്രഭാതത്തിൽ ഒരു കോകിലം ചൂതവൃക്ഷത്തിൽ വന്നിരുന്നു കൂജനം ചെയ്യാറുണ്ടായിരുന്നു. ആ കാലം കാമിനീകാമുകന്മാൎക്കു് ഉദ്ദീപകമായ ഒരു ഘട്ടമാണു്. ശ്യാമളയുടെ സഹവാസസുഖം അനുഭവിക്കുന്നതിനു നിവൃത്തിയില്ലാതെ സോമൻ ആൎത്തനായി തൻെറ പഴയ വസതിയിൽതന്നെ ദിനരാത്രങ്ങൾ ഏകാകിയായി കഴി

ച്ചുകുട്ടി. തന്റെ വാഗ്ദാനത്തിൽനിന്നും അയാൾ അണുമാത്രമെങ്കിലും വ്യതിചലിച്ചില്ല. സാഹിത്യത്തെ ദിവാനിശം ആരാധിച്ചുവന്ന ആ ഭക്തന് സാമുദായികകാര്യങ്ങളിലുള്ള പരിചയം തുലോം തുച്ഛമായിരുന്നു. അതിനാൽ അവരുടെ ജീവിതത്തിൽ, സമുദായത്തെ പരാമർശിക്കുന്ന സംഗതികളിൽ, അവളെ ഒരു കുട്ടിയെപ്പോലെ അനുസരിക്കുവാൻ അയാൾ സന്നദ്ധനായിരുന്നു.

നാണുക്കുട്ടൻനായർ ക്രിസ്റ്റ്മസ്സ് വരെ അവധി എടുത്തിട്ടുണ്ടായിരുന്നു. ആ അവധി മുഴുവൻ അയാൾ വല്യവീട്ടിൽത്തന്നെ വിനിയോഗിക്കുവാൻ തീർച്ചയാക്കി. ഇത്ര അടുത്തടുത്തു താമസിച്ചിട്ടും തമ്മിൽ കാണാതെ കഴിച്ചുകൂട്ടുക, വളരെ ദുസ്സഹമായി ശ്യാമളയ്ക്കും തോന്നി. 'ചിലപ്പോൾ പ്രേമപ്രവാഹത്തിനടിപ്പെട്ട്, 'വരുന്നതു വരട്ടെ, സോമൻ വല്യവീട്ടിൽ ചെല്ലണ'മെന്ന് അവൾ നിർബ്ബന്ധിക്കുമായിരുന്നു. എന്നാൽ അയാൾ അതിന് വഴിപ്പെട്ടില്ല. ഒന്നുകിൽ ഈ രഹസ്യ സംഗതി അവരിരുവരും നിശ്ചയിക്കുന്നതുവരെ ആരും അറിയുവാൻ ഇടയാകരുത്; അല്ലെങ്കിൽ യാതൊന്നും ഗോപനം ചെയ്യാതെ, എല്ലാവരും അറിയട്ടേ, എന്ന് നിശ്ചയിക്കണം. ഇങ്ങനെ അയാൾ മനസ്സിൽ വിചാരിച്ചു.

അയാളുടെ അമ്മാവന്റെ മരണപത്രത്തെപ്പററി അയാൾ ഒന്നുംതന്നെ ചിന്തിക്കാതിരുന്നില്ല. താൻ വിവാഹിതനായതുകൊണ്ട് മാതുലന്റെ നിശ്ചയമനുസരിച്ച ആ പണത്തിന് തനിക്ക് അവകാശമില്ലെന്ന് കമ്പനിക്കാർക്ക് എഴുതട്ടേ എന്ന് അയാൾ ആദ്യം ആലോചിച്ചു. തന്റെ പരിണയത്തെപ്പററി മററാരാളെ അറിയിക്കുന്നത് വിഹിതമല്ലെന്ന് പിന്നീട് അയാൾക്കു തോന്നി. എന്നുതന്നെയല്ല ശ്യാമളയെ വിവാഹംചെയ്തു കാരണം അയാൾക്കുണ്ടായ നഷ്ടത്തെപ്പററി അവൾ യാതൊന്നുംഅറിയാൻ പാടില്ലെന്നും സോമൻ ആഗ്രഹിച്ചു. അതിനാൽ മരണപത്രത്തെക്കുറിച്ചും അതനുസരിച്ചു തനിക്കു കിട്ടേണ്ട രൂപയെ സംബന്ധിച്ചും പിന്നീട് എഴുതിക്കൊള്ളാമെന്നു പറഞ്ഞു് സോമൻ കമ്പനിക്കാർക്കൊരു കത്തയച്ചു.

ഇക്കാലത്തു് അയാൾക്കൊരു ആശ്വാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പഴയപോലെ വായിക്കുന്നതിന് അയാൾക്ക് ഒരു ഉത്സാഹം തോന്നി. ഇപ്പോൾ നാട്ടിലെ മിക്ക പത്രങ്ങൾക്കും തുടരെ ലേഖനങ്ങൾ അയച്ചുകൊടുത്തുകൊണ്ടിരുന്നു. ചില നല്ല പത്രങ്ങൾ അയാൾക്കു പ്രതിഫലം നല്കുന്നതിനും മടിച്ചില്ല.

ഒരുദിവസം സന്ധ്യയ്ക്കു് അവൾ പെട്ടെന്ന് കാവുങ്കൽ വന്നു. അവളെ അവിചാരിതമായിക്കണ്ടതുകൊണ്ട് അയാൾക്ക് കൂടുതൽ സന്തോഷമുണ്ടായി.

അവൾ ധിറുതിയിൽ പറഞ്ഞു: "എനിക്കു വേഗം പോകണം. ചേട്ടന്റെ പുറന്നാൾ മററന്നാളാണ്. ഒരു സദ്യ വേണമെന്നു നിശ്ചയിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ചില സ്നേഹിതന്മാക്കും അന്ന് അവിടെ വരുന്നതിന് എഴുതി അയച്ചിട്ടുണ്ടെന്നു പറഞ്ഞു. എന്നെ കൂടക്കൂടെ അന്വേഷിച്ചേക്കും."

"അപ്പോൾ ഇനി രണ്ടു മൂന്നു ദിവസത്തേക്കു കാണുന്നതിനൊരു തരവുമില്ലല്ലോ" എന്ന് ഒരു വിധുരീഭാവത്തോടുകൂടി അയാൾ ചോദിച്ചു.

"സദ്യയ്ക്കു് അങ്ങയെക്കൂടി ക്ഷണിക്കുവാൻ പറയട്ടെ."

"ആരോടു്?"

ശ്യാമള:—"ചേട്ടനോടു്."

സോമ:—"നല്ല കാര്യമായി, പ്രത്യേകിച്ച് എന്നെ ക്ഷണിക്കുവാൻ പറയുമ്പോൾ അദ്ദേഹം എന്തു വിചാരിക്കും. വേണ്ടാ, വേണ്ടാ."

ശ്യാമള:—"ഞാൻ സന്ദർഭവശാൽ അദ്ദേഹത്തോടു പറഞ്ഞു കഴിഞ്ഞു. ഒരു വലിയ ഗായകനാണെന്നും മററും ധരിപ്പിച്ചിട്ടുണ്ടു്."

സോമ:—"ഏതായാലും അതു അനാവശ്യമായിപ്പോയി. ഇനി നിവൃത്തിയൊന്നുമില്ലല്ലോ."

ശ്യാമള:—"ഒരു അനാവശ്യവുമില്ല. കാവുങ്കൽ ഒരാൾ താമസമുണ്ടെന്ന് ചേട്ടന് അറിയാം. അപ്പോൾ ആ ആളെ അതിഥികളുടെ കൂട്ടത്തിലുൾപ്പെടുത്തിയില്ലെങ്കിൽ അദ്ദേഹം എന്തു

വിചാരിക്കും? സദ്യ കഴിഞ്ഞ് അവിടെവെച്ച് ഒരു പാട്ടുകച്ചേരി നടത്തേണമെന്ന് എന്നോടു പറഞ്ഞു. കാവുങ്കൽ അതിന് കൂടുതൽ സൌകര്യമുണ്ടെന്നു് ഞാൻ പറഞ്ഞതുകൊണ്ടു് അദ്ദേഹവും ചില സ്നേഹിതന്മാരുംകൂടി ഇങ്ങോട്ടു് വന്നേയ്ക്കും. ചേട്ടനുമായി നല്ലപോലെ പരിചയപ്പെട്ടാൽ പിന്നെ കൂടക്കൂടെ വീട്ടിൽ വരാമല്ലോ?"

തന്നെപ്പററി ജ്യേഷ്ഠനോടു് ശുപാർശചെയ്യുവാൻ പ്രേരിപ്പിച്ച സംഗതി എന്താണെന്നു അയാൾക്കു വ്യക്തമായി.

"അപ്പോൾ പുറന്നാൾ കഴിയുന്നതുവരെ വലിയ ജോലിത്തിരക്കായിരിക്കും. അല്ലേ?"

"എനിക്കൊരു തിരക്കുമില്ല. എല്ലാം ചേട്ടൻ നോക്കിക്കൊള്ളും."

"വളരെ നല്ലതു്. നേരം ഇരുട്ടുന്നതിനു മുമ്പു് പോകുക."

അയാൾ കുറച്ചുദൂരം അവളുടെകൂടെപ്പോയി. ഒടുവിൽ മന്ദഹാസത്തോടുകൂടി അവൾ യാത്രപറഞ്ഞു. ഇരുട്ടായിരുന്നിട്ടും, ആ പുഞ്ചിരി അയാളുടെ നയനങ്ങൾക്കു വിഷയമായി.

---

## XXI

സദ്യയ്ക്കു് സോമനും 'വല്യവീട്ടി'ൽ ഹാജരുണ്ടായിരുന്നു. ബോട്ടിൽ വെച്ചു് അവർതമ്മിൽ കണ്ടിരുന്നതിനാൽ ഇപ്പോൾ വേഗം അന്യോന്യം പരിചയപ്പെടുവാൻ സാധിച്ചു.

ശ്യാമളയെ പുറത്തെങ്ങും കണ്ടില്ല. അവൾ മുറിയിൽത്തന്നെ ഇരിക്കുകയായിരുന്നു. സദ്യകഴിഞ്ഞു് മുൻനിശ്ചയിച്ചിരുന്നതുപോലെ നാണുക്കുട്ടൻനായരും ദൂരദിക്കിൽനിന്നും വന്നിരുന്ന രണ്ടുമൂന്നു സ്നേഹിതന്മാരുമൊരുമിച്ചു് കാവുങ്കലേക്കു പോയി. സോമൻ ഓടക്കുഴൽ വായിച്ചും പാട്ടുപാടിയും കുറേനേരം അവരെയെല്ലാം രസിപ്പിച്ചു. ഒടുവിൽ സന്ധ്യയോടുകൂടി എല്ലാവരും

പിരിഞ്ഞു. അപ്പോൾ നാണുകുട്ടൻനായരുടെ കൂട്ടുകാരിൽ ചിലർ പറഞ്ഞു:—

"ഞങ്ങളിന്നുരാത്രി ബോട്ടിൽ പോണം." അവൎക്ക് പോകേണ്ട അത്യാവശ്യമുണ്ടായിരുന്നു. അതിനാൽ നായർ വിസമ്മതിച്ചിട്ടും അവർ അതിന് വഴിപ്പെട്ടില്ല. അവരിൽ ഒരാൾ മാത്രം യാത്രയായില്ല. അയാളുടെ പേര് ഗോവിന്ദക്കുറുപ്പ് എന്നായിരുന്നു. ഈയാളെക്കൊണ്ടാണ് നാണുക്കുട്ടൻനായർ ശ്യാമളയുടെ വിവാഹം ചെയ്യിക്കുവാൻ നിശ്ചയിച്ചിരുന്നത്. പ്രായം ഒരു നാല്പതു വയസ്സു വരും. സ്ഥൂലകായനാണ്. ആൾ തീരെ വിരൂപനല്ല.

എല്ലാവരും പോയപ്പോൾ അയാൾ സ്നേഹിതനോടു പറഞ്ഞു. "ഹേ, ആ പാട്ടുകാരൻ, ആൾ കാണുന്നതുപോലെയാണെന്നു തോന്നുന്നില്ല. സാധുവും നല്ലവനും ആണെന്നല്ലേ നിങ്ങൾ പറഞ്ഞത്? ഇതാ, നോക്കു. ഈ വളക്കഷണം അയാളുടെ മുറിയിൽനിന്നും കിട്ടിയതാണ്. ആരെങ്കിലും ചെറുപ്പക്കാരികൾ നിശ്ചയമായും അവിടെ കൂടക്കൂടെ വരുന്നുണ്ടാവും."

അതു വാസ്തവമാണെന്ന് നാണുക്കുട്ടൻനായൎക്കും തോന്നി. അത് ആരാണെന്ന് കണ്ടുപിടിക്കണമെന്ന് അയാൾ നിശ്ചയിച്ചു.

വിവാഹകാൎയ്യത്തെപ്പററി തന്നെ എഴുതി അറിയിച്ചാൽ മതി എന്നു പറഞ്ഞ് ഗോവിന്ദക്കുറുപ്പ് പിറേറദിവസം തന്നെ പോയി.

അന്നു വൈകിട്ട് കടപ്പുറത്ത് പോകാനെന്നുള്ള മട്ടിൽ നാണുക്കുട്ടൻനായർ വെളിയിലിറങ്ങി. അയാൾ പോയി കുറച്ചു കഴിഞ്ഞപ്പോൾ ശ്യാമള കാവുങ്കലേക്കു തിരിച്ചു.

സോമൻ അപ്പോൾ എന്തോ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. വാതലിൽ ഒരു മുട്ടുകേട്ട് അയാൾ ഞെട്ടിത്തിരിഞ്ഞു നോക്കി. ശ്യാമളയാണെന്ന് അറിഞ്ഞപ്പോൾ അയാൾക്കു വലിയ സന്തോഷമുണ്ടായി. വാതൽ തുറന്ന് അവളെ അകത്തു കയററിയിട്ട് അയാൾ ചോദിച്ചു: "ചേട്ടന്റെ കൂട്ടുകാരെല്ലാം പോയോ?

എങ്ങനെ ഇങ്ങോട്ടു പോന്നു? ആരും അന്വേഷിക്കുകയില്ലേ?' എന്താ ഒരു വല്ലായ്മ?"

"ചേട്ടനു് എന്തോ സംശയം തോന്നിയിട്ടുണ്ടു്. ഇന്നാൾ ഞാൻ ഇവിടെ വന്നപ്പോൾ എൻെറ ഒരു വള പൊട്ടി ഇവിടെ വീണു. എന്നെ വിവാഹം ചെയ്യണമെന്നും പറഞ്ഞുവന്ന ആ മനുഷ്യൻ അതു് ഇവിടെ നിന്നും എടുത്തു് ചേട്ടൻെറ കൈയിൽ കൊടുത്തു. ചേട്ടൻ ആ മാതിരി വള എൻെറ കൈയിൽ കിടക്കുന്നതു കണ്ടിട്ടുണ്ടു്. അതുകൊണ്ടു് ഇന്നു് ഉച്ചയ്ക്കു് ഈ മാതിരി വള നിനക്കുണ്ടോ എന്നു് എന്നോടു ചോദിച്ചു. ഞാൻ ഒന്നും മനസ്സിലാകാതെ, എല്ലാം പൊട്ടിപ്പോയെന്നു പറയുകയും ചെയ്തു. അപ്പോൾ ഇതു കാവുങ്കൽ പുരയ്ക്കകത്തുനിന്നും കിട്ടിയതാണെന്നും അങ്ങയുടെ പ്രകൃതം വെളിയിൽ കാണുന്നതു പോലെയൊന്നുമല്ലെന്നും എന്നോടു പറഞ്ഞു. അദ്ദേഹം എന്നെ സംശയിച്ചിരിക്കുമോ എന്തോ?"

"തങ്കം, എന്നു് നമുക്കൊരുമിച്ചു് പരസ്യമായി, താമസിക്കുവാൻ സാധിക്കുമോ. അന്നേ അസഹനീയമായ ഈ മാതിരി സംഭവങ്ങൾക്കു് ഒരു അവസാനം ഉണ്ടാകയുള്ളു."

അവൾ എത്രതന്നെ ശ്രമിച്ചിട്ടും കണ്ണുനീർ അടക്കുവാൻ സാധിച്ചില്ല. സോമൻ ഒരു നെടുവീർപ്പു വിട്ടു. അയാളുടെ കൈകൾ അവളുടെ ശരീരത്തെ വലയം ചെയ്തു. അവർ രണ്ടുപേരും അങ്ങനെ പരസ്പരാശ്ലേഷസുഖാനുഭൂതിയിൽ ലയിച്ചിരിക്കുമ്പോൾ വാതലിൽ 'ടപ് ടപ്' എന്നു് ആരോ മുട്ടി. സംഭ്രമംകൊണ്ടു് ശ്യാമളയുടെ ശരീരം വിറച്ചു.

സോമൻ പതുക്കെ അവളുടെ ചെവിയിൽ പറഞ്ഞു: "ഒരു വഴിയേയുള്ളു. ആ ചായ്പിൽ കയറി ഒരു മൂലയിലിരിക്കണം. വാതൽ ഉള്ളിൽനിന്നും സാക്ഷയിട്ടേക്കുക. വേഗം."

ശ്യാമള അയാൾ പറഞ്ഞതുപോലെ ചെയ്തു. അല്പം കഴിഞ്ഞു് സോമസുന്ദരൻ വാതൽ തുറന്നു. അപ്പോൾ അയാളുടെ മുഖത്തിനുണ്ടായ ഭാവഭേദം അവർണ്ണ്യമായിരുന്നു. നാണുക്കുട്ടൻ നായർ ഇതാ അയാളുടെ മുമ്പിൽ നില്ക്കുന്നു!

ആഗതൻ തന്നെ സംഭാഷണം ആരംഭിച്ചു:—"എന്താ സുഖമില്ലെന്നു തോന്നുന്നല്ലൊ. തണുപ്പുകൊണ്ടായിരിക്കാം. മഞ്ഞ് നേരത്തേ പെയ്തുതുടങ്ങി."

"സാരമില്ല, ഒരു തലവേദന,അത്രേയുള്ളു. എന്നുപോണു?"

വാതലിൽ മുട്ടിയപ്പോൾ ആരോ ഉള്ളിൽ ഉണ്ടായിരുന്നുവെന്ന് നായൎക്ക് ബലമായ സംശയമുണ്ടായിരുന്നു. മുറിക്കുള്ളിൽ വൎത്തമാനം പറയുന്ന ശബ്ദം അയാൾ കേൾക്കാതിരുന്നില്ല. എന്നാൽ മുറിയിൽ ഇപ്പോൾ സോമൻ മാത്രമേയുള്ളു. കൂടെയുണ്ടായിരുന്ന ആൾ എവിടെയോ ഒളിച്ചിരിക്കണമെന്ന് നായർ തീൎച്ചയാക്കി. 'എന്നു പോണു?' എന്നുള്ള യുവാവിൻെറ പ്രശ്നം കേട്ടപ്പോൾ ശ്യാമളതന്നെയായിരിക്കും സോമനൊരുമിച്ച് ഉള്ളിൽ ഉണ്ടായിരുന്നതെന്ന് അയാൾ മിക്കവാറും നിശ്ചയിച്ചു. സോമസുന്ദരൻെറ സംസാരവും ഭാവവുമെല്ലാം ആ ശങ്കയെ വൎദ്ധിപ്പിച്ചതേയുള്ളു.

നാണുക്കുട്ടൻനായർ കാവുങ്കൽനിന്നും വേഗത്തിൽ വല്യവീട്ടിലേക്കു പോയി. ശ്യാമളയെ അയാൾ അവിടെ അന്വേഷിച്ചു. അപ്പോൾ അവൾ അവിടെയില്ലെന്നുള്ള സംഗതി വിശദമായി. എല്ലാം സൂൎയ്യകിരണങ്ങൾപോലെ അയാൾ സ്പഷ്ടമായി കണ്ടു.

ഒരു അഞ്ചുമിനിട്ടു കഴിഞ്ഞപ്പോൾ ശ്യാമള വലിയ വ്യഗ്രയോടുകൂടി അവിടെ വന്നു. നായർ വിശേഷവിധിയായി അപ്പോൾ അവളോട്ട് ഒന്നുംതന്നെ സംസാരിച്ചില്ല.

അത്താഴമൂണുകഴിഞ്ഞു് അയാൾ ശ്യാമളയെ വിളിച്ചു. ന്യായാധിപൻെറ മുമ്പിൽ കുററവാളിയെന്നപോലെ അവൾ ജ്യേഷ്ഠൻെറ മുറിയിൽ വന്നുനിന്നു.

അയാൾ അല്പം നീരസഭാവത്തിൽ അവളോടു ചോദിച്ചു:—"ആ സോമസുന്ദരൻനായർ കാവുങ്കൽ താമസമായിട്ട് എത്ര നാളായി?"

"അഞ്ചെട്ടുമാസമായിക്കാണും" എന്നു് ഒരു അലക്ഷ്യഭാവത്തിൽ അവൾ മറുപടി പറഞ്ഞു.

"അഹാ! അഞ്ചെട്ടുമാസമായോ? നിങ്ങൾ തമ്മിൽ നല്ല പരിചയമാണൊ?"

"അതെ, പരിചയമാണു്"

നാണു—"ഞാൻ കൊണ്ടുവന്ന വിവാഹാലോചനയെപ്പററി എന്തു പറയുന്നു? പെണ്ണുങ്ങൾക്ക സ്വാതന്ത്ര്യം കൂടിയകാലം. നല്ലതുപറഞ്ഞാൽ പൊല്ലാപ്പായിട്ടാണു് അവർ വിചാരിക്കുന്നതു്. എന്നിട്ടു് ഒടുവിൽ വീട്ടുകാൎക്കും കൂററുകാൎക്കും അപമാനം വരുത്തിവെയ്ക്കുക"

ശ്യാമള—"ചേട്ടൻ കോപിക്കത്തക്ക കാൎയ്യമൊന്നുമുണ്ടെന്നു തോന്നുന്നില്ല. 'വിവാഹം ചെയ്യണം. വിവാഹം ചെയ്യണം' എന്നു പറഞ്ഞു് ഇങ്ങനെ എന്നുമെന്നും അലട്ടരുതെന്നു ഒരപേക്ഷയുണ്ടു്. എനിക്കു് ഇപ്പോൾ വീണ്ടും ഒരു ബന്ധം ആവശ്യമാണോ ഇല്ലയോ എന്നു് എനിക്കല്ലേ മററാളുകളേക്കാൾ നല്ലപോലെ അറിയാവുന്നതു്. ഇക്കാൎയ്യത്തിൽ ഒരാൾ വേറൊരാളെ നിൎബ്ബന്ധിച്ചിട്ടു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല."

നാണുക്കുട്ടൻനായരുടെ നയനങ്ങൾ കോപാരുണമായി. അയാൾ ഗൎജ്ജിച്ചു:—"തോന്നിയവാസം നടക്കാനാണു് ഭാവമെങ്കിൽ നീ ഇന്നുമുതൽ എൻെറ സഹോദരിയുമല്ല; ഞാൻ നിൻെറ സഹോദരനുമല്ല. കേട്ടോ; ആണുങ്ങൾ വെളിയിലിറങ്ങി നടക്കേണ്ടവരല്ലേ! ഇനി ഞാനീവേലിക്കകത്തു കയറുന്നെങ്കിൽ അന്നു ചോദിച്ചോ. നിൻെറ വീടു്, നിൻെറ ഇഷ്ടംപോലെയാകട്ടെ. വല്ല പെറുക്കിപ്പിള്ളരേയും—"

ശ്യാമള അക്ഷമയായി പറഞ്ഞു: "ചേട്ടാ ആരെക്കുറിച്ചും മൎയ്യാദവിട്ടു സംസാരിക്കരുതു്. ഞാൻ ഇതൊന്നും കേൾക്കാൻ തയാറല്ല. ചേട്ടൻെറ ഇഷ്ടംപോലെ പോകയോ നില്ക്കയോ എന്തു വേണമെങ്കിലും ചെയ്തുകൊള്ളണം. എൻെറ കാൎയ്യത്തെപ്പററി അന്വേഷിക്കുവാൻ നിങ്ങളാരുമില്ലെങ്കിൽ ദൈവമുണ്ടു്".

"അല്ലെങ്കിൽ ആ അധികപ്രസംഗിയുണ്ട്".

അവൾ മറുപടി ഒന്നും പറയാതെ മുറിയിൽ നിന്നും ബഹിർഗ്ഗമിച്ചു. നാണുക്കുട്ടൻനായർ അന്നു രാത്രിതന്നെ യാത്രയാകയും ചെയ്തു.

———

## XXII

ശ്യാമള വിഷമിച്ചു. "എന്തെല്ലാം അനൎത്ഥങ്ങളാണ് ദൈവമേ! നേരിടുന്നത്. ചേട്ടനോടു എല്ലാം തുറന്ന് പറഞ്ഞ് പരസ്യമായി ഞങ്ങളുടെ വിവാഹം നടത്തിത്തരേണമെന്ന് അപേക്ഷിച്ചാലെന്താണ്? അല്ലെങ്കിൽ അദ്ദേഹം ഇതിന് അനുകൂലിക്കുമോ? ലോകത്തിൽ യാതൊരു സ്ഥാനവുമില്ലാത്ത ഒരു സാഹിത്യഭ്രാന്തനെ ഞാൻ വിവാഹം ചെയ്യാൻ പോകുന്നുവെന്നു കേട്ടാൽ ആളുകൾ ചിരിക്കുകയില്ലേ? അല്ലെങ്കിൽ അവളുടെ ജീവനാഥൻ തന്നെ എന്തുപറയും? ഭാവിയിൽ അയാൾതന്നെ കുററപ്പെടുത്തുകയില്ലേ? അവൾ നിമിത്തമാണ്—ഈ ബന്ധത്തെ പരസ്യമായി പ്രഖ്യാപനം ചെയ്യുകയാലാണ്— അയാളുടെ ശ്രേയസ്സിന് തടസ്സം നേരിട്ടതെന്നു പറഞ്ഞെങ്കിലോ? വേണ്ട ലോകപരിചയം ലഭിക്കുന്നതിന് മുമ്പേ, വളരെ ചെറുപ്പത്തിൽ, അനുരാഗബദ്ധരായി വിവാഹം ചെയ്യാൻ ഇടയായിട്ടുള്ള പുരുഷന്മാർ പിന്നീട് ഈ സംഗതിയിൽ പശ്ചാത്തപിക്കുക സാധാരണമാണ്." ഇങ്ങനെ പല ചിന്തകൾകൊണ്ട് അവൾ ആ രാത്രി തള്ളിനീക്കി.

പിറേറദിവസം കാലത്തേ ഇതാ വേറൊരു സംഗതി! അവൾ അകപ്പാടെ വിഷമിച്ചു. പെനാംഗിൽനിന്നും വന്ന ഒരു മനുഷ്യൻ അവളെ കാണുവാനായി എത്തിയിരിക്കുന്നു. വാസുപ്പണിക്കരെ സംബന്ധിച്ച് ഏതോ കാൎയ്യം പറയുവാൻ വന്നിരിക്കുകയാണെന്ന് ശ്യാമള തീച്ചപ്പെടുത്തി. മനസ്സിൽ നിന്നും നിഷ്കാസനം ചെയ്യുന്നതിനു ശ്രമിച്ചുകൊണ്ടിരുന്ന് അദ്ദ്യഭത്താവിനെ സംബന്ധിച്ച വാൎത്ത ഒരു പിശാചിനെപ്പോലെ പിന്നെയും

അവളെ ബാധിക്കുവാൻ എത്തിയിരിക്കുന്നു. സംഭ്രമത്തോടും വിഷാദത്തോടും കൂടി അവൾ ആ മനുഷ്യനെ കാണുവാനായി കിടക്കമുറിയിൽ നിന്നും വെളിയിൽ വന്നു.

ആഗതൻ ഒരു പരിഷ്കാരിയും സുമുഖനുമായിരുന്നു. ശ്യാമള കവാടദ്വാരത്തിൽ നിന്നുകൊണ്ടു ചോദിച്ചു: "എന്നെക്കാണാനാണോ വന്നതു്? എവിടെനിന്നും വരുന്നു.?"

"അതെ, കണ്ടു ചില കാര്യങ്ങൾ ധരിപ്പിക്കേണ്ടതായുണ്ടായിരുന്നു. ഞാൻ ഈ അടുത്ത പെനാംഗിൽനിന്നു വന്നതേയുള്ളു. എന്റെ വീടു അമ്പലപ്പുഴയാണ്. മിസ്റ്റർ വാസുപ്പണിക്കർ എന്റെ സ്നേഹിതനാണ്. ഞങ്ങൾ ഒരുമിച്ചാണ് എഫ്. എം. എസ്സിൽ കുറേനാൾ താമസിച്ചതു്."

"ഒരുമിച്ചോ?" എന്നു് സംഭ്രമത്തോടുകൂടി യുവതി ചോദിച്ചു.

"അതേ, ഒരുമിച്ചുതന്നെ."

"അപ്പോൾ അദ്ദേഹം ഇപ്പോൾ ജീവിച്ചിരിക്കുന്നു അല്ലേ? പറയണം, വേഗം പറയണം." എന്നു് ഒരു അപരിചിതന്റെ മുമ്പിലാണ് താൻ നില്ക്കുന്നതെന്നുള്ള സംഗതി വിസ്മരിച്ചു അവൾ അർദ്ധപ്രജ്ഞയെന്ന മട്ടിൽ ചോദിച്ചു.

"ഇല്ല. അദ്ദേഹം മരിച്ചുപോയി. ആ സംഗതി പറയാനാണ്, ഒട്ടും സമയമില്ലായിരുന്നെങ്കിലും ഞാൻ ഇവിടെ വന്നതു്." എന്നു പറഞ്ഞപ്പോൾ അവൾക്കു ശ്വാസം നേരേ വീണു. "മരിച്ചുപോയി? വാസ്തവം തന്നെയോ?"

"അതെ, അതിനു യാതൊരു സംശയവുമില്ല."

"എന്നാൽ പിന്നെ നിങ്ങൾ എന്തു പറയാനാണ് വന്നതു്?" എന്നു് ശാന്തമായി അവൾ ചോദിച്ചു.

"പണിക്കർ മരിച്ചുവെന്നുള്ളതിന് യാതൊരു വിവാദവുമില്ല. മരിച്ചുകിടക്കുന്നതു് ഞാൻ തന്നെ കണ്ടു. അഹോ! ഭയങ്കരം! എന്നാൽ മരിച്ച തീയതിയെപ്പററി ഇവിടങ്ങളിൽ ഒരു വലിയ തെററിദ്ധാരണക്കിടയായിട്ടുണ്ടു്.

"ഇവിടെ ആ വിവരമറിഞ്ഞിട്ട് ആറുമാസത്തിൽപരമായിരിക്കുന്നു" എന്ന് ശ്യാമള ആശങ്കയോടുകൂടി പറഞ്ഞു.

"എന്നാൽ അതു തെററാണ്. മൂന്നുമാസത്തിൽ കൂടുതലായിട്ടില്ല അദ്ദേഹം മരിച്ചിട്ട്. മലമ്പനി പിടിച്ചു മരിച്ചുവെന്നാണ് ഇവിടെ ആളുകൾ വിശ്വസിച്ചിരിക്കുന്നത്. എന്നാൽ അങ്ങനെയല്ല സംഭവം. അദ്ദേഹം ആത്മഹത്യ ചെയ്യുകയായിരുന്നു. എൻെറ കൂടെ കുറേ നാൾ താമസിച്ചിട്ട് പിണങ്ങിപ്പിരിഞ്ഞു. പിന്നീട് ഏതോ തോട്ടത്തിൽ കുറച്ചുനാൾ ഒരു പണിയിലിരുന്നു. അവിടെവെച്ച് തൻെറ യഥാർത്ഥനാമം മാററുകയും ഒരു മലയാസ്ത്രീയെ വിവാഹം കഴിക്കുകയും ചെയ്തു."

"മലയാസ്ത്രീയെ വിവാഹം ചെയ്തു?" എന്ന് അത്ഭുതത്തോടും വെറുപ്പോടുംകൂടി അവൾ ചോദിച്ചു.

"അതേ, മലയാസ്ത്രീയെ വിവാഹം ചെയ്തു. അവിടെ അവളോടൊരുമിച്ചു സുഖമായി താമസിക്കുകയായിരുന്നു. ഞങ്ങൾ തമ്മിൽ രസമില്ലായിരുന്നെങ്കിലും അദ്ദേഹത്തിൻെറ വർത്തമാനം അറിയാമെന്നു വിചാരിച്ച് ഞാൻ ആ തോട്ടത്തിൽ ഒരിക്കൽ പോയി. പഴയ നീരസമെല്ലാം കളഞ്ഞ് സന്തോഷത്തോടുകൂടി എന്നെ ഉപചരിച്ചു. അപ്പോൾ ഇനി അദ്ദേഹം ഇങ്ങോട്ടു മടങ്ങിവരുകയില്ലെന്ന് പറയുകയുണ്ടായി. എന്നോട് കുറച്ചുദിവസം അവിടെത്താമസിക്കണമെന്ന് നിർബ്ബന്ധിച്ചു. ഞാൻ ആദ്യം മടിച്ചുവെങ്കിലും ഒടുവിൽ സമ്മതിച്ചു. പണിക്കർ ഒരു മുക്കുടിയനാണെന്ന് എനിക്ക് വേഗം മനസ്സിലായി. ചിലപ്പോൾ ഞാൻ, അദ്ദേഹത്തെ അത്യന്തം ചിന്താകുലനായിക്കണ്ടു. അവിടെത്താമസിക്കവേ, ഒരുദിവസം രാവിലെ അദ്ദേഹത്തിൻെറ മുറിയിൽ ഒരു വെടിയുടെ ശബ്ദംകേട്ടു. അദ്ദേഹത്തിൻെറ ഭാര്യ ഒരു ഭ്രാന്തിയെപ്പോലെ എന്നെത്തള്ളിയിട്ടിട്ട് ആ മുറിയിലേക്കോടി. മുറിയിൽ കയറി നോക്കിയപ്പോൾ അദ്ദേഹം തറയിൽ കിടക്കുന്നതും നെഞ്ചിൽകൂടി രക്തം പ്രവഹിക്കുന്നതും കണ്ടു. ഒരു കൈത്തോക്ക് അടുക്കൽ കിടപ്പുണ്ടായിരുന്നു. ആ മലയാസ്ത്രീ അന്നു മുഴുവൻ നെഞ്ചത്തടിച്ചു കരഞ്ഞുംകൊണ്ടിരുന്നു. ശവസം

സ്താരമെല്ലാം കഴിഞ്ഞ് മുറി പരിശോധിച്ചപ്പോൾ അദ്ദേഹം എനിക്കെഴുതിവെച്ചിരിക്കുന്ന ഒരെഴുത്തു കിട്ടി."

"പിന്നെ എങ്ങനെ ഈ തെററിദ്ധാരണയ്ക്കിടയായി?"

"അന്ന് ഏതോ ഒരു മലയാളി അവിടെ‌ഞ്ഞാനും മരിച്ചിരിക്കാം. അല്ലാതൊരു വഴിയും കാണുന്നില്ല."

അനന്തരം അയാൾ യാത്രപറഞ്ഞു പോയി.

ഈ വത്തമാനം സോമനെ ധരിപ്പിക്കുന്നതിനുള്ള ധൈര്യം അവൾക്കുണ്ടായില്ല. എന്തുകൊണ്ടെന്നാൽ അവരുടെ ബന്ധം ഇതാ, ഇപ്പോൾ ശിഥിലമായിരിക്കുന്നു. ശ്യാമളയും സോമനും ഇപ്പോൾ ഭാര്യാഭത്താക്കന്മാരല്ല. ആദ്യഭത്താവു ജീവിച്ചിരിക്കുമ്പോൾ വേറൊരു വിവാഹം ചെയ്താൽ അത് നിയമാനുസൃതം സാധുവാകുന്നതല്ലല്ലോ. എന്നു തന്നെയല്ല, ശിക്ഷാർഹമാണുതാനും. സോമനും ശ്യാമളയും തമ്മിലുള്ള രജിസ്റ്റർ വിവാഹത്തിനു ശേഷമാണ് വാസുപ്പണിക്കർ മരിച്ചത്! എന്തൊരു അപകടം!

അവൾ അപ്പോൾത്തന്നെ സോമസുന്ദരൻനായക്കൊരു എഴുത്തെഴുതി.

"പ്രാണേശ്വരാ, ഞാൻ എങ്ങിനെയാണ് ഈ ദാരുണമായ വത്തമാനം അങ്ങയെ ധരിപ്പിക്കേണ്ടത്? എന്നാൽ അറിയിക്കാതെ നിവൃത്തിയുമില്ല. നമ്മൾ തമ്മിലുള്ള സ്നേഹം ആജീവനാന്തം നിലനില്ക്കുന്നതാണെങ്കിലും—നമ്മളുടെരണ്ടുപേരുടേയും ആത്മാവു ഒന്നുതന്നെയാണെങ്കിലും— ഞാൻഇപ്പോൾ അങ്ങയുടെ ഭാര്യയല്ല. നമ്മുടെ വിവാഹത്തിനു ശേഷമാണ് എന്റെ ആദ്യഭത്താവു മരിച്ചത്. അതിനാൽ നമ്മുടെ വിവാഹം സാധുവാകുന്നതല്ല. ഭയംകൊണ്ടും ലജ്ജകൊണ്ടും എന്റെ മനസ്സു കിടന്നുമറിയുന്നു. ഒന്നും ആലോചിക്കുന്നതിനുപോലും എനിക്കു ശക്തിയില്ല. കഴിയുന്നതും വേഗത്തിൽ ഇവിടെ വരുവാൻ അപേക്ഷിക്കുന്നു. ഈ എഴുത്തു ഉടൻ കത്തിച്ചുകളയണം.

എന്നു സ്വന്തം ശ്യാമള"

എഴുത്തെഴുതി അവർ രണ്ടുപേരും മുമ്പ് നിശ്ചയിച്ചിരുന്ന ഒരു സ്ഥാനത്ത് ഒളിച്ചുവെച്ചിട്ടു പോന്നതിൻെറ ശേഷമാണ് അവൾ തൻെറ സഹോദരൻെറ അവിചാരിതമായ യാത്രയെപ്പററി എഴുതാൻ വിട്ടുപോയെന്നുള്ള കാര്യം ഓർത്തത്. ഏതായാലും കത്തുകണ്ടാൽ അയാൾ വരുമെല്ലോ എന്ന് അവൾ ആശ്വസിച്ചു.

ശ്യാമള പ്രതീക്ഷിച്ചതുപോലെ സോമൻ ഉച്ചയ്ക്കു മുമ്പെ തന്നെ വല്യവീട്ടിൽ വന്നു. അയാൾ അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

"എന്തിനാണ് ഈ പരിഭ്രമം?. നിയമമനുസരിച്ച് ഇപ്പഴത്തെ വിവാഹം സാധുവാകുന്നില്ലെങ്കിൽ അത് അരമണിക്കൂർകൊണ്ട് പരിഹരിക്കാവുന്നതാണ്. നമ്മൾ നേരത്തേകൂട്ടി വിവാഹംചെയ്തുവെന്ന് വെളിയിൽ പറയാതെ വീണ്ടും പരസ്യമായി ഒരു വിവാഹം നടത്തുന്നതാണ് ഭേദമെന്ന് എനിക്കുതോന്നുന്നു."

ആ ബന്ധത്തിൽനിന്നും വിമുക്തയാകുന്നതിനു പകരം അതു ഒരിക്കലും അഴിയാത്തവിധം ബലപ്പെടുത്തണമെന്നായിരുന്നു അയാളുടെ നിർബ്ബന്ധം. അവൾക്ക് അതിന് വിസമ്മതമൊന്നുമില്ലായിരുന്നു. എന്നാൽ ഭർത്താവു മരിച്ച് ഒരാറുമാസമെങ്കിലും കഴിയുന്നതിനു മുമ്പേ വീണ്ടും പരസ്യമായി വിവാഹം നടത്തുന്നതിന് അവൾ ഇഷ്ടപ്പെട്ടില്ല. "ആളുകൾ നമ്മെ പരിഹസിക്കയില്ലേ?" എന്ന് അവൾ ചോദിച്ചു.

"പണിക്കർ ഭവതിയോട് ഏതു പ്രകാരമാണ് പെരുമാറിയിരുന്നതെന്ന് ഈ നാട്ടിൽ എല്ലാവർക്കുമറിയാം. പിന്നെ, ആളുകൾ എന്തു പരിഹസിക്കാനാണ്?" അപ്പോൾ സോമൻെറ പ്രായത്തെപ്പററി അവൾ ഓർത്തു. "എങ്ങനെയാണ് ഇത്ര വേഗത്തിൽ ഈ ചെറുപ്പക്കാരനെ ഞാൻ പരസ്യമായി വിവാഹം ചെയ്യുന്നത്?" എന്നായി പിന്നീട് അവളുടെ വിചാരം. ഒടുവിൽ, സഹോദരൻ കലഹിച്ച് പോയ വിവരവും അവൾ അയാളെ ധരിപ്പിച്ചു.

എന്നാൽ എന്തോ അത്യാവശ്യം പ്രമാണിച്ച് ആലപ്പുഴയ്ക്കു പോകാനുണ്ടായിരുന്നതിനാൽ, യാതൊരു വിധത്തിലും വിഷാദം

വേണ്ടാ എന്നുള്ള സാന്ത്വനവചനം പ്രേയസിക്ക് നല്കിയിട്ട് അയാൾ തൽക്കാലത്തേക്ക് യാത്രപറഞ്ഞു.

അയാൾ പോയതിനു ശേഷവും അവൾ തൻെറ വിധിവിലാസത്തെപ്പററി വളരെനേരം ചിന്തിച്ചുകൊണ്ടിരുന്നു.

തൻെറ വിചിത്രമായ അവസ്ഥയെക്കുറിച്ച് അവൾ സ്വയം പരിഹസിക്കുകയും അത്ഭുതപ്പെടുകയും ചെയ്തു. അന്നു സൂര്യൻ അസ്തമിക്കുന്നതിനു മുമ്പ് ഇതിന് ഏതെങ്കിലും പ്രതിവിധി കണ്ടുപിടിക്കണമെന്നുള്ള നിർബ്ബന്ധത്തിന് ഇപ്പോൾ ഒരു ഭംഗം നേരിട്ടെങ്കിലും അത് അവൾക്ക് വളരെ അസഹനീയമായിത്തോന്നിയില്ല. ഒരു വേദാന്തിയെപ്പോലെ അവൾ ആകസ്മികമായുണ്ടായ ഈ അവസ്ഥാന്തരത്തെ പരിഗണിച്ചു. ആ ദിവസവും കഴിഞ്ഞുകൂടി. സോമൻെറ പേരിൽ അവൾക്കു തോന്നിയിരുന്ന ആ ഉൽകടപ്രേമം ഇപ്പോൾ അല്പം ശാന്തമായി. വികാരത്തിൻെറ മൂർദ്ധന്യാവസ്ഥയിലാണല്ലോ മനുഷ്യർ ആലോചനകൂടാതെ എന്തും പ്രവൎത്തിക്കുവാൻ തയാറാവുന്നത്. മലയിൽ വലിയ വൎഷം പെയ്യുമ്പോൾ ആററിൽ പെട്ടെന്ന് വെള്ളം പൊങ്ങി കരകവിയുന്നതുപോലെ അത്യന്തം ശക്തിയോടുകൂടിയ പ്രണയവൎഷത്താൽ അവരുടെ ഹൃദയം നിറഞ്ഞു തുളുമ്പി. അപ്പോൾ അവർ യാതൊന്നും ചിന്തിക്കാതെ ആശ്ലേഷസുഖത്തിൽ ലയിച്ച് 'നമ്മൾ എന്നും ഒന്നുതന്നെ' എന്ന് അന്യോന്യം പ്രതിജ്ഞയും ചെയ്തു. എന്നാൽ ഇന്നും ആ പ്രണയത്തിന് ലോപം നേരിട്ടില്ലായിരുന്നെങ്കിലും ഒരു വിമർശകൻെറ ദൃഷ്ടികൊണ്ട് ആ സംഗതിയെ അവൾ ഇപ്പോൾ വീക്ഷിക്കുവാൻ തുടങ്ങി. "എൻെറ അഭിമാനത്തെ രക്ഷിക്കുവാൻവേണ്ടി ഞാൻ അദ്ദേഹത്തെ വിവാഹം ചെയ്യേണ്ടതു് അത്യാവശ്യം. എന്നാൽ ആ ശ്രേഷ്ഠപുരുഷൻെറ ശോഭനമായ ഭാവിക്ക് ഈ ബന്ധം ഒരു തടസ്സമായിത്തീരുന്നതിന് അനുവദിക്കാമോ? അതിന് ഇടകൊടുക്കാതിരുന്നാൽ എൻെറ സ്വഭാവവൈശിഷ്ട്യത്തെ അതു് സവിശേഷം ദ്യോതിപ്പിക്കുന്നതായിരിക്കും."

൧൨൭

മനഃപൂർവ്വമുള്ള ആലോചനയുടെയും മനസ്സിൻെറ ചാഞ്ചല്യത്തിൻേറയും ഫലമായിട്ടാണ് ഈ വിചാരം അവളുടെ മനസ്സിൽ ഉദിച്ചുയന്നതെങ്കിലും ക്രമേണ അതിന് ദൃഢിയും ശക്തിയും വൃദ്ധിച്ചുവന്നു. കുറേക്കൂടി ആലോചിച്ചപ്പോൾ, ഈനിസ്വാൎത്ഥത അവളുടെ ജീവിതത്തിന് ആപൽക്കരമായിത്തീൎന്നേക്കാൻ ഇടയുണ്ടെന്നും എന്നാൽ അയാൾക്ക് പ്രത്യേകം ദോഷമൊന്നും വരുത്താനിടയില്ലെന്നും അവളുടെ ബുദ്ധി ഉപദേശിച്ചു.

ഏതായാലും സോമസുന്ദരൻനായരെ വിവാഹം ചെയ്യാതെ തരമില്ല. ഈ മാതിരി ഘട്ടങ്ങളിൽ ഒരാൾ സ്വാൎത്ഥത കാണിക്കുന്നുവെങ്കിൽ അതു ക്ഷന്തവ്യമാണെന്നായിരുന്നു അവളുടെ അഭിപ്രായം. പാവപ്പെട്ടവളും പ്രായക്കൂടുതലുള്ളവളുമായ ഒരു സ്ത്രീയെ ഭാൎയ്യയായി സ്വീകരിക്കുന്നതുകൊണ്ട് അയാൾക്ക് എന്തു ദോഷമാണ് വരാനുള്ളത്? ഇതെല്ലാമായിരുന്നു പിറേറദിവസം രാവിലെ കിടക്കയിൽ ഉണൎന്നു കിടന്നപ്പോൾ അവളുടെ മനസ്സിൽക്കൂടി പാഞ്ഞുപോയ വിചാരങ്ങൾ.

—)o(—

## XXII

കുറേനേരം സോമനെ പ്രതീക്ഷിച്ചുകൊണ്ട് അവൾ വല്യവീട്ടിൽ തന്നെയിരുന്നു. എന്നാൽ ഒട്ട് ഉച്ചയായിട്ടും അയാളെ കണ്ടില്ല. ആലപ്പുഴെനിന്നും വന്നോ ഇല്ലയോ എന്ന് അറിയാമെന്ന് വിചാരിച്ച് അവൾ നേരേ കാവുങ്കലേക്കു പോയി. മുറിപൂട്ടിയിരുന്നു. അതിനാൽ അയാൾ ഇനിയും വന്നിരിക്കുകയില്ലെന്ന് ഉദ്ദേശിച്ച് അവൾ മടങ്ങുവാൻ ഭാവിച്ചു. അല്പം കഴിഞ്ഞപ്പോൾ ഒരു ശബ്ദം പുറകിൽ കേട്ടു. "എന്താ പോകയാണോ?"

അതു് അവളുടെ ഹൃദയേശ്വരനായ യുവാവിൻെറ കോമളസ്വരമായിരുന്നു. മുറി തുറന്നിട്ട് സോമൻ പറഞ്ഞു: "ഇവിടെയിരിക്കണം. ഞാൻ ഇതാ വന്നുകഴിഞ്ഞു. വെയിൽകൊണ്ടു വളരെ

ദാഹിക്കുന്നു. ആ സമയം ശ്യാമള വെറുതേയിരുന്നില്ല. അവൾ അയാൾ എഴുതിവെച്ചിരുന്ന ലേഖനങ്ങൾ എടുത്തു അങ്ങുമിങ്ങും വായിക്കുകയും, ചില പുസ്തകങ്ങൾ മറിച്ചുനോക്കുകയും ചെയ്തുകൊണ്ടിരുന്നു. ആ ഗ്രന്ഥങ്ങളുടെയും കടലാസുകളുടെയും അടിയിൽഒരുനല്ലകവർ സൂക്ഷിച്ചുവെച്ചിരിക്കുന്നതു കണ്ടു. അതിൻെറ പുറത്തു സോമസുന്ദരൻനായരുടെ മേൽവിലാസം അച്ചടിച്ചിരുന്നു. ഏതോ, വത്തമാനപ്പത്രക്കാർ അയാൾക്ക് അയച്ചതായിരിക്കുമെന്ന് ഉദ്ദേശിച്ച് അവൾ അതിൻെറ ഉള്ളിൽനിന്നും എഴുത്തു വലിച്ചെടുത്തു നിവത്ത് വായിച്ചു. അത് 'സൺഇൻഷൂറൻസ്' കമ്പിനിക്കാർ അയാൾക്കു വീണ്ടും അയച്ച ഒരു കത്തായിരുന്നു. അവർ ആ മാസം അഞ്ചാംതീയതി അയച്ച കത്തിനു മറുപടി കാണാത്തതിൽ വ്യസനിക്കുന്നുവെന്നും അയാളുടെ അമ്മാവൻ കമ്പനിയിൽ അടച്ചിട്ടുള്ളതും മരണപത്രമനുസരിച്ച സോമന് അവകാശപ്പെട്ടതുമായ ൨൫,൦൦൦ ബ്രി. രൂപയുടെ പലിശ ഏതുവിധത്തിൽ വിനിയോഗിക്കണമെന്ന് ദയവായി ഉടൻ അറിയിക്കണമെന്നുമായിരുന്നു എഴുത്തിൻെറ ചുരുക്കം.

അവൾ അത്ഭുതപരതന്ത്രയായി അല്പനേരമിരുന്നു പോയി! ഈ എഴുത്തിൻെറ അത്ഥമെന്ത്? നിധ്നനാണെന്ന് അവൾ ഇതുവരെ വിചാരിച്ചിരുന്ന ആ മനുഷ്യൻ ൨൫,000 രൂപായ്ക്ക് അവകാശിയോ? തുകയുടെ പലിശതന്നെ ആണ്ടിൽ പത്തു മൂവായിരം രൂപാ വരുകയില്ലേ? യാതൊരു കാൎയ്യവും അവളിൽ നിന്നും ഗോപനം ചെയ്യുക പതിവില്ലാത്ത അയാൾ ഈ സംഗതിയെപ്പററി ഒരക്ഷരം തന്നോടു പറയാതിരുന്നതിന് എന്തായിരിക്കും കാരണം? എത്രതന്നെ ആലോചിച്ചിട്ടും അതിൻെറ രഹസ്യം അവൾക്കു കണ്ടുപിടിക്കുന്നതിന് സാധിച്ചില്ല. അവൾ എഴുത്തു കൈയിൽ പിടിച്ചുകൊണ്ടു മുറിയിൽത്തന്നെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. അല്പം കഴിഞ്ഞപ്പോൾ സോമൻ അവിടെ എത്തി. അവളുടെ കൈയ്യിൽ ഒരു കടലാസിരിക്കുന്നതു കണ്ടു് "അതെന്താണ്?" എന്ന് അയാൾ ചോദിച്ചു. അവൾ ഉൽക്കണ്ഠയോടുകൂടി പറഞ്ഞു: "ഇതൊരെഴുത്താണ് എത്ര ആലോചിച്ചിട്ടും ഇതിൻെറ അത്ഥം വ്യക്തമാകുന്നില്ല. ഇരുപത്തയ്യായിരം രൂപായുടെ

കാര്യം ഇതിൽ പറഞ്ഞിരിക്കുന്നു. അതെന്താണു്? എവിടെനിന്നു കിട്ടി? എന്തുകൊണ്ടാണു് അങ്ങു എന്നോട്ടു് ഈ കാര്യത്തെപ്പററി ഒന്നുംതന്നെ പറയാതിരുന്നതു്? അതു് അങ്ങയെ സംബന്ധിച്ചതല്ലേ?”

സോമൻ എഴുത്തുവാങ്ങിനോക്കി സംഭ്രമംകൊണ്ടു് പെട്ടെന്നു് മറുപടി പറയുവാൻ അയാൾക്കു സാധിച്ചില്ല.

“ഭവതിയെ ഈ സംഗതി അറിയിക്കണമെന്നു് ഞാൻ ഉദ്ദേശിച്ചിരുന്നില്ല” എന്നു് അയാൾ പറഞ്ഞു.

“എന്തുകൊണ്ടു്?”

“ഇപ്പോൾ എനിക്കു് ഇതിൽ യാതൊരു കാര്യവുമില്ല. കമ്പനിക്കാർ തെററിദ്ധരിച്ചിരിക്കയാണു്. എനിക്കു ഇതു് വാങ്ങുവാൻ ന്യായമില്ലെന്നു് ഞാൻ അവൎക്കെഴുതിഅയക്കുവാൻ പോകയാണു്”

“നല്ല നേരമ്പോക്കു തന്നെ അങ്ങയുടെ ഭൂതകാലചരിത്രം എനിക്കു് അജ്ഞാതമായിരിക്കുന്നു. എന്നാൽ എന്നോടെല്ലാംപറഞ്ഞുവെന്നാണു് ഞാൻ വിചാരിച്ചതു്” എന്നു് പ്രയാസപ്പെട്ടു മന്ദഹസിച്ചുകൊണ്ടു് അവൾ പറഞ്ഞു.

“ഞാൻ ആ കാര്യം പറയാത്തതു് എന്തുകൊണ്ടെന്നാൽ അതു നമ്മുടെ ബന്ധത്തിനുതടസ്സമായി നില്ക്കുമായിരുന്നു. മഹാമനസ്കയായ ഭവതി അതിനൊരിക്കലും വഴിപ്പെടരുതെന്നു് എന്നെനിർബ്ബന്ധിക്കുമായിരുന്നു. എന്നാൽ യാതൊരു സംഗതിയും അതിനു ബാധകമായിരിക്കരുതെന്നു് ഞാൻ നിശ്ചയിച്ചു.

“ഏതിനു് ബാധകമായിരിക്കരുതെന്നു്?”

“ഭവതിയെ വിവാഹം ചെയ്യുന്നതിനു്”

“എനിക്കു മനസ്സിലാകുന്നില്ല. ഞാൻ എന്തുകൊണ്ടു തടസ്സം പറയുമായിരുന്നു?”

അവളുടെ ബന്ധുരകന്ധരത്തിൽ കൈയിട്ടുകൊണ്ടു് അയാൾ പറഞ്ഞു: “അതു് ഭവതിയെ ധരിപ്പിക്കാൻ പാടില്ലാത്തതാകുന്നു. എങ്കിലും ഇതുത്തോളം അറിഞ്ഞ സ്ഥിതിക്കു മുഴുവനും പറഞ്ഞേക്കാം. എന്തെന്നാൽ ഇപ്പോൾ അതു് അറിഞ്ഞതുകൊ-

ണ്ടു് നമ്മുടെ ബന്ധത്തിന്നു് യാതൊരു ഹാനിയും സംഭവിക്കാനിടയില്ല. നിയമം ആ ഉടമ്പടി സാധൂകരിക്കുകയില്ലെങ്കിലും നമ്മൾ എന്നന്നേക്കും ഒന്നായിക്കഴിഞ്ഞിരിക്കുന്നു. എന്നുതന്നെയല്ല ആ കുഴപ്പം വേഗം പരിഹരിക്കാവുന്നതുമാണു്. ഞാൻ അവിവാഹിതനാണെങ്കിൽ മാത്രം എന്നെ സംബന്ധിക്കുന്നതാണു്, ഈ കത്തിലടങ്ങിയിരിക്കുന്ന സംഗതികൾ".

അനന്തരം എല്ലാം സവിസ്തരം അയാൾ അവളെ ധരിപ്പിച്ചു. ഒടുവിൽ അയാൾ പറഞ്ഞു. "ഞാൻ ആ ഇരുപത്തയ്യായിരം രൂപയെക്കാൾ ഭവതിയെയാണു് കൂടുതൽ വില മതിച്ചതു്. അതുകൊണ്ടു ഞാൻ അതു തൃണവൽഗണിച്ചു കളഞ്ഞിട്ടു തിരുവനന്തപുരത്തേക്കു പോയി."

"എന്താണു് ഈ പറഞ്ഞതു്? ഞാൻ അങ്ങയെ നശിപ്പിച്ചു. ഞാൻ അങ്ങേയ്ക്കു് നാശകോടാലിയായിത്തീൎന്നു." എന്നു് ഏങ്ങി ഏങ്ങി അവൾ വിലപിച്ചു. നയനസലിലം അവളുടെ ഗണ്ഡങ്ങളിൽകൂടി ധാരയായിപ്രവഹിച്ചു കൊണ്ടിരുന്നു.

അവളുടെ സങ്കടം കണ്ടു് യുവാവു് അന്ധാളിച്ചുപോയി. അയാൾ അവളെ സമാശ്വസിപ്പിക്കുവാൻ ശ്രമിച്ചു. എന്നാൽ പശ്ചാത്താപാഗ്നി അവളുടെ ഹൃദയത്തെ ചുട്ടുപൊടിക്കുന്നതുപോലെതോന്നി. ഒന്നുകൊണ്ടും അവൾക്കൊരു സമാധാനമുണ്ടായില്ല.

ശബ്ദശക്തി ഉജ്ജീവിച്ചപ്പോൾ അവൾ തുടൎന്നു: "എന്നാൽ ഇപ്പോൾ അങ്ങു് സ്വതന്ത്രനാണു്. നമ്മുടെ വിവാഹബന്ധം നിയമത്താൽ ഛേദിക്കപ്പെട്ടിരിക്കുന്നു. ഇനിപലിശയ്ക്കു് അവശ്യപ്പെടാമല്ലൊ. കഷ്ടം! വീണ്ടും എന്നെ വിവാഹം ചെയ്യണമെന്നു് അപേക്ഷിക്കുന്നതിനല്ലെ ഞാൻ ഇവിടെ വന്നതു്!"

"അതെ, അതിനെന്താ? വീണ്ടും ഭവതിയെ വിവാഹം ചെയ്യണമെന്നു തന്നെ ഞാനും തീൎച്ചപ്പെടുത്തിയിരിക്കുന്നു. അതിലെന്തു സംശയിക്കുന്നു! വേറെ അതു നിമിത്തം എന്തു നഷ്ടമുണ്ടായാലും ഞാൻ സഹിക്കുവാൻ തയാറാണു്. വേറൊന്നും ഞാൻ ചെയ്യുമെന്നു ലേശംപോലും സംശയിക്കേണ്ടാ".

എന്നാൽ അയാൾ വളരെ പറഞ്ഞതുകൊണ്ടും യാതൊരു ഫലവുമുണ്ടായില്ല. അവളുടെനിർബ്ബന്ധബുദ്ധിയ്ക്കു ശക്തി വ൪ദ്ധിച്ചുവന്നതേയുള്ളു. അവൾ തൻെറ സ്വാൎത്ഥതയെ സ്വയം ഭത്സിച്ചു.

"ഇങ്ങനെ ഒരു മരണപത്രം അമ്മാവൻ എഴുതുവാൻ കാരണമെന്തു്?" ഇതുനിമിത്തം എനിക്കുണ്ടാകാവുന്ന സങ്കടത്തെപ്പററി അദ്ദേഹം ലേശംപോലും ചിന്തിച്ചിരിക്കുകയില്ല. ദൈവമേ! ഞാൻ അദ്ദേഹത്തിനോടു് ഒരു അപരാധവും പ്രവൎത്തിച്ചിട്ടില്ലല്ലോ പിന്നെന്തിനാണു് എന്നെ ഇങ്ങനെ ദ്രോഹിക്കുന്നതു്? വിവാഹം ചെയ്താൽ ആ പണത്തിനു് അങ്ങേക്കു അവകാശമില്ലെന്നു തന്നെയാണോ അദ്ദേഹത്തിൻെറ നിശ്ചയം? സംശയമില്ലല്ലോ? ഒരു പക്ഷെ തന്നേക്കാൾ താണനിലയിലുള്ളവരെ അങ്ങു് വിവാഹം ചെയ്യരുതെന്നു് അദ്ദേഹം ഉദ്ദേശിച്ചിരിക്കാം. തന്നേക്കാൾ ഉയൎന്നവരെ—പ്രായംകൂടിയവരെ—വിവാഹം ചെയ്യരുതെന്നു അദ്ദേഹം ഉദ്ദേശിച്ചിരിക്കുവാൻ ഒരു വഴിയുമില്ല."

"ഇല്ല, അദ്ദേഹം അങ്ങനെ ഉദ്ദേശിക്കുവാൻ വഴിയില്ല. നമ്മൾ അനുഭവിക്കുന്ന പരമാനന്ദത്തിനു ഭംഗമുണ്ടാകേണമെന്നു് അദ്ദേഹം മനഃപൂൎവ്വം വിചാരിച്ചിരിക്കുകയില്ല" എന്നു പറഞ്ഞപ്പോൾ അയാൾ അമ്മാവൻെറ ഉപദേശം ഓൎത്തു. അതു് ശ്യാമളയെ സൂചിപ്പിച്ചാണെന്നുള്ള കാൎയ്യവും അയാൾ ചകിതമനസ്കനായി സ്മരിച്ചു.

"അപ്പോൾ എന്നെ വിവാഹം ചെയ്യുന്നതായാൽ ആ വലിയ തുക നഷ്ടപ്പെട്ടും, അല്ലേ? സൂക്ഷ്മമാണല്ലോ? ഞാൻ അങ്ങേക്കു എന്തു ദോഷമാണു് ചെയ്യുന്നതു്? ഹോ! കഷ്ടം! കഷ്ടം! എൻെറ വിധി! നമ്മളുടെ പരിചയം അങ്ങേയ്ക്കു് ഇത്ര വലിയ ഒരു നഷ്ടത്തിനു കാരണമായേക്കുമെന്നു ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. അങ്ങയുടെ ഭാവിക്കു ഞാൻ നിമിത്തം ഈ മാതിരി ഒരു ദോഷം സംഭവിക്കുമെന്നു ഞാൻ മനസ്സിലാക്കിയില്ല. രക്ഷാമാൎഗ്ഗം ഒന്നുമില്ലെന്നു നിശ്ചയമാണോ? ആ എഴുത്തോ മരണപത്രമോ കൈയിലുണ്ടോ? ഞാൻ ഒന്നു കാണട്ടെ."

"ഞാൻ ഈ പറഞ്ഞതിൽനിന്നും ലേശംപോലും വ്യത്യാസമില്ല"

"എങ്കിലും ഈ നീചനീചമായ വ്യവസ്ഥയെ അദ്ദേഹം എങ്ങനെ നീതീകരിക്കുന്നുവെന്ന് ഞാൻ നോക്കട്ടെ. എഴുത്തിങ്ങു തരണം. തരുന്നതിനു മടിയുണ്ടെങ്കിൽ എന്നിലുള്ള അവിശ്വാസം കൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നതിൽ തെററില്ലല്ലൊ. ഈ കുഴിയിൽനിന്നും കരകയറുവാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നു ഞാൻ ചുഴിഞ്ഞുനോക്കട്ടെ. പക്ഷെ വല്ല പ്രതിവിധിയും കണ്ടേയ്ക്കും."

അയാൾ പിന്നെയും വൈമനസ്യം പ്രദൎശിപ്പിച്ചുകൊണ്ടു പറഞ്ഞു: "ആ എഴുത്തു കാണാതിരിക്കയാണ് ഭേദം."

അയാളെ ആത്മാൎത്ഥം സ്നേഹിച്ചിരുന്നതിനാൽ അവൾ തന്റെ ശാഠ്യത്തിൽനിന്നും അശേഷം പിൻവാങ്ങിയില്ല. സോമനേക്കാൾ പ്രായം കൂടുതലുള്ള താൻ അയാൾക്കു മാൎഗ്ഗദൎശിയായിരിക്കേണ്ടതിനു പകരം തന്റെ സുഖത്തിന് വേണ്ടി അയാളുടെ പരമോൽകൃഷ്ടമായ ജീവിതത്തെ ബലി കൊടുക്കാൻ അനുവദിക്കുന്നതു പാപകരമല്ലെ? അവളുടെ ഈ വിചാരം, അവൾക്കു അയാളും, അയാൾക്കു ഒസ്യത്തുംപ്രകാരമുള്ള ധനവും നഷ്ടമാകാതിരിക്കുന്നതിനുള്ള ഒരു ഉപായം എന്തെങ്കിലും ആരായുന്നതിന് അവളെ പ്രേരിപ്പിച്ചു.

അവളുടെ അപേക്ഷയെ നിഷ്ഠുരണം നിരസിക്കുവാൻ അയാൾ ശക്തനായില്ല. ഒടുവിൽ തന്റെ ഇരുമ്പുപെട്ടി തുറന്ന് എഴുത്തെടുത്ത് അയാൾ അവളുടെ ഹസ്താബ്ജത്തിൽ അൎപ്പിച്ചുകൊണ്ടു പറഞ്ഞു: "ഇത് ഇവിടെ വെച്ച് വായിക്കരുത്. കഴിഞ്ഞകാൎയ്യത്തെപ്പററി വെറുതെ സംസാരിച്ചു സമയം കളയുന്നതുകൊണ്ടെന്താണ് പ്രയോജനം? വേണമെങ്കിൽ വീട്ടിൽ കൊണ്ടുപോയി സൌകൎയ്യംപോലെ വായിക്കുക. വായിച്ചിട്ട് ഇതിനെപ്പററി ഒന്നും ആലോചിച്ചു മനസ്സു പുണ്ണാക്കരുതെന്നൊരപേക്ഷയുണ്ട്."

ശ്യാമള:—"ഏതായാലും എന്നോട്ട പറഞ്ഞിട്ടേ കമ്പനിക്കാരുടെ എഴുത്തിന്ന് മറുപടി അയക്കാവൂ."

അയാൾ സമ്മതിച്ചു. അനന്തരം അവളോട്ട ചോദിച്ചു: "എന്നാണ് നമ്മുടെ പുനർവിവാഹം അഘോഷിക്കേണ്ടത്? വേഗം തീയതി നിശ്ചയിക്കുക."

ശ്യാമള—"അലോചിച്ചു പറയാം."

സോമ:—"ദീർഘമായ അലോചനയൊന്നും ഇതിന്ന് അവശ്യമുണ്ടെന്ന് തോന്നുന്നില്ല."

ശ്യാമള—"ഇപ്പോൾ എന്താണ് പറയേണ്ടതെന്ന് എനിക്കു രൂപമില്ല. ഞാൻ നാളെ വരാം."

അനന്തരം അവളെ ഉത്സാഹഭരിതയാക്കുവാനായി, ചില കവിതകളേയും താൻ എഴുതിവെച്ചിരുന്ന ചില നിരൂപണങ്ങളേയും കുറിച്ചു സോമൻ സംസാരിച്ചു. എന്നാൽ അത് ശ്രദ്ധിച്ചുകേട്ടുരസിക്കുന്നതിനുള്ള ശക്തിയോ മനസ്സോ അവൾക്ക് അപ്പോൾ ഉണ്ടായിരുന്നില്ല.

സ്വല്പം കഴിഞ്ഞപ്പോൾ പോകാൻ ധിറുതിയായി എന്ന് പറഞ്ഞ് ശ്യാമള ചെടികൾക്കിടയിൽകൂടി ഇടവഴിയിൽ ഇറങ്ങി വേഗം വീട്ടിലേക്കു പോയി.

---

## XXIV

മേടയിൽ കയറി, മുറിയിൽ പ്രവേശിച്ച് വാതൽ അടച്ചതിന്ന് ശേഷമേ എഴുത്ത് മടിയിൽനിന്നുമെടുത്ത് നിവക്കുവാൻ പോലും അവൾക്കു ധൈര്യമുണ്ടായുള്ളൂ.

അയാൾക്കു കുറേക്കൂടി ലോകപരിചയം ലഭിച്ചിരുന്നെങ്കിൽ ശ്യാമളയുടെ ഇച്ഛയ്ക്ക് വേഗത്തിൽ വശംവദനായി വിശ്വാസപൂർവ്വം അ കത്ത് അവളുടെ കൈയിൽ കൊടുത്തയയ്ക്കുമായിരുന്നി

ല്ല. എന്നാൽ അവളുടെ നിർബ്ബന്ധത്തിന് കീഴടങ്ങാതിരിക്കാൻ നിവൃത്തി ഇല്ലാത്തവണ്ണം, അത്രമാത്രം അവൾക്കു അയാളുടെ മേൽ സ്വാധീനമുണ്ടായിരുന്നു. മററുകാര്യങ്ങളിലെന്നപോലും ഇതിലും അയാൾ അവളുടെ ഇച്ഛയ്ക്ക് വശംവദനായി; അത്രേയുള്ളു.

അവൾ എഴുത്ത് മെല്ലെ വായിക്കുവാൻ തുടങ്ങി. സോമൻെറ സാഹിത്യാഭിരുചിയെപ്പററി പ്രതിപാദിച്ചിരുന്ന ഭാഗം വായിച്ചപ്പോൾ ആ വൃദ്ധനെക്കുറിച്ചൊരു നല്ല അഭിപ്രായം അവളുടെ മനസ്സിൽ അങ്കുരിക്കാതിരുന്നില്ല. നിൻെറ ശ്രേയസ്സിന് ഒരു സ്ത്രീ ബാധകമായിത്തീർന്നിരിക്കുന്നു; ഈ വാക്കുകളിൽ ദൃഷ്ടികൾ പതിച്ചപ്പോൾ അവളുടെ മുഖം ചുവന്നു.

"നിൻെറ ഇപ്പഴത്തെ സ്ഥിതിയെ പരിഗണിച്ചും നിനക്ക് കീർത്തിയും ശ്രേയസ്സും ഉണ്ടാകണമെന്ന് അഗ്രഹിച്ചും ഞാൻ താഴെപ്പറയുന്ന വ്യവസ്ഥകൾ ചെയ്തിരിക്കുന്നു." എന്ന് അവൾ മുറയ്ക്ക് വായിച്ചു.

അനന്തരം ഇഷ്ടദാനത്തെപ്പററിയുള്ള വാചകം അവൾ ശ്രദ്ധയോടുകൂടി നോക്കി. 'ഇരുപത്തഞ്ചു വയസ്സിനുമുമ്പേ നീ വിവാഹം ചെയ്യുന്നതായാൽ മുതലിലാകട്ടെ, പലിശയിലാകട്ടെ, നിനക്ക് ഒരു ചില്ലിക്കാശുപോലും വാങ്ങിക്കുവാൻ അവകാശമില്ലാത്തതാകുന്നു'. ഇതിൽക്കൂടുതൽ സ്പഷ്ടമായി എന്താണെഴുതാനുള്ളത്? നാട്ടണോ ഭാഷ്യമയ്യങ്കാരോപോലും വിചാരിച്ചാൽ ഈ വ്യവസ്ഥയെ വിഫലമാക്കുവാൻ സാധിക്കുന്നതാണോ?

ഈ ദാനത്തിൻെറ ഉദ്ദേശത്തെപ്പററി അവൾ വളരെ ശ്ലാഘിച്ചു. എന്നാൽ ഇതിനെത്തുടൎന്നുള്ള ചില വാചകങ്ങൾ വായിച്ചപ്പോൾ അവളുടെ ഭാസുരവദനം പാണ്ഡുരമാകയും കോപംകൊണ്ടും താപംകൊണ്ടും ശരീരവല്ലി ചലിക്കുകയും ചെയ്തു.

"ഇനി എനിക്കു നിന്നെ അല്പം ഗുണദോഷിക്കാനുണ്ട്...... നീ അവിവേകമായി ഒന്നും പ്രവൎത്തിക്കരുതെന്നാണ് ഞാൻ പറയുന്നത്. പെട്ടെന്നുണ്ടാകുന്ന വികാരത്താൽ പ്രേരിതരായി യുവാക്കന്മാർ എന്തു ചെയ്യുന്നതിനും മടിക്കാറില്ല. നിൻെറ

വിദ്യാഭ്യാസം പൂൎത്തിയാക്കി, ഒരു നല്ല സ്ഥാനത്ത് എത്തണമെന്ന് നിനക്ക് ആഗ്രഹമുണ്ടെങ്കിൽ നിൻെറ പരിശ്രമങ്ങൾക്ക് ഒരു ഫലമുണ്ടാകണമെന്ന് നിനക്ക് മോഹമുണ്ടെങ്കിൽ—നീ കാമിനീവൎഗ്ഗത്തെ സമീപിക്കാതിരിക്കുക..............നിൻെറ അനുരാഗപാത്രമായ ആ യുവതിയെ ഈ എഴുത്തു വായിക്കുന്ന ആ നിമിഷം മുതൽ നീ മനസ്സിൽ നിന്നും ബഹിഷ്കരിക്കണമെന്ന് ഞാൻ പ്രത്യേകിച്ചു നിന്നോടു ഗുണദോഷിക്കുന്നു.............നിനക്ക് അവളുടെ പേരിലുള്ള സ്നേഹത്തെ തുടൎന്നുകൊണ്ടു പോകുന്നതിന് അനുവദിക്കാൻ പാടില്ലാത്തവണ്ണം ചില ദോഷങ്ങൾ അവൾക്കുണ്ട്... ......അവൾക്കു നിന്നേക്കാൾ വയസ്സു വളരെ കൂടുതലുണ്ട്. രണ്ടാമതു അവൾ വിധവയാണ്......മൂന്നാമത്് അവൾ നിൎദ്ധനയാണ്. ഇതിലെല്ലാം ഉപരിയായി എനിക്ക് അവളെക്കുറിച്ച് നല്ല അഭിപ്രായവുമില്ല. തങ്ങളേക്കാൾ പ്രായം കുറഞ്ഞ ചെറുപ്പക്കാരുടെ അടുത്തുകൂടി അവരെ വട്ടം കറക്കുന്ന യാതൊരു സ്ത്രീയേക്കുറിച്ചും എനിക്ക് നല്ല അഭിപ്രായമില്ല. നിന്നെ സ്നേഹിക്കുന്നതിന് സന്നദ്ധയായ അവൾക്ക് വിവേകവും വിശേഷജ്ഞാനവും തീരെയില്ലെന്നുള്ള കാൎയ്യം നിസ്സന്ദേഹമാണ്. നീ വളരെ ചെറുപ്പം; നിൎദ്ധനൻ; നിനക്ക് വലിയ സ്ഥാനമാനമൊന്നുമില്ല. ഈ സ്ഥിതിക്ക് നിന്നെ വശീകരിക്കുവാൻ മടിക്കാത്ത ആ സ്ത്രീക്ക് അന്തസ്സും അഭിമാനവും തീരെയില്ലെന്ന് ഞാൻ പറയുന്നു, ശ്യാമളയുടെ മുഖത്തിൽ വ്യാപിച്ച ഭാവഭേദം അപ്പോൾ കാണേണ്ടതായിരുന്നു. ബാഷ്പാംബുബിന്ദുക്കൾ കപോലങ്ങളിൽകൂടി ഉരുണ്ടുരുണ്ടു വക്ഷസ്സിൽ വീണുകൊണ്ടിരുന്നു. 'തൻെറ സഖ്യം നിനക്ക് ദോഷകരമായി പരിണമിക്കും എന്ന് അറിവാനുള്ള പ്രായം അവൾക്കുണ്ട്. നിങ്ങളുടെ വിവാഹം പരിഹാസ്യയോഗ്യമായിരിക്കുമെന്നുള്ളതിന് യാതൊരു വിവാദവുമില്ല.'

"മാനവും, മൎയ്യാദയും സത്യവുമുള്ള ഒരു സ്ത്രീ നിന്നേപ്പോലുള്ള ഒരു യുവാവിൻെറ പുരോഗതിക്ക് വിഘ്നമായി നില്ക്കുകയില്ല. എന്നാൽ അവൾക്കും ഈ വിചാരം കാണാതിരിക്കുകയില്ലെന്ന് ഞാൻ അനുമാനിക്കുന്നു.

"നിന്നെ സഹായിക്കണമെന്ന് നിഷ്കപടമായ അഗ്രഹം അവൾക്കുണ്ടെങ്കിൽ അവൾ നിൻെറ മാൎഗ്ഗത്തിൽനിന്നും മാറിനില്ക്കട്ടെ."

അവൾ അയാളുടെ മാൎഗ്ഗത്തിൽ നിന്നും മാറിനില്ക്കുന്നതിനോ! വീണ്ടും അവളുടെ മുഖം വിവൎണ്ണമായി. 'കൊള്ളാം; അത് വളരെ നന്നായിരിക്കുന്നു' എന്ന് അവൾ വിചാരിച്ചു. അപ്പോൾ അവളുടെ സൎവ്വാംഗങ്ങളിലും ഒരു രോമാഞ്ചമുണ്ടായി.

... .....സ്ത്രീകൾക്കുള്ളതുപോലെ സ്വാൎത്ഥതൽപ്പരത ലോകത്തിൽ മറെറാരു ജീവിക്കുമില്ല. അവരുടെ കാൎയ്യം നേടാൻ അരെ വലയ്ക്കുന്നതിലും അവർ ലേശംപോലും ശങ്കിക്കുന്നില്ല. തന്നെ സംബന്ധിച്ചിടത്തോളം ഇത് ഏറെക്കുറെ വാസ്തവമാണെന്ന് ശ്യാമള സ്വയം സമ്മതിച്ചു.

"ഇത് നിന്നോട്ട് അവൾ ചെയ്യുന്ന ഒരു വലിയ അപരാധമാണ്. ഒരു പുരുഷനിൽ ലീനമായിരിക്കുന്ന വികാരങ്ങളെ അവൻെറ ബുദ്ധിപക്വമാകുന്നതിനു മുമ്പേ തട്ടിയുണൎത്തി അവൻെറ ഭാവിശ്രേയസ്സിനെ തടയുക, അത്യന്തം ജുഗുപ്സാവഹമായിരിക്കുന്നു'. അതെ "ജുഗുപ്സാവഹമായിരിക്കുന്നു" എന്ന് ഒരു നിമിഷം ആലോചിച്ചതിൻെറ ശേഷം അവൾ ആവൎത്തിച്ചു.

അവൾ എഴുത്തു മുഴുവൻ, ഒരക്ഷരം വിടാതെ, വായിച്ചു. കോപം, താപം, ലജ്ജ, ഈ മൂന്നു വികാരങ്ങളും അവളെ ഒരേ സമയം ആക്രമിച്ചു. തന്നെപ്പററി ഇത്ര നിൎദ്ദയമായി അപലപിക്കുവാൻ മുതിൎന്ന ആ മനുഷ്യൻെറ നേരെ അവൾക്കു നിസ്സീമമായ രോഷമുണ്ടായി. തൻെറ നിൎദ്ധനാവസ്ഥയേയും വൈധവ്യത്തേയും പററി എഴുത്തിൽ പ്രത്യേകം പ്രസ്താവിച്ചിരുന്ന ഭാഗം വായിച്ചപ്പോൾ സങ്കടംകൊണ്ടു് അവളുടെ മനസ്സുരുകി. ഈ എഴുത്തു വായിച്ചിട്ട് യുവാവു് എന്തു വിചാരിച്ചിരിക്കാം, എന്ന് ആലോചിച്ചപ്പോൾ ലജ്ജകൊണ്ടു് അവൾ പരവശയായി. അല്പനേരത്തേക്കു് അവൾക്കു ശ്വാസംമുട്ടുന്നുവെന്നുപോലും തോന്നി. തന്നേപ്പററി ഒരു ദുരഭിപ്രായം അയാളുടെ ഹൃദയത്തിൻെറ അഗാധതയിൽ ലീനമായി കിടപ്പുണ്ടെന്നു് അവൾ തീ

ച്ചപ്പെടുത്തി. പ്രേമത്തിന്റെ പ്രഭാവത്താൽ അയാൾ തൽക്കാലം അതു് ഗൌനിച്ചിട്ടില്ലായിരിക്കാം. എന്നാൽ കാലാന്തരത്തിൽ യാദൃച്ഛികമായ എന്തെങ്കിലും കാരണം കൊണ്ടു് ആ വിഷബീജം മുളച്ചുവളർന്നു് അവരുടെ പ്രണയബന്ധത്തിനു് വിഘാതം ഉണ്ടാക്കുകയില്ലേ?

സ്വാർത്ഥതവെടിഞ്ഞു് സൂക്ഷ്മനിരീക്ഷണം ചെയ്തപ്പോൾ വൃദ്ധന്റെ ഉപദേശങ്ങൾ ആദരണീയമാണെന്നു് അവൾക്കു തോന്നി; ആ കത്തിനെ അയാൾ അവഗണിക്കുന്നതും അവഗണിക്കുവാൻ പ്രേരിപ്പിക്കുന്നതും നല്ലതല്ലെന്നു് അവൾ വിചാരിച്ചു.

വിധിയുടെ ദാരുണമായ പ്രഹരത്താൽ നിയമാനുസൃതം നിർവ്വഹിച്ച അവരുടെ വൈവാഹികബന്ധത്തിനു് ഒരു ശൈഥില്യം സംഭവിച്ചിരിക്കുന്നു. വീണ്ടും അതു് യോജിപ്പിക്കുവാൻ ശ്രമിക്കുന്നതു് ഒട്ടും തന്നെ പ്രശംസനീയമല്ല. അതു് അയാളോടു ചെയ്യുന്ന ഒരു മഹാപരാധമായിരിക്കും; അതു് അവൾതന്നെ അവളോടു് തന്നെ ചെയ്യുന്ന ഒരു പാപകർമ്മമായിരിക്കും. തന്റെ സർവ്വും പ്രണയത്തിന്റെ പാദത്തിലർപ്പിച്ചു് സാഷ്ടാംഗപ്രണാമം ചെയ്ത ആ ശുദ്ധാത്മാവിനെ വഴി തെറ്റിക്കുന്നതിൽ പാപകരമായി വേറെ എന്തെങ്കിലുമുണ്ടോ? സ്വാർത്ഥത സമീപിച്ചിട്ടു പോലുമില്ലാത്ത ആ പ്രേമസ്വരൂപിയെ തന്റെ സുഖഭോഗങ്ങൾക്കു വേണ്ടി അധഃപതിക്കുവാൻ അനുവദിക്കുന്നതിലുള്ള അനാശാസ്യത അവൾക്കിപ്പോൾ ബോദ്ധ്യമായിത്തുടങ്ങി. ആനന്ദോദ്യാനത്തിൽ സ്വച്ഛന്ദം പറന്നുകളിച്ചു കൊണ്ടിരുന്ന ആ ഓമനപ്പൈങ്കിളിയെ പിടിച്ചു അവൾ തന്റെ സുവർണ്ണപഞ്ജരത്തിലിട്ടടച്ചതു് അനാവശ്യമായി പോയെന്നുള്ള ചിന്ത അവളെ വ്യാകുലചിത്തയാക്കി. നിർമ്മലജലസമ്പൂർണ്ണമായ ഒരു പൊയ്കയെ കലുഷമാക്കിയ മദഗജമാണു് അവൾ. പാൽചന്ദ്രിക തൂവിക്കൊണ്ടിരുന്ന പൂച്ചന്ദ്രനെ മറച്ച ഒരു കാർമേഘഖണ്ഡമാണു് അവൾ. പ്രകാശിച്ചുകൊണ്ടിരുന്ന ഒരു ദീപത്തെ അണയ്ക്കുവാൻ അണഞ്ഞ ഒരു പൂമ്പാറ്റയാണവൾ. അവൾ നിമിത്തം എന്തെല്ലാം വിഷമങ്ങളാണു് അയാൾ സഹിക്കാനിടയായതു്. അവളെ അയാൾ തൃ

ജിച്ചാൽ, അല്ലെങ്കിൽ അയാളെ അവൾ വെടിഞ്ഞാൽ, അയാൾക്കു ഉണ്ടാകാവുന്ന ഗുണങ്ങൾ അല്പമൊന്നുമല്ല. ൨൫,൦൦൦ രൂപാ ഒരു ശ്രമവും കൂടാതെ ലഭിക്കും; ഇഷ്ടംപോലെ എവിടെ വേണമെങ്കിലും പോയി പഠിക്കാം; ഏതെല്ലാം രാജ്യം വേണമെങ്കിലും സഞ്ചരിക്കാം; ക്ലേശംകൂടാതെ ജീവിതം സുഖമായി നയിക്കാം.

എന്നാൽ അയാൾ അവളെ വിവാഹംചെയ്യുന്നതായാലോ? അയാൾക്ക് യാതൊരു മേൽഗതിയും ഉണ്ടാകാൻ എളുപ്പമില്ല. വെള്ളത്തിൽ വീണ ചാക്കുപോലെ അയാൾ അവൾക്കൊരുഭാരമായിരിക്കും. പ്രായക്കൂടുതലുള്ള ഒരു സ്ത്രീയെ വിവാഹംചെയ്തതു കാരണം അയാളുടെ സ്നേഹിതന്മാർ അയാളെ പുച്ഛിച്ചേക്കും. അയാളുടെ സാഹിത്യാഭിരുചിക്കു വിലോപം ഉണ്ടാകുന്നതിനും അങ്ങനെ അയാൾ അനുഭവിച്ചുകൊണ്ടിരുന്ന പരമാനന്ദത്തിന് ഒരു വിഘാതം നേരിടുന്നതിനും കാരണമാകും.

അവർ തമ്മിലുള്ള ബന്ധം ഒരു തരത്തിനും അയാൾക്കു ഗുണകരമായിത്തീരുകയില്ലെന്നു് വിശ്വസിക്കുന്നതിന് അവൾക്കു് അത്ര്യം പൂർണ്ണസമ്മതമല്ലായിരുന്നു. വല്ല ഗുണവും അവളെക്കൊണ്ടു് അയാൾക്കു ചെയ്യുവാൻ സാധിക്കുകയില്ലേ? ആ ഭീമമായ സംഖ്യയെ നഷ്ടപ്പെടുത്തിയാൽ മറ്റേതു പ്രകാരമെങ്കിലും അയാളുടെ ജീവിതത്തെ ഭാസുരമാക്കേണ്ടതു് അവളുടെ കർത്തവ്യമാണു്. എന്നാൽ ഉഗ്രമായ ആ ചുമതല താങ്ങുവാൻ അവൾക്കു പ്രാപ്തിയുണ്ടോ? പാവപ്പെട്ട ആ സ്ത്രീ പണംകൊണ്ടു് അയാളെ എങ്ങനെ സഹായിക്കും.? തനിക്കെന്തു് കുഴപ്പംനേരിട്ടാലും തന്റെ പ്രേമഭാജനമായ പുരുഷന്റെ അഭിവൃദ്ധിയെ പുരസ്കരിച്ചു് പ്രവർത്തിക്കേണ്ടതു് ഗുണവതിയായ ഒരു സ്ത്രീയുടെ ധർമ്മമല്ലേ?

അയാൾക്കു് പാശ്ചാത്യരാജ്യങ്ങളിൽ പോയി യഥേഷ്ടം വിദ്യാഭ്യാസം ചെയ്യാം; വലിയ ബിരുദുകൾ സമ്പാദിക്കാം; പ്രശസ്തനാകാം; ഒരു സാഹിത്യകാരനായി ശോഭിച്ചു് അനശ്വരമായകീർത്തി നേടാം. ഇതെല്ലാം നിഷ്പ്രയാസം സാധിക്കും. അവൾ തന്റെ സ്വാർത്ഥതയെ ത്യജിക്കണം. അവൾ അവൾക്കു

വേണ്ടി ഒന്നും ആശിക്കരുത്. അവളുടെ പ്രവൃത്തികളുടെ പരമോദ്ദേശം അയാളുടെ ഉന്നമനമായിരിക്കണം. അവളുടെ തപംകൊണ്ടു അയാൾക്കു വേണം മുക്തി സിദ്ധിക്കുവാൻ. അവരുടെ പുനർവിവാഹത്തിന് അവൾ വിസമ്മതിക്കണം. അയാളെ സംബന്ധിച്ചിടത്തോളം കാര്യമെല്ലാം ഭംഗിയായി കലാശിക്കും. തന്റെ കാര്യമല്ലേ? അതു സാരമില്ല. ഈ ലോകത്തിൽ എത്ര വനിതാരത്നങ്ങൾ അവരുടെ പ്രണയസർവ്വസ്വങ്ങൾക്കു വേണ്ടി ജീവത്യാഗംപോലും ചെയ്യുന്നു. തന്റെ ഭർത്താവിന്റെ പരിശുദ്ധ നാമത്തിന് കളങ്കമുണ്ടാകാതിരിക്കുവാൻ സ്വയം കാന്താരവാസം അംഗീകരിച്ച ആ മാഹാത്മ്യശാലിനിയായ സീതാദേവി ഒരു ഭാരതീയ സ്ത്രീയല്ലേ? രാക്ഷസതുല്യനായ അന്തകന്റെ പാശം താമരനൂലാക്കിഗ്ഗണിച്ച് പരലോകയാത്രയിൽ പോലും പതിയെ അനുഗമിച്ച ആ സാവിത്രി ഏതൊരു മാതാവിന്റെ സന്താനമാണ്?

ഈ സുവർണ്ണാവസരത്തെ നിഷ്പ്രയോജനമാക്കിക്കളയുന്നതായാൽ അയാൾക്ക് അതു് ദോഷകരമായിരിക്കുമെന്നു തന്നെയല്ലാ, പിന്നീട് സങ്കടപ്പെട്ട് അയാൾ അവളെ നിന്ദിക്കുകയും ചെയ്തേക്കാം. ഇംഗ്ലണ്ടിൽ പോയി ഉപരിവിദ്യാഭ്യാസം ചെയ്താൽ കൊള്ളാമെന്ന് അയാൾക്കൊരു ആഗ്രഹം ജനിച്ചിട്ടുള്ളതായി അവൾക്ക് അറിയാമായിരുന്നു. ഒരുപക്ഷെ, അതു് അമ്മാവന്റെ എഴുത്തുകണ്ടതിൽ പിന്നീട് ഉണ്ടായതായിരിക്കാം. അയാൾ പോയിപഠിച്ചുവന്നാൽ നാട്ടുകാർക്കുകൂടി ഉപകാരമുണ്ടാകും. തന്റെ സന്തോഷത്തിനു വേണ്ടി അയാളുടെ ഭാസുരമായ ഭാവിയെ നശിപ്പിക്കുന്നതു് നിർഘൃണത്വമല്ലെങ്കിൽ മറ്റെന്താണ്?

ഈ മഹനീയമായ സ്വാർത്ഥത്യാഗംകൊണ്ട് ഈ ലോകത്തിൽ തനിക്കല്ലാതെ മറ്റൊരു ജീവിക്കും ദോഷം സംഭവിക്കുകയില്ലെന്ന് ഓർത്തപ്പോൾ അവൾക്ക് അല്പം ആശ്വാസം ഉണ്ടായി. തനിക്കുവേണ്ടി മററാരും നഷ്ടവും കഷ്ടതയും സഹിക്കുവാൻ അനുവദിക്കരുതെന്ന് അവൾ തീർച്ചയാക്കി. പ്രേമം പ്രേമം എന്നു പറയുന്നതു് ഇന്ദ്രിയങ്ങളുടെ സുഖാനുഭൂതിക്ക് നിദാനമായ ഒരു

വസ്തുവല്ലെന്നും, അതു് ആത്മാവിൻെറ ഐക്യമാണെന്നും, അതു് വിവാഹബന്ധത്തിൽ ഏർപ്പെട്ടില്ലെങ്കിൽതന്നെയും ഉണ്ടാകാവുന്നതാണെന്നും അവർ മനസ്സിലാക്കിയിരുന്നു. തന്നെ സ്നേഹിക്കുന്നതിൽ കൂടുതൽ മററൊരാളെ സ്നേഹിക്കുന്നതാണു് യഥാർത്ഥപ്രേമം. അതാണു് ദിവ്യമായ പ്രേമം. അതു് ആകാശംപോലെ അനന്തവും ചന്ദ്രതാരങ്ങളെപ്പോലെ അനശ്വരവുമാണു്. ആ പ്രേമത്തിൻെറ മുമ്പിൽ മററെല്ലാം നമസ്കരിക്കണം. ആ പ്രേമമായിരിക്കണം അവൾക്കു് ആധാരമായിരിക്കേണ്ടതു്. അതിനുവേണ്ടി അവൾ എന്തും ത്യജിക്കുവാൻ തയാറാകണം.

ശ്യാമളയുടെ മഹനീയമായ ഈ ത്യാഗബുദ്ധി കർക്കശനായ ആ വൃദ്ധൻ അറിയുന്നതിനിടയായിരുന്നെങ്കിൽ മരണപത്രത്തിലെ വ്യവസ്ഥകളെ നിശ്ചയമായും ഭേദപ്പെടുത്തുമായിരുന്നു.

ഈ ഘട്ടത്തിൽ അവൾക്കു് സോമനേയും സോമനു് ആ ധനവും നഷ്ടമാകാതിരിക്കത്തക്കവണ്ണം വല്ല മാർഗ്ഗവുമുണ്ടോ എന്നു് അവൾ ആലോചിക്കാതിരുന്നില്ല. എത്രതന്നെ ചിന്തിച്ചിട്ടും സുഗമമായ ഒരു വഴിയും അവൾക്കു കണ്ടുപിടിക്കുവാൻ സാധിച്ചില്ല.

എന്നാൽ പരിപൂർണ്ണമായി അയാളെ ത്യജിക്കുന്നതിനു് അവൾക്കു് ശക്തിയില്ലായിരുന്നു. അങ്ങനെ അവൾ വിഷമിക്കുമ്പോൾ പെട്ടെന്നൊരു വിചാരം അവളുടെ മനസ്സിൽ ഉദിച്ചു. അയാൾക്കു് ഇരുപത്തഞ്ചു വയസ്സു തികഞ്ഞു കഴിഞ്ഞു് അവൾക്കു് പുനർവിവാഹം ആലോചിക്കാം. ആ കാലമത്രയും അയാൾക്കു് ആ ഇരുപത്തയ്യായിരം രൂപയുടെ പലിശവാങ്ങി ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്യുവാൻ സാധിക്കുന്നതുമാണു്. അതു് കഴിഞ്ഞു് അയാൾ അവളെ വിവാഹം ചെയ്യട്ടെ. അങ്ങനെയാണെങ്കിൽ അയാൾക്കു് ശ്രേയസ്സുണ്ടാകും; അവൾക്കു കൂടുതൽ സന്തോഷത്തിനു് കാരണമാകും. അതുവരെ രണ്ടുപേരും സമാധാനമായിരിക്കണം. അന്നു് അയാളുടെ ബുദ്ധിക്കു് നല്ല പാകതയും സിദ്ധിക്കും.

ഇതൊരു നല്ല വഴിയാണെന്നു് അവൾക്കു തോന്നി. നാലോ അഞ്ചോ സംവത്സരത്തേക്കു് വിവാഹകർമ്മം നീക്കിവെയ്ക്കു.

ണം. അന്ന് യഥേഷ്ടം പ്രവൎത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം അ യാൾക്കുണ്ടായിരിക്കണം എന്ന് അവൾ നിശ്ചയിച്ചു. എങ്കിലും അതിൻെറ ഫലത്തെപ്പററി അവൾക്കു അപ്പോൾ വലിയ സംശയമുണ്ടായിരുന്നില്ല.

ആദിത്യൻ അസ്തമിക്കാറായപ്പോൾ അവൾ തൻെറ ചിന്തകളിൽ നിന്നും വിരമിച്ചിട്ട് അയാൾക്ക് ഒരെഴുത്തെഴുതുവാനിരുന്നു.

"നമ്മൾക്ക് തൽക്കാലം വേർപിരിയാം. അങ്ങ് അമ്മാവൻെറ ഇച്ഛയനുസരിച്ച് പാശ്ചാത്യസൎവ്വകലാശാലകളിൽ പോയി ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്യുക. അപ്പോഴേക്കും ഇരുപത്തഞ്ചു വയസ്സതികയും. അതുവരെ ഞാൻ കാത്തിരിക്കാം. അങ്ങ് വിദ്യാഭ്യാസം കഴിഞ്ഞ് തിരിച്ചുവരുമ്പോഴും എന്നെ ഈ തരത്തിൽ തന്നെ കാണും. യാതൊരുവ്യത്യാസവുമുണ്ടാകുമെന്ന് ധരിക്കേണ്ടാ. ഇന്നും അന്നും എന്നും അങ്ങുതന്നെയായിരിക്കും എൻെറ പ്രാണപ്രിയൻ. യാതൊരു വിധത്തിലും സംശയിക്കേണ്ട. പരസ്യമായ ഒരു ബന്ധത്താൽ നമ്മൾ തമ്മിൽ ഇപ്പോൾ യോജിക്കേണമെന്നില്ല. ഈ വിയോഗം ഇപ്പോഴത്തെ സ്ഥിതിക്ക് അത്യന്താപേക്ഷിതമാണ്. യാദൃഛികമായി അങ്ങേയ്ക്കു ലഭിച്ച ആ സമ്പത്ത് നഷ്ടമാക്കാതെ കഴിക്കാം."

തൻെറ വിചാരങ്ങളെ ക്രമീകരിക്കുന്നതിന് അവൾക്കു വളരെ വിഷമം നേരിട്ടു. ഒടുവിൽ അവൾതന്നെ ജയിച്ചു. വളരെ പ്രയാസപ്പെട്ടാണെങ്കിലും അവൾ ആശയങ്ങളെ കടലാസ്സിൽ പകൎത്തി. അവളുടെ പ്രണയം ആദ്യത്തെപ്പോലെ ഇപ്പൊഴും ശാന്തമസൃണമായിരുന്നു.

ശാന്തതയും സഹിഷ്ണുതയും സ്ത്രീകൾക്കുള്ള വിശേഷഗുണമാണ്. എന്തുതന്നെ ആപത്തു നേരിട്ടാലും അവർ അത് ശാന്തമായി സഹിക്കുന്നു. എന്തെങ്കിലും കാരണത്താൽ ഒരു വലിയ സങ്കടം അവൎക്കുണ്ടായെന്നിരിക്കട്ടെ. അല്പകാലം കഴിയുമ്പോൾ അവർ അത് വിസ്മരിച്ച് പഴയപോലെ ഉത്സാഹഭരിതരായിത്തീരുന്നു. വിവാഹഉടമ്പടി അസ്ഥാനത്തിൽ കലാശി

ച്ചുവെന്ന് ആദ്യം കേട്ടപ്പോൾ ശ്യാമളയ്ക്കു വലിയ വ്യഥയുണ്ടായി. ആ ത്രുടിതബന്ധത്തെ വീണ്ടും വേഗത്തിൽ ഘടിപ്പിക്കണമെന്ന് അപ്പോൾ തീർച്ചപ്പെടുത്തി. അതു സാധിക്കുവാൻ അപ്പോൾ അവൾ എന്തു ചെയ്യാനുംസന്നദ്ധയായിരുന്നു. എന്നാൽ മണിക്കൂറും ദിവസവും പിന്നിട്ട് പിന്നിട്ട് പോകവേ അവളുടെ നിർബ്ബന്ധവും അല്പാല്പം ശമിച്ചുതുടങ്ങി. ഒടുവിൽ ഒരു ത്യാഗത്തിന് അവൾ സന്നദ്ധയായി.

---

## XXV

ശ്യാമളയുടെ എഴുത്ത് സോമനെ വല്ലാതെ പരിഭ്രമിപ്പിച്ചു. തന്റെ അശ്രദ്ധനിമിത്തമാണല്ലോ കമ്പിനിക്കാരുടെ കത്ത് അവൾ കാണാനിടയായതെന്നു വിചാരിച്ച് അയാൾക്ക് വളരെ സങ്കടമുണ്ടായി താൽക്കാലികമായുണ്ടായ സ്തോഭം കൊണ്ടെഴുതിയതായിരിക്കാമെന്ന് ആ സാധുമനുഷ്യൻ ആദ്യം ഊഹിച്ചു.

അവളുടെ ഈ ത്യാഗബുദ്ധിയും മഹാമനസ്കതയും അയാൾക്ക് അവളോടു തോന്നിയിരുന്ന അനുരാഗത്തെ ദശഗുണീഭവിപ്പിച്ചതേയുള്ളു. എന്തുനഷ്ടം തന്നെ ഉണ്ടായാലും അവളെ ഒരുവിനാഴികനേരം പരിത്യജിക്കുകയില്ലെന്ന് അയാൾ വീണ്ടും വീണ്ടും ഉറച്ചു. അവളുടെ സമീപത്തു നിന്നും എന്ന് താൻ പോകുന്നുവോ അന്ന് തന്റെ സർവ്വ സുഖങ്ങളും അവസാനിക്കുമെന്നും അവളുടെ സാന്നിദ്ധ്യമില്ലാത്ത സ്ഥലം ഏതുതന്നെയായാലും— ലണ്ടനോ പാരീസോ ന്യൂയാർക്കോ എവിടം തന്നെയായാലും—അന്ധതാമിസ്രമായിരിക്കുമെന്നും അയാൾക്കു തോന്നി. ഇപ്പോൾ, അവരുടെ പ്രേമാദ്ധ്യായത്തിലെ ആരംഭകാലത്തിലെന്നപോലെ അയാളുടെ മന്മഥവികാരങ്ങൾക്ക് അനിയന്ത്രിതമായ ഒരു വിജൃംഭണമുണ്ടായി.

പശ്ചിമാംഭോധിയിൽ നിന്നും സ്വച്ഛന്ദമടിച്ച ഒരു കുളിരിളംതെന്നൽ പ്രേമസഖിയുടെ മഞ്ജുളാംഗസ്പർശസുഖത്തെ

ഫമ്പൻ

അയാളിൽ അനുസ്മരിപ്പിച്ചു. വാനിൽകൂടിപ്പറന്നുപോയ ഒരു പച്ചക്കിളിയുടെ കളകളാരാവം, അവളുടെ മൃദുലസ്വരമായിരിക്കുമോ എന്നു് വിചാരിക്കുന്നതിനുപോലും അയാൾ ശങ്കിച്ചില്ല.

നേരം അധികം ഇരുട്ടുന്നതിനു മുമ്പേതന്നെ അയാൾ വല്യവീട്ടിലേക്കോടി. ശ്യാമള മേടയിൽ കിടക്കുകയായിരുന്നു. സോമസുന്ദരൻനായർ കാണാൻവന്നിരിക്കുന്നുവെന്നു് വാല്യക്കാരി മുകളിൽ ചെന്നുപറഞ്ഞു. "ഇപ്പോൾ കാണാൻ സൌകര്യമില്ല" എന്നൊരു മറുപടിയാണു് അയാൾ കേട്ടതു്. പാവം! അയാൾ ഈ വിധത്തിൽ ഒരു സ്വീകരണമായിരിക്കും തനിക്കു ലഭിക്കുന്നതെന്നു് ഒരിക്കലും വിചാരിച്ചിരുന്നില്ല. നിർജ്ജീവനായി അയാൾ ഒരു മിനിട്ടുനേരം നിന്നുപോയി.

ഇതിനുമുമ്പു് ഈ തരത്തിലൊരു സംഭവം ഉണ്ടായിട്ടില്ല. ഇതിന്റെ അർത്ഥമെന്താണെന്നു് അയാൾക്കു് ഇപ്പോൾ മനസ്സിലായി. വിഷാദത്തോടുകൂടി അയാൾ സ്വഗൃഹത്തിലേക്കു നടന്നു. തിരിച്ചുപോകുന്നവഴി, ശ്യാമള ജന്നലിൽകൂടി തന്നെനോക്കിക്കൊണ്ടിരുന്നുവെന്നു, അയാൾ അറിഞ്ഞില്ല. അയാൾ അവിടെ കാത്തു നില്ക്കാതെ പോകണേ! എന്നു് അവൾ പ്രാർത്ഥിച്ചുവെങ്കിലും അതേ സമയംതന്നെ, അയാൾ തിരിച്ചുവന്നു് അനുവാദം കൂടാതെയെങ്കിലും തന്റെ മുറിയിൽകയറി ആ നിശ്ചയത്തെ ഭഞ്ജിക്കണമെന്നു് അവൾ ആഗ്രഹിച്ചു.

എന്നാൽ അയാളാകട്ടെ, അവളുടെ മറുപടി കേട്ടപ്പോൾ, അവൾക്കു തന്നെക്കാണുവാൻ തീരെ സമ്മതമില്ലെന്നു വിചാരിച്ചു് പിന്നെയും കാത്തു നില്ക്കാതെ തിരിച്ചുപോകയാണു് ഉണ്ടായതു്. സംശയ ദൃഷ്ടിയോടുകൂടി നിരീക്ഷിക്കുന്ന ശീലം അയാൾക്കില്ലായിരുന്നു.

പിറേറദിവസവും അയാൾ ശ്യാമളയെ കാണുവാൻ വന്നു. എന്നാൽ അന്നു് അവൾക്കു് തലേദിവസത്തേക്കാൾ ധൈര്യം വർദ്ധിച്ചു. അവൾ നിർബ്ബന്ധപൂർവ്വം സോമനെ—അവളുടെ പ്രിയതമനെ—കാണുവാൻ വിസമ്മതിച്ചു.

അങ്ങനെ ഒരാഴ്ച കഴിഞ്ഞു. എന്നിട്ടും യുവാവിന് അയാളുടെ പ്രാണപ്രിയയുടെ അന്തഃപുരത്തിൽ പ്രവേശം ലഭിച്ചില്ല. അവളുടെ ഉദ്ദേശം എന്താണെന്നു ഇപ്പോൾ കുറേക്കൂടി വ്യക്തമായി.

എന്നാൽ യാതൊരു മിഥ്യാബോധവും അവരുടെ സുഖത്തിന് വിഘ്നമായി നില്ക്കുവാൻ അനുവദിച്ചുകൂടാ എന്ന് അയാൾ തീർച്ചയാക്കി. അവളെ എങ്ങനെയെങ്കിലും നേരിട്ടുകാണണം; അവളുടെ നാക്കുകൊണ്ട് താൻ നാടുവിടുവാൻ പറയുന്നത് അയാൾക്കു കേൾക്കണം, എന്ന് അയാൾ ഉറച്ചു. അവൾ എത്രമാത്രം അയാളിൽ നിന്നും ഒഴിഞ്ഞുനില്ക്കുവാൻ ശ്രമിച്ചുവോ, അത്രത്തോളം അവളെ സമീപിക്കുന്നതിന് അയാൾ ആഗ്രഹിച്ചു. അയാൾക്കു അവളോടു തോന്നിയിരുന്ന ബഹുമാനം ഇപ്പോൾ വളരെ വർദ്ധിച്ചിരിക്കുന്നു. ഇതുപോലുള്ള ഒരു സ്ത്രീയെ അത്രവേഗം ഉപേക്ഷിച്ചുപോകുവാൻ പാടില്ല. സോമൻ ഒരു കടലാസ്സെടുത്ത് രണ്ടുവരിയെഴുതി:—

“പ്രിയപ്പെട്ട ശ്യാമളേ!

ഭവതി നിർബ്ബന്ധിക്കുകയാണെങ്കിൽ ഞാൻ പോകാം. എന്നാൽ ആ ആജ്ഞ നേരിട്ടു തരണം. അല്ലെങ്കിൽ ഞാൻ എങ്ങും പോകയില്ല. ഇതാ ഞാൻ ഇവിടെത്തന്നെ കാത്തു നില്ക്കുന്നു.

എന്ന്, സ്വന്തം സോമസുന്ദരൻ നായർ.”

അനന്തരം എഴുത്ത് മുകളിൽ കൊടുത്തയച്ചിട്ട് അയാൾ താഴെ തളത്തിൽ നിന്നു. അല്പം കഴിഞ്ഞപ്പോൾ ‘ഇങ്ങോട്ടു വന്നാട്ടെ’ എന്ന് കോണിപ്പടിയുടെ മുകളിൽ നിന്ന് ഒരു കിളിസ്വരം കേട്ടു. അതു കേൾക്കാത്ത താമസം, സോമസുന്ദരൻ മുകളിൽ എത്തിക്കഴിഞ്ഞു. അവൾ അയാളോട് യുക്തിയുക്തമായി വളരെ നേരം സംസാരിച്ചു. അതെല്ലാം അവളുടെ കത്തിൽ പ്രസ്താവിച്ചിരുന്നതിന്റെ ആവർത്തനം മാത്രമായിരുന്നു. ക്രമേണ അയാൾ അവളുടെ നിർബ്ബന്ധത്തിന് വശംവദനായി. ഒടുവിൽ

യാത്രപറയുവാനുള്ള സമയം സമീപിച്ചു. അയാൾ അവളുടെ ഓമനമുഖത്തിൽ ഒന്നു സൂക്ഷിച്ചു നോക്കി. ആകാശത്തിൻെറ മദ്ധ്യത്തിൽ മിന്നിക്കൊണ്ടിരുന്ന ഒരു നക്ഷത്രംപോലെ ഒരുകാന്തി അവളുടെനയനങ്ങളിൽ സ്ഫുരിച്ചു. അവ എന്തോ അവാച്യമായ് ഒരു കാര്യം അയാളോട്ട് അപേക്ഷിക്കുന്നതു പോലെ തോന്നി. അയാൾ സാവധാനം ആ കൃശഗാത്രിയെ സമീപത്തേക്കു നീക്കി നിറുത്തി, അവളുടെ തലമുടിയും അംഗങ്ങളും മന്ദംമന്ദം തലോടി. അങ്ങനെ അവർ എത്രനേരം അവിടെ കഴിച്ചുകൂട്ടിയെന്ന് അവക്കുതന്നെ അറിയാൻ പാടില്ലായിരുന്നു. കാമിനീകാമുകന്മാരുടെ പരമാനന്ദസൌധത്തിൽ ഘടികാരമെന്നൊരു സാധനമില്ല. പിന്നെങ്ങിനെ സമയം അറിയും?

പാതിരാത്രികഴിഞ്ഞപ്പോൾ സോമൻ അവളോട്ടു പറഞ്ഞു: "എങ്ങും പോകാൻ എന്നെക്കൊണ്ടു സാധിക്കുകയില്ല. എന്തിനാണ് ഈ വിധം നിർബന്ധിക്കുന്നത്?" സന്ദർശനത്തിൻെറ പ്രഥമഘട്ടത്തിലെപ്പോലെ അവർ പിന്നെയും സംഭാഷണമാരംഭിച്ചു. തിരിച്ചുപോകാൻഅവൾസോമനെ നിർബ്ബന്ധിച്ചുതുടങ്ങി. അവൾ ശാന്തയായിയെന്ന് വിചാരിച്ച് അയാൾ പിന്നെയും പറഞ്ഞു: "തീയതി നിശ്ചയിക്കുക. കല്യാണം കഴിയുന്നതും വേഗത്തിൽ നടത്തണമെന്നാണല്ലോ ഭവതിയുടെ അഗ്രഹം, അല്ലേ?"

അവൾ അയാളുടെ കരം വിടുർത്തി മെല്ലെ അവളുടെ മുറിയുടെ വാതൽപടിയിൽ ചെന്ന് നിന്നുകൊണ്ട് പ്രതിവചിച്ചു. "അയ്യോ! അത് ഒരിക്കലും പാടില്ല. അങ്ങയുടെ ജീവിതത്തെ നശിപ്പിക്കുവാൻ ഞാൻ തയാറില്ല. അങ്ങേയ്ക്കു ഇരുപത്തഞ്ചു വയസ്സ് തികയുന്നതിൻെറ അടുത്തദിവസം, അന്ന് വിസമ്മതമൊന്നും അങ്ങേയ്ക്കുണ്ടാകയില്ലെങ്കിൽ, നമ്മുടെ വിവാഹത്തിന് അനുകൂലിക്കാമെന്ന് ഞാനിതാ സത്യം ചെയ്യുന്നു."

"ഓമനേ! ഭവതി എന്താണ് ഈ പറയുന്നത്?" എന്ന് അയാൾ വിലപിച്ചു.

"ഇല്ലാ, എൻെറ നിശ്ചയത്തിന് ഇളക്കമുണ്ടാകുമെന്ന് സംശയിക്കേണ്ടാ. ഞാൻ പറയുന്നതു കേൾക്കുക. പലിശ വാ

ങ്ങി ഉടൻതന്നെ പഠിക്കാൻ യാത്ര പുറപ്പെടണം. അങ്ങേയ്ക്കു വളരെ ചെറുപ്പം. വിവാഹം ചെയ്യാൻ പ്രായമായില്ല. എന്നാൽ ഞാൻ ഇതു നേരത്തേ മനസ്സിലാക്കേണ്ടതായിരുന്നു. കുറഞ്ഞപക്ഷം അടുത്ത ഒരു വൎഷത്തേയ്ക്കു് എനിക്കു് എഴുത്തുപോലും അയയ്ക്കരുതു്. അതു് അത്യന്താപേക്ഷിതമാണു്. അങ്ങയുടെ ഉദ്ദേശങ്ങളെന്തെല്ലാമാണെന്നു് എന്നോടു പറഞ്ഞിട്ടാവശ്യമില്ല. ഇന്നത്തെ ഈ ഏൎപ്പാടു് അഞ്ചു കൊല്ലത്തേയ്ക്കു് നീണ്ടുനില്ക്കട്ടെ. അങ്ങയുടെ അഭ്യുദയത്തിനു് ഞാൻ യാതൊരു പ്രകാരത്തിലും ബാധകമായിരിക്കുകയില്ലെന്നു് ശപഥം ചെയ്തു കഴിഞ്ഞു. അതിനു് യാതൊരു മാററവും ഉണ്ടാകുകയില്ല. ഞാൻ ആ പ്രതിജ്ഞ നിറവേററും. ശ്യാമള എന്നും അങ്ങയുടെ സ്വന്തമായിരിക്കുമെന്നു് വിശ്വസിച്ചുകൊള്ളണം. പോകുക, ദയവുചെയ്തു പോകുക." എന്നു് അപേക്ഷിച്ചുകൊണ്ടു് അവൾ മുറിക്കുള്ളിൽ കയറി നിഷ്ഠുരണം വാതൽ ബന്ധിച്ചു.

ശ്യാമള ഇത്ര നിർബ്ബന്ധബുദ്ധിയാണെന്നു് സോമൻ വിചാരിച്ചിരുന്നില്ല.

അയാൾ അസ്വസ്ഥചിത്തനായി വീട്ടിനു വെളിയിലിറങ്ങി. ആകാശത്തിൽ, കാററിനു മുമ്പിൽ പറന്നുകൊണ്ടിരുന്ന കാർമേഘഖണ്ഡങ്ങൾക്കിടയിൽ, നക്ഷത്രങ്ങൾ ഓരോന്നോരോന്നായി അന്തൎദ്ധാനം ചെയ്തു. സൎവ്വത്ര അന്ധകാരം; നിശ്ശബ്ദം. ചിലപ്പോൾ അടുത്ത വീട്ടിലെ സൎപ്പക്കാവിൽ നിന്നും ഒരു പക്ഷിയുടെ ദുശ്ശ്രവാരവം മാത്രം കേൾക്കാനുണ്ടായിരുന്നു.

---

# XXVI

ഒരുവാരം കഴിഞ്ഞപ്പോൾ സോമസുന്ദരൻനായർ ബോംബെയിലേക്കു പുറപ്പെട്ടു. അവിടെനിന്നും കപ്പൽകയറി പോർട്ടു് സെയ്ഡിലിറങ്ങി ഈജിപ്തു് രാജ്യം സന്ദർശിച്ചിട്ടു് ഇററലിവഴി ഇംഗ്ലണ്ടിലേക്കു പോകണമെന്നാണു് അയാൾ നിശ്ചയിച്ചതു്.

യാത്ര തിരിച്ചദിവസം രാവിലെ യുവാവു് തൻെറ മുറിയുടെ കവാടത്തിനു സമീപം നിന്നു് അയാൾക്കു പ്രിയതരങ്ങളായ വൃക്ഷങ്ങളേയും ലതകളേയും ഉൽക്കണ്ഠയോടെ വീക്ഷിച്ചു. ശ്യാമളാസോമന്മാരുടെ സരസസംഭാഷണങ്ങൾക്കും വിവാദവിനോദങ്ങൾക്കും ദൈനന്ദിനം ദൃക്സാക്ഷികളായ പതത്രികൾ അനും തരുപത്രങ്ങളിൽ വന്നിരുന്നു് ആന്ദോളനലീലാവിലാസങ്ങളോടുകൂടി അസ്ഫുടഗീതങ്ങൾ ആലാപിച്ചുകൊണ്ടിരുന്നു. ആ ആനന്ദമയമായ പ്രാതസ്സന്ധ്യയിലെ മോഹനപ്രകൃതിയെ ഉദ്വീക്ഷണം ചെയ്തുകൊണ്ടു നില്ക്കവേ ആശങ്കാജനകമായ ഒരു വിചാരം അയാളുടെ മനസ്സിലുദിച്ചു. വിദേശഗമനത്തിനുതന്നെ നിർബ്ബന്ധിക്കുവാൻ അവൾക്കു് എന്തെങ്കിലും പ്രത്യേകകാരണം കാണും. തന്നെ വിവാഹം ചെയ്യുന്നതിനു് താൽക്കാലികമായ തടസ്സം വല്ലതും ഉണ്ടായിരിക്കാം. ശ്യാമളയുടെ കുടുംബത്തിൻെറ കുലീനതയെപ്പററിയും തന്നെ ഈ ഘട്ടത്തിൽ ഭർത്താവായി സ്വീകരിച്ചാൽ അവൾക്കിടയായേക്കാവുന്ന അധഃപതനത്തെപ്പററിയും അവളുടെ സഹോദരൻ അവളെ ധരിപ്പിച്ചിരിക്കണം. നാണുക്കുട്ടൻനായരുടെ പ്രേരണകൊണ്ടായിരുന്നില്ലെങ്കിൽ തന്നെ ഈ വിധം നിർബ്ബന്ധിക്കുന്നതിനു് അവൾ സന്നദ്ധയാകുമായിരുന്നില്ല എന്നു് അയാൾ അനുമാനിച്ചു. അവളുടെ പ്രേമത്തെപ്പററി അയാൾക്കു് അശേഷം സന്ദേഹമുണ്ടായിരുന്നില്ല. അതു് സ്ഫടികംപോലെ നിർമ്മലവും, ഗംഗാജലംപോലെ പാവനവുമാണെന്നു് അയാൾക്കു് അറിയാമായിരുന്നു.

തൻെറ പ്രേയസിയെ പിരിഞ്ഞു പോകുന്നതിൽ അയാൾക്കു് അനല്പമായ വ്യസനമുണ്ടായിരുന്നെങ്കിലും ദൂരദേശങ്ങളേയും മഹാനഗരങ്ങളേയും സന്ദർശിക്കുന്നതിനും ഉൽകൃഷ്ടവിദ്യാഭ്യാസം ചെയ്യുന്നതിനും അയാളുടെ അന്തരംഗത്തിൽ ചിരകാലമായി മുളച്ചു വളൎന്നിരുന്ന ആഗ്രഹം അസുഖപ്രദമായ വികാരങ്ങളെ അമർത്തുന്നതിനുപര്യാപ്തമായിരുന്നു. എന്നുതന്നെയല്ല, എന്നായാലും അവളെ തനിക്കു ലഭിക്കുമെന്നു് അയാൾക്കു് നല്ല ഉറപ്പുണ്ടായിരുന്നു. പാശ്ചാത്യ വിദ്യാഭ്യാസം കഴിഞ്ഞു് മടങ്ങി

വനു് വലിയ ഉദ്യോഗങ്ങളിൽ പ്രവേശിച്ച് നിലയും വിലയും സമ്പാദിക്കുമ്പോൾ, അവരുടെ ബന്ധത്തെപ്പററി പിന്നീട്, ആരും അപലപിക്കുവാൻ ധൈര്യപ്പെടുകയില്ല. അഞ്ചുവൎഷം കഴിഞ്ഞുള്ള അവരുടെ ദാമ്പത്യജീവിതത്തെപ്പററി അയാൾ അപ്പോൾ മനസ്സിൽ ഒരു ചിത്രം സങ്കല്പിച്ചു. തലസ്ഥാനനഗരപ്രാന്തത്തിൽ വൈദ്യുതദീപങ്ങളാൽ പ്രശോഭിതമായ ഒരു രമ്യഹൎമ്മ്യം; സൌധത്തിനു ചുററും ഒരു പൂവാടി; ആരാമത്തിലെ സുരഭിലതരങ്ങളായ കുസുമങ്ങളിൽ തട്ടിവരുന്ന മന്ദപവനൻ; ആ കാററുമേററുകൊണ്ട് ചില സായാഹ്നങ്ങളിൽ പ്രിയയോടുകൂടി മട്ടുപ്പാവിലെ വിശ്രമം; ചിലപ്പോൾ ശീമയിൽനിന്നു വരുത്തിയ 'ബിഗ്മോഡൽ' കാറിൽ തങ്കത്തിനോടുകൂടി കടപ്പുറത്തു് പോകുക; പ്രിയതമയുടെ ഗൎഭധാരണം; ഒരു സുമുഹൂൎത്തത്തിൽ ശിശുവിൻെറ ജനനം; അപ്പോൾ മാതാപിതാക്കന്മാർ അനുഭവിക്കുന്ന ആനന്ദം; ഉണ്ണിക്കൃഷ്ണനെപ്പോലെ കോമളനായ ശിശുവിനെ ചുംബിച്ചുംകൊണ്ട് അവൾ അച്ഛൻെറ കൈയിൽ അതിനെ അൎപ്പിക്കുന്നതു്; കുട്ടിയുടെ കൊഞ്ചലേറും മൊഴി; എന്നുവേണ്ട ഇതും ഇതിലപ്പുറവും പലതും അയാളുടെ മനോമുകുരത്തിൽ പ്രതിബിംബിച്ചു.

സോമസുന്ദരൻ പോയെന്നറിഞ്ഞപ്പോൾ ഒരു കുടം കണ്ണുനീർ ശ്യാമളയുടെ നയനങ്ങളിൽനിന്നും പ്രവഹിച്ചു. അവൾ എപ്പോഴും തൻെറ ഭാവിയെ സംശയത്തോടുകൂടിയാണ് വീക്ഷിച്ചുകൊണ്ടിരുന്നതു്. തൻെറ പ്രാണപ്രിയനു് കപ്പൽ യാത്രയിൽ വല്ല അപകടവും നേരിടുമോ? വല്ല രോഗവും ബാധിക്കുമോ? പഠിത്തം കഴിഞ്ഞാൽ അദ്ദേഹം ഈ നാട്ടിലേക്കു തിരിച്ചുവരുമോ? തിരിച്ചുവന്നാൽ തന്നെ ഈ സാധുവായ എന്നെ വിവാഹം ചെയ്യുന്നതിനു് അനുഗ്രഹിക്കുമോ? 'പാരിലെ സ്വൎഗ്ഗ'മായ പാരീസ്സുലണ്ടനും വെടിഞ്ഞു് ഈ 'ഓണം കേറാ മൂലയിലേക്കു മടങ്ങിവരുന്നതിനു് അദ്ദേഹം ഇഷ്ടപ്പെടുമോ? 'കള്ളക്കൺ പുഞ്ചിരിക്കൊഞ്ചലോ'ടുകൂടിയ 'വെള്ളക്കാർ നാരിമാർ' ഈ കാമകോമളരൂപനെ വിട്ടയച്ചേക്കുമോ? ഭക്ഷണശാലകളിലെ പരിചാരികമാരാരെങ്കി

ലും തന്ത്രത്തിൽ അദ്ദേഹത്തെ വശീകരിച്ചെങ്കിലോ? അല്ലെങ്കിൽ മദാമ്മമാരാരെങ്കിലും ഇങ്ങോട്ട് അദ്ദേഹത്തെ അനുഗമിച്ചെങ്കിലോ? ഈ വിധമായിരുന്നു അവളുടെ ചിന്തകൾ.

സോമൻ പോയി ഏകദേശം ഒരു പക്ഷം കഴിഞ്ഞപ്പോൾ ഒരു സായംകാലത്തിൽ ശ്യാമള വെറുതേ കാവുങ്കലേക്കു പുറപ്പെട്ടു. പറമ്പിൽ അവൾ അല്പനേരം ചുററിനടന്നിട്ടു തിരിച്ചു വീട്ടിലേക്കു പോകുവാൻ ഭാവിച്ചു. പുരയിടത്തിൻെറ പ്രവേശദ്വാരത്തിലെത്തിയപ്പോൾ അവൾ തനിക്ക് ചിരപരിചിതങ്ങളായ കെട്ടിടത്തേയും വിടപങ്ങളേയും തിരിഞ്ഞൊരിക്കൽകൂടി സൂക്ഷിച്ചുനോക്കി. അപ്പോൾ തോട്ടത്തിൽ പടൎന്നുകയറിയിരുന്ന ചില വള്ളികളുടെ ഇടയിൽ, പൂത്തുനിന്നിരുന്ന ഒരു ചൂതവൃക്ഷത്തിൻെറ പുറകിൽ നിന്നും സോമനെപ്പോലെ കോമളനായ ഒരു ചെറിയ കുട്ടി ചിരിച്ചുകൊണ്ട് ഒളിഞ്ഞുനോക്കുന്നതു് അവൾ കണ്ടു. അല്ലെങ്കിൽ കണ്ടുവെന്ന് അവൾക്കു തോന്നി. ആ കുട്ടി എങ്ങനെ അവിടെവന്നു വെന്ന് ആശ്ചൎയ്യപ്പെട്ടുകൊണ്ട് അവനെക്കണ്ടസ്ഥലത്തേക്ക് അവൾ തിരിച്ചുപോയി. എന്നാൽ യാതൊരു മനുഷ്യജീവിയേയും അവിടെക്കാണാനില്ലായിരുന്നു. ഒരു കുട്ടിയുടെ ആകൃതിയിൽ ആ വൃക്ഷത്തിൻെറ ഒരു ചെറിയ ശാഖ കാററുകൊണ്ട് സാവധാനം ആടുന്നുണ്ട്. അതിൻെറ പൂങ്കുലയാണു് പൈതലിൻെറ മുഖം പോലെ കണ്ടതു്. അത്യന്തം സംഭ്രമത്തോടുകൂടി അവൾ വല്യവീട്ടിലേയ്ക്കു മടങ്ങി. താൻ കണ്ടതു് വാസ്തവത്തിൽ ഒരു കുട്ടിതന്നെയാണോ എന്ന് അവൾ പിന്നെയും സംശയിച്ചു. അന്നു രാത്രിയിൽ ഒരു ശിശു വന്ന് തൻെറ ഉദരത്തിലിരുന്ന് 'അമ്മാ, അമ്മാ' എന്ന് വിളിച്ചുകൊണ്ട് കൈകൊട്ടിച്ചിരിക്കുന്നതായി അവൾ മൂന്നു നാലുപ്രാവശ്യം സ്വപ്നം കണ്ടു.

പിറേറദിവസം നേരം വെളുത്തു് എഴുന്നേററപ്പോൾ തൻെറ ശരീരത്തിൽ എന്തോ വ്യാപിച്ചിരിക്കുന്നതുപോലെ അവൾക്കു തോന്നി. അതു സുഖകരമായിരുന്നോ, അഥവാ അസുഖപ്രദമായിരുന്നോ എന്നു പറയുവാൻ അവൾക്കു കഴിഞ്ഞില്ല. അതു്

ഇതിനുമുമ്പ് അനുഭവിച്ചിട്ടില്ലാത്ത ഏതോ ആണെന്നു മാത്രം അവൾക്ക് അറിയാമായിരുന്നു. വിളംബം കൂടാതെ ശ്യാമളയ്ക്ക് തന്റെ പരമാത്ഥസ്ഥിതിയെപ്പററി പൂൎണ്ണബോധം ഉണ്ടായി. അവൾ ഭയാക്രാന്തയായിത്തീൎന്നു. എന്താണ് ചെയ്യേണ്ടതെന്ന് അറിയാതെ അവൾ അന്ധാളിച്ചു. സോമനെ നിർബ്ബന്ധിച്ചു പറഞ്ഞയച്ചു. . എന്നാൽ ഇപ്പോൾ അവളുടെ മാനത്തെ സംരക്ഷിക്കുവാൻ—ലോകാപവാദത്തിന് പാത്രമാകാതിരിക്കുവാൻ—അയാളെ തിരിച്ചു വിളിക്കുന്നതിന് അവൾ നിർബ്ബന്ധിതയായിത്തീൎന്നിരിക്കുന്നു.

എന്നാൽ, കപ്പൽകയറി എങ്ങോട്ടേക്കാണ് അയാൾ പുറപ്പെട്ടതെന്നോ, അപ്പോൾ എവിടെയെത്തിയിരിക്കുമെന്നോ, അവൾക്കൊരു രൂപവുമില്ലായിരുന്നു. കുറഞ്ഞപക്ഷം ഒരുകൊല്ലത്തേയ്ക്ക് എഴുത്തയയ്ക്കേണ്ടായെന്ന് മുൻകൂട്ടി അവൾ പറഞ്ഞിരുന്നതിനാൽ, അയാൾ തോട്ടപ്പള്ളിനിന്നും പുറപ്പെട്ടപ്പോഴോ, ബോംബെയിലെത്തിയപ്പോഴോ, കപ്പൽ കയറുന്നതിനുമുമ്പോ അവൾക്കെഴുതുവാൻ ധൈര്യപ്പെട്ടില്ല. അവൾ പറയുന്നത് ഏതും ഒരു കുട്ടിയെപ്പോലെ അനുസരിക്കുവാൻ സോമസുന്ദരൻ സദാ സന്നദ്ധനായിരുന്നു. അതുതന്നെയായിരുന്നു അവളുടെ അവസാനമില്ലാത്ത ആ സങ്കടത്തിനു കാരണവും.

ഒന്നും ആലോചിക്കുന്നതിന് അവൾക്കു സാധിച്ചില്ല. അവൾ നേരെ സോമന്റെ വീട്ടിലേക്കോടി. അവിടെ പടിവാതുക്കൽ ചെന്ന് കുറേനേരം തട്ടി വിളിച്ചു. ഒടുവിൽ നാണിയമ്മുമ്മ വന്ന് വാതൽ തുറന്നു. "ഹാ! കുഞ്ഞാണോ? ഞങ്ങൾ കേട്ടില്ല. സോമന്റെ സാമാനങ്ങളെ പെറുക്കി അടുക്കുകയായിരുന്നു. ചേച്ചി അകത്തുണ്ട്."

അവർ രണ്ടുപേരുംകൂടി അറയിൽ പ്രവേശിച്ചു. സോമന്റെ മാതാമഹി എന്തോ പിറുപിറുത്തുംകൊണ്ട് കുറേ പഴയ പുസ്തകങ്ങൾ അടുക്കി ഒരു പെട്ടിയിൽ വെയ്ക്കുകയായിരുന്നു.

വെളിച്ചം അധികം പ്രവേശിക്കാത്ത ഒരു മുറിയായിരുന്നു അത്. ശ്യാമള വൃദ്ധയുടെ പുറകിൽ ചെന്നു നിന്നുകൊണ്ട് ചോദിച്ചു: "അമ്മുമ്മ എന്താ ചെയ്യുന്നത്?"

അവർ തിരിഞ്ഞു ശ്യാമളയെ നോക്കിക്കൊണ്ടു പറഞ്ഞു. "കുഞ്ഞാണോ, ഞാൻ അറിഞ്ഞില്ല. വയസ്സായില്ല്യോ. അ തെമ്മാട്ടിച്ചെറുക്കൻ ഈ കിഴവിയേയും ഉപേക്ഷിച്ചിട്ടു പോയി. ദൈവമേ! അവൻ നന്നായി വരട്ടെ. അവൻെറ കാലിലൊരു മുള്ളുപോലും കൊള്ളരുതേ. അവൻ തിരിച്ചു വരുമ്പോഴത്തേക്ക് എൻെറ മോളെ, ഞാൻ അങ്ങേലോകത്തെത്തിക്കഴിയും. അപ്പോൾ എന്നെ കണ്ടില്ലെങ്കിലും അവൻെറ പുസ്തകങ്ങളൊക്കെയെങ്കിലും ഇവൾ ടെ സൂക്ഷിച്ചു വെച്ചിട്ടുണ്ടെന്നു മനസ്സിലാക്കിക്കോട്ടെ. അവനു നല്ലതു വരുമ്പോളുണ്ടോ ഇവൾ ഇതൊക്കെ അനുഭവിച്ച് സുഖിക്കുവാൻ ജീവിച്ചിരിക്കുന്നു."

അവർ അസഹ്യമായ വ്യസനത്തോടുകൂടിയാണ് സംസാരിച്ചുകൊണ്ടിരുന്നതെന്ന് അവരുടെ സ്വരം കേട്ടാൽ നിഷ്പ്രയാസം മനസ്സിലാക്കാമായിരുന്നു. അവരുടെ കപോലഗത്തങ്ങളിൽ കണ്ണുനീർ വന്ന് നിറഞ്ഞ് കീഴ്പോട്ടൊഴുകിക്കൊണ്ടിരുന്നു. അതുകൊണ്ട് നാണിയമ്മുമ്മയും കരയുവാൻ ആരംഭിച്ചു. ഇത്രയുമായപ്പോൾ സങ്കടം സഹിക്കാൻ ത്രാണിയില്ലാതെ ശ്യാമളയും പൊട്ടിക്കരഞ്ഞു.

ശ്യാമള കരയുന്നുവെന്ന് അടുക്കളക്കാരിയാണ് ആദ്യം മനസ്സിലാക്കിയത്. മററു രണ്ടുപേരോളം വ്യസനത്തിനുള്ള കാരണം അവൾക്കില്ലായിരുന്നതിനാൽ അവൾ ബാഷ്പധാരയെ നിയന്ത്രിച്ചുകൊണ്ട് പറഞ്ഞു.

"ചേച്ചി, ഇങ്ങനെ കരയാൻ തുടങ്ങ്യാലോ. ദേ, വല്യവീട്ടിലെക്കുഞ്ഞും കരയുന്നതു കണ്ടില്ല്യോ. (അനന്തരം ശ്യാമളയുടെ നേരെ തിരിഞ്ഞുകൊണ്ട്) അവക്ക് വയസ്സായില്ല്യോ പാവം."

വൃദ്ധ വിലാപത്തിൽനിന്നും വിരമിച്ചപ്പോൾ ശ്യാമള ചോദിച്ചു. "അമ്മുമ്മേ, സോമസുന്ദരൻനായർ ബോംബെയിൽനിന്നും എങ്ങോട്ടാ കപ്പൽ കയറിയത്?

"എൻെറ കുഞ്ഞേ,അവനൊരു പേരുപറഞ്ഞു. അതു ഓമ്മിക്കാൻ വളരെ പുത്തിമുട്ടായിരുന്നു. ഞാനങ്ങു മറന്നുപോയി. കിഴ

ഖികൾക്ക് മറവി കൂടപിറപ്പല്ലേ്യാ. അഞ്ചെട്ടുമാസം അവൻെറ എഴുത്തു കണ്ടില്ലെങ്കിലും ഒന്നും പരിഭ്രമിച്ചിട്ടു കാര്യമില്ലെന്ന് പറഞ്ഞേച്ചാണ് അവൻ പോയത്.'

ഇതു കേട്ടപ്പോൾ താൻ ഭൂഗർഭത്തിലേക്കു താഴുന്നതുപോലെ ശ്യാമളയ്ക്കു തോന്നി. ആകാശത്തിൽ ലയിച്ചുപോയെങ്കിലും നന്നായിരുന്നുവെന്ന് അവൾ വിചാരിക്കാതിരുന്നില്ല. അല്പം കഴിഞ്ഞു് അവരോട്ട് യാത്രപറഞ്ഞു ഒരുവിധം നടന്ന് അവൾ വീട്ടിൽ ചെന്നുപററി. അതു കഴിഞ്ഞുള്ള അവളുടെ സങ്കടത്തെപ്പററി എന്തു പറയട്ടേ. ആത്മഹത്യചെയ്ത് ഈ ക്ലേശഭൂയിഷ്ഠമായ ജീവിതം നശിപ്പിച്ചാലെന്താണെന്നപോലും അവൾ വിചാരിച്ചു. എന്നാൽ ഉടനടി ആ വിചാരം ത്യജിക്കുകയും ചെയ്തു. തൻെറ മാനത്തെ രക്ഷിക്കുന്നതിന് ഒരു സ്ത്രീക്ക് അവളുടെ ജീവനെ നശിപ്പിക്കാം; അത് ഒരു കൎത്തവ്യമാണ്. എന്നാൽ വേറൊരു ജീവനെക്കൂടി നശിപ്പിക്കുന്നതിന് ഏതൊരു നാരിക്കാണ് അവകാശമുള്ളത്? ഒരു മിന്നൽ പിണർ അവളുടെ ശരീരത്തിൽകൂടി പാഞ്ഞു പോകുന്നതുപോലെ തോന്നി. അവൾ എങ്ങനെ, ഇനിമേൽ, മനുഷ്യരുടെ മുഖത്തു നോക്കും? അപമാനവും ഭയവും ഒരു ശരം പോലെ അവളുടെ ഹൃദയത്തിൽ കുത്തിയിറങ്ങി. അപ്പോഴുണ്ടായ വേദനയാൽ വേടൻെറ അമ്പേററ പക്ഷിയെപ്പോലെ അവൾ കിടന്നു പിടഞ്ഞു. അവളുടെ ശരീരത്തിലെ മാംസമെല്ലാം അസ്ഥിയിൽനിന്നും വേർപെടുന്നതുപോലെയും, വീടും പുരയിടവും തനിക്കു ചുററും കറങ്ങികൊണ്ടിരിക്കുന്നതുപോലെയും അവൾക്കു തോന്നി.

വിനാശകാലത്ത്, ഈശ്വരൻപോലും മനുഷ്യരോട്ട് ലവലേശം ദയകാണിക്കുന്നില്ല.

വിമാനത്തിൽ ആദ്യമായി കയറുന്ന ഒരാൾക്ക്, ആ വിമാനം ഭൂതലത്തിൽനിന്നും ആകാശത്തിലേക്ക് പൊങ്ങുമ്പോൾ വയററിൽ ഉണ്ടാകുന്ന സംഭ്രമം എത്രമാത്രമെന്ന് അതിൽ സഞ്ചരിച്ചിട്ടുള്ളവൎക്ക് മാത്രമേ അറിഞ്ഞുകൂട്ടു. പരീക്ഷാഫലമറിയുവാൻ പോകുന്ന ഒരു വിദ്യാൎത്ഥിയുടെ ഹൃദയത്തിലെ ഉദ്വേഗം

ഹരൻ

പരീക്ഷയിൽ ചേൎന്നിട്ടില്ലാത്ത ഒരാൾക്കു മനസ്സിലാകുന്നതെങ്ങനെ? അതുപോലെ ഭൎത്തൃശൂന്യയായ ഒരു സാധ്വി ഗൎഭോൽപ്പാദം സംഭവിച്ചാൽ അവൾക്കുണ്ടാകാവുന്ന വ്യഥ അതു് അനുഭവിച്ചിട്ടില്ലാത്തവൎക്കാൎക്കും വൎണ്ണിക്കുവാൻ സാധിക്കുന്നതല്ല.

---

## XXVII

ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ സോമൻ അയച്ച ഒരെഴുത്തു് അയാളുടെ വീട്ടിൽ കിട്ടി. അതിൽ നിനക്കു് അക്സ്ഫോർഡിലെ ഒരു കാളേജിൽ പ്രവേശം കിട്ടിയെന്നും, അവിടുത്തെ ജീവിതം പരമാനന്ദകരമാണെന്നും വീട്ടിലെ വിശേഷങ്ങൾക്കു് ഒരു മറുപടി ഉടൻ അയയ്ക്കണമെന്നും എഴുതിയിരുന്നു. ലണ്ടൻ, പാരീസ് ബർലിൻ മുതലായ മഹാനഗരങ്ങളെപ്പററി വൎണ്ണിക്കുന്നതിനും അയാൾ വിസ്മരിച്ചില്ല.

ശ്യാമളയ്ക്കു് സോമൻെറ മേൽവിലാസം കിട്ടിയെങ്കിലും പിന്നിട്ടു് അവൾ അയാൾക്കെഴുത്തയയ്ക്കുവാൻ തുനിഞ്ഞില്ല. എന്തുകൊണ്ടെന്നാൽ അയാളുടെ മനസ്സുഖത്തെ ഭഞ്ജിക്കുന്നതു് ഉചിതമല്ലെന്നു ആ വിഷമഘട്ടത്തിലും അവൾ വിചാരിച്ചു. എന്നു തന്നെയല്ല, തൻെറ അപമാനകരമായ അവസ്ഥയെ നാട്ടുകാർ ഗ്രഹിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി അതിനു് പ്രതിവിധിയൊന്നുമില്ല. സോമസുന്ദരൻനായർ തിരിച്ചു വരുന്നതുവരെ ക്ഷമിക്കുക. എന്നാൽ അന്നു് തന്നെ വിവാഹം ചെയ്യുവാൻ അയാൾ വൈമുഖ്യപ്പെടുമോ? അയാൾ തന്നെ വിശ്വസിക്കുമോ? എന്നും അവൾ ശങ്കിക്കാതിരുന്നില്ല.

ഏകദേശം ഒരു വൎഷം കഴിഞ്ഞപ്പോഴാണു് സോമസുന്ദരൻനായർ ശ്യാമളയുടെ യഥാൎത്ഥാവസ്ഥയെപ്പററി അറിഞ്ഞതു്. എന്നാൽ അവൾ തനിക്കു് ആ സംഗതിയെക്കുറിച്ചു് ഒരു എഴുത്തുപോലും അയയ്ക്കാതിരുന്നതു് എന്തുകൊണ്ടാണെന്നു് അയാൾ അതിശയിച്ചു. ഇംഗ്ലണ്ടിൽ വന്നതിനുശേഷം അയാൾ സ്ത്രീകളുടെ നീചവൃത്തിയേ പരാമർശിച്ചുള്ള പല പുസ്തകങ്ങളും വായി

ക്കുകയും, പല വൃത്താന്തങ്ങൾ കേട്ടറിയുകയും, ചെയ്തിരുന്നു. അപ്പോൾ അയാൾ ശ്യാമളയെപ്പററിയും ചിന്തിക്കാതിരുന്നില്ല. സ്ത്രീകൾ സ്വതേ തന്ത്രശാലികളാണെന്നുള്ള വിചാരം ഇതിനകം അയാളുടെ മനസ്സിൽ അങ്കുരിച്ചിരുന്നു. ശ്യാമളയുടെ പ്രസൂതിയെപ്പററി കേ[illegible]പ്പോൾ ഈ വിശ്വാസത്തിന് ശക്തി വൎദ്ധിച്ചു. എന്തുകൊണ്ടെന്നാൽ പരപുരുഷഗമനമാണ് ഗൎഭധാരണത്തിന് [illegible]മെന്നും [illegible]കൊണ്ടാണ് അവൾ തനിക്ക് എഴുത്തയയ്ക്കാതിരിക്കുന്നതെന്നും അയാൾ സംശയിച്ചു. നാട്ടിൽ നിന്നുള്ള ചില കത്തുകൾ ഈ അവിശ്വാസത്തിന് അസ്പദവുമായിരുന്നു. പുരുഷൻെറ തെററിദ്ധാരണകൊണ്ടു എന്തെല്ലാം നാശങ്ങളാണ് ഈ ലോകത്തിൽ ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്നതു്? അവൻെറ പാദത്തിൽ ഹൃദയകുസുമത്തെ അൎപ്പിച്ച എത്രകോമളവല്ലികളാണ് നീചനീചമായ ആ ദാവാഗ്നിജ്വാലയേററു് വാടിക്കരിയുന്നതു്? എന്നാൽ അവൾക്കാരെയും സംശയിക്കുന്നതിനോ, കുററം പറയുന്നതിനോ അവകാശമില്ല. ഹേ! ക്രൂരചിത്തനായ വിരിഞ്ചാ! നീ എന്തിന് സ്ത്രീയെന്നൊരു വൎഗ്ഗത്തെ സൃഷ്ടിച്ചു. ജനനം തുടങ്ങി മരണം വരെ അവൾ നിരന്തരം അനുഭവിക്കുന്ന സങ്കടം കണ്ടിട്ടും നിനക്കെന്നല്ല, ആൎക്കും തന്നെ മനസ്സ് അലിയുന്നില്ല! കഷ്ടം! കഷ്ടം!

വൎഷം അഞ്ചു കഴിഞ്ഞു. ഇതിനകം സോമസുന്ദരൻനായർ എം. ഏ., ഐ. സി. എസ് — ഈ പരീക്ഷകളിൽ പ്രശസ്തമായി ജയിക്കുകയും ബ്രിട്ടീഷുഗവൺമെൻറു അയാളെ മദ്രാസ് സംസ്ഥാനത്തിലെ ഒരു ജില്ലയിലെ ഡിപ്യൂട്ടികളക്ടരായി നിയമിക്കുകയും ചെയ്തു.

അയാൾ ജൎമ്മനി, ബെൽജിയം, ആസ്ത്രിയാ, റഷ്യാ മുതലായ രാജ്യങ്ങൾ ചുററി സന്ദർശിച്ചിട്ടു് നാട്ടിലേക്കു മടങ്ങി.

നാട്ടുകാർ അയാളെ സ്വീകരിക്കുന്നതിന് ബോട്ടു് ജട്ടിയിൽ തയാറായിനിന്നിരുന്നു. സോമസുന്ദരൻനായർ അവരോടുകൂടി വീട്ടിലേക്കു പോയി. ആ പഴയ ഇടവഴിയിലെത്തിയപ്പോൾ ഒരു കോമളനായ കുട്ടി അവിടെനിന്ന് കളിക്കുന്നതു് അയാൾ

കണ്ടു. ഏതെന്നു മനസ്സിലായില്ലെങ്കിലും ഒരു അതിരററ വാത്സല്യം തോന്നി, അയാൾ കൈയിലുണ്ടായിരുന്ന ഒരു കളിപ്പാട്ടം അവന് സമ്മാനിച്ചു അപ്പോൾ മേടയുടെ മുകളിലിരുന്നു് ശ്യാമള അവരെ രണ്ടുപേരേയും നോക്കി ബാഷ്പം ചൊരിഞ്ഞു.

നടക്കുവാൻ ഛഹിയായിരുന്നെങ്കിലും വൃദ്ധ പൌത്രനെ കാണുവാനുള്ള ആർത്തിയോടുകൂടി പടിപ്പുരയിൽ ഇറങ്ങിവന്നിരുന്നു. നായർ അവരുടെ പാദരേണുക്കൾ തൊട്ടു് ശിരസ്സിൽ വെച്ചു.

പൌത്രമുഖം വീണ്ടും കാണാൻ സംഗതിയായതിനാൽ അവർ ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ടു പറഞ്ഞു: “ഇനി ഞാൻ ചത്താലും തരക്കേടില്ല, എനിക്കെന്റെ കുട്ടനെ ഒരിക്കൽകൂടി കാണാൻ സംഗതി വന്നല്ലൊ.”

നാണിയമ്മുമ്മയെ അടുക്കളയിലാകട്ടെ, വെളിയിലാകട്ടെ, എങ്ങും കണ്ടില്ല. അവർ, ഒരാറുമാസം മുമ്പേ വേറെ ഏതോ ലോകത്തേക്കു യാത്രപൊയ്ക്കഴിഞ്ഞിരുന്നു.

ബന്ധുക്കളും സ്നേഹിതന്മാരും യാത്രപറഞ്ഞു് പിരിഞ്ഞപ്പോൾ നേരം സന്ധ്യകഴിഞ്ഞു. പഴയ ശ്യാമളയെ ഒന്നു കണ്ടാൽ കൊള്ളാമെന്നു അയാൾക്കു ആഗ്രഹമുണ്ടായിരുന്നെങ്കിലും നേരമിരുട്ടിയതിനാൽ അപ്പോൾ അവിടെ കയറിച്ചെല്ലുന്നതു് നല്ലതല്ലെന്നു വിചാരിച്ചു.

പാലുംകുടിച്ചുകൊണ്ടു് ഉറങ്ങാൻ കിടന്നപ്പോൾ ശ്യാമളയെ അന്നുതന്നെ കാണാൻ പോകാഞ്ഞതിൽ അയാൾക്കു് വലിയ വല്ലായ്മതോന്നി. അവളുടെ സ്ഥിതി ഏതു തരത്തിലെങ്കിലുമായിക്കൊള്ളട്ടെ. ഒരിക്കൽ അവളെ താൻ ആത്മാർത്ഥം സ്നേഹിച്ചതല്ലേ? എന്നു് അയാൾ വിചാരിച്ചു. അവൾക്കു് തന്നോടു തോന്നിയിരുന്ന അനുരാഗത്തിൽ ഒരു അണുവെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ അവളെ കാണാൻ പോകാതിരുന്നതു് വളരെ കഷ്ടമായിപ്പോയെന്നു് അയാൾക്കു തോന്നി.

അദ്ദേഹം പെട്ടെന്ന് മുറിയിൽ നിന്നുമിറങ്ങിവന്ന് മുറുക്കാനിടിച്ചുകൊണ്ടിരുന്ന വൃദ്ധയോട് ശ്യാമളയെപ്പററിയുള്ള വർത്തമാനങ്ങൾ ചോദിച്ചു. അവൾ അപ്പോൾ തീരെ നിസ്സഹായയാണെന്നും, നാട്ടുകാർ എല്ലാവരും ഒന്നുപോലെ അവളെ വെറുത്തിരിക്കയാണെന്നും ആരോഗ്യം തീരെ നശിച്ച് വികൃതപ്രായമായെന്നും മാതാമഹി സോമസുന്ദരനെ ധരിപ്പിച്ചു.

അവളെ കാണാൻ പോയാൽ അവൾതന്നെ ഏതുപ്രകാരം സ്വീകരിക്കുമെന്നു അയാൾ സംശയിക്കാതെയിരുന്നില്ല. അഞ്ചു കൊല്ലമായി അവൾക്കൊരെഴുത്തു പോലും അയയ്ക്കാതിരുന്നതിനാൽ ഏതുവിധമാണ് അവളെ ചെന്നുകാണുക. അല്ലെങ്കിൽ അതുതന്റെ കുററംകൊണ്ടല്ലല്ലോ, എന്ന് അയാൾ സ്വയം സമാധാനിച്ചു.

പിറേറദിവസം രാവിലെ സോമസുന്ദരൻനായർ വല്യവീട്ടിലേക്കു തിരിച്ചു. എന്നാൽ കാവുങ്കലടുത്തപ്പോൾ തന്റെ പഴയ സരസ്വതീമന്ദിരത്തെ ഒന്നു സന്ദർശിച്ചിട്ടു പോകാമെന്നു ഉദ്ദേശിച്ച് അങ്ങോട്ടു കയറി.

പുരയിടത്തിൽ ഗു ിനീ പടലങ്ങൾ നിബിഡമായി പടന്നു പിടിച്ചുകിടന്നിരുന്നു. അതുകൊണ്ടു അമംഗളമായ ഒരു ഇരുട്ട് അവിടെ ആകെ വ്യാപിച്ചിരുന്നതു പോലെ തോന്നി. പഴയകാര്യങ്ങളെ സ്മരിച്ചുകൊണ്ട് ചെടികൾക്കിടയിൽകൂടി പുരയുടെ നേരെ നടന്നുചെന്നു. അതിനോടു സമീപിച്ചപ്പോൾ മുറിക്കുള്ളിൽ രണ്ടുപേർ സംസാരിക്കുന്നതു് കേൾക്കുവാൻ കഴിഞ്ഞു.

"അമ്മേ ഞാനൊരു പാട്ടുപാടട്ടെ" എന്നു ഒരു കുട്ടിയുടെ ശബ്ദമാണ് ആദ്യം കേട്ടതു്. അമ്മ അതിന് അനുകൂലിച്ചതിനാൽ കുട്ടി പാടുവാൻ തുടങ്ങി."

"പ്രാവേ, പ്രാവേ, പോകരുതേ,
വാ വാ കൂട്ടിലടച്ചീടാം."

"അമ്മേ, ശേഷം പറയണം." എന്ന് അവൻ ആവശ്യപ്പെട്ടു.

മാതാവ് ഒന്നും പ്രതിവചിച്ചില്ല. കുട്ടി നിർബന്ധിച്ചു. അപ്പോൾ "പാലും പഴവും" എന്നു സ്ത്രീ ആരംഭിച്ചു. ഉടൻ ബാലൻ "പാലും പഴവും പോരെങ്കിൽ ചോറും കറിയും ഞാൻ നല്കാം." എന്ന് ഉറക്കെ പാടി.

സോമസുന്ദരൻനായർ സാവധാനം ഉള്ളിൽ പ്രവേശിച്ചു. മലിനവസ്ത്രധാരിണിയായ ആ വിമലീകൃതഗാത്രിയേയും കുട്ടിയേയും കണ്ടപ്പോൾ അനുകമ്പയോടും വ്യസനത്തോടുംകൂടി അയാൾ അല്പനേരം സ്തംഭനില പൂണ്ടു. അവളുടെ ഭാവത്തിനും രൂപത്തിനും ഒരു വിപുലമായ അന്തരം നേരിട്ടിരിക്കുന്നു. കണ്ണുകളും കവിൾത്തടങ്ങളും നന്നാ കുഴിഞ്ഞിരുന്നു. തലമുടി അഴിഞ്ഞു ചിതറിക്കിടന്നിരുന്നു. നിശ്വാസദുഃഖിതയായ സീതാദേവിയുടെ വർണ്ണനയാണ് ഈ ഘട്ടത്തിൽ ശ്യാമളയ്ക്കു് അത്യന്തം യോജിക്കുന്നത്.

"പാരം വിളർത്തബലമാം കവിൾകൊണ്ടുമാഭ
ചേരുംമുഖേ ചിതറി വീണ കചങ്ങളോടും
പോരുന്നു കാട്ടിലുടൽ പൂണ്ടവിയോഗമാലോ
സ്ത്രീരൂപിയാം വ്യസനമോ ഇവളെന്നുതോന്നും."

എങ്കിലും അവളുടെ വദനത്തിലെ പ്രൌഢതയോ നയനങ്ങളുടെ കാന്തിയോ തീരെ നശിച്ചിരുന്നില്ല. ശാരീരികമായും മാനസികമായുമുള്ള ക്ലേശങ്ങൾ അവൾ വളരെ സഹിച്ചിട്ടുണ്ടെന്നു ഒരു നോട്ടത്തിൽ മനസ്സിലാക്കാമായിരുന്നു.

സോമസുന്ദരൻനായർ അവളെ സമീപിച്ചിട്ട് അവളുടെ കരം മെല്ലെ ഗ്രഹിച്ചു. ശ്യാമള കൈ പിൻ വലിച്ചില്ല. അവളുടെ സിരകൾ തുടിക്കുകയോ ഹൃദയം ശീഘ്രസ്പന്ദനം ചെയ്യുകയോ ഉണ്ടായില്ല. അവൾ മന്ദസ്മിതവും പൊഴിച്ചില്ല. നിർവികാരമായി, കല്ലിലെഴുതിയ ചിത്രംപോലെ, അവൾ അവിടെ നിന്നു. ഒടുവിൽ യുവാവു ചോദിച്ചു. "ഈ കുട്ടി ഏതാണ്? ഞാൻ ഇന്നലെ വഴിയിൽവെച്ചു കണ്ടു."

അവർ ആദ്യം കുട്ടിയുടേയും പിന്നീട് അവൻെറ പിതാവിൻേറയും മുഖത്ത് നോക്കി. "അവനെ നോക്കി മനസ്സിലാക്കിക്കൊള്ളൂ" എന്ന് ഒടുവിൽ പറഞ്ഞു.

...ായർ അവനെ സൂക്ഷിച്ചുനോക്കി; അടുത്ത നിമിഷത്തിൽ അയാൾ കുട്ടിയുടെ ശിരസ്സിൽ ഒരു ചുംബനം ...ിച്ചു. അനന്ത... ശ്യാമളയെ ആശ്ലേഷം ചെയ്തുകൊണ്ട് ക്രന്ദനം ചെയ്തു "തങ്കം, ഓമനെ, പറയൂ, പറയൂ എന്നാണ് വിവാഹം നടത്തേണ്ടത്. പറയൂ."

മരിക്കാറായ ഒരു ഹംസത്തിൻെറ കൂജനംപോലെ ഒരു ശബ്ദം അവളുടെ കണ്ഠത്തിൽനിന്നും നിർഗ്ഗമിച്ചു. ഉത്തരനിമിഷത്തിൽ "ഘനനാദഹൃഷ്ടമാം പൊങ്കടമ്പിനുടെ കൊമ്പുപോലവൾ" വേപഥുഗാത്രിയായി അയാളുടെ സ്കന്ധത്തിലേക്കു ചാഞ്ഞു. അപ്പോൾ—

"ശാന്തവീചിയതിൽ വീചിപോലെ സം-
ക്രാന്തഹസ്തമുടൽ ചേർന്നു തങ്ങളിൽ
കാന്തനാദമൊടു നാദമെന്നപോൽ
കാന്തിയോടപരകാന്തിപോലെയും"

അവളോടുകൂടി അയാൾ സാവധാനം തറയിലേക്ക് അമർന്നു; അനന്തരം ബന്ധമററ നവപല്ലവംപോലെ കിടന്നിരുന്ന അവളുടെ തലയെടുത്തു മടിയിൽവെച്ചു. ഇതുകണ്ട് അവരുടെ കുട്ടി അയാളുടെ അടുക്കലേക്കു നീങ്ങിക്കൊണ്ടു പറഞ്ഞു. "അമ്മ ഉറങ്ങിപ്പോയി."

സോമൻ അവളുടെ മുഖത്തു നോക്കി. ഒരു പാണ്ഡിമ അവിടെ പ്രത്യക്ഷമായിരുന്നു. ചന്ദ്രകാന്തക്കല്ലിനുള്ളപോലെ ഒരു ശൈത്യം അവളുടെ ശരീരത്തിൽ വ്യാപിച്ചു. ഹൃദയം അയാൾ സ്പർശിച്ചുനോക്കി. നാഡികൾ ചലിക്കുന്നില്ല. കണ്ണുകൾ ഉന്മീലിതങ്ങളായിത്തന്നെയിരുന്നു. വായടച്ചിരുന്നില്ല.

ഏതോ അബദ്ധം പിണഞ്ഞെന്നു മനസ്സിലാക്കി കുട്ടി കരയുവാൻ തുടങ്ങി. എന്നാൽ സോമസുന്ദരൻ ഒന്നും കേട്ടില്ല. അയാൾ 'ശ്യാമളേ ശ്യാമളേ' എന്ന് അവളെ തട്ടിവിളിച്ചുകൊണ്ടിരുന്നു.

ബാലൻ ഉറക്കെക്കരയുവാൻ ആരംഭിച്ചു. ഒടുവിൽ [illegible]വൻ പിതാ[illegible]യോടു ചേർന്നിരുന്നു. പിന്നനായി അയാൾ അവനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. "കുഞ്ഞേ, ഞാൻ നി[illegible]നാക്കിക്കൊള്ളാം; കരയാതേ" എന്നു പറഞ്ഞുകൊണ്ട് അയാൾ ശ്യാമളയെ പിന്നെയും വിളിച്ചു. എന്നാൽ ആര് ആരു കേൾക്കുന്നു! അയാളുടെ ആഹ്വാനം എത്താത്ത ഒരു സ്ഥലത്ത് അവിചാരിതമായുണ്ടായ സന്തോഷം സഹിക്കാൻ ത്രാണിയില്ലാതെ അവൾ പൊയ്ക്കഴിഞ്ഞു!

MUL
094307

21 NOV 1953